# ഇസ്‌ലാമും

## സാമൂഹിക പ്രശ്നങ്ങളും



ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

# ഇസ്ലാമും
# സാമൂഹ്യ പ്രശ്നങ്ങളും

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

**വിവ : എൻ.അബ്ദുറഹീം**

**പ്രസാധകർ**

**മജ്ലിസ് അൻസാറുല്ലാഹ്, പാലക്കാട് - തൃശ്ശൂർ ജില്ല**

(വയോജന വിഭാഗം, അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്)

**ISLAMUM SAMUHYA PRASHNANGALUM**
**(ISLAM & SOCIAL PROBLEMS)**

By **HADHRAT MIRZA BASHEERUDDEEN MAHMOOD AHMAD (R)**
Khalifatul Masih II

Malayalam Translation : N.ABDURAHIM

Layout & Typeset: C.Zameem

Cover Design: Ashraf

Printed at : Aone Offset Printers, Kozhikode

2nd Edition : 2020

Copies 1000

Price : 60 /-

Published by : **Majlis Ansarullah, Palakkad-TrissurZila**

Distribution :
**Islam International Publications Kerala**
Ahmadiyya Muslim Jama'at, Near SBI, Kannur 670001, Kerala.

# ഇസ്‌ലാമും
# സാമൂഹ്യ പ്രശ്നങ്ങളും

# പ്രസ്താവന

ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ്(അ)ന്റെ രണ്ടാം ഖലീഫ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 1924 - ൽ വീംബ്ലി കോമൺവെൽത്ത് മത കോൺഫ്രൻസിൽ വായിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ Ahmadiyath or The True Islam എന്ന പുസ്തകത്തിൽ ഇസ്‌ലാമിന്റെ സാമൂഹ്യവശം വിശദീകരിച്ചു കൊണ്ടെഴുതിയ ഭാഗത്തിന്റെ വിവർത്തനമാണ് വിവിധ തലക്കെട്ടുകളിലായി ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളത്. യുദ്ധം എന്ന ശീർഷകത്തിലുള്ള അധ്യായം ഗ്രന്ഥകർത്താവിന്റെ Introduction of the Study of the Holy Quran എന്ന പുസ്തകത്തിൽ നിന്നും ഭൂപ്രശ്നം സംബന്ധിച്ച അധ്യായം Economic Structure of Islamic Society എന്ന കൃതിയിൽ നിന്നും നവലോകസമ്പദ്ക്രമം New World Order എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തുചേർത്തിട്ടുള്ളതാണ്.

സമുചിതമായ നിലയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) വാക്കുകൾ ആശയഗാംഭീര്യത്തോടെയും ലളിതമായും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്ത് **ഇസ്‌ലാമും സാമൂഹ്യപ്രശ്നങ്ങളും** എന്ന പേരിൽ പുസ്തകം തയ്യാറാക്കിയ ബഹുമാന്യരായ മർഹൂം എൻ. അബ്ദുർറഹീം സാഹിബിന് അല്ലാഹു മഗ്ഫിറത്തും ജന്നത്തിൽ ഉന്നത പദവികളും നൽകുകയും അദ്ദേഹത്തിന്റെ ഈ മഹത് സേവനം സ്വദഖ ജാരിയ (സ്ഥായിയായ ദാനധർമം) ആയി സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് പ്രോത്സാഹനവും സഹകരണവും നൽകിയ ബഹു.സദർ സാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്, ബഹു.നാസിർ സാഹിബ് നശ്റോ ഇശാഅത്ത് ഖാദിയാൻ, ജ. ഖാഇദ് സാഹിബ് ഇശാഅത്ത് മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്, കേരളാ ഇശാഅത്ത് കമ്മിറ്റി ഭാരവാഹികൾ, പാലക്കാട്/തൃശൂർ ജില്ലയിലെ മജ്‌ലിസ് അൻസാറുല്ലാഹ് അംഗങ്ങൾ എന്നിവരോടുള്ള അകൈതവമായ നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു. ഫജസുമുല്ലാഹ് അഹ്സനുൽ ജസാഅ്.

അല്ലാഹു, ഈ ഗ്രന്ഥം സുമനസുകളുടെ സന്മാർഗത്തിന് നിമിത്തമാക്കുമാറാകട്ടെ. ആമീൻ.

എം.താജുദ്ദീൻ
നാസിം അൻസാറുല്ലാഹ്,
പാലക്കാട് തൃശൂർ ജില്ലാ



**HADHRAT MIRZA BASHEERUDDEEN MAHMOOD AHMAD (RA)**
Khalifatul Masih II

# ഗ്രന്ഥകർത്താവ്

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്തമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യുടെ വാഗ്ദത്തപുത്രനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1889ൽ ജനിച്ചു. ഇരുപത്തഞ്ചാമത്തെ വയസ്സിൽ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് അഹ്മദിയ്യാ ജമാഅത്ത് വിശ്വവ്യാപകമായ ഇസ്‌ലാമിക മിഷണറി പ്രസ്ഥാനം ആരംഭിച്ചതും, ആഗോളാടിസ്ഥാനത്തിൽ വമ്പിച്ച പ്രചാരവിജയങ്ങൾ കൈവരിച്ചതും. പ്രസ്ഥാനസ്ഥാപകരുടെ പ്രവചനമനുസരിച്ച് പ്രത്യക്ഷനാകേണ്ട 'മുസ്‌ലിഹ് മൗഊദ്' (വാഗ്ദത്തപരിവർത്തനകാരി) ആണു താനെന്ന് 1944 ൽ വാദിച്ചു. വിശുദ്ധഖുർആന്റെ ഒരു ബൃഹദ് വ്യാഖ്യാനത്തിനു പുറമേ എണ്ണമറ്റ ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. *'അഹ്മദിയ്യത്ത് അഥവാ ഒരു യഥാർഥ ഇസ്‌ലാം'* , *'ഖുർആൻ പഠനത്തിനു ഒരു മുഖവുര'* , *'ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥ'* , *'നവലോകക്രമം'* , *'ഇസ്‌ലാമിലെ ഭൂവുടമ നിയമങ്ങൾ'*, *'ദൈവാസ്തിക്യം'*, *'വിധിവിശ്വാസം'* തുടങ്ങിയവ ചിലതാണ്. 1954 ൽ ഒരു വധശ്രമത്തിൽ ഒരക്രമിയുടെ കയ്യാൽ കഴുത്തിനു കുത്തേറ്റെങ്കിലും അത്ഭുതകരമായി രക്ഷപ്പെട്ടു. 1965 നവംബറിൽ ദിവംഗതനായി.

# ഉള്ളടക്കം


1. കുടുംബം
2. മുസ്‌ലിം സൊസൈറ്റി
3. മുസ്‌ലിം നല്ലപൗരൻ
4. കച്ച്വവടം
5. സാമ്പത്തിക നിയമങ്ങൾ
6. ഭരണം
7. ഇസ്‌ലാമിക് സ്റ്റേറ്റ്
8. യുദ്ധം
9. അന്താരാഷ്ട്രീയ നിയമങ്ങൾ
10. ഭൂപ്രശ്നം
11. നവലോക സമ്പദ്ക്രമം
12. മത സമുദായങ്ങൾ

# ഇസ്‌ലാമും സാമൂഹ്യ പ്രശ്നങ്ങളും

## കുടുംബജീവിതം

ഒരു കുടുംബത്തിലെ അംഗങ്ങൾ അന്യോന്യമുള്ള ബന്ധത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ബന്ധമാണ്. എന്തെന്നാൽ, ഈ ബന്ധത്തെ ആശ്രയിച്ചാണ് മുഴുവൻ കുടുംബത്തിന്റെയും എന്നല്ല, വിപുലമായ അർത്ഥത്തിൽ മുഴുവൻ രാഷ്ട്രത്തിന്റെയും ക്ഷേമം നിലകൊള്ളുന്നത്. ഇതു സംബന്ധമായി ഇസ്‌ലാം നല്കുന്ന ഒന്നാമത്തെ നിർദ്ദേശം ഈ ബന്ധം തികച്ചും ധാർമ്മികമായ പരിഗണനകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം, സൗന്ദര്യത്തേയോ സമ്പത്തിനേയോ സ്ഥാനമാനങ്ങളേയോ മുൻനിർത്തിയായിരിക്കരുത് എന്നുള്ളതാണ്.

ഉദ്ദിഷ്ടമായ വിവാഹബന്ധം നിങ്ങളുടെ ജീവിത പരിശുദ്ധിയെ എത്തരത്തിലാണ് ബാധിക്കുകയെന്നും എങ്ങിനെയുള്ള സന്താനങ്ങളെയാണതു സംഭാവന ചെയ്യുകയെന്നും നല്ലപോലെ ചിന്തിക്കേണ്ടതാണെന്നു വിശുദ്ധ ഖുർആൻ വിവാഹോദ്യുക്തരായ സ്ത്രീപുരുഷന്മാരെ അനുശാസിക്കുന്നു. തിരുനബി(സ) പറയുന്നു: ''ചിലർ സൗന്ദര്യത്തെയും മറ്റു ചിലർ പദവിയേയും വേറെ ചിലർ മുതലിനെയും പരിഗണിച്ചു വേളികഴിക്കുന്നു. എന്നാൽ, നിങ്ങൾ സുശീലയും ഭക്തയുമായ ഒരു സ്ത്രീയെയാണ് വിവാഹം ചെയ്യേണ്ടത്.'' (ബുഖാരി കിത്താബുന്നികാഹ്) ഇതായിരിക്കണം വൈവാഹിക ബന്ധത്തിന്റെ യഥാർത്ഥമായ അടിസ്ഥാനം. ഒരു കൂട്ടാളിയെ തെരഞ്ഞെടുക്കുമ്പോൾ ഈ വസ്തുത ഓർത്തിരിക്കാത്തപക്ഷം ഭാര്യഭർത്തൃ ബന്ധം ഒരിക്കലും സ്നിഗ്ദ്ധതരമായി തുടർന്നു പോകുകയില്ലെന്നുമാത്രമല്ല, അതിന്റെ ദുഷ്ഫലങ്ങൾ സന്താനങ്ങളിൽ പ്രകടമായി ഭവിക്കുകയും ചെയ്യും. മാതാപിതാക്കളുടെ ധാർമ്മികവും മാനസികവുമായ ഗുണാഗുണങ്ങൾ സന്താനങ്ങളിൽ സംക്രമിക്കുമെന്നതു തീർച്ചയാണ്. ഈ പരമാർത്ഥം സദുല്പാദനശാസ്ത്രം (Eugencis) മുഖേന കൂടുതൽ സ്പഷ്ടമായിക്കഴിഞ്ഞിട്ടുണ്ട്. സദുല്പാദനശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങൾ അതിവർ

ണ്ണനയിൽനിന്നും അതീതമല്ലെങ്കിലും മാതാപിതാക്കളിലുള്ള സാന്മാർഗികവും ബുദ്ധിപരവുമായ ഗുണവിശേഷങ്ങൾ മക്കളിൽ ഏറെക്കുറെ പ്രതിഫലിക്കുമെന്നതിൽ യാതൊരു സംശയത്തിനും വകയില്ല. തന്നിമിത്തം ഒരു ഭർത്താവിനേയോ ഭാര്യയേയോ തെരഞ്ഞെടുക്കുകയെന്നതു സർവ്വപ്രധാനമായ ഒരു പ്രശ്നമായിത്തീരുന്നു. അതിനാൽ ഇക്കാര്യത്തിൽ ബാഹ്യമായ സൗന്ദര്യത്തെക്കാളും സമ്പത്തിനെക്കാളും സ്ഥാനമാനങ്ങളേക്കാളും ഉപരിയായി ബുദ്ധിപരവും ധാർമ്മികവുമായ വൈശിഷ്ട്യങ്ങളാണ് പരിഗണിക്കപ്പെടേണ്ടതെന്നു ഇസ്‌ലാം ഒന്നാമതായി നിർദ്ദേശിക്കുന്നു. മറ്റവയെ ഇസ്‌ലാം തീരെ അവഗണിക്കുകയാണെന്ന് ഞാനിപ്പറഞ്ഞതിനർത്ഥമില്ല. വിവാഹത്തിന്റെ അടിസ്ഥാനവസ്തുത അവ മാത്രമായിരിക്കരുതെന്നേയുള്ളു. ഒരു പുരുഷനും ഒരു സ്ത്രീയും ജീവിത പരിശുദ്ധിയേയും സാന്മാർഗ്ഗികതയേയും ബുദ്ധിശക്തിയേയും നിദാനമാക്കി പരസ്പരമടുക്കുകയും അതേ അവസരത്തിൽതന്നെ സൗന്ദര്യത്തിലും സമ്പത്തിലും സ്ഥാനമാനങ്ങളിലും അവർ അനുഗൃഹീതരായിരിക്കുകയുമാണെങ്കിൽ അതെത്രയും നല്ലതുതന്നെ. പക്ഷെ വൈവാഹിക ബന്ധത്തിന്റെ ലക്ഷ്യം സമ്പൽസൗന്ദര്യാദി ബാഹ്യഗുണങ്ങളായിരിക്കരുത്. എല്ലാ വിവാഹങ്ങളും ഈ ഉൽകൃഷ്ടതത്വത്തെ ആസ്പദിച്ചാണ് നടക്കുകയെങ്കിൽ ലോകത്ത് ഉടൻതന്നെ ഒരു ധാർമ്മിക വിപ്ലവം സംഭവിക്കുമെന്നു മാത്രമല്ല, അത്തരം വിവാഹങ്ങളുടെ ഫലമായി ജനിക്കുന്ന സന്താനങ്ങൾ ഏറ്റവും വിശിഷ്ടങ്ങളായിരിക്കുകയും ചെയ്യും.

വിവാഹബന്ധത്തിൽ ഏർപ്പെടുന്ന വ്യക്തികൾ അന്യോന്യം അവരുടെ ഗുണങ്ങളെ സംബന്ധിച്ചേടത്തോളം സംതൃപ്തരായിരിക്കണമെന്നതിന്നു പുറമെ, നിർദ്ദിഷ്ടവരൻ വധുവിന്നു അനുരൂപനായ ഭർത്താവും അവളുടെ ഭാവി സന്താനങ്ങൾക്ക് ഒരു നല്ല പിതാവും ആയിരിക്കാൻ പറ്റിയവനാണോ എന്ന കാര്യത്തിൽ പെൺകൂറ്റുകാരും തൃപ്തിപ്പെട്ടിരിക്കണമെന്നതാണ് ഇസ്‌ലാം നിർദ്ദേശിക്കുന്ന മറ്റൊരു നിയമം. നിക്കാഹ് ചെയ്യുന്നതിനുമുമ്പ് വധൂവരന്മാർക്ക് ഇരുവരുടെയും സമ്മതം മാത്രമല്ല, വധുവിന്റെ രക്ഷിതാവിന്റെ അനുവാദവും ലഭിച്ചിരിക്കണമെന്നതു ഇസ്‌ലാമിക വിവാഹനിയമങ്ങളിൽപെട്ട ഒരു ചട്ടമത്രെ. വിവാഹവേളയിൽ അവരുടെ രക്ഷിതാവായി പിതാവോ സഹോദരനോ അടുത്ത മറ്റേതെങ്കിലും പുരുഷബന്ധുവോ ജീവിച്ചിരിക്കുന്നില്ല എന്നുവന്നാൽ ഖാസിയുടെയോ ദേശാധികാരിയുടെയോ അനുവാദം ലഭിക്കേണ്ടിയിരിക്കുന്നു. വധുവിന്റെനേരെ യാതൊരുതരത്തിലുള്ള ചതിയും വഞ്ചനയും പ്രയോഗിക്കപ്പെടുന്നില്ലെന്നു അദ്ദേഹത്തിന്നു ബോധ്യപ്പെ

ടുകയും വേണം. സ്ത്രീ പ്രകൃത്യാ ശാലീനയും ചപലയും ആയിരിക്കയാലും തന്നിമിത്തം അവൾക്കു തന്റെ ഭാവിവരനാകാൻപോകുന്ന ആളെക്കുറിച്ചു ഒരു പുരുഷന്നു തന്റെ വധുവിനെ സംബന്ധിച്ച കാര്യങ്ങൾ അറിയാൻ കഴിയുന്നതുപോലെ, ആരാഞ്ഞറിയാൻ സാധിക്കുകയില്ലെന്നതുകൊണ്ടും അത്രെ ഇസ്ലാം സ്ത്രീയ്ക്കുവേണ്ടി ഏതാദൃശമായ പ്രത്യേക രക്ഷാവ്യവസ്ഥകൾ ചെയ്തിരിക്കുന്നത്. കൂടാതെ ഒരു സ്ത്രീ എളുപ്പത്തിൽ വശീകരിക്കപ്പെടാനിടയുള്ളതുകൊണ്ട് അവൾ വഞ്ചനയ്ക്ക് ശീഘ്രം വിധേയയായിത്തീരുകയും ചെയ്യുന്നു. അതിനാലത്രെ അവളുടെ വിവാഹകാര്യത്തിൽ രക്ഷിതാവിന്റെയോ ഖാസിയുടെയോ അനുവാദം അനുപേക്ഷ്യമാണെന്നു ഇസ്ലാമിക നിയമം അനുശാസിക്കുന്നത്. ഈ നിയമം നിഷ്കൃഷ്ടമായും പാലിക്കപ്പെടുകയാണെങ്കിൽ, മാന്യമര്യാദയും കുലീനതയും ഉള്ള ഒട്ടു വളരെ നാരീമണികളോടു വഞ്ചനകൾ പ്രവർത്തിക്കുന്നതിനെപ്പറ്റി നമുക്ക് കേൾക്കേണ്ടി വരുമായിരുന്നില്ല. സ്ത്രീപുരുഷന്മാർ വകതിരിവില്ലാതെ കൂടിക്കലരുന്നതിനെ ഇസ്ലാം വിരോധിക്കുന്നുണ്ടെങ്കിലും, വിവാഹം നിശ്ചയിക്കപ്പെട്ട സ്ത്രീപുരുഷന്മാർ ഇരുവരും പരസ്പരഹാവഭാവാദികളിൽ തൃപ്തിപ്പെട്ടുകൊള്ളുന്നതിനായി അഭിമുഖദർശനം നടത്താൻ ഇസ്ലാം അനുവദിക്കുന്നുണ്ട്. ഇരുവരും അന്യോന്യം തൃപ്തിപ്പെടുകയാണെങ്കിൽ വിവാഹം നടക്കുന്നു. ഇസ്ലാം വിവാഹത്തോടനുബന്ധിച്ചു സ്ത്രീയ്ക്കുവേണ്ടി പ്രത്യേകമായി സ്വത്തു നല്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നു. മഹർ എന്ന പേരിൽ അറിയപ്പെടുന്ന ഈ വിവാഹശുല്ക്കം ഇസ്ലാമിക വിവാഹ നിയമങ്ങളിലെ മുഖ്യമായ ഒരു ഉപാധിയത്രെ. ഭാര്യക്ക് സ്വതന്ത്രമായ സ്വത്തുടമാവകാശവും, തന്റെ സ്വത്തിൽ നിന്ന് സ്വന്തത്തിൽ ദാനധർമ്മാദികൾ ചെയ്യാനും ബന്ധുമിത്രാദികൾക്ക് പാരിതോഷികങ്ങൾ ചെയ്യാനും ബന്ധുമിത്രാദികൾക്ക് പാരിതോഷികങ്ങൾ നല്കാനും മറ്റുമുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കണമെന്നതാണ് ഈ വ്യവസ്ഥകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഭാര്യയുടെ സ്വതന്ത്രമായ സ്വത്തുടമസ്ഥതയുടെയും, ഭർത്താവിന്നു സ്വമേധയാ ഉപഭോഗിക്കാൻ സാധ്യമല്ലാത്ത തരത്തിൽ സ്വത്തുക്കൾ സംഭരിക്കുകയും സംരക്ഷിക്കുയും ചെയ്യുവാനുള്ള അവളുടെ അവകാശത്തിന്റെയും പ്രായോഗികമായ ഒരംഗീകാരമത്രെ 'മഹർ'.

ഭർത്താവും ഭാര്യയും തമ്മിൽ പിണങ്ങുകയാണെങ്കിൽ, അവളെ ശിക്ഷിക്കുകയോ ഭേദ്യം ചെയ്യുകയോ ചെയ്യുന്നതിനുള്ള യാതൊരധികാരവും ഭർത്താവിന്നില്ല. പ്രത്യക്ഷമായ ചില ദുർനടപടികൾക്കല്ലാതെ. അത്തരം സന്ദർഭങ്ങളിൽ അവൾ യഥാർത്ഥത്തിൽ അസാന്മാർഗ്ഗിക

വ്യാപാരങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്നതിന്ന് സമീപവാസികളായ നാലു മാന്യവ്യക്തികളെ സാക്ഷികളാക്കേണ്ടതാണ്. എന്നാലും, അയാൾ അവളെ ഉപദേശിച്ചുതുടങ്ങുകയാണാദ്യം വേണ്ടത്. അവൾ ദുർനടപടികളെ വിട്ടൊഴിയാതിരിക്കുകയാണെങ്കിൽ, നാലുമാസത്തിൽ കവിയാത്ത ഒരു കാലംവരെ ഭർത്താവ് അവളുമായുള്ള സഹവാസം ഉപേക്ഷിക്കേണ്ടതാണ്. സഹശയനം അത്രയും കാലത്തേയ്ക്കു വേർപെടുത്തുകയെന്നേ ഇതിനർത്ഥമുള്ളു. ഭാര്യയെ സംരക്ഷിച്ചുകൊള്ളുവാൻ അപ്പോഴും അയാൾ തന്നെ ബാധ്യസ്ഥനായിക്കും. നാലുമാസം കഴിയുന്നതോടുകൂടി പ്രസ്തുതബന്ധം പുനഃസ്ഥാപിക്കുവാൻ ഭർത്താവ് നിയമപ്രകാരം നിർബന്ധിതനായിത്തീരുന്നു.ഭർത്താവിന്റെ ഈ നടപടി അവളിൽ ഒരു പരിവർത്തനം വരുത്തുന്നതിന്ന് പ്രയോജനപ്പെടാതിരിക്കുകയും, അയൽവാസികളായ നാലു സാത്വികർ ആ വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുകയുമാണെങ്കിൽ ഭർത്താവിന്നു അവളെ ശിക്ഷിക്കാവുന്നതാണ്. എന്നാൽ, അവളെ പരിക്കേല്പിക്കുകയോ ശരീരത്തിൽ പാടുകളുണ്ടാക്കത്തക്കവിധം പ്രഹരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. പ്രത്യക്ഷമായ അസാന്മാർഗ്ഗിക വ്യാപാരങ്ങൾക്ക് മാത്രമെ ഇത്തരംനടപടികൾ സ്വീകരിച്ചുകൂടൂ. ഗാർഹികമായ തെറ്റുകുറ്റങ്ങൾക്കോ കർത്തവ്യവിമുഖതയ്ക്കോ ഭാര്യയെ ശിക്ഷിക്കുവാൻ ഭർത്താവിന്നു യാതൊരധികാരവുമില്ല.

ഭാര്യ ധനികയും ഭർത്താവ് ദരിദ്രനും ആയിരുന്നാലും, തന്റെ പത്നിയെ തീറ്റിപ്പോറ്റുന്നതിന്നു ഭർത്താവ് തന്നെ ചുമതലപ്പെട്ടിരിക്കും. അവളോട് ആർദ്രമായും സ്നേഹമയമായും പെരുമാറുവാൻ അവൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. പിണങ്ങിയിരിക്കുമ്പോൾകൂടി ഭർത്താവ് തന്റെ ഭാര്യയോട് സ്നേഹാർദ്രതയോടും സൗമ്യഭാവങ്ങളോടും കൂടിയായിരിക്കണം പെരുമാറേണ്ടതെന്നാണ് വിശുദ്ധ ഖുർആൻ അനുശാസിക്കുന്നത്. നബി തിരുമേനി(സ) അരുളിയിരിക്കുന്നു:"ഓർത്തുകൊൾവിൻ! സ്ത്രീകളോട് ദയാപൂർവ്വം വർത്തിക്കുവാൻ ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നു." വീണ്ടും ആ പുണ്യാത്മാവ് പറയുകയാണ്: "ഒരു ഭർത്താവ് അവന്റെ സഹധർമ്മിണിയെ വെറുക്കരുത്. അവളുടേതായ വല്ലതിനെയും അവൻ വെറുക്കുന്നുവെങ്കിൽ അവൻ ഇഷ്ടപ്പെടുന്ന നല്ല വശങ്ങളും അതേ അവസരത്തിൽ അവളിലുണ്ടായിരിക്കും." വീണ്ടും തിരുമേനി അരുളുന്നു: "ഒരു ഭർത്താവ് ഭാര്യയെ താനുടുക്കുന്ന തരത്തിൽ ഉടുപ്പിക്കുകയും താനുണ്ണുമ്പോലെ ഊട്ടുകയും അവളെ പഴിക്കുകയോ അവളിൽനിന്നകന്നുനില്ക്കുകയോ ചെയ്യാതിരിക്കുകയും വേണ്ടതാണ്." പിന്നേയും നബി തിരുമേനി(സ) ഉപദേശിക്കുന്നു: "തന്റെ മുഴുവൻ സമയവും ആരാധനയിലോ മറ്റു വിഷയങ്ങളിലോ കഴിച്ചുകൂ

ട്ടുകയും തന്റെ പ്രാണവല്ലഭയുടെ അവകാശങ്ങളെ അവഗണിക്കുകയും ചെയ്യാൻ ഒരാൾക്കും പാടുള്ളതല്ല.'' വീണ്ടും ആ പുണ്യാത്മാവ് അരുളുകയാണ്: ''നിങ്ങളിൽ ഏറ്റവും ഉത്തമന്മാർ തങ്ങളുടെ സഹധർമ്മിണിമാരോട് ഏറ്റവും നന്നായി പെരുമാറുന്നവരത്രെ!''

മറ്റൊരു ഭാഗത്ത് ഒരു സ്ത്രീയോട് തന്റെ ഭർത്താവിനെ അനുസരിക്കുകയും അയാളുടെ മാനത്തേയും മുതലിനേയും കാത്തുപോരുകയും സന്താനങ്ങളെ വാത്സല്യപൂർവ്വം പോറ്റി വളർത്തുകയും ചെയ്യുവാനും ഇസ്ലാം കല്പിച്ചിരിക്കുന്നു.

ഭർത്താവും ഭാര്യയും പരസ്പരമുള്ള ബന്ധത്തിന്നു ഹാനി തട്ടുകയാണെങ്കിൽ, ആ ഇടച്ചിലിന്നുള്ള കാരണങ്ങളെ ഇല്ലാതാക്കി സ്നേഹബന്ധം പുനഃസ്ഥാപിക്കാൻ ആകുവോളം ശ്രമിക്കേണ്ടതാണെന്ന് ഇരുവരും ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അവർ തമ്മിലുള്ള വിരോധം ഗൗരവതരമാണെങ്കിൽ, പ്രസ്തുത പ്രശ്നം രണ്ട് മധ്യസ്ഥന്മാരുടെ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഒരാളെ ഭർത്താവ് അയാളുടെ ബന്ധുജനങ്ങളിൽനിന്നോ സ്നേഹിതന്മാരിൽനിന്നോ തെരഞ്ഞെടുക്കേണ്ടതും, മറ്റെയാളെ ഭാര്യ അവളുടെ ഇഷ്ടമനുസരിച്ച് സ്വബന്ധുക്കളിൽനിന്നോ ഗുണകാംക്ഷികളിൽനിന്നോ നിശ്ചയിക്കേണ്ടതുമത്രെ. മധ്യസ്ഥന്മാർ പിന്നീട് തർക്കകാര്യത്തിലിടപെടുകയും ശണ്ഠയ്ക്കുള്ള കാരണങ്ങളെ ആരാഞ്ഞറിഞ്ഞു ഇരുവരെയും ഒരു ഒത്തുതീർപ്പിലെത്തിക്കാൻ ശ്രമിക്കുകയും വേണം. ഇതു അസാധ്യമായിത്തീരുകയോ സന്ധിശ്രമം വിഫലമായി കലാശിക്കുകയോ ആണെങ്കിൽ വിവാഹമുക്തനായിക്കൊള്ളാൻ ഭർത്താവ് അനുവദിക്കപ്പെടുന്നതാണ്. എന്നുവെച്ചാൽ, വൈവാഹികബന്ധം വേർപെടുത്തിയതായി പ്രഖ്യാപിക്കുവാൻ അയാൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും. ഈ പ്രഖ്യാപനം വീണ്ടും പലതരം നിബന്ധനകൾക്കും വിധേയമായിത്തീരുന്നുണ്ട്. ഉദാഹരണമായി, പ്രഖ്യാപനം രഹസ്യമായിട്ടല്ലാതെ പരസ്യമായിട്ടായിരിക്കണം. രണ്ടു പ്രഖ്യാപനങ്ങൾക്കിടയിൽ ഒരു മാസത്തെ ഇടവേള ഉണ്ടായിരിക്കുമാറ് മൂന്നു തവണ ഇതാവർത്തിക്കണം. അന്തിമമായ അറിയിപ്പിന്നു മുമ്പായി അനുരഞ്ജനമുണ്ടാക്കാനും ദാമ്പത്യബന്ധം തുടരാനും ഇരുകക്ഷികൾക്കും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാണ്.

ഒരു ഭാര്യയ്ക്ക് തന്റെ ഭർത്താവിനെ സംബന്ധിച്ചു ആക്ഷേപങ്ങളുണ്ടായിരിക്കയും വിവാഹമോചനത്തിന്നു അവൾ ആഗ്രഹിക്കുകയുമാണെങ്കിൽ ഖാസി മുഖാന്തിരം അവൾക്കതിന്നാവശ്യപ്പെടാവുന്നതാണ്. വിവാഹം തന്നെ അവളുടെ രക്ഷിതാവിന്റെയോ ഖാസിയുടെയോ അനുമതിയ്ക്ക് വിധേയമാണല്ലോ. അവളുടെ ആവലാതികൾ തികച്ചും

ന്യായമാണെന്നു ഖാസിയ്ക്ക് ബോദ്ധ്യപ്പെടുന്നപക്ഷം അദ്ദേഹം വിവാഹമോചനം വിധിക്കുന്നതും അപ്പോൾ ഭർത്താവ് അവൾക്കു നൽകിയിരിക്കാവുന്ന യാതൊരു മുതലും അവളിൽനിന്നവകാശപ്പെടാൻ അയാൾക്കർഹതയില്ലാതാവുന്നതുമാണ്. എന്നാൽ, മധ്യസ്ഥന്മാരോ ഖാസിയോ വിവാഹമോചനം വിധിയ്ക്കുകയും ഭാര്യയാണ് അപരാധിനിയെന്നു തെളിയുകയും ചെയ്യുന്നുവെങ്കിൽ ഭർത്താവ് അവൾക്കു നൽകിയിരിക്കാവുന്ന അവളുടെ അധീനത്തിലുള്ള മുതലിന്റെ ഏതംശവും അയാൾക്കു തിരിച്ചുകൊടുക്കുവാൻ അവളോടാവശ്യപ്പെടാവുന്നതാണ്. മുഴുവൻ കാര്യങ്ങളും ഒരൊത്തുതീർപ്പിലെത്തുകയും വിവാഹമോചനം സാധിക്കുകയും ചെയ്യുന്നതുവരെ അവളെ സംരക്ഷിക്കുവാനുള്ള ചുമതല ഭർത്താവിന്നുതന്നെയായിരിക്കും.

ഇസ്ലാമിക വിവാഹക്രമമനുസരിച്ച് സ്ത്രീയ്ക്ക് ലഭിക്കുന്ന മറ്റൊരു രക്ഷാവ്യവസ്ഥ അവളെ കെട്ടിച്ചുകൊടുക്കുന്ന അവളുടെ രക്ഷിതാവ് വിവാഹാലോചനയുടെ പേരിൽ ധനമോ മറ്റെന്തിങ്കിലും മുതലോ സ്വീകരിക്കുന്നതിനെ അതു വിരോധിക്കുന്നു എന്നതാണ്. തന്റെ സംരക്ഷയിലുള്ള പെണ്ണിനെ വിവാഹം ചെയ്തുകൊടുക്കുന്നതിൽ അയാൾ തന്റെ അധികാരത്തെ ദുരുപയോഗപ്പെടുത്തുകയും പ്രലോഭനത്തിന്ന് വശഗനായിത്തീരുകയും ചെയ്യാതിരിക്കുന്നതിന്നായിട്ടത്രെ ഇസ്ലാം ഈ ഉപാധി നിർദ്ദേശിച്ചിരിക്കുന്നത്.

ധാർമ്മികവും ആധ്യാത്മികവും ആയ പരിഗണന മുൻനിർത്തിയോ, വംശവർദ്ധനയ്ക്കായിട്ടോ, ആരോഗ്യപരമായ കാരണങ്ങളാലോ, രാഷ്ട്രീയബന്ധങ്ങളെ ആസ്പദമാക്കിയോ ഒന്നിലധികം പത്നിമാരെ സ്വീകരിക്കുന്നതിന്ന് മനുഷ്യൻ നിർബന്ധിതനായിത്തീരുന്ന സന്ദർഭങ്ങൾ ചിലപ്പോൾ ഉളവാകാറുണ്ട്. തന്നിമിത്തം, ബഹുഭാര്യാത്വത്തെ ഇസ്ലാം അനുവദിച്ചിരിക്കുന്നു. പക്ഷെ, രക്ഷാകർത്തൃത്വത്തിലും ദൈഹികമായ സാമീപ്യസമ്പർക്കാദികളിലും എല്ലാ ദയിതമാരോടും തുല്യനിലയിൽ വർത്തിക്കേണ്ടതാണെന്ന നിബന്ധന അയാൾ നിഷ്കൃഷ്ടമായും അനുവർത്തിക്കേണ്ടതാണ്. ഭർത്താവ് ഓരോ പത്നിയുടേയും കൂടെ തുല്യമായ കാലയളവിൽ താമസിക്കേണ്ടതാണെന്നു കൽപിക്കപ്പെട്ടിരിക്കുന്നു. ഒരാൾക്കു തന്റെ കളത്രങ്ങളോടു തുല്യമായി പെരുമാറുവാൻ സാധിക്കാതെവരികയാണെങ്കിൽ, അയാൾ നബിതിരുമേനി(സ) വിവരിച്ച തരത്തിൽ ശിക്ഷയ്ക്ക് സ്വയം പാത്രീഭൂതനായിത്തീരുകയാണ് ചെയ്യുന്നത്. പുനരുത്ഥാനനാളിൽ അത്തരക്കാരുടെ ശരീരാർദ്ധം മാത്രമെ ഉയിർത്തെഴുനേൽക്കുകയുള്ളുവെന്നു തിരുമേനി അരുളിയിരിക്കുന്നു.

വിവാഹമോചനത്തെയും ബഹുഭാര്യാത്വത്തെയും പാശ്ചാത്യരായ

പണ്ഡിതന്മാരും ചിന്തകന്മാരും പലപ്പോഴും ആക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, വിവാഹമോചനത്തെ അനുവദിച്ചതിന്ന് ദൈവത്തിന്റെ ആ വരിഷ്ഠപ്രവാചകന്റെ നേരെ കണക്കില്ലാത്ത അധിക്ഷേപങ്ങളും ശകാരങ്ങളും വാരിയെറിഞ്ഞ ശേഷം പാശ്ചാത്യലോകം, പൊട്ടിത്തകരുവാൻ പോകുന്ന തങ്ങളുടെ സാമൂഹ്യഘടനയെ അരക്കിട്ടുറപ്പിക്കാൻവേണ്ടി ഏതെങ്കിലും പ്രകാരത്തിലുള്ള വിവാഹമോചന നിയമം നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകതയെ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നുവെന്നുള്ളത് എത്രയും കൗതുകകരമായിരിക്കുന്നു! ദൈവത്തിന്റെ തിരുദൂതരെ അപകീർത്തിപ്പെടുത്തുവാനും അധിക്ഷേപിക്കുവാനും പുറപ്പെടുന്നതിന്നുമുമ്പായി പാശ്ചാത്യലോകം അതിനെകുറിച്ച് വേണ്ടത്ര പര്യാലോചിച്ചിരുന്നുവെങ്കിൽ ഇന്ന് സ്വന്തം തെറ്റ് ഏറ്റുപറഞ്ഞുകൊണ്ട് അവർക്കീ മാനഭംഗം സഹിക്കേണ്ടിവരികയില്ലായിരുന്നു. യൂറോപ്പ് ഇസ്ലാമിക വിവാഹമോചനക്രമത്തെ സ്വീകരിക്കാൻ ഇപ്പോഴും മടിക്കുകയാണെന്നു കാണുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു. ഇസ്ലാമികവിവാഹമോചന നിയമമാണെങ്കിൽ, ഒരു ഭാഗത്ത് കഴിയുന്നേടത്തോളം വിവാഹമോചനത്തെ തടയുകയും മറ്റൊരുഭാഗത്ത് അവസാന നടപടിയെന്ന നിലയിൽ അതിന്നനുവാദം നൽകുകയുമാണ് ചെയ്യുന്നത്. ചില പാശ്ചാത്യ ഗവൺമെന്റുകളും നിയമസഭകളും വിവാഹമോചനത്തെ വേണ്ടതിലധികം സുഗമമാക്കിത്തീർക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുകയുണ്ടായി. എന്നാൽ, ഇത്തരം നിയമങ്ങൾ വിവാഹമോചനങ്ങളുടെ എണ്ണം അനഭിലഷണീയമാംവണ്ണം പെരുകുമാറാക്കുകയും എല്ലാ കുടുംബബന്ധങ്ങളുടെയും ജീവനായിരിക്കുന്ന വൈവാഹിക പരിശുദ്ധിയെ നശിപ്പിച്ച് ഗാർഹിക ജീവിതത്തിന്റെ അടിത്തറയിളക്കുകയും ചെയ്യാൻ ഹേതുകമായെന്നുവരും. ഏതദ്വിഷയകമായി യൂറോപ്പ് ഇന്നഭിമുഖീകരിച്ചിട്ടുള്ള പ്രശ്നങ്ങളുടെ ശരിയായ പരിഹാരമാർഗ്ഗം ഇസ്ലാമിക വിവാഹമോചന നിയമങ്ങളെ അംഗീകരിക്കുകയെന്നത് മാത്രമാണ്.

ബഹുഭാര്യാത്വത്തെക്കുറിച്ച് പാശ്ചാത്യലോകം ഇതുവരേയും ഗൗരവപൂർവ്വം ചിന്തിച്ചുതുടങ്ങിയിട്ടില്ലെങ്കിലും അതിനെകുറിച്ച് വേണ്ടത്ര പര്യാലോചിക്കുവാൻ അവർ നിർബന്ധപ്പെടുന്ന നാളുകൾ വിദൂരമല്ല, നിയതിനിയമങ്ങളെ വളരെക്കാലം അലക്ഷ്യമാക്കാനാവുകയില്ലല്ലോ! ബഹുഭാര്യാത്വം ലൈംഗികാരാജകത്വത്തിന്നു വഴിതെളിയിക്കുമെന്നു ചിലർ വാദിക്കുന്നു. എന്നാൽ, ഈ അനുവാദം പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ഇസ്ലാം വെച്ചിട്ടുള്ള തടസ്സങ്ങളെകുറിച്ച് അല്പമൊന്നു ചിന്തിക്കുകയാണെങ്കിൽ ബഹുപത്നീത്വത്തെ സംബന്ധിച്ച ഇസ്ലാമിക

നിയമം വിഷയലമ്പടത്വത്തിന്നു വഴിവെക്കുന്നില്ലെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. നേരെ മറിച്ച്, മനുഷ്യൻ ചിലപ്പോഴെല്ലാം ഏറ്റെടുക്കാൻ നിർബന്ധപ്പെടുന്ന വമ്പിച്ച ത്യാഗമാണത്. ലമ്പടത്വമെന്നതു അനിയന്ത്രിതമായി ഹൃദയോല്ലാസം വരുത്തുകയെന്നായിരിക്കെ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുകയും അവരുടെ നേരെ ഇസ്‌ലാമിക വിധിയനുസരിച്ച് നിഷ്കൃഷ്ടമായ സമഭാവന പാലിക്കുകയും ചെയ്യുന്ന ഒരാളെ ലമ്പടനെന്നു വിളിക്കാവുന്നതെങ്ങിനെയെന്നു എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒരു ഭാര്യയോട് നിങ്ങൾ എത്തരത്തിൽ പെരുമാറുന്നുവോ അതിൽ നിന്ന് യാതൊരു തരത്തിലും ഭിന്നമായിരിക്കരുത് മറ്റൊരു ഭാര്യയോടുള്ള നിങ്ങളുടെ പെരുമാറ്റവും എന്ന് ഇസ്‌ലാം ആജ്ഞാപിക്കുന്നു. ഒരു പത്നിയെ മറ്റൊരു പത്നിയേക്കാൾ കൂടുതലായി സ്നേഹിച്ചെന്നുവരാം. പക്ഷെ, അവൾക്കു മറ്റൊരു ഭാര്യയ്ക്ക് നൽകുന്നതിലും ഒരു പൈസപോലും കൂടുതൽ നല്കുകയോ മറ്റെ പത്നിയോടൊപ്പം കഴിച്ചുകൂട്ടുന്നതിലും ഒരു മണിക്കൂറെങ്കിലും അധികം അവളോടൊപ്പം കഴിച്ചു കൂട്ടുകയോ ചെയ്യാൻ പാടുള്ളതല്ല. ഒരു ഭാര്യയോടൊപ്പം ഒരു ദിവസം താമസിക്കുകയാണെങ്കിൽ, പിറ്റെ ദിവസം മറ്റെ ഭാര്യയോടൊപ്പം പാർക്കുകയും അങ്ങിനെ രണ്ടുപേരോടും ദൈവിധ്യം കൂടാതെ പെരുമാറുകയും വേണ്ടതാണ്. നിങ്ങൾ ഒരു ഭാര്യയേക്കാൾ ആയിരം മടങ്ങധികം മറ്റൊരു ഭാര്യയെ സ്നേഹിക്കുന്നുണ്ടെന്നുവന്നാലും മറ്റുള്ളവർക്ക് കാണാനാകാത്തതും ഹൃല്ലീനവുമായ പ്രേമവായ്പിലൊഴിച്ച് മറ്റെല്ലാ പെരുമാറ്റങ്ങളിലും പരിപൂർണ്ണ സമത പാലിക്കേണ്ടതാണ്. ഇത് ലമ്പടത്വമാണോ? അതോ സ്വരാജ്യത്തിന്നോ സമുദായത്തിന്നോ വംശത്തിന്നോ വേണ്ടി സ്വയം വരിക്കുന്ന നിരന്തരമായ ത്യാഗമോ.

നബി തിരുമേനി(സ) തന്റെ വയസ്സ് കാലത്ത് വിഷയേച്ഛ നിമിത്തമാണ് (നഊദുബില്ലാഹ്) ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചതെന്ന് ഇസ്‌ലാമിക നിയമങ്ങളെപ്പറ്റി പരമമായ അജ്ഞത പുലർത്തുന്നവർ ഒരു മുസൽമാനോട് പറയുമ്പോൾ അവന്റെ ഹൃദയം നോവുകയില്ലേ? യഥാർത്ഥത്തിൽ ആ പുണ്യാത്മാവ് ചെയ്ത ഓരോ വിവാഹവും തന്റെ നാട്ടിന്നും ജനത്തിന്നുംവേണ്ടി വരിച്ച ഓരോ കനത്ത ത്യാഗമായിരുന്നു എന്നു കാണാം. തന്റെ ഓരോ ദാരങ്ങളോടും ആ മഹാത്മാവ് കാണിച്ചിട്ടുള്ള നീതിപൂർവ്വകവും സമതുലിതവുമായ പെരുമാറ്റം ആ മഹച്ചരിതത്തെക്കുറിച്ച് പഠിക്കാനൊരുങ്ങുന്നവരിൽ ആ പുണ്യാത്മാവിന്റെ നേരെ മതിപ്പ് മാത്രമല്ല, സഹാനുഭൂതികൂടി ജനിപ്പിക്കുവാൻ പര്യാപ്തമാണ്. കഠിനമായ പനിബാധിച്ച് മരണശയ്യയിലായിരുന്നപ്പോഴും ആ

മഹാത്മാവ് രണ്ടുപേരുടെ സഹായത്തോടെ ദിവസവും മുറപ്രകാരം ഓരോ പത്നിയുടേയും ഗൃഹത്തിൽ മാറിമാറിച്ചെല്ലാറുണ്ടായിരുന്നു വെന്ന് ചരിത്രം പറഞ്ഞുതരുന്നു. തന്റെ നിര്യാണത്തിന്നു ഏതാനുംദിവസംമുമ്പ് മറ്റു ഭാര്യമാരുടെ നിഷ്കർഷയനുസരിച്ച് ഹദ്റത്ത് ആയിഷാ(റ)യുടെ വസതിയിൽ ആ മഹാത്മാവ് താമസമുറപ്പിക്കുകയും അങ്ങിനെ അവിടെ വെച്ചു ചരമം പ്രാപിക്കുകയുമാണുണ്ടായത്.

ചിലർ ബഹുപത്നീത്വത്തെ ക്രൂരമായ ഒരേർപ്പാടായി ചിത്രീകരിക്കുന്നു. എന്നാൽ, ഒന്നിലധികം ഭാര്യമാരെ സ്വീകരിച്ചുകൊള്ളുന്നതിന്നുള്ള അനുവാദത്തിന്റെ നിഷേധമാണ് പലപ്പോഴും ക്രൂരമായിട്ടുള്ളതെന്നാണ് പറയേണ്ടിയിരിക്കുന്നത്. ഉദാഹരണമായി, ഭാര്യയ്ക്ക് ചിത്തരോഗം പിടിപെടുകയോ അവൾ മറ്റു ചില മാറാവ്യാധികൾക്കോ അസ്പർശ്യരോഗങ്ങൾക്കോ ഇരയായിത്തീരുകയോ, വന്ധ്യയായിരിക്കുകയോ ചെയ്കയാണെങ്കിൽ ഒരു ഭർത്താവ് എന്തുചെയ്യണം? മറ്റൊരുത്തിയെ അയാൾ വേൾക്കാതിരിക്കുകയാണെങ്കിൽ, സമുദായത്തിന്നും അവന്നു തന്നെയും ദോഷകരമായിരിക്കുന്ന തിന്മകളിലേയ്ക്ക് അവൻ വഴുതി വീഴാൻ ഇടയായിത്തീരും. ബുദ്ധിഭ്രംശം പറ്റിയ ഒരു സ്ത്രീയോടൊപ്പം വസിച്ചുകൊള്ളണമെന്ന് അവൻ നിർബന്ധിക്കപ്പെടുകയാണെങ്കിൽ അതു സമുദായത്തോടും ഭാവിതലമുറയോടും ചെയ്യുന്ന കടുത്ത ഒരു പാതകമായിരിക്കും. കുഷ്ഠരോഗിണിയായ ഭാര്യയോടൊപ്പം അവൻ കഴിച്ചുകൂട്ടേണമെന്നുവരികിൽ അതൊരു നിഷ്ഠൂരമായ നിർബന്ധമായിരിക്കും. ഭാര്യ മലയടിയായിരിക്കെ അവൻ മറ്റൊരു വിവാഹം കഴിക്കാതിരിക്കുകയാണെങ്കിൽ അതു നാട്ടിനോടും നാട്ടാരോടും ചെയ്യുന്ന ഒരനീതിയായിരിക്കും. മേൽ വിവരിച്ച ഏതെങ്കിലും സാഹചര്യത്തിൽ ഒരുവൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുവാൻ ഒരുങ്ങുന്നപക്ഷം അതവന്നു അപമാനഹേതുകമായിത്തീരുന്നതാണ്. എന്തെന്നാൽ, അവൾ പര്യാപ്തയായിരുന്ന കാലമത്രയും അവനവളോടൊപ്പം കഴിച്ചുകൂട്ടുകയും അവന്റെ രക്ഷാകർത്തൃത്വം അവൾക്ക് എത്രയും അനുപേക്ഷണീയമായ ഒരു ഘട്ടത്തിൽ അവളെ ഉപേക്ഷിക്കുകയും ചെയ്തുവെന്ന ആക്ഷേപത്തിന്നു അവൻ ലക്ഷീഭവിക്കുന്നതാണ്. ഇങ്ങിനെ ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നത് അത്യാവശ്യം മാത്രമല്ല, രാഷ്ട്രീയവും ധാർമ്മികവുമായ ഒരു കർത്തവ്യധർമ്മം കൂടിയായിത്തീരുന്ന ഘട്ടങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടാകാവുന്നതാണ്.

കുടുംബജീവിതത്തിൽ പിന്നത്തെ ശ്രദ്ധയർഹിക്കുന്നത് മാതാപിതാക്കളും സന്താനങ്ങളും തമ്മിലുള്ള ബന്ധമാണ്. വിവാഹാനന്തരം ഈ ബന്ധത്തിലേയ്ക്കാണ് നാം ചൊവ്വെ കടന്നുചെല്ലുന്നത്. സന്താനങ്ങളെ

സുശിക്ഷിതമായി പരിപാലിച്ചു വളർത്തേണ്ടതാണെന്ന് ഇസ്ലാം മാതാപിതാക്കളോടാജ്ഞാപിക്കുന്നു. ദാരിദ്ര്യവ്യം പട്ടിണിയും പേടിച്ച് ശിശുഹത്യ നടത്തുന്നതിനെ (Infanticide) ഇസ്ലാം നിരോധിച്ചിരിക്കുന്നു. ചില പ്രാകൃത ഗോത്രവർഗ്ഗക്കാർ ഇത്തരം സമ്പ്രദായം ആചരിച്ചുവന്നിരുന്നു. അതുപോലെതന്നെ യുദ്ധപ്രിയരായ ചില വർഗ്ഗങ്ങളുടെയിടയിൽ പ്രചാരമുണ്ടായിരുന്നതുപോലെ ദുരഭിമാനത്താൽ പെൺസന്തതികളെ ജീവനോടെ കൊന്നുകളയുന്ന ദുരാചാരത്തെയും ഇസ്ലാം നിരോധിക്കുകയുണ്ടായി. സന്താനങ്ങൾ ജനിക്കുന്നത് ഭർത്താവിന് ഇഷ്ടമല്ലെന്നാണെങ്കിൽ സന്താനോൽപാദനത്തെ തടയുന്ന എന്തെങ്കിലും മാർഗ്ഗം അവലംബിക്കുന്നതിനുമുമ്പ് അയാൾ ഭാര്യയുടെ സമ്മതം നേടിയിരിക്കണം. സന്താനങ്ങളെ, അവർ വളർന്നാൽ സമുദായത്തിന്ന് ഉപയോഗയോഗയരായ വ്യക്തികളായി പ്രശോഭിക്കുമാറ് ശൈശവത്തിൽ തന്നെ സദാചാര ശിക്ഷണം നൽകി വളർത്തിക്കൊണ്ടുവരേണ്ടതാണെന്ന് ഇസ്ലാം അനുശാസിക്കുന്നു. എല്ലാ മക്കളോടും തുല്യനിലയിൽ വർത്തിക്കേണ്ടതാണെന്നും, അവർ മുതിർന്നാൽ അവരിലാർക്കെങ്കിലും മാതാപിതാക്കൾ വല്ലതും സമ്മാനിക്കുവാനാഗ്രഹിച്ചാൽ എല്ലാവർക്കും ഒരുപോലെ അപ്രകാരമുള്ള സമ്മാനങ്ങൾ നൽകേണ്ടതാണെന്നും, അതു സാദ്ധ്യമല്ലെങ്കിൽ ആർക്കും നൽകാതിരിക്കേണ്ടതാണെന്നും ഇസ്ലാം കല്പിക്കുന്നു.

ഒരു കുട്ടിയെ ശിക്ഷിക്കേണ്ടിവരികയാണെങ്കിൽ, തലയ്ക്കോ മുഖത്തോ പ്രഹരിക്കരുതെന്നും ബോധശക്തികളുടെ പ്രഭവകേന്ദ്രം ഉത്തമാംഗമായിരിക്കയാൽ അതിനു ഊനം തട്ടുന്നതുമൂലം കുട്ടിയുടെ ഭാവിജീവിതത്തെ അത് ബാധിയ്ക്കുന്നതാണെന്നും ഇസ്ലാം രക്ഷിതാക്കളെയുണർത്തുന്നു.

പെൺകുട്ടികളുടെ പരിപാലനത്തിലും ശിക്ഷണത്തിലും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുവാൻ ഇസ്ലാം ആവശ്യപ്പെടുന്നു. നബിതിരുമേനി(സ) അരുളുന്നു: ‘‘ഒരാൾക്ക് ഒരു പെൺസന്തതി ഉണ്ടാവുകയും അയാൾ അവളെ നല്ല നിലയിൽ വളർത്തിക്കൊണ്ടുവരികയും ആണെങ്കിൽ നരകശിക്ഷയിൽ നിന്ന് അയാൾ രക്ഷിക്കപ്പെടുന്നതാണ്.’’ പെൺമക്കളെ നല്ല ശിക്ഷണം നൽകി വളർത്തിക്കൊണ്ടുവരികയാണെങ്കിൽ അയാളോട് ദൈവം കാരുണ്യത്തോടെ പെരുമാറുമെന്നത്രെ ഇപ്പറഞ്ഞതിന്റെ അർത്ഥം. വീണ്ടും നബിതിരുമേനി(സ) പറയുന്നു: ‘‘ഒരാൾക്ക് ആൺമക്കളും പെൺമക്കളുമോ അനുജൻമാരും അനുജത്തികളുമോ ഉണ്ടായിരിക്കുകയും അവർക്ക് അയാൾ നല്ല ശിക്ഷണം നൽകുകയും അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുകയും ചെയ്യുന്നപക്ഷം അയാൾ

സ്വർഗ്ഗത്തിൽ പ്രവേശിക്കുമാറാകും.'' വീണ്ടും നബിതിരുമേനി(സ) പറയുന്നു: ''ഒരാളുടെ വീട്ടിൽ ഒരു പെൺകുട്ടിയുണ്ടായിരിക്കുകയും അയാൾ അവളെ കൊല്ലാതെയും എളിമയിലാക്കാതെയും ആൺ കുട്ടികളെ അവളെക്കാൾ ഉപരിയായി വിചാരിക്കാതെയുമിരിക്കുകയും ചെയ്യുമെങ്കിൽ അയാൾക്ക് ദൈവം സ്വർഗ്ഗം നൽകുന്നതാണ്.'' അത്തരം ഒരാൾ ദൈവത്തിന്റെ അനുഗ്രഹത്തിന് ഏറിയകൂറും പാത്രീഭവിക്കുമെന്നു മാത്രമാണിതിനർത്ഥം. അല്ലാതെ, അയാൾക്കെന്തും ചെയ്യാമെന്നും എന്തുകുറ്റം ചെയ്താലും അയാളുടെ ആത്മീയ ജീവിതത്തെ അതു ബാധിക്കുകയില്ലെന്നും അല്ല ഇപ്പറഞ്ഞതിന്റെ താല്പര്യം.

സന്താനങ്ങളുടെ ആരോഗ്യരക്ഷയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും നിർദേശിച്ചിട്ടുണ്ട്. തിരുനബി(സ) ഇപ്രകാരം അരുളിയിരിക്കുന്നു: ''നിങ്ങളുടെ ഭാര്യമാരുമായി, മുലകൊടുത്തുകൊണ്ടിരിക്കെ സംഭോഗത്തിലേർപ്പെട്ടുകൊണ്ട് സന്താനങ്ങളെ നിങ്ങൾ രഹസ്യത്തിൽ കൊല്ലരുത്.'' ശിശുക്കളുടെ ആരോഗ്യകാര്യത്തിൽ പ്രത്യേകം കരുതലുകൾ കാണിക്കണമെന്നാണ് ഇത് വ്യക്തമാക്കിത്തരുന്നത്. കുട്ടികളുടെ ആരോഗ്യത്തെ മുൻനിർത്തി ഒരാൾ വികാരങ്ങൾ നിയന്ത്രിക്കേണ്ടതുണ്ടെങ്കിൽ ഇതേ ഉദ്ദേശാർത്ഥം തന്നെ ചെറുതരം ത്യാഗങ്ങൾ വരിക്കാനും അയാൾ സന്നദ്ധനായിത്തീരുമല്ലൊ.

കുടുംബബന്ധത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നം പിന്തുടർച്ചാവകാശമാണ്. ഇസ്ലാം പിന്തുടർച്ചാവകാശങ്ങളെ ക്രമീകരിക്കുന്നതിനായി എത്രയും ആശാസ്യവും അന്യൂനവുമായ നിയമങ്ങൾ നടപ്പാക്കിയിരിക്കുന്നു. ആ നിയമാവലിയുടെ സാധുതയേയും യുക്തിബദ്ധതയേയും കുറിച്ച് ഏതു നിഷ്പക്ഷചിന്തകനും, അയാൾ ഏതു മതക്കാരനായാലും ശരി, സമ്മതിച്ചുപറയാൻ നിർബന്ധിതനാകുന്നതാണ്. അനന്തരാവകാശികളുടെ പട്ടികയിൽ ഇസ്ലാം സ്ത്രീകളേയും മാതാപിതാക്കളേയും ഭർത്താക്കന്മാരേയും ഭാര്യമാരേയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇവർക്കെല്ലാം പിന്തുടർച്ചാവകാശം ഉണ്ടായിരിക്കേണ്ടതാണെന്ന കാര്യത്തിൽ സംശയത്തിന്നു വകയില്ല. ഏതെങ്കിലും ഒരു അവകാശിയ്ക്കോ ഒന്നിലധികം അവകാശികൾക്കോ പിന്തുടർച്ച പ്രകാരമുള്ള അവകാശങ്ങൾ നിഷേധിക്കുവാനോ, സ്വത്തുക്കൾ ശരിയായ അവകാശികൾക്ക് ലഭിക്കാതാകുമാറ് അന്യർക്ക് ദാനം ചെയ്യാനോ പാടുള്ളതല്ലെന്ന് ഇസ്ലാം വിധിക്കുന്നു. ഒരാൾക്ക് തന്റെ സ്വത്തിന്റെ 1/3 ഭാഗം വസിയ്യത്ത് ചെയ്യാവുന്നതാണ്. അതിൽ കൂടുതലായി ഒസ്യത്ത് ചെയ്തുകൂടാ. കാരണം, അത് അയാളുടെ പിന്തുടർച്ചാവകാശികളിൽ വീതിക്കപ്പെടേണ്ടതത്രെ. ഒരനന്തരാവകാശിക്കുമാത്രം അനുകൂലമായി ഒസ്യത്ത്

ചെയ്യുവാനും പാടുള്ളതല്ല. എന്തെന്നാൽ, ഓരോ അവകാശിക്കും നിയമപ്രകാരമുള്ള ഓഹരി മാത്രമല്ലാതെ അധികം ലഭിക്കുകയില്ല.

ഒരു സ്ത്രീയ്ക്ക് പുരുഷന്റെ ഓഹരിയുടെ നേർപകുതി മാത്രമെ ലഭിക്കുകയുള്ളു. എന്നാൽ, ചില പ്രത്യേക പരിതഃസ്ഥിതികളിൽ പുരുഷന്റെ അത്രതന്നെ ലഭിച്ചുവെന്നുംവരും. പൊതുനിയമത്തിൽനിന്നുള്ള ഈ വ്യതിയാനത്തെ ന്യായീകരിക്കുന്ന ചില പ്രത്യേക കാരണങ്ങളുമുണ്ട്. ഒരു പുരുഷന്ന് സ്ത്രീയുടെ ഇരട്ടി അവകാശം കല്പിച്ചുകൊടുത്തുകൊണ്ടുള്ള നിബന്ധന നീതിപൂർവ്വകമല്ലെന്നു ചിലർ കരുതുന്നു. എന്നാൽ മറ്റു പിന്തുടർച്ചാവകാശനിയമങ്ങളിലൊന്നിലും സ്ത്രീയുടെ അവകാശത്തെ അംഗീകരിക്കുകപോലും ചെയ്തിട്ടില്ലെന്നും സ്ത്രീയുടെ അവകാശത്തെ ഇസ്ലാം മാത്രമാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്നും ഉള്ള വസ്തുതയെ അവർ വിസ്മരിക്കുകയാണ് ചെയ്യുന്നത്. ഇസ്ലാം ഈ വ്യതിരേകം കല്പിക്കുവാനുള്ള കാരണം സ്ത്രീക്കു അവളെയോ അവളുടെ സന്താനങ്ങളെയോ സ്വന്തമായി പരിരക്ഷിക്കേണ്ട ബാദ്ധ്യതയില്ലെന്നതാണ്. അവൾ ഏതു പരിതഃസ്ഥിതയിലും ഭർത്താവിന്റെ സംരക്ഷണത്തിന്ന് വിധേയയായിട്ടായിരിക്കും ജീവിക്കുക. നേരെ മറിച്ച്, ഒരു പുരുഷനാണെങ്കിൽ, തന്റെ ഭാര്യയേയും സന്താനങ്ങളെയും സംരക്ഷിച്ചു വളർത്തേണ്ടുന്ന ചുമതലയുടെ ഒരു കനത്ത ചുമട് താങ്ങേണ്ടിയിരിക്കുന്നു. ഒരു സ്ത്രീ വിവാഹിതയാകുന്നതോടുകൂടി അവളുടെയോ അവളുടെ സന്താനങ്ങളുടെയോ സംരക്ഷയെകുറിച്ച് അവൾക്ക് ഉൽകണ്ഠിതയാകേണ്ടിവരുന്നില്ല. വിവാഹം ചെയ്യുന്നില്ലെങ്കിൽ - ഇസ്ലാം അദവത്വത്തെ അംഗീകരിക്കുന്നില്ല - അവൾക്കു സ്വന്തം സ്വത്തിൽ നിന്നു ജീവിതച്ചെലവുകൾ നിർവ്വഹിക്കാവുന്നതാണ്. ഒരു പുരുഷൻ വിവാഹം കഴിക്കുന്നതോടുകൂടി - ഇസ്ലാം അവധൂകത്വത്തെയും അനുകൂലിക്കുന്നില്ല - തന്റെ കളത്രത്തെയും സന്താനങ്ങളെയും കൂടി രക്ഷിയ്ക്കാൻ അയാൾ ബാധ്യസ്ഥനായിത്തീരുന്നു. ഈ വസ്തുതയെ ആസ്പദമാക്കിയാണ് ഇസ്ലാം പുരുഷന്റെ ഓഹരി സ്ത്രീയുടെ ഓഹരിയേക്കാൾ ഇരട്ടിയാക്കി നിശ്ചയിച്ചിരിക്കുന്നത്. ഇതു തികച്ചും നീതിപൂർവ്വകം തന്നെയാണ്.

സന്താനങ്ങൾ മാതാപിതാക്കളെ ബഹുമാനിക്കുകയും അവർ വാർദ്ധക്യം പ്രാപിച്ചാൽ അവരെ താങ്ങുകയും സംരക്ഷിക്കുകയും വേണ്ടതാണെന്നു ഇസ്ലാം കല്പിക്കുന്നു. അവരോടു കയർത്തു സംസാരിക്കുകയോ യാതൊരുപ്രകാരത്തിലും അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുകയോ അരുതെന്നും അവരുടെ ക്ഷേമത്തിന്നായി നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണെന്നും ഇസ്ലാം ആജ്ഞാപിക്കുന്നു.

സഹോദരന്മാർക്ക് സഹോദരന്മാരുടെമേലുള്ള അവകാശത്തെ സംബന്ധിച്ചിടത്തോളം ഇസ്ലാം കല്പിക്കുന്നത്, സ്വത്തവകാശമില്ലാത്ത നിർഗ്ഗതികളായ സഹോദരന്മാരെ അവർ രക്ഷിക്കേണ്ടതാണെന്നും, അങ്ങനെ വരുമ്പോൾ തങ്ങളുടെ സ്വത്തിൽ അത്തരം സഹോദരന്മാർക്ക് അവർ അവകാശം നൽകേണ്ടതാണെന്നും ആണ്. അപ്രകാരംതന്നെ, മറ്റു ബന്ധങ്ങളെ സംബന്ധിച്ചേടത്തോളം, അത്തരം കഷ്ടപ്പെടുന്ന അംഗങ്ങളെ, അവർ സ്വത്തു പിന്നിട്ടുകൊണ്ട് മരിക്കുകയാണെങ്കിൽ അതിന്നവകാശികളായിരിക്കാവുന്നവരാരോ അവർ സംരക്ഷിച്ചുകൊള്ളേണ്ടതാണെന്നും ഇസ്ലാം കൽപിക്കുന്നു.

# മുസ്ലിം സൊസൈറ്റി

കുടുംബം കഴിഞ്ഞാൽ, അയൽപക്കക്കാരും ദേശവാസികളും തമ്മിലുള്ള ബന്ധമാണ് ഒരാളുടെ മുമ്പിൽ വരുന്നത്. ഇവരോടു പുലർത്തേണ്ടുന്ന ബന്ധത്തെപ്പറ്റി വിശുദ്ധ ഖുർആൻ ഇങ്ങനെ പഠിപ്പിക്കുന്നു:

“മാതാപിതാക്കളോടും അടുത്ത ബന്ധുക്കളോടും അനാഥരോടും അടുത്ത അയൽവാസികളോടും അകന്ന അയലാളന്മാരോടും കച്ചവടത്തിലെ പങ്കുകാരോടും സഹപ്രവർത്തകൻമാരോടും പാന്ഥരോടും അടിമകളോടും നിങ്ങൾ നല്ലനിലയിൽ വർത്തിക്കുവിൻ”(ഖുർആൻ 4:37). ഈ വിഭാഗങ്ങളുടെ, പ്രത്യേകിച്ചും പിന്നണിയിൽ സ്ഥിതിചെയ്യുന്ന ദരിദ്ര സഹോദരന്മാരുടെ അവകാശങ്ങൾ വിവരിച്ചുകൊണ്ട് ഇസ്ലാം സാമൂഹ്യബന്ധത്തെ സുസ്ഥിരമായ ഒരടിസ്ഥാനത്തിൽ ഉറപ്പിച്ചിരിക്കുകയാണ്. അനാഥരുടെ സംരക്ഷണം സമുദായത്തിലെ സമ്പന്നരായ വ്യക്തികളുടെ ഉത്തരവാദിത്വത്തിൽ ഇസ്ലാം ഉൾപ്പെടുത്തിയിരിക്കുന്നു. സ്വന്തം കുട്ടികളെ പോറ്റിവളർത്തുന്നതുപോലെ തന്നെ അനാഥബാലരേയും പരിപാലിച്ചു വളർത്തേണ്ടതവരുടെ ചുമതലയത്രെ. തൊഴിലില്ലാതെ വലയുന്നവരേയും കഷ്ടപ്പെടുന്ന വ്യക്തികളേയും ജോലിയിലേർപ്പെടുത്തുകയും അവരെ സഹായിക്കുകയും വേണ്ടത് സമുദായത്തിലെ കഴിവുള്ളവരുടെ ധർമ്മമാണ്. അടുത്ത അയൽപക്കക്കാർക്കും അകന്ന അയൽവാസികൾക്കും -ദേശവാസികൾക്കും വിദേശീയർക്കും- നന്മ ചെയ്യണമെന്നുപദേശിക്കപ്പെട്ടിരിക്കുന്നു. സഹവർത്തകന്മാരും സഹപ്രവർത്തകന്മാരും പ്രത്യേകതരത്തിലുള്ള പെരുമാറ്റത്തെ അർഹിക്കുന്നവരാണെന്നാണ് പറയപ്പെട്ടിരിക്കുന്നത്. ഞാൻ വ്യക്തിപരമായി ‘ട്രെയ്ഡ് യൂനിയൻ’ പ്രസ്ഥാനത്തോട് വിയോജിക്കുന്നവ

നാണ്. അതു യൂറോപ്പിലെ വികല സാമൂഹ്യ ക്രമത്തിന്റെ ഒരു സന്താനം മാത്രമത്രെ. ഇസ്‌ലാമിക സാമൂഹ്യ നിയമങ്ങൾ പാലിക്കപ്പെടുന്നപക്ഷം അത്തരം യൂനിയനുകളുടെ സഹായമില്ലാതെതന്നെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ ഒരേ തരത്തിൽപെട്ട ജോലിചെയ്യുന്നവർ അന്യോന്യം സസ്നേഹം സഹകരണബോധത്തോടുകൂടി പ്രവർത്തിക്കുമാറാകുന്നതിന്ന് പ്രത്യേകതരത്തിലുള്ള ഒരൈക്യബന്ധം സൃഷ്ടിക്കുന്നതിന്നു ഇസ്‌ലാം എതിരല്ല.

സഞ്ചാരികളുടെ നേരെ അവർ ദരിദ്രരാകട്ടെ, ധനികരാകട്ടെ, സൗമനസ്യം കാട്ടുവാനും, അങ്ങനെ അരികത്തും അകലത്തും സാഹോദര്യബന്ധം സൃഷ്ടിച്ചുകൊണ്ട് സാർവ്വത്രിക സമാധാനത്തിന്റെ അസ്തിവാരം പണിയുവാനും ഇസ്‌ലാം തദനുയായികളോടുൽബോധിപ്പിക്കുന്നു.

മൂത്തവരും ഇളയവരും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഇസ്‌ലാം ഇങ്ങനെ പഠിപ്പിക്കുന്നു: “ഇളയവരോടും അശക്തരോടും ഔദാര്യത്തിൽ പെരുമാറാത്തവരും, വയസ്സു മൂപ്പുള്ളവരോടും പ്രബലരോടും ബഹുമാനം കാണിക്കാത്തവരും നമ്മിൽപെട്ടവരല്ല.” യജമാനരും ഭൃത്യരും തമ്മിലും ഗുരുനാഥരും ശിഷ്യരും പരസ്പരവും ഉള്ള ബന്ധത്തിലും അതുപോലുള്ള മറ്റു ബന്ധങ്ങളിലും അനുവർത്തിക്കേണ്ടുന്ന രീതികളെ കുറിക്കുന്ന ഒരു പൊതുതത്വം നമുക്കിതിൽ കാണാം.

പുരുഷന്മാരും സ്ത്രീകളും തമ്മിൽ പെരുമാറേണ്ടുന്ന രീതിയെപ്പറ്റി ഇസ്‌ലാം പഠിപ്പിക്കുന്നത്, പുരുഷന്മാർ എപ്പോഴും സ്ത്രീകളുടെ സൗകര്യത്തേയും സുഖത്തേയും ഗൗനിച്ചു പ്രവർത്തിക്കണമെന്നാണ്. നബി തിരുമേനി(സ) നമസ്കാരാനന്തരം, സ്ത്രീകൾ ആദ്യം സ്വൈരമായി ഒഴിഞ്ഞു പൊയ്ക്കൊള്ളുന്നതുവരെയും സ്വസ്ഥാനത്ത് തന്നെ ഇരിക്കുക പതിവായിരുന്നു. എല്ലാ സ്ത്രീകളും പൊയിക്കഴിഞ്ഞാൽ താനും തുടർന്നു സഹാബികളും എണീറ്റുതുടങ്ങുകയും ചെയ്യുമായിരുന്നു. യാത്രാവേളയിൽ, ഒട്ടകങ്ങളെ ദൃതഗതിയിൽ ആരെങ്കിലും ഓട്ടുകയാണെങ്കിൽ, സ്ത്രീകൾക്ക് ക്ലേശകരമായ തരത്തിൽ അരുതെന്നു ധ്വനിപ്പിച്ചുകൊണ്ട് “പളുങ്കുകളേയും സൂക്ഷിക്കണേ! ” എന്നു തിരുമേനി(സ) വിളിച്ചുപറയുമായിരുന്നു.

ദൂരയാത്രയ്ക്ക് ശേഷമോ വളരെക്കാലത്തെ വിദേശവാസത്തിന്നു ശേഷമോ തിരിച്ചുവരുന്ന ഭർത്താക്കന്മാർ മുന്നറിയിപ്പ് നൽകാതെ വീട്ടിൽ പ്രവേശിക്കരുതെന്നു ഇസ്‌ലാം കല്പിക്കുന്നു. എപ്പോഴാണ് എത്തുകയെന്ന് മുൻകൂട്ടി വിവരം കൊടുത്തശേഷം പകൽസമയം മാത്രമേ അവർ വീട്ടിൽ കടക്കാവൂ. അങ്ങനെ സ്ത്രീയ്ക്ക് എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കാൻ തക്ക അവസരം നൽകേണ്ടതാണ്.

സ്ത്രീകളെ സംബന്ധിക്കുന്ന മറ്റൊരു നിർദ്ദേശം അവരെ സന്താനങ്ങളിൽ നിന്ന് ഒരിക്കലും അകറ്റി നിറുത്തരുതെന്നുള്ളതാണ്. മക്കളെ വേർപെടുത്തരുതെന്നും അവരെ അന്യോന്യം സന്ദർശിക്കുകയും കണ്ടുമുട്ടുകയും ചെയ്യുന്നതിന്ന് അനുവദിക്കണമെന്നും ഉള്ള ഒരു പൊതുനിയമത്തെയാണിത് ചൂണ്ടിക്കാണിക്കുന്നത്. ഛിദ്രത്തിനിടയാക്കുന്ന എല്ലാ സംഗതികളേയും ഇസ്ലാം വിലക്കുന്നു. ഉദാഹരണമായി അവാസ്തവികമായ ആരോപണങ്ങളും അപവാദങ്ങളും പരത്തുന്നതിന്ന് കഠിനശിക്ഷകൾ നൽകേണ്ടതാണെന്ന് ഇസ്ലാം വിധിക്കുന്നു. ഒരാൾ ഒരിടത്ത് വിവാഹാലോചന ചെയ്തുകൊണ്ടിരിക്കെ, അവർ തമ്മിൽ പറഞ്ഞുമുറിയുന്നതിന്നു മുമ്പ് മറ്റൊരു വിവാഹാലോചനയുമായി വേറൊരാൾ അതെയാളെ സമീപിക്കുന്നത് നിഷിദ്ധമാണ്.

സാമൂഹ്യബന്ധത്തിൽ അതിപ്രധാനമായിരിക്കുന്നതും എന്നാൽ ഇന്നു അതിദയനീയമാംവണ്ണം അലക്ഷ്യമാക്കപ്പെട്ടിരിക്കുന്നതുമായ ഒരു സംഗതി അനാഥപരിപാലനമാകുന്നു. അനാഥരെ ഗൗനിക്കാതെയിരിക്കുന്ന ഒരു സമുദായം പുരോഗതിയുടെ മത്സരത്തിൽ പരാജയമടയുകയേ ഉള്ളു. ആകയാൽ, അനാഥരെ സംരക്ഷിക്കുന്നതിന്നായുള്ള ഏറ്റവും ഫലപ്രദമായ നിയമങ്ങൾ ഇസ്ലാം നടപ്പാക്കിയിരിക്കുന്നു. അനാഥന്റേയും അവന്റെ സ്വത്തിന്റെയും സംരക്ഷണത്തിന്നായി ഒരു രക്ഷാകർത്താവിനെ നിയോഗിക്കേണ്ടതാണെന്നും, ഒരനാഥ കുട്ടിയുടെ രക്ഷാകർത്തൃത്വം ഏറ്റവും അടുത്ത ഒരു ബന്ധുവാണേറ്റെടുക്കേണ്ടതെന്നും, ഇസ്ലാം നിർദ്ദേശിക്കുന്നു. കുട്ടിയുടെ സ്വത്തിന്റെ മേൽനോട്ടം അവന്നു പകരമായി നടത്തേണ്ടതും അവന്റെ ക്ഷേമ സംരക്ഷണങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കേണ്ടതും അയാളുടെ ചുമതലയായിരിക്കും. വയറ്റ് പാടിന്നു ഞെരുങ്ങുന്ന ആളാണെങ്കിൽ, അനാഥന്റെ ക്ഷേമകാര്യങ്ങൾ നോക്കിനടത്തുന്നതിന്നു ചിലവഴിക്കുന്ന സമയത്തിന്നും തുനിവിന്നും പ്രതിഫലമെന്നോണം അയാൾക്ക് വേതനം പറ്റാൻ പാടുണ്ട്. എന്നാൽ, രക്ഷകർത്താവ് കഴിവുള്ളവനാണെങ്കിൽ യാതൊരു വേതനവും എടുത്തുകൂടാ. കുട്ടിയെ കച്ചവടത്തിലോ അല്ലെങ്കിൽ അവന്റെ അഭിരുചിക്കനുസരിച്ചു മറ്റേതെങ്കിലും തൊഴിലിലോ ഏർപ്പെടുത്തേണ്ടതും അയാളു ടെ കർത്തവ്യമായിരിക്കും. അവന്റെ പെരുമാറ്റങ്ങളിലും സ്വഭാവക്രമത്തിലും അയാൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതും അവനെ നേർവഴിക്ക് കൊണ്ടുവരേണ്ടതുമത്രെ. ഒരാനാഥബാലനെ അവന്റെ ഇഷ്ടത്തിന്നു വിടുവാനോ അവന്റെ നൈസർഗ്ഗികബോധങ്ങളെ ഹനിച്ചുകളയുന്ന വിധത്തിലോ അവനെ ഒന്നിനും കൊള്ളാത്തവനായി അധപതിപ്പിക്കുന്നതരത്തിലോ അവനോടു പെരുമാറുവാൻ പാടില്ല. വാത്സല്യ

ത്തോടും അനുകമ്പാപൂർവ്വവും അവനോടു വർത്തിക്കണം. മാതാപിതാക്കളുടെ വാത്സല്യപൂർണ്ണമായ ലാളനയേൽക്കാനുള്ള ഭാഗ്യം അവന്നു ആദ്യമേതന്നെ നഷ്ടപ്പെട്ടിരിക്കുകയാണല്ലോ. യുക്ത വയസ്സെത്തിക്കഴിയുന്നതോടെ അവന്റെ ഭാവങ്ങളെയും കഴിവുകളേയും കുറിച്ച് സർക്കാർ ആണ് ശ്രദ്ധിക്കേണ്ടത്. സ്വന്തം കാര്യാദികൾ നോക്കിനടത്താൻ പ്രാപ്തനാണെന്നു കാണുന്നപക്ഷം അവനെ രക്ഷാകർത്തൃത്വത്തിൽ നിന്ന് മോചിപ്പിക്കുകയും അവന്റെ സ്വത്ത് അവന്നേൽപിക്കുകയും വേണം. എന്നാൽ, ഒരനാഥ ബാലൻ യുക്തവയസ്കനായിട്ടും മന്ദബുദ്ധിയും അപ്രാപ്തനുമായിരിക്കുകയാണെങ്കിൽ അവനെ രക്ഷാകർത്താവിന്റെ കീഴിൽ തന്നെ നിർത്തേണ്ടതും അപ്പോൾ സ്വത്ത് അയാൾ തന്നെ മേൽനോട്ടം വഹിക്കേണ്ടതും അതിന്നാവശ്യമായ ചിലവ് സ്വീകരിച്ചുകൊള്ളേണ്ടതും ആണ്.

ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള ബന്ധമാണ് സാമൂഹിക ജീവിതത്തിൽ പിന്നെ പ്രാധാന്യമർഹിക്കുന്നത്. മറ്റുള്ളവരുടെ സാമ്പത്തിക സഹായങ്ങൾ ആശ്രയിക്കേണ്ടിവരുന്ന സന്ദർഭങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടായെന്നുവരും. ഈ സ്ഥിതിവിശേഷത്തെ നേരിടുന്നതിന്നു ഇസ്ലാം കടം, പണയം മുതലായ വ്യവസ്ഥകളെ അനുവദിച്ചിരിക്കുന്നു. അതായത്, കരുതൽ നിക്ഷേപത്തിന്മേലോ അല്ലാതെയോ ധനികന്മാർ ക്ലിഷ്ടിതർക്ക് കടം നൽകാൻ തയ്യാറാകണം. കടമെടുക്കുകയോ പണയം വെയ്ക്കുകയോ ചെയ്യുമ്പോൾ പിന്നീട് തർക്കങ്ങളും കുഴപ്പങ്ങളും ഉണ്ടാകുന്നത് ഒഴിവാക്കാനുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണെന്നും ഇസ്ലാം നിഷ്കർഷിക്കുന്നു. ഇത്തരത്തിലുള്ള തർക്കങ്ങൾ പലപ്പോഴും സമാധാന ഭംഗത്തിന്നു കാരണമാകാറുണ്ട്. നിശ്ചയപത്രം എഴുതുകയോ പറഞ്ഞെഴുതിക്കുകയോ ചെയ്യേണ്ടത് കടം വാങ്ങുന്ന ആളായിരിക്കണം. കുറഞ്ഞപക്ഷം രണ്ടുപേർ അതിന്നു സാക്ഷികളായി ഒപ്പുവെക്കേണ്ടതുമത്രെ. കടം മടക്കിക്കൊടുക്കുന്നതിന്നു ഒരു കാലയളവ് നിർണ്ണയിക്കേണ്ടതാണ്. കടം വേഗത്തിൽ അടച്ചു തീർക്കണമെന്നു ഉത്തമർണ്ണനും സാവധാനത്തിൽ ആവാമെന്ന് അധമർണ്ണനും കരുതുന്നതുകൊണ്ടാണ് പലപ്പോഴും തകരാറുകൾ സംഭവിക്കുന്നത്. തിരിച്ചു നൽകുന്നതിന്നു നിശ്ചയിക്കപ്പെട്ട അവധിയ്ക്ക് മുമ്പായിത്തന്നെ കടക്കാരൻ കടധനം മടക്കിക്കൊടുക്കേണ്ടതാണ്. എന്നാൽ നിയന്ത്രണാതീതമായ കാരണങ്ങളാലും വിപരീത പരിതസ്ഥികളാലും അങ്ങിനെ ചെയ്യാൻ കഴിഞ്ഞില്ലെന്നു വന്നാൽ, ഉത്തമർണ്ണൻ അവധി നീട്ടിക്കൊടുക്കേണ്ടതും മറ്റെയാളുടെ സ്ഥിതി ഭേദപ്പെടുന്നതുവരെ ക്ഷമിച്ചിരിക്കേണ്ടതുമാണ്. കടം കൊടുത്തയാൾ വളരെ തിടുങ്ങിയിരിക്കു

കയും കൂടുതൽ കാത്തിരിക്കാൻ കഴിയാതാവുകയും കടക്കാരനു അത് മടക്കിക്കൊടുക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നപക്ഷം മറ്റുള്ള വർ തുക പിരിച്ചെടുത്ത് ആ കടം വീട്ടണം. എന്തെന്നാൽ, ഇതിൽ കട ക്കാരന്റെ സ്വന്തമായ കുറ്റമൊന്നുമില്ല. കടക്കാരൻ കടം വീട്ടാത്തനില യിൽ മരിക്കുകയാണെങ്കിൽ അയാളുടെ സ്വത്തിൽ നിന്ന് ആ കടധനം വസൂലാക്കാവുന്നതാണ്. സ്വത്തില്ലാത്തപക്ഷം അയാളുടെ സ്വത്തിന്നു അവകാശികളായിരിക്കേണ്ടവർ ആ ഋണബാദ്ധ്യത നിറവേറ്റണം. ബന്ധു ക്കൾ ആരുമില്ലെങ്കിൽ ആ കടത്തിന്ന് സ്റ്റേറ്റ് ആണ് ഉത്തരവാദിയാകു ക. സ്റ്റേറ്റ് അത് വീട്ടേണ്ടതുമത്രെ. കടം വീട്ടുമ്പോൾ നന്ദിസൂചകമായി എന്തെങ്കിലും ചേർത്തു നൽകണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ കൂടുതൽ നൽകുന്നത് നിർബന്ധമില്ല. വല്ലതും പാരിതോ ഷികമായി നൽകാൻ കടക്കാരൻ ഇച്ഛിക്കുന്നുവെങ്കിൽ ആ സംഗതി കടം സ്വീകരിക്കുന്നതിന്നു മുമ്പായി വെളിപ്പെടുത്തിക്കൂടാത്തതുമാണ്. എന്തെന്നാൽ, അപ്പോൾ അതു ഇസ്‌ലാം വിരോധിച്ചിട്ടുള്ള പലിശയേ ർപ്പാടിൽ ഉൾപ്പെടുന്നതായിരിക്കും.

ഇസ്‌ലാമിന്നു മുമ്പ് യജമാന ഭൃത്യബന്ധം ഭരണാധികാരിയും പ്രജ യും തമ്മിലുള്ള ബന്ധം പോലെയായിരുന്നു. നൂറ്റാണ്ടുകൾ കഴിഞ്ഞി ട്ടും ചിന്താപരമായ വിപ്ലവങ്ങൾ തന്നെ നടന്നിട്ടും പ്രായോഗികമായി അതേതരത്തിലുള്ള ബന്ധം തന്നെയാണിന്നും നിലനിൽക്കുന്നതെ ന്നുകാണാം. എന്നാൽ, തികച്ചും വ്യത്യസ്തമായ ഒരു പാഠമാണ് ഇസ് ലാം നൽകുന്നത്. യജമാനനും ഭൃത്യനും തമ്മിലുള്ള ബന്ധം ഒരു കരാറിൽ അധിഷ്ഠിതവും ആ കരാറിലൂടെ നിർവ്വഹിക്കപ്പെട്ടിട്ടുള്ളതു മാണെന്നും അതു സിദ്ധാന്തിക്കുന്നു. ആകയാൽ യജമാനന്നു ഒരു ദുശ്ശാസകൻ തന്റെ പ്രജകളോട് പെരുമാറുന്നതിൻവണ്ണം ഭൃത്യരോട് പെരുമാറുവാൻ യാതൊരു അവകാശവുമില്ല. രാജാക്കന്മാരിൽനിന്നു പോലും അവരുടെ പരമ്പരാസിദ്ധവും ആചാരപരവുമായ എല്ലാ അവ കാശങ്ങളും പിടിച്ചുപറ്റിയ ഇസ്‌ലാമിന്നു യജമാനനും ഭൃത്യരും തമ്മിൽ ഇന്നു നിലവിലുള്ള ബന്ധത്തെ ഒരിക്കലും പൊറുപ്പിക്കാനാവില്ല.

യജമാനൻ ഒരു ഭൃത്യനെ ശകാരിക്കുകയോ മർദ്ദിക്കുകയോ ചെയ്യു ന്നതിനെ ഇസ്‌ലാം വിരോധിച്ചിരിക്കുന്നു. ഒരാൾ തന്റെ ഭൃത്യനെ അയാ ൾക്ക് ചെയ്യാനാവാത്ത ജോലിയെടുക്കാൻ നിർബന്ധിക്കരുതെന്നും ഭാര മേറിയ ജോലി ഏല്പിക്കുന്നപക്ഷം യജമാനനും അയാളെ അക്കാര്യ ത്തിൽ സഹായിക്കണമെന്നും തിരുനബി(സ) അരുളുകയുണ്ടായിട്ടുണ്ട്.

ഒരു തൊഴിലാളിയുടെ കൂലി അയാളുടെ വിയർപ്പാറുന്നതിന്നു മുമ്പാ യിട്ടുതന്നെ കൊടുത്തുതീർക്കണമെന്നു നബി(സ) കൽപിച്ചു. വീണ്ടും

തിരുനബി(സ) അരുളുന്നു: “ഒരു തൊഴിലാളിയ്ക്ക് അവന്റെ മുഴുവൻ കൂലിയും കൊടുക്കാൻ കൂട്ടാക്കാത്തവന്നെതിരിൽ ന്യായവിസ്താര നാളിൽ ഞാൻ വാദിക്കും.” ഒരു തൊഴിലാളിയ്ക്ക് ന്യായമായ കൂലി മുഴുവനും ലഭിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടത് സ്റ്റേറ്റിന്റെ ചുമതലയാണെന്നാണ് ഇതു മുഖേന തിരുനബി(സ) മനസ്സിലാക്കിത്തരുന്നത്.

സാമാജിക ജീവിത്തിൽ പിന്നെ നമ്മുടെ ശ്രദ്ധയർഹിക്കുന്നത് സമ്മേളനങ്ങളും പൊതുയോഗങ്ങളും മറ്റു സാമൂഹ്യപ്രവർത്തനങ്ങളുമാണ്. മനുഷ്യന്റെ സാമൂഹ്യ ജീവിതവുമായി ഇവ കെട്ടുപിണഞ്ഞിരിക്കുന്നുവെന്നു മാത്രമല്ല ആഴമായ സ്വാധീനങ്ങൾ ചെലുത്താൻ പോരുന്നവയുമാണ്. അതിനാൽ ഇവയെക്കുറിച്ച് ഇസ്‌ലാം നല്കുന്ന പാഠമെന്തെന്ന് ഞാൻ വിവരിക്കാം.

സൽക്കാരത്തിന്നുള്ള ക്ഷണം ഒരു മുസ്‌ലിം സ്വീകരിക്കേണ്ടതാണെന്നു ഇസ്‌ലാം ഉപദേശിക്കുന്നു. പരസ്പര സ്നേഹവും ക്ഷേമകാംക്ഷയും ശക്തിപ്പെടുന്നതിന്നു ഇതു സഹായകരമാണ്. അകാരണമായ തിരസ്കാരം സ്നേഹബന്ധത്തിന്നു ക്ഷതമേല്പിക്കുകയും ചെയ്യും. വിളിക്കാത്തേടത്ത് ആരും ചെന്നുകയറരുത്. ക്ഷണിക്കപ്പെട്ട ഒരാളെ ക്ഷണിക്കപ്പെടാത്ത വേറൊരാൾ അനുഗമിക്കുകയാണെങ്കിൽ, അയാൾ തന്റെ സ്നേഹിതൻ അകത്ത് പ്രവേശിച്ചുകൊള്ളുന്നതിൽ ആതിഥേയന്റെ മനസ്സമ്മതം തേടേണ്ടതാണ്. അസമയത്ത് അതിഥികൾ കയറിച്ചെല്ലരുത്. സൽക്കാരത്തിന്നുള്ള ക്ഷണമായിരിക്കുമ്പോൾ ശുചിത്വത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. ആഹാരം കഴിക്കുന്നതിന്നു മുമ്പായി എല്ലാവരും കയ്യും മുഖവും വൃത്തിയായി കഴുകേണ്ടതാണ്. ആഹാരം പെരുങ്കൊതിയോടെ വാരിത്തിന്നരുത്. അനവന്റെ മുമ്പിൽനിന്ന് മാത്രമേ ഭക്ഷിക്കാവൂ. ആഹാരത്തിന്റെ ഗുണാഗുണങ്ങളെക്കുറിച്ച് സദസ്സിൽവെച്ച് നിരൂപണം ചെയ്യരുത്. ആഹരിച്ചുകഴിഞ്ഞാൽ എല്ലാവരും കയ്യും മുഖവും ശുചിയാക്കുകയും, അതിഥേയന്നും അയാളുടെ ബന്ധുക്കൾക്കു വേണ്ടി, അയാൾ ചെയ്ത സൽപ്രവർത്തിയ്ക്കുള്ള നന്ദിപ്രകടനമെന്നോണം, അവരെ ആനുഗ്രഹിക്കാൻ ദൈവത്തോട് പ്രാർത്ഥിക്കുകയും വേണ്ടതാണ്. ആഹാരം കഴിച്ചശേഷം ആതിഥേയൻ ആവശ്യപ്പെടുന്നെങ്കിലല്ലാതെ അതിഥികൾ അവിടെ അധികനേരം തങ്ങിനില്ക്കുന്നതു നിഷിദ്ധമാണ്.

സംഘടനകളെക്കുറിച്ച് ഇസ്‌ലാം പഠിപ്പിക്കുന്നത് മൂന്നു തരം സംഘടനകളാണ് ഫലപ്രദവും ഗുണകരവും ആയിരിക്കുന്നതെന്നാണ്. ഒന്ന്, *‘മൻ അമറ ബിസദഖത്തിൻ’* സാധുക്കളുടെയും അഗതികളുടേയും ക്ഷേമസംരക്ഷയെ മുൻനിർത്തിയുള്ളത്. രണ്ട്, *‘മൻ അമറ ബിമഅറൂ*

*ഫിൻ'* ശാസ്ത്രീയവും വിദ്യാഭ്യാസപരവും വിജ്ഞാനപരവുമായ കണ്ടുപിടുത്തങ്ങളേയും ഗവേഷണങ്ങളേയും പരത്തുന്നതിന്നുള്ളത്. മൂന്ന്, *'മൻ അമറ ബി ഇസ്‌ലാഹിൻ ബൈനന്നാസ്'* ഗാർഹികമോ, ദേശീയമോ, രാഷ്ട്രീയമോ, അന്താരാഷ്ട്രീയമോ ആയ പ്രശ്നങ്ങൾ പരിഹരിക്കാനുദ്ദേശിച്ചത്. ദേശീയമോ സാമുദായികമോ ആയ പ്രശ്നങ്ങൾ കയ്യാളുന്നതിന്ന് വേണ്ടിയുള്ള സംഘടനകളും സമാജങ്ങളും ഇതിൽ ഉൾപ്പെടുന്നു. ജനങ്ങളിൽ സമാധാനവും ക്ഷേമവും ഐക്യവും വളർത്തുന്നതിന്നുതകുന്നവയാണിവ.

ജനങ്ങൾ കൂട്ടമായി സമ്മേളിക്കുന്ന സ്ഥലങ്ങളിൽ ശുചിത്വത്തിന്നും ജനങ്ങളുടെ ഭിന്നരുചിത്വത്തിന്നും പ്രത്യേക പരിഗണന നല്കേണ്ടതാണ്. മറ്റുള്ളവർക്ക് മനംമടുപ്പുണ്ടാക്കുന്നതും ഉപദ്രവകരമായിരിക്കുന്നതുമായ സാധനങ്ങൾ- ഉള്ളി, വെള്ളുള്ളി, പുകയില മുതലായവ ഉപയോഗിച്ചശേഷം അത്തരം സമ്മേളനങ്ങളിലും സദസ്സുകളിലും ആരും പങ്കെടുക്കരുത്. അത്തരം സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന്നു മുമ്പായി കുളിച്ചു ശുദ്ധി വരുത്തുകയും ശുദ്ധവസ്ത്രങ്ങളണിയുകയും കഴിയുമെങ്കിൽ സുഗന്ധം പുരട്ടുകയും വേണം. അന്തരീക്ഷം പ്രസന്നമനോഹരവും പരിമളപൂരിതവും ആക്കുവാൻ ശ്രമിക്കേണ്ടതാണ്.

ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ അടുത്തുള്ളവർക്ക് അറപ്പുണ്ടാക്കുന്ന തരത്തിൽ തൊട്ടുതൊട്ടിരിക്കാൻ പാടില്ല. പകർച്ചവ്യാധികൾ പിടിപെട്ട ആളുകൾ അത്തരം പൊതുസമ്മേളനങ്ങളിൽ നിന്ന് വിട്ടകന്നിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം രോഗം മറ്റുള്ളവർക്കും പകരാനിടയാകും. ഇസ്‌ലാം ഈ വിഷയത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഖലീഫ ഉമർ(റ) ഒരിക്കൽ കുഷ്ഠരോഗിയായ ഒരാളെ 'തവാഫ്' ചെയ്യുന്നതിന്നു കഅബയിൽ ചെല്ലുന്നതിനെ വിലക്കുകയും, അധികസമയവും വീട്ടിനകത്ത് കഴിച്ചുകൂട്ടുവാനും പൊതുജനങ്ങൾ കൂടുന്ന ദിക്കിൽ പോകാതിരിക്കാനും അയാളെ ഉപദേശിക്കുകയും ചെയ്കയുണ്ടായി.

ഒരാൾ പ്രസംഗിക്കാനെഴുന്നേറ്റ് നിന്നാൽ സദസ്യർ അയാളുടെ നേരെ ദൃഷ്ടികൾ തിരിച്ചു അയാൾ പറയുന്നതു ശ്രദ്ധിച്ചു കേൾക്കേണ്ടതാണ്. പ്രസംഗം വിഘ്നപ്പെടുത്തുന്നതോ അലോസരപ്പെടുത്തുന്നതോ ആയ ഒന്നും സദസ്യർ പറയുകയോ ചെയ്യുകയോ അരുത്. അയാളുടെ അഭിപ്രായങ്ങളോടും ആശയങ്ങളോടും സാമാജികർ പരിപൂർണ്ണമായും വിയോജിക്കുന്നുവെന്നു വന്നാലും, പ്രസംഗകൻ വളരെ വ്യക്തമായും ശാന്തഗംഭീരമായും അന്തസ്സിലും സംസാരിക്കേണ്ടതും ശ്രോതാക്കൾക്ക് അതഭിഗ്രാഹ്യമായിരിക്കേണ്ടതുമാണ്.

ഓരോ പ്രസംഗകനും അയാളുടെ അവസരം കാത്തിരിക്കണം. ഒരേ

അവസരത്തിൽ ഒന്നിലധികം പേർ സംസാരിക്കാൻ ശ്രമിക്കരുത്. ഓരോ പ്രസംഗകനും അദ്ധ്യക്ഷനെ സംബോധന ചെയ്യേണ്ടതാണ്.

താമസിച്ചെത്തുന്നവർക്ക് സ്ഥലം അനുവദിക്കേണ്ടതും അധ്യക്ഷന്റെ അനുവാദമില്ലാതെ ആരും പുറത്തുപോകാൻ പാടില്ലാത്തതുമാണ്. താല്ക്കാലികമായി മാത്രം ഒരാൾ പുറത്തേയ്ക്ക് പോകുകയാണെങ്കിൽ ആ സ്ഥലം മറ്റാരും കയ്യേറരുത്. രണ്ടുപേർ അടുത്തിരിക്കാൻ ഇഷ്ടപ്പെട്ടിരിക്കുകയാണെന്നു തോന്നുമാറ് ഒന്നിച്ചിരുന്നിരിക്കയാണെങ്കിൽ ഒഴിവിടമുണ്ടെന്നു വന്നാലും മറ്റൊരാൾ അവർക്കിടയിൽ കടന്നിരിക്കരുത്. മൂന്നാൾ ഒരുമിച്ചിരിക്കുമ്പോൾ, മൂന്നാമത്തെയാളിൽ സംശയം ജനിപ്പിക്കുമാറ് രണ്ടാൾമാത്രം സ്വകാര്യം പറയാൻ പാടില്ല.

വാഗ്ദത്ത മസീഹ്(അ) നമുക്ക് പഠിപ്പിച്ചുതന്നിട്ടുള്ളതും ഇസ്‌ലാം മത സിദ്ധാന്തങ്ങളിൽ നിന്ന് ഞങ്ങൾ കടഞ്ഞെടുത്തിട്ടുള്ളതുമായ ഇസ്‌ലാമിക സാമാജിക നിയമങ്ങളുടെ രത്നചുരുക്കമാണിത്. ഇസ്‌ലാമിന്റേയും അഹ്മദിയ്യാ പ്രസ്ഥാനത്തിന്റേയും സാമൂഹ്യ വശത്തിന്റെ ശരിയായ ചിത്രീകരണവും ഇതുതന്നെ.

# മുസ്‌ലിം - നല്ല പൗരൻ

ഓരോ പൗരനും തന്റെ പിഴപ്പിന്നുള്ള വക നേടിക്കൊള്ളണമെന്നും ആരും അലസമായി കഴിയരുതെന്നും ഇസ്‌ലാം ഉപദേശിക്കുന്നു "ഒരാൾ സ്വന്തം കൈകൊണ്ട് വേലചെയ്തു സമ്പാദിച്ചതാണ് ഏറ്റവും ഉത്തമമായ ആഹാരം" എന്ന് നബി തിരുമേനി(സ) അരുളിയിരിക്കുന്നു. "ദാവൂദ് നബി(സ) സ്വന്തത്തിൽ ഉപജീവനം നേടിയാണ് കഴിഞ്ഞിരുന്നത്" എന്നും നബിതിരുമേനി(സ) പറയുകയുണ്ടായി.

യാചനയെ വർജ്ജിക്കേണ്ടതു ഒരു മുസ്‌ലിം പൗരന്റെ ചുമതലയത്രെ. നബി തിരുമേനി(സ) ഇക്കാര്യത്തിൽ നമ്മുടെ പ്രത്യേക ശ്രദ്ധയെ ക്ഷണിക്കുകയും യാചനയിൽ നിന്ന് ഒഴിഞ്ഞുമാറണമെന്ന് ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. യാചിഷ്ണത എളിമത്വമായതിനാൽ ഒരു മുസ്‌ലിം പൗരൻ അതിൽനിന്നും വിട്ടകലേണ്ടത് ആവശ്യമാണ്. മൂന്നു കൂട്ടർക്കു മാത്രമെ യാചന അനുവദിക്കപ്പെട്ടിട്ടുള്ളു. ഒന്ന്, എന്തെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കാനാഗ്രഹിക്കുകയും പക്ഷെ, ജോലികിട്ടാതെ വിഷമിക്കുകയും തൊഴിൽ ചെയ്യാൻ അശക്തരായിരിക്കുകയും ചെയ്യുന്നവർ. രണ്ട്, കഴിവിൽ കവിഞ്ഞവിധത്തിലുള്ള പിഴയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയും ആ പിഴയടക്കാൻ സാധിക്കാതെ കഷ്ടപ്പെടുകയും ചെയ്യു

ന്നവർ (അത്തരക്കാർക്ക് വേണ്ടി സഹായധനം ശേഖരിക്കാവുന്നതാണ്). മൂന്ന്, കൂട്ടപ്പിഴയ്ക്ക് വിധിക്കപ്പെട്ടവർ.''

ഒരു മുസ്ലിം പൗരന്റെ മറ്റൊരു ചുമതല അയാൾ അഭിമുഖീകരിക്കുന്നവരെ 'അസ്സലാമു അലൈക്കും'-നിങ്ങളിൽ രക്ഷയുണ്ടായിരിക്കട്ടെ! - എന്നു അഭിവാദ്യം ചെയ്യണമെന്നതാണ്. ഇതു മുഖേന ഉത്തമസഹപൗരത്വം ശക്തിപ്പെടുമാറാകുന്നു. അയാൾ താൻ കണ്ടുമുട്ടുന്ന സ്നേഹിതന്മാർക്കും പരിചിതന്മാർക്കും ഹസ്തദാനം ചെയ്യേണ്ടതുമത്രെ.

രോഗാതുരരായ സ്നേഹിതന്മാരേയും അയൽവാസികളേയും സന്ദർശിച്ചു അവരെ ആശ്വസിപ്പിക്കുകയും സന്തുഷ്ടരാക്കുകയും ചെയ്യുവാൻ ഒരു മുസ്ലിം ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

ഒരു ഭവനത്തിലേക്ക് പ്രവേശിക്കുന്നതിന്നു മുമ്പായി ഒരു മുസ്ലിം ആ വീട്ടുകാരോട് അനുവാദം ചോദിക്കേണ്ടതും അവരെ സലാം ചൊല്ലി വന്ദിക്കേണ്ടതും ആകുന്നു. വീട്ടിനകത്ത് നിന്ന് മറുപടിയൊന്നും ലഭിക്കുന്നില്ലെങ്കിൽ അഥവാ കാണപ്പെടേണ്ട ആളെ കാണാൻ സൗകര്യമില്ലെന്നു മറുപടി ലഭിക്കുകയാണെങ്കിൽ യാതൊരു പരിഭവവും കാണിക്കാതെ അയാൾ മടങ്ങിപ്പോകേണ്ടതാണ്.

പരദൂഷണം ഒരു മുസ്ലിം കേൾക്കാനിടവന്നാൽ ആ സംഗതി ദൂഷണം ചെയ്യപ്പെട്ടയാളുടെ ചെവിയിലൊരിക്കലും എത്തിക്കരുത്.''ഒരാളെ അയാളുടെ അസാന്നിധ്യത്തിൽ അപവാദിക്കുന്നയാൾ ഒരാളുടെ നേർക്ക് അമ്പെയ്യുന്നയാളെപ്പോലെയാണ്. പക്ഷേ, അതു കുറിക്കു കൊള്ളുന്നില്ല. ആ ദൂറ്, ദൂഷണം ചെയ്യപ്പെട്ടയാളുടെ കാതിലെത്തിക്കുന്നവരാകട്ടെ, ഹൃദയത്തിൽ തുളച്ചുകടക്കുമാറ് ആ അസ്ത്രത്തെ കുറിക്ക് നേരെ എയ്യുന്ന ഒരുവനെപോലെയത്രെ'' എന്നു നബി തിരുമേനി(സ) അരുളിയിരിക്കുന്നു.

തങ്ങളുടെ നഗരത്തിലോ ഗ്രാമത്തിലോ ചരമമടയുന്ന മറ്റൊരു മുസ്ലിമിന്റെ ശേഷക്രിയകളിൽ മുസ്ലിംകൾ പങ്കുകൊള്ളേണ്ടതാണ്. 'മയ്യത്ത്' സംസ്കാര കർമ്മങ്ങളിൽ സഹായിക്കുകയും 'ജനാസ'യെ (മൃതദേഹത്തെ) ശ്മശാനത്തോളം അനുഗമിക്കുകയും വേണം. പക്ഷേ, ഒരു സ്ഥലത്തുള്ള മുഴുവനാളുകളും അതിൽ പങ്കെടുത്തേതീരു എന്നില്ല. എന്നാൽ, ആരും പങ്കെടുത്തില്ല എങ്കിൽ എല്ലാവരും ഒരുപോലെ കുറ്റക്കാരായിരിക്കുകയും ചെയ്യും. ഈ കർത്തവ്യം ഒരു മുസ്ലിം എന്നും ഒരു പാവന കൃത്യമെന്നോണമാണ് കരുതിപ്പോന്നിട്ടുള്ളത്. നബി തിരുമേനിയുടെ തിരുസഖാക്കൾ(റ) അമുസ്ലിംകളുടെ മൃതദേഹങ്ങളെപ്പോലും അനുയാത്ര ചെയ്തിരുന്നു.

തന്റേടമില്ലാത്ത പെരുമാറ്റവും മറ്റുള്ളവരെ അറപ്പിക്കുകയോ വെറു

പ്പിക്കുകയോ ചെയ്യുന്ന പ്രവൃത്തികളും വർജ്ജിക്കുവാൻ ഇസ്‌ലാം മുസ്‌ലിംകളോടനുശാസിക്കുന്നു. തെരുവുകളിലൂടെയും ചന്തകളിലൂടെയും വളരെ അന്തസ്സിലും മാന്യമായും നടക്കേണ്ടതാണെന്നു ഖുർആൻ ഉപദേശിച്ചിട്ടുണ്ട്. നബിതിരുമേനി(സ) ഒരിക്കൽ, ഒരു കാലിനു മാത്രം ചെരിപ്പിട്ടു നടക്കുന്ന ഒരാളെ കണ്ടുമുട്ടുകയുണ്ടായി. തിരുമേനി(സ) അയാളെ ശാസിക്കുകയും ഒന്നുകിൽ ഇരു കാലിലും ചെരിപ്പു ധരിക്കുകയോ അല്ലെങ്കിൽ ചെരിപ്പില്ലാതെ സഞ്ചരിക്കുകയോ വേണമെന്നു ഉപദേശിക്കുകയും ചെയ്തു.

പൊതുവഴികളിൽ കാട്ടവും ചണ്ടിയും മറ്റും കൊണ്ടിടുവാൻ പാടില്ലെന്നു മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. നിരത്തുകളിലോ പൊതുസ്ഥലങ്ങളിലോ ഉച്ഛിഷ്ടങ്ങൾ അറിയുന്ന ഒരാളെ ദൈവം അനിഷ്ടപ്പെടുന്നുവെന്നു നബി തിരുമേനി(സ) അരുളിയിരിക്കുന്നു. അത്തരം സ്ഥലങ്ങൾ വളരെ ശുചിയായും അപകടരഹിതമായും സൂക്ഷിച്ചുപോരുന്നതിൽ മുസ്‌ലിംകൾ സഹായിക്കുകയാണ് വേണ്ടത്. ‘‘പൊതുജനങ്ങൾക്കു ഉപദ്രവമോ തടസ്സമോ ഉണ്ടാക്കുന്ന വസ്തുക്കൾ തെരുവുകളിൽ നിന്നു നീക്കം ചെയ്യുന്ന ആളെ അല്ലാഹു ഇഷ്ടപ്പെടുന്നു’’ എന്നും നബി തിരുമേനി(സ) പ്രസ്താവിച്ചിരിക്കുന്നു.

മുസ്‌ലിംകൾ പൊതുസ്ഥലങ്ങളിൽവെച്ച് പരസ്പരം ശണ്ഠകൂടി മറ്റുള്ളവരെ അലോസരപ്പെടുത്തുകയോ സമാധാനഭംഗമുണ്ടാക്കുകയോ ചെയ്യാൻ പാടുള്ളതല്ല. പൊതുഉപയോഗത്തിന്നുള്ള ജലം മലിനമാക്കുന്ന പ്രവൃത്തികൾ അവർ ചെയ്യരുത്. അന്യോന്യം ശകാരിക്കുന്നതും, അന്യരെ അസഹ്യപ്പെടുത്തുകയോ വെറുപ്പിക്കുകയോ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യുന്നതും, നഗ്നനായി നടക്കുക മുതലായവ -ഇസ്‌ലാം വിരോധിച്ചിരിക്കുന്നു. ദോഷകരമോ കേടുവന്നതോ ആയ സാധനങ്ങൾ - മനുഷ്യോപയോഗത്തിന്നു കൊള്ളാത്തതും, രോഗങ്ങളോ ക്രമക്കേടുകളോ ഉണ്ടാക്കാനിടയുള്ളതും മായം ചേർത്തതും പഴകി നശിച്ചതും - വില്പന നടത്തുവാൻ ഒരു മുസ്‌ലിമിന്നു പാടുള്ളതല്ല. വാങ്ങുന്നവർ സൂക്ഷിച്ചു വാങ്ങിക്കൊള്ളട്ടെ എന്നു കരുതി ഈ ചുമതലയിൽ നിന്നൊഴിഞ്ഞുചാടാനും അവന്നു സാധ്യമല്ല. എന്തെന്നാൽ, അത്തരം അപകടകരമായ സാധനങ്ങൾ വാങ്ങാനിടവരുത്താതിരിക്കേണ്ടത് അവന്റെ കർത്തവ്യമത്രെ.

നന്മചെയ്യുന്നതിന്നു ജനങ്ങളെ പ്രേരിപ്പിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുകയാണ് ഒരു മുസ്‌ലിം പൗരന്റെ മറ്റൊരു ധർമ്മം. എന്നാൽ, ഈ കർത്തവ്യം അയാൾ നിർവ്വഹിക്കുന്നത് ഒരാൾ സൽക്കർമ്മത്തിൽനിന്ന് പിന്നെയും ദൂരപ്പെട്ടുപോകുന്നതിനിടയാകാത്തമട്ടിൽ

സ്നേഹത്തോടും വാത്സല്യത്തോടും ആയിരിക്കേണ്ടതാണ്. ഒരു മുസ്ലിം അയാൾക്കറിയാവുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുകയും തന്റെ ജ്ഞാനത്തേയും ബുദ്ധിശക്തിയേയും ഒരു രഹസ്യമെന്നോണം സൂക്ഷിക്കാതെ പൊതുജനങ്ങൾക്കുപകാരപ്പെടുമാറാകുന്നതിന്നു വെളിപ്പെടുത്തുകയും വേണ്ടതാണ്. ഒരു പ്രത്യേക സംഗതിയെക്കുറിച്ചുള്ള അറിവ് ഒരു രഹസ്യമാക്കിവെക്കുകയും അതിനെക്കുറിച്ചു ചോദിക്കപ്പെട്ടിട്ടും വെളിപ്പെടുത്താതിരിക്കുകയുമാണെങ്കിൽ ന്യായവിസ്താരനാളിൽ അങ്ങനെയുള്ള ആൾ അഗ്നിദണ്ഡിനാൽ അടിക്കപ്പെടുന്നതാണെന്നു നബിതിരുമേനി(സ) അരുളിയിരിക്കുന്നു. ഒരാൾ തന്റെ കണ്ടുപിടുത്തങ്ങളിൽനിന്നു സ്വന്തമായി മുതലെടുത്തുകൂടെന്നോ ആ കണ്ടുപിടുത്തത്തെ പരസ്യപ്പെടുത്തിക്കൊള്ളണമെന്നോ ഇതിന്നർത്ഥമില്ല. ശാസ്ത്രം,കല,വിജ്ഞാനം മുതലായവ അൽപം ചിലരുടെ ഹൃദയത്തിന്നുള്ളിൽ മാത്രം ഒതുക്കി നിർത്തിക്കൊണ്ട് ലോകത്ത് നിന്നു തിരോധാനം ചെയ്യപ്പെടുമാറാകാൻ അനുവദിക്കരുതെന്നേ ഇപ്പറഞ്ഞതിന്നർത്ഥമുള്ളു. ഒരാൾ തന്റെ അറിവും ബുദ്ധിശക്തിയും സ്വന്തം ആദായത്തിന്നോ ജനങ്ങളുടെ ഗുണത്തിന്നോ വേണ്ടി ഉപയോഗപ്പെടുത്തുന്നതിന്നു വിരോധമില്ല. 'റജിസ്ട്രേഷൻ' (Registration), 'പാറ്റന്റ്' (Patents) തുടങ്ങിയ സ്വകാര്യാവകാശ വ്യവസ്ഥകൾ കണ്ടുപിടുത്തക്കാരന്റെ ലാഭം മാത്രമല്ല, ഒരു കണ്ടുപിടുത്തത്തിന്റെ സംരക്ഷണവും ഉറപ്പ് വരുത്തുന്നുണ്ട്.

ഒരു മുസ്ലിം ധൈര്യശാലിയായിരിക്കണം, പക്ഷെ, അയാൾ നിഷ്ഠൂരനായിരിക്കരുത്. ദുർബ്ബലരേയൊ ദരിദ്രരേയോ അബലകളേയോ കുട്ടികളേയോ മൃഗങ്ങളെപോലുമോ ദ്രോഹിക്കുവാൻ പാടില്ല. ഹദ്റത്ത് ഉമറിന്റെ പുത്രനായ ഹദ്റത്ത് അബ്ദുല്ല(റ) ഒരു ദിവസം ഒരു ജീവനുള്ള മൃഗത്തെ ഏതാനും ചെറുക്കന്മാർ ചേർന്നു അസ്ത്ര ലക്ഷ്യമാക്കുന്നത് കാണുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലയെ കണ്ടപ്പോൾ അവരെല്ലാം ഓടിക്കളഞ്ഞു. ഹദ്റത്ത് അബ്ദുല്ലാ(റ) അപ്പോൾ പറയുകയുണ്ടായി: "ഇതു ചെയ്തവനെ അല്ലാഹു അനിഷ്ടപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ജീവനുള്ള മൃഗത്തെ വിനോദത്തിന്നുവേണ്ടി അസ്ത്രക്കുറിയാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ലെന്നു നബി തിരുമേനി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്." അമ്പിനോ വെടിക്കോ കുറിയാക്കുന്നതിന്നായി മൃഗത്തെ പിടിച്ചു കെട്ടിയിടുകയോ കുടുക്കിയിടുകയോ ചെയ്യുന്നതിനെയാണ് വിലക്കിയിരിക്കുന്നത്. നായാട്ടു നടത്തുന്നതിനേയും വേട്ടയാടുന്നതിനേയും ഇസ്ലാം വിരോധിക്കുന്നില്ലെന്നത് പ്രസ്താവ്യമത്രെ. ചില ആധുനിക പരിഷ്കൃത രാജ്യങ്ങളിൽ ഉയർന്നുവന്നിട്ടു

ള്ള ഈ ആശയഗതി ഇസ്‌ലാം പതിമൂന്നു നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ നടപ്പാക്കിയിരിക്കുന്നു. മെരുങ്ങിയ പ്രാവുകളെ വെടിവെക്കുന്ന വിനോദം ചില പാശ്ചാത്യ നാടുകളിൽ അടുത്ത കാലത്താണ് നിയമദൃഷ്ട്യാ നിരോധിക്കപ്പെടുകയുണ്ടായത്.

നബിതിരുമേനി(സ) ഒരിക്കൽ ഒരു കഴുതയെ കണ്ടു. അതിന്റെ ശിരസ്സിൽ ചൂടുവെക്കപ്പെട്ടിരുന്നു. ഇതു കണ്ടപ്പോൾ തിരുമേനി വളരെയധികം നീരസം പ്രകടിപ്പിക്കുകയും അങ്ങനെ പഴുപ്പിച്ചു വെക്കുന്നത് മൃഗത്തിന്നു വേദനയുണ്ടാക്കുന്നതാകയാൽ മേലിൽ അങ്ങനെ ചെയ്യരുതെന്നും അത്യാവശ്യമെന്നു തോന്നുപക്ഷം കാലിൽ മാത്രമെ ആകാവൂ എന്നും ശാസിക്കുകയുമുണ്ടായി.

മറ്റൊരവസരത്തിൽ ചിലർ ഏതാനും പ്രാക്കുഞ്ഞുങ്ങളെ പിടിച്ചിരിക്കുന്നതായി കണ്ടപ്പോൾ അവയെ സ്വതന്ത്രമാക്കുവാനും തള്ളയെ വേദനിപ്പിക്കാതിരിക്കാനും നബിതിരുമേനി(സ) ആജ്ഞാപിച്ചു. ''മൃഗങ്ങളോടു കരുണ കാണിക്കുകയും അവയ്ക്ക് അശനപാനങ്ങൾ നൽകുകയും ചെയ്യുന്ന ഒരു മനുഷ്യനോടു അല്ലാഹുവും കരുണകാണിക്കുന്നു'' എന്നു നബിതിരുമേനി(സ) ഒരിക്കൽ പറയുകയുണ്ടായി.

മറ്റുള്ളവരുടെ ജീവനേയും രക്ഷയേയും അപകടത്തിലാക്കുന്ന പ്രവൃത്തികൾ ഒരു മുസ്‌ലിം ചെയ്യാൻ പാടുള്ളതല്ല. ഉദാഹരണമായി, സാംക്രമിക രോഗങ്ങൾ പിടിപെട്ടിരിക്കുന്ന ഒരു പ്രദേശത്തുനിന്നു ഒരാൾ പുറത്തേയ്ക്ക് പോകയോ പുറത്തുനിന്ന് ഒരാൾ അത്തരം പ്രദേശത്തേയ്ക്ക് കടക്കുകയോ ചെയ്യുന്നതിനെ നബി തിരുമേനി(സ) വിലക്കിയിരിക്കുന്നു. ആധുനിക ശാസ്ത്രീയ ഗവേഷണങ്ങളുടെ ഫലമായി മനുഷ്യൻ നേടിയ വിജ്ഞാനത്തിൽനിന്നും രൂപമെടുത്തതെന്നു പറയപ്പെടുന്ന 'വിലക്കനിയമങ്ങൾ' (Quarantine Regulations) നൂറ്റുകണക്കായ കൊല്ലങ്ങൾക്ക് മുമ്പുതന്നെ ഇസ്‌ലാം നടപ്പാക്കിയിരിക്കുന്നു.

ബുദ്ധിമുട്ടിലകപ്പെട്ട തന്റെ സ്നേഹിതർക്കും അയൽവാസികൾക്കും കടമായും മറ്റും ധനം സഹായിക്കേണമെന്നതാണ് ഒരു മുസ്‌ലിമിന്റെ മറ്റൊരു ധർമ്മം. അങ്ങിനെ തന്റെ ധനം പ്രയോജനപ്പെടുത്തുന്നതിന്നു പകരമായി എന്തെങ്കിലും പ്രതിഫലം നിശ്ചയിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യാൻ പാടില്ല. ഒരു മുസൽമാന്ന് അനുകമ്പാർദ്രതയും ഹൃദയവിശാലതയും ഉണ്ടായിരിക്കേണ്ടതാണ്. തന്നെപോലെതന്നെ സൗഭാഗ്യവാനല്ലാത്തവരുടെ നേർക്ക് സഹായഹസ്തം നീട്ടുവാൻ അയാൾ സദാ സന്നദ്ധനായിരിക്കണം. സ്വന്തം പ്രവൃത്തിയും അധ്വാനവും മുഖേന ഒരു മുസ്‌ലിം തന്റെ അഹോവൃത്തി നേടുകയും മറ്റുള്ളവരുടെ ദുർഭാഗ്യങ്ങളേയും കഷ്ടപ്പാടുകളേയും ചൂഷണം ചെയ്യാതിരിക്കുകയും

വേണ്ടതാണ്. ദുർവ്യയത്തിന്ന് പ്രോത്സാഹിപ്പിക്കുകയോ പലിശയേർപ്പാടിന്മേൽ കടം നൽകാനൊരുങ്ങുകയോ ചെയ്യാൻ പാടുള്ളതല്ല.

ദേശീയവും രാജ്യസ്നേഹപരവുമായ കാര്യങ്ങൾക്ക് വേണ്ടി ത്യാഗങ്ങൾ വരിക്കുവാൻ ഒരു മുസ്‌ലിം സദാ സന്നദ്ധനായിരിക്കണം. ഒരു യഥാർത്ഥ പൗരന്റെ സകല ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്ന കാര്യത്തിൽ അയാൾ ചുറുചുറുക്കോടെ പ്രവർത്തിക്കേണ്ടതാണ്. നബി തിരുമേനി(സ) അരുളിയിരിക്കുന്നു: *'മൻ ഖുതില ദുനമാലിഹീ ഫഹുവ ശഹീദ്'* "ആർ തന്റെ സ്വത്തിനെ രക്ഷിക്കുന്നതിൽ കൊല്ലപ്പെടുന്നുവോ അയാൾ രക്തസാക്ഷിയത്രെ." വിശുദ്ധ ഖുർആൻ പറയുന്നു: "നിങ്ങളുടെ സഹോദരന്മാരും സഹോദരികളും അക്രമികളാൽ മർദ്ദിക്കപ്പെടുമ്പോൾ നിങ്ങളെന്തിന്നു പൊരുതാൻ മടിക്കുന്നു?"

ആപത്തിലകപ്പെട്ട ഒരു മനുഷ്യന്റെ ജീവനെ രക്ഷിക്കുകയെന്നതു ഒരു മുസ്‌ലിമിന്റെ കർത്തവ്യമത്രെ. അയാൾക്ക് യാതൊരു സഹായവും എത്തിച്ചുകൊടുക്കാൻ ശ്രമിക്കാതിരിക്കുകയാണെങ്കിൽ ഒരു മുസ്‌ലിം ദൈവകോപത്തിന്ന് പാത്രീഭൂതനായിത്തീരുന്നതാണ്. നബി തിരുമേനി(സ) ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ഒരുത്തൻ മറ്റൊരുത്തനെ കൊല്ലുന്നതായി ഒരാൾ കാണുകയും അയാൾക്ക് യാതൊരു സഹായവും നൽകാതെയും അയാളെ രക്ഷിക്കാൻ ശ്രമിക്കാതെയും ഇരിക്കുകയുമാണെങ്കിൽ അയാൾ ദൈവത്തിന്റെ കോപത്തിന്നു ഇരയാവുന്നതാണ്." മുങ്ങിമരിക്കാൻ പോകുന്നയാളെ രക്ഷപ്പെടുത്തുക, തീ പിടിച്ചാൽ ശമിപ്പിക്കുന്നതിന്ന് സഹായിക്കുക, ഭൂകമ്പം പൊട്ടിത്തെറി, റെയിലപകടം, അഗ്നിപർവ്വതക്ഷോഭം, മിന്നൽപ്രപാതം മുതലായ ആപൽസംഭവമുണ്ടാവുമ്പോൾ സഹായം നൽകുക മുതലായവ ഒരു മുസ്‌ലിമിന്റെ ചുമതലയിൽ പെട്ടവയാണ്. ചുരുക്കത്തിൽ, ജീവനും ഭദ്രതയും എവിടെയെല്ലാം എപ്പോഴെല്ലാം അപകടത്തിലകപ്പെടുന്നുവോ അപ്പോഴെല്ലാം അവിടെയെല്ലാം പാഞ്ഞെത്തി രക്ഷാ ഏർപ്പാടുകൾക്കുവേണ്ടി കഴിയുന്ന സഹായങ്ങൾ നൽകേണ്ടതു ഒരു മുസ്‌ലിമിന്റെ കടമയത്രെ. ഈ കടമ നിർവ്വഹിക്കുന്നതിൽ വിഘ്നം വരുത്തുകയാണെങ്കിൽ ഈ വീഴ്ചക്ക് അയാൾ ദൈവസവിധത്തിൽ ഉത്തരം പറയേണ്ടിവരുകയും ദൈവത്തിന്റെ കാരുണ്യത്തിന്നും അനുഗ്രഹത്തിന്നും അയാൾ അയോഗ്യനായിത്തീരുകയും ചെയ്യും.

കളിയായിട്ടുപോലും മറ്റൊരാളുടെ നേർക്ക് ആയുധം ചൂണ്ടുവാൻ ഒരു മുസ്‌ലിമിന്നു പാടില്ല. ഈ ഉപദേശത്തെ വേണ്ടത്ര ഗൗനിക്കാത്തതിന്റെ ഫലമായി ആണ്ടുതോറും എണ്ണമറ്റ ജീവഹാനി സംഭവിക്കുമാറാകുന്നുണ്ട്.

ഒരു മുസ്ലിം ഒരിക്കലും ധൈര്യം കൈവിടുകയോ നിരാശപ്പെടുകയോ ചെയ്കയില്ല. അവൻ പരീക്ഷകളുടെയും ദൗർഭാഗ്യങ്ങളുടെയും നടുവിൽ പാറപോലെ ഉറച്ചു നിൽക്കേണ്ടതാണ്. അപകടങ്ങളുടെ കൊടുങ്കാറ്റുകളാൽ അവൻ അടിപതറുകയോ ആപത്തുകളുടെ വേലിയേറ്റങ്ങളാൽ ഇടറിപ്പോകയോ ചെയ്കയില്ല. അപജയങ്ങൾക്കും തോൽവികൾക്കും എതിരിൽ അവൻ വിജയിക്കുവോളം അഥവാ മരിക്കുവോളം പോരടിച്ചുനിൽക്കും! ഇസ്ലാം മനുഷ്യനെ ധീരനാക്കുന്നു. ആത്മഹത്യ, ആത്മാഹുതി തുടങ്ങിയ ഭീരുത്വപരമായ നിന്ദ്യമാർഗ്ഗങ്ങളെ അവലംബിച്ചുകൊണ്ട് കർത്തവ്യത്തിൽ നിന്ന് ഒളിച്ചോടാൻ ഒരു മുസ് ലിം ഒരിക്കലും ശ്രമിക്കുകയില്ല.

ഇതാണ് ഒരു മുസ്ലിം! പക്ഷെ, മുസ്ലിം എന്ന് പറയുമ്പോൾ, എന്റെ വിവക്ഷ, ഇസ്ലാമിനെ പാടെ പരിത്യജിക്കുകയും ധാർമ്മികവും ആത്മീയവുമായ നിലനില്പിന്നുവേണ്ടി പടിഞ്ഞാറോട്ടു തുറിച്ചുനോക്കുകയും ചെയ്യുന്ന ആ മുസ്ലിം അല്ല; പതിനാലു നൂറ്റാണ്ടുകൾക്കപ്പുറത്തുള്ളവനും വാഗ്ദത്ത മസീഹിന്റെ പുതു ചൈതന്യമേറ്റ് പുനർജ്ജീവിച്ചിരിക്കുന്നവനുമായ മുസ്ലിം എന്നത്രെ ഞാൻ അർത്ഥമാക്കുന്നത്!

# കച്ചവടം ഇസ്ലാമിൽ

സമുദായത്തിന്റെ പുരോഗതിയ്ക്കും അഭിവൃദ്ധിയ്ക്കും നിദാനമായിരിക്കുന്ന ഒരതിപ്രധാന സംഗതിയാണ് കച്ചവടം. കച്ചവടകാര്യത്തിൽ ഇസ്ലാം നടപ്പാക്കിയിട്ടുള്ള നിയമങ്ങളെന്തൊക്കെയാണെന്നു നമുക്ക് നോക്കാം.

തെറ്റായ തൂക്കപ്പെടികളും അളവ് പാത്രങ്ങളും ഉപയോഗിക്കുന്നതിനെ ഇസ്ലാം നിരോധിക്കുകയും ശരിയായവ മാത്രം ഉപയോഗിക്കാൻ നിഷ്കർഷിക്കുകയും ചെയ്യുന്നു. ഉപയോഗശൂന്യമോ വച്ചു പഴകിയതോ ആയ സാധനങ്ങൾ വില്പന നടത്തുന്നത് നിഷിദ്ധമാണ്. താൻ വില്ക്കുന്ന സാധനത്തിന്റെ ദോഷവശത്തെ ഒളിപ്പിച്ചുവെക്കാൻ കച്ചവടക്കാരൻ ശ്രമിക്കരുത്. നനഞ്ഞ ധാന്യത്തിന്മേൽ ഉണങ്ങിയ ധാന്യം ഇട്ടു മറച്ചുവെച്ചുകൊണ്ട് ഉണങ്ങിയ ധാന്യമെന്നു പറഞ്ഞു വിൽക്കുക, വച്ചുപഴകിയ തുണിത്തരങ്ങൾ പുതിയതിനോടൊപ്പം പൊതിഞ്ഞുവെച്ച് പുതിയതാണെന്നു പറഞ്ഞു വിൽക്കുക മുതലായ പ്രവൃത്തികൾ ചെയ്യാൻ പാടില്ല. സാധനത്തിന്ന് വല്ല ദൂഷ്യവും ഉണ്ടെങ്കിൽ വാങ്ങുന്ന ആളോട് അതു തുറന്നു പറയേണ്ടതാണ്. അങ്ങനെ ആ ദൂഷ്യത്തെക്കു

റിച്ചറിയാതെ ഒരാൾ ആ സാധനം വാങ്ങുകയാണെങ്കിൽ അതു മനസ്സിലാക്കിയശേഷം തിരിച്ചുകൊണ്ട് ചെല്ലുന്നതിന്ന് അയാൾക്കവകാശമുണ്ടായിരിക്കും. അല്ലാത്തപക്ഷം പണം കൊടുത്തു വാങ്ങിപ്പോയ സാധനം തിരിച്ചുകൊണ്ടുചെല്ലുവാനോ ആ വില്പനയെ റദ്ദ് ചെയ്യുവാനോ പാടില്ല.

ഒരേ സാധനത്തിന്ന് പലരിൽ നിന്നും പലതരം വിലകൾ വസൂലാക്കുന്നതിനെ ഇസ്ലാം വിരോധിച്ചിട്ടുണ്ട്. യുക്തമെന്നു തോന്നുന്ന ഒരു വില നിർണ്ണയിക്കാൻ പാടുണ്ടെങ്കിലും എല്ലാ ഉപഭോക്താക്കളോടും ഒരേ വിലമാത്രമെ വാങ്ങാവൂ. വില്ക്കുന്നവനും വാങ്ങുന്നവനും തമ്മിൽ പ്രത്യേകതരം ബന്ധമുണ്ടെങ്കിൽ മാത്രം കിഴിവ് അനുവദിക്കാവുന്നതാണ്. ഉദാഹരണമായി, ഉപഭോക്താവ് അടുത്തബന്ധുവോ ഗുരുനാഥനോ, സ്നേഹിതനോ, അയൽവാസിയോ സഹവർത്തകനോ ആണെങ്കിൽ പ്രത്യേക പരിഗണന നൽകുന്നതിന്നു വിരോധമില്ല.

സാധനങ്ങൾ വില്ക്കുമ്പോൾ ആ ഇടപാട് രേഖയോ(ബിൽ) സാക്ഷിയോ മുഖേന സ്ഥിരപ്പെടുത്തേണമെന്നും, വില്പനയേയോ സാധനത്തിന്റെ ഗുണത്തെയോ ഉടമസ്ഥതയെയോ വിലയെയോ പറ്റി പിന്നീട് തർക്കമുണ്ടാകാൻ ഇടവരുത്തരുതെന്നും ഇസ്ലാം നിർദ്ദേശിക്കുന്നു.

ഒരാൾ നല്ലവണ്ണം പരിശോധിക്കുകയോ തൂക്കിനോക്കുകയോ ചെയ്തിട്ടില്ലാത്ത സാധനം മറ്റുള്ളവർക്ക് വില്ക്കുവാൻ പാടുള്ളതല്ല. എന്തെന്നാൽ, ഇതു പലതരം കുഴപ്പങ്ങൾക്കും ശണ്ഠകൾക്കും കാരണമായിത്തീരും. വല്ല കുറവും സംഭവിച്ചതായോ കുറ്റമുള്ളതായോ കണ്ടാൽ വില്പന ചെയ്തിട്ടുള്ള ഓരോരുത്തരും അതിന്റെ ഉത്തരവാദിത്വം മറ്റൊരാളിൽ ചുമത്താൻ ശ്രമിച്ചേയ്ക്കും.

മിത്ഥ്യാമത്സരത്തേയും, ലേലസമയങ്ങളിൽ കള്ളവിളി വിളിച്ച് വില വീർപ്പിക്കുന്നതിനേയും, പൊയ്‌വില പറയുന്നതിനേയും, അധികവില പറയാൻ ആളുകളെ ഒരുക്കി ഉപഭോക്താവിനെ കബളിപ്പിക്കുന്നതിനേയും ഇസ്ലാം വിരോധിച്ചിരിക്കുന്നു. ചരക്കുകളുമായി പട്ടണത്തിലേയ്ക്കു വരുന്ന വണിക്കുകളെ പട്ടണത്തിന്ന് പുറത്തു സമീപിച്ച് വില പേശുന്നതിനേയും ഇസ്ലാം നിരോധിച്ചിരിക്കുന്നു. അത്തരക്കാർക്ക് നഗരത്തിലെ സ്വതന്ത്ര മാർക്കറ്റിൽ പ്രവേശിക്കാൻ അനുവാദം നൽകേണ്ടതും അങ്ങനെ വിലയെ സംബന്ധിച്ച് ബോധ്യപ്പെട്ടുകൊള്ളുന്നതിന്ന് അവസരം നൽകേണ്ടതുമാണ്. തങ്ങളുടെ നേരെ ചതി പ്രയോഗിക്കപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താനും കമ്പോള നിലവാരം അറിഞ്ഞിരിക്കാനും അവർക്കു ഇതുവഴി സാധിക്കും.

വില്പന വസ്തു നിർണ്ണയിക്കുന്നതിന്നു മുമ്പ് വിലപറയുന്നതിനെ

ഇസ്ലാം അനുവദിക്കുന്നില്ല. വാങ്ങുന്നവൻ സാധനം ഇന്നതാണെന്നു ആദ്യം തീർച്ചപ്പെടുത്തണം. ഭാഗ്യക്കുറികളുടെ രൂപത്തിലുള്ള വില്പന സമ്പ്രദായവും സാട്ടക്കച്ചവടവും ഇസ്ലാം നിഷിദ്ധമാക്കിയിരിക്കുന്നു. എന്തെന്നാൽ, ഇവയെല്ലാം ചൂതുകളിയുടെ വകഭേദങ്ങൾ മാത്രമാണ്; കച്ചവടത്തിന്റെ ഇനത്തിൽ പെടുന്നവയല്ല.

# സാമ്പത്തിക നിയമങ്ങൾ

വിവിധ തരക്കാരായ ജനങ്ങളുടെ അവകാശങ്ങളെ സമീകരിച്ചു നിയന്ത്രിക്കുന്നതെങ്ങനെയെന്നുള്ളത് ഏറ്റവും സന്ദിഗ്ദമായ ആധുനിക സാമൂഹ്യ പ്രശ്നങ്ങളിൽ ഒന്നാകുന്നു. ഇക്കാര്യത്തിൽ ഇസ്ലാം നിർദ്ദേശിക്കുന്ന പരിഹാരങ്ങളെന്തെന്നു വളരെ സംക്ഷിപ്തമായി ഞാൻ വിവരിക്കാം.

ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഉൾപ്പെടെ പ്രപഞ്ച സകലവും മനുഷ്യന്റെ പ്രയോജനത്തിന്നും ഗുണത്തിനും വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നത്രെ ഇസ്ലാം പഠിപ്പിക്കുന്നത്. തന്നിമിത്തം, ഈ എല്ലാ വസ്തുക്കളും എല്ലാവരുടെയും പൊതുസ്വത്താണ്. മറ്റൊരു ഭാഗത്തു ഇസ്ലാം മറ്റൊരു സിദ്ധാന്തംകൂടി അവതരിപ്പിക്കുന്നുണ്ട്. മനുഷ്യർ പരസ്പരം എത്തരത്തിലാണ് വർത്തിക്കുന്നതെന്നു കാണുവാനാണ് ദൈവം അവരെ സൃഷ്ടിച്ചിരിക്കുന്നതെന്നും, പുരോഗതിയ്ക്കുള്ള പന്തയത്തിൽ പരസ്പരം മത്സരിക്കാനുള്ള വാസനയും അന്യോന്യം കവച്ചുകടക്കാനുള്ള വാഞ്ഛയും മനുഷ്യനിൽ അന്തർലീനമായിരിക്കുന്നുവെന്നും ഉള്ളതാണത്. ''നന്മയിൽ നിങ്ങൾ പരസ്പരം മത്സരിച്ചു പുരോഗമിക്കുവിൻ'' (2:149) എന്നു പറഞ്ഞുകൊണ്ട് ഇസ്ലാം അത്തരം മത്സരത്തെ പ്രോത്സാഹിപ്പിക്കുന്നു.

മത്സരങ്ങളിൽ ചിലർ മറ്റു ചിലരേക്കാൾ കൂടുതൽ സമ്മാനങ്ങൾക്കർഹരായിത്തീരും. ചിലർക്കു ഒന്നും കിട്ടിയില്ലെന്നും വരും. ഈ അസമതയെ ഇസ്ലാം അംഗീകരിക്കുന്നു. അല്ല, ഈ അസമത്വം ദൈവീക പരിപാടിയുടെ ഒരു ഭാഗമാണെന്നും തന്നിമിത്തം, അസൂയക്കോ പകയ്ക്കോ ഇടനൽകരുതെന്നും അതു സിദ്ധാന്തിക്കുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു: ''അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ ഉപരിയാക്കിയിരിക്കുന്നതിൽ നിങ്ങൾ അസൂയപ്പെടായ്വിൻ.'' (4:33) ദൈവം അനുവദിച്ച ഈ പ്രത്യക്ഷമായ അസമത്വം അനാവശ്യമായിട്ടുള്ളതല്ലെന്നും മറിച്ച്, പ്രപഞ്ചത്തിന്റെ ശരിയായ പ്രവർത്തനത്തിന്നു അനു

പേക്ഷണീയമായിട്ടുള്ളതാണെന്നും അർത്ഥം. കൂടുതൽ അദ്ധ്വാനിക്കാനുള്ള പ്രാപ്തിയും ബുദ്ധിവൈഭവവും പ്രാവീണ്യവും പ്രദർശിപ്പിക്കുന്നവർക്കു അവരുടെ അദ്ധ്വാനത്തിന്റെ ശരിയായ ഫലം ആസ്വദിച്ചുകൊള്ളാനുള്ള അവകാശം നിഷേധിക്കപ്പെടുകയാണെങ്കിൽ പുരോഗമന മൽസരങ്ങളും നല്ലതിനുവേണ്ടിയുള്ള പ്രയത്നങ്ങളുമെല്ലാം അപ്പടി നിലക്കുകയും ലോകം ഒരു സ്തംഭനാവസ്ഥയിലെത്തിച്ചേരുകയും ചെയ്യും.

ആകയാൽ, ബുദ്ധിസാമർത്ഥ്യവും അതിപ്രയത്നവും മുഖേന അധികം ഫലങ്ങൾ ആർജ്ജിച്ചിരിക്കുന്നവരുടെ അവകാശങ്ങൾക്ക് ഇസ്ലാം അംഗീകരണം നൽകുന്നു. എന്നാൽ, അതേയവസരത്തിൽ തന്നെ, അവർക്ക് ദൈവം നൽകിയ ഈ അനുഗ്രഹങ്ങളിൽ പങ്കാളികളാകുന്നതിന്നു ആ ഭാഗ്യം കുറഞ്ഞ സഹോദരങ്ങളെയും മുമ്പോട്ടുവരാൻ സഹായിക്കുകയെന്ന കർത്തവ്യത്തെക്കുറിച്ചു അതു നിരന്തരം ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. തങ്ങൾ സമ്പാദിച്ച ധനത്തിൽ പാവങ്ങൾക്കും ഒരവകാശമുണ്ടെന്നും അവർക്കതു നിഷേധിക്കപ്പെടരുതെന്നും ഇസ്ലാം ധനികരോടു പറയുന്നു. തങ്ങളെപ്പോലെതന്നെ ഈ ലോകത്തിലെ വിഭവങ്ങൾക്കവകാശപ്പെട്ട ആ സഹോദരർ തങ്ങൾ മുഖേന ജീവിതം കഴിച്ചുകൂട്ടുന്നു എന്നു വരുന്നതു അവർക്കു യഥാർത്ഥമായ ആനന്ദത്തിന്നും സംതൃപ്തിക്കും കാരണമായിരിക്കേണ്ടതാണ്. അങ്ങനെ, അല്ലാഹുവിന്റെ പരിപാലന ഗുണത്തെ തങ്ങളിൽ വെളിപ്പെടുത്തുന്നതിന്നു അവർക്ക് ഒരവസരം നൽകപ്പെട്ടിരിക്കയാണ്. വിശുദ്ധ ഖുർആൻ പറയുന്നു: ''ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന മുതലിൽ നിന്ന് നിങ്ങൾ പാവങ്ങൾക്ക് നൽകുവിൻ.'' എന്നുവെച്ചാൽ നിങ്ങളുടെ പക്കൽ ഉള്ള മുതൽ പാവങ്ങളുടെ അവകാശം അടങ്ങിയ ഒരു നിക്ഷേപം മാത്രമാണെന്നർത്ഥം.

ഇതിൽനിന്ന് ഇസ്ലാം വ്യക്തിപരമായി മൽസരിച്ചു മുമ്പോട്ടുപോകാനുള്ള അഭിനിവേശത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നും അതുകൊണ്ട് ഈ അഭിനിവേശത്തെ വളർത്തുന്നതിന്നുവേണ്ടി ആരും ന്യായമായി സമ്പാദിച്ചതിനെ സ്വായത്തമാക്കിക്കൊള്ളാൻ അനുവദിക്കുന്നുണ്ടെന്നും വ്യക്തമായി. എന്നാൽ പ്രപഞ്ചത്തിലെ സകലവസ്തുക്കളും മനുഷ്യസമുദായത്തിന്റെ പൊതുമുതലായിരിക്കയാൽ ധനികരുടെ സമ്പത്തിൽ ദരിദ്രർക്കും ഒരവകാശമുണ്ട്. തന്നിമിത്തം അവർ തങ്ങളുടെ മുതലിന്റെ ഒരു ഭാഗം ദരിദ്രരുടെ അവകാശമെന്ന നിലയിൽ അവരുടെ ക്ഷേമാഭിവൃദ്ധികൾക്കായി നീക്കിവെക്കേണ്ടതാണ്.

ഇവിടെ ഒരു പ്രശ്നം ഉൽഭവിച്ചേക്കാം. മനുഷ്യർക്കിടയിൽ ഒരുതരം

മൽസരബോധത്തെ വളർത്തേണ്ടത് അനിവാര്യമെങ്കിൽ, ആ മൽസരത്തിന്റെ വഴി എല്ലാവർക്കുമായി തുറന്നിടപ്പെട്ടിരിക്കേണ്ടതും, ഏതാനും വ്യക്തികൾക്കു മാത്രമായി അതു പരിമിതപ്പെടുത്തി ബാക്കിയുള്ളവരെ കേവലം പ്രേക്ഷകരായി അകറ്റിനിർത്തുന്ന സ്ഥാപനങ്ങളേയും ഉപാധികളേയും ഇല്ലായ്മ ചെയ്കയോ മാറ്റുകയോ ചെയ്യേണ്ടതും ആവശ്യമല്ലേ? ഈ പ്രശ്നത്തിന്റെ പ്രധാന്യത്തെ ഇസ്ലാം തികച്ചും അംഗീകരിക്കുകയും അതിന്നു അനുകൂലമായ ഉത്തരം നൽകുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഇസ്ലാം തക്കതായ നിർദ്ദേശങ്ങളും നിയമങ്ങളും നടപ്പിലാക്കുന്നുമുണ്ട്. അതുമുഖേന,

(1) മത്സരത്തിന്നുള്ള ആവേശം വളർത്തപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു.

(2) വ്യക്തിപരമായ ഉടമാവകാശം അനുവദിക്കപ്പെടുകയും കഠിനാധ്വാനം ചെയ്കയോ ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിക്കുകയോ ചെയ്യുന്നവർക്ക് തങ്ങളുടെ അദ്ധ്വാനഫലം അനുഭവിച്ചുകൊള്ളാൻ അവസരം നൽകുകയും ചെയ്യുന്നു.

(3) ധനവാന്റെ സാമ്പത്തികോൽപാദനത്തിൽ ഏതെങ്കിലും വിധത്തിൽ സഹായം നല്കീട്ടുള്ളവർക്ക് അവരുടെ അവകാശങ്ങൾ സുരക്ഷിതമാക്കപ്പെടുന്നു.

(4) മനുഷ്യസമുദായത്തിന്നുള്ള സാർവ്വത്രിക പുരോഗതിയുടെ വാതിൽ തുറന്നിടുന്നു. പ്രവേശനം ഒരു പ്രത്യേക വർഗ്ഗത്തിലോ കുടുംബത്തിലോ ഉള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തുന്നില്ല. ഏറ്റവും താണവിഭാഗത്തിലെ അംഗങ്ങൾക്കും മറ്റുള്ളവരോടൊപ്പം ഏറ്റവും ഉയർന്ന പദവിയും പ്രതാപവും ആർജ്ജിക്കുവാനുള്ള അവസരം പ്രദാനം ചെയ്യപ്പെടുന്നു. സമ്പത്തും അധികാരവും ഒരു പ്രത്യേക വർഗ്ഗത്തിന്റെയോ വിഭാഗത്തിന്റെയോ കുത്തകയായിത്തീരുന്നില്ല.

(5) എല്ലാവരുടേയും ആവശ്യങ്ങൾ തൃപ്തികരമായി പരിഹരിക്കപ്പെടുന്നു.

മേൽ സംഗതികൾ സാധിതപ്രായമാക്കുന്നതിന്നു ഇസ്ലാം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട്.

1. പ്രപഞ്ചത്തിലെ സകല വസ്തുക്കളും മനുഷ്യസമുദായത്തിന്നൊട്ടുക്കുമുള്ള പൊതുസ്വത്താകുന്നു. അതുകൊണ്ടു ഒന്നിന്മേലും പരിപൂർണ്ണമായ ഉടമാവകാശം ആർക്കും തന്നെ ഉണ്ടായിരിക്കാവതല്ലെന്നു ഇസ്ലാം പഠിപ്പിക്കുന്നു. 'ഏ' ഒരു സ്വത്തിന്റെ ഉടമസ്ഥനാണെന്നു പറയുമ്പോൾ അതിൽ മറ്റാർക്കും യാതൊരവകാശവുമില്ലെന്നർത്ഥമില്ല.

എന്നാൽ, 'ഏ' സ്വന്തം പ്രയത്നം മുഖേന സമ്പാദിച്ചതാകയാൽ ആ മുതലിൽ ഏയുടെ പങ്കു മറ്റാരുടേതിനേക്കാളും അധികമാണ് എന്ന് പറയാം. ധനവാന്റെ സ്വത്തിൽ ദരിദ്രർക്കുള്ള പങ്കിനെ അവരുടെ ഒരവകാശമായിട്ടാണ് ഇസ്‌ലാം വിവരിച്ചിരിക്കുന്നത്. ഖുർആനിൽ പറയുന്നു: "അവരുടെ മുതലുകളിൽ ചോദിക്കുന്നവർക്കും ചോദിക്കാൻ കഴിവില്ലാത്തവർക്കും അവകാശമുണ്ട്." (4:13) വീണ്ടും അതു പറയുന്നു: "നിങ്ങളുടെ ബന്ധുക്കൾക്കും അഗതികൾക്കും പാന്ഥർക്കും അവരുടെ അവകാശം നല്കുവിൻ." (30:39)

അപ്പോൾ, ഇസ്‌ലാം ധനത്തിന്റെ വിതരണവും അനുസ്യൂതമായ കൈമാറ്റവുമാണ് ആവശ്യപ്പെടുന്നതെന്നും ജനങ്ങളുടെ അവകാശങ്ങൾ നഷ്ടപ്പെടുത്തുന്ന തരത്തിൽ ധനം കൂട്ടിവെക്കുന്നതിനെ അതു വിരോധിക്കുന്നു എന്നും മനസ്സിലാകുന്നു. ധനം ചെലവു ചെയ്യപ്പെടുകയോ ഉപകാരപ്രദമായ തരത്തിൽ നിക്ഷേപിക്കപ്പെടുകയോ വേണം. ഏതു തരത്തിലായാലും സമുദായത്തിന്റെ ക്ഷേമത്തിന്നായി, പ്രത്യേകിച്ചും സാധുജനങ്ങളുടെ ഗുണത്തിലേയ്ക്കായി അതു പ്രവഹിച്ചുകൊണ്ടിരിക്കേണ്ടതാണ്. ധനം കൂമ്പാരം കൂട്ടുന്നവരെപ്പറ്റി വിശുദ്ധ ഖുർആൻ പറയുകയാണ്: "മുതൽ കൂമ്പാരം കൂട്ടുകയും അപ്രകാരം കുമിച്ചുവെക്കാൻ മറ്റുള്ളവരെ ഉപദേശിക്കുകയും, ദൈവം അവന്റെ കാരുണ്യാതിരേകത്താൽ തങ്ങൾക്കു നൽകിയിരിക്കുന്ന അനുഗ്രഹത്തെ പൊത്തിവെക്കുകയും ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അവരതു നിർത്താതിരിക്കുകയും അല്ലാഹുവിന്റെ കല്പനയെ നിരാകരിക്കുകയും ചെയ്കയാണെങ്കിൽ വേദനാജനകമായ ശിക്ഷ അവർക്കനുഭവപ്പെടും" (4:38) ധനം കൂട്ടിവെക്കുകയും അതു ചെലവ് ചെയ്യാതിരിക്കുകയും ചെയ്യുന്നവരും അവരുടെ കൂട്ടുകാരും എളിമയിലായിത്തീരുമെന്നർത്ഥം.

2. സ്വാർത്ഥമാത്രമായ സംതൃപ്തിക്കുവേണ്ടി ധനം അനിയന്ത്രിതമായി ചെലവു ചെയ്യുന്നതിനെ തടയുവാനായി ഇസ്‌ലാം എല്ലാ തരത്തിലുള്ള അമിതവ്യയങ്ങളേയും അമിതമായ സുഖഭോഗങ്ങളെയും നിരോധിച്ചിരിക്കുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നല്ല, ജീവിതത്തിലെ എല്ലാ ആവശ്യങ്ങളിലും അമിതവ്യയത്തെ അതു വിരോധിക്കുന്നുണ്ട്. തന്നിമിത്തം, ഇസ്‌ലാമിക കല്പനകളനുസരിക്കുന്ന ഒരു മുസ്‌ലിം സ്വകീയവും സ്വാർത്ഥപരവുമായ ആവശ്യങ്ങൾക്കായി തന്റെ മുതലിൽ മറ്റുള്ളവർക്കുള്ള അവകാശങ്ങളെ ഹനിക്കുമാറ് ചെലവുചെയ്യാൻ പാടില്ലാത്തതാണ്.

3. ധനം ചെലവഴിക്കുകയോ വ്യവസായങ്ങളിലും മറ്റുമായി നിക്ഷേപിക്കുകയോ ചെയ്യണമെന്ന നിർദ്ദേശത്തെ വകവെക്കാതെ അതു കൂട്ടി

വെക്കാൻ ശ്രമിക്കുകയും മറ്റുള്ളവരുടെ അവകാശങ്ങളെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നവരെ സംബന്ധിച്ചേടത്തോളം, ഒരു കൊല്ലമോ അതിലധികമോ അവരുടെ അധീനത്തിലുണ്ടാകുന്ന എല്ലാ ധനത്തിന്മേലും സ്വർണ്ണാഭരണത്തിന്മേലും കച്ചവടത്തിന്മേലും മറ്റും 2 1/2 ശതമാനം കണ്ട് ഒരു നികുതി ചുമത്തേണ്ടതാണെന്നു ഇസ്ലാം കൽപിക്കുന്നു. അതുവകയിലുള്ള വരുമാനം, പാവങ്ങളുടേയും അഗതികളുടേയും ഉന്നമനത്തിന്നു ഉപയോഗപ്പെടുത്തേണ്ടതുമത്രെ. നബി തിരുമേനി(സ) ഈ നികുതിയുടെ ഉദ്ദേശത്തെ വിവരിച്ചുകൊണ്ടു, ദരിദ്രജനങ്ങൾക്ക് മുതലാളിമാരുടെ സമ്പത്തിൽ അവകാശമുള്ളതുകൊണ്ടാണ് അവരിൽനിന്നു അതു വസൂൽ ചെയ്യുന്നതെന്നു വ്യക്തമാക്കിയിരിക്കുന്നു. ആ പുണ്യാത്മാവ് പറയുന്നു: "ദൈവം സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു. അത് ധനികന്മാരിൽനിന്നു വസൂൽ ചെയ്തു ദരിദ്രർക്ക് തിരിച്ചു കൊടുക്കേണ്ടതാകുന്നു." ഇവിടെ "തിരിച്ചു കൊടുക്കുക" എന്ന പദം പ്രയുക്തമായിരിക്കുന്നതിൽനിന്നു മനസ്സിലാകുന്നത്, ഈ നികുതി പാവങ്ങൾക്കവകാശപ്പെട്ടതാണെന്നും ധനികരുടെ മുതലിൽ അവർക്കും പങ്കുണ്ടെന്നുമത്രെ. ഈ മുതലിന്റെ ഉൽപാദനത്തിൽ ദരിദ്രജനങ്ങൾ വഹിച്ച പങ്ക് ഇത്രയാണെന്ന് നിജപ്പെടുത്താൻ നിർവ്വാഹമില്ലാത്തതുകൊണ്ട്, ഈ നിയമത്തിന്റെ വരുതിയിൽ ഉൾപ്പെടുന്ന എല്ലാവരിൽനിന്നും നികുതി വസൂലാക്കപ്പെടുന്നതിന്നുവേണ്ടി ഒരു നിശ്ചിതമായ തോത് നിർണ്ണയിക്കപ്പെട്ടിരിക്കുകയാണ്. 'സകാത്തു' വരുമാനത്തിന്മേൽ മാത്രമുള്ള ഒരു നികുതിയല്ല. അതു വരുമാനത്തിന്മേലും ആസ്തിയിന്മേലും ഒപ്പം ചുമത്തപ്പെടുന്നതത്രെ. പലപ്പോഴും ഈ തുക അറ്റാദായത്തിന്റെ 50 ശതമാനത്തോളം വരും.

ധനികരുടെ മുതലിനെ ശുദ്ധീകരിക്കുകയാണ് സകാത്തിന്റെ ഉദ്ദേശ്യം എന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നു. അതായത്, ആ മുതലിൽ മറ്റുള്ളവരുടെ അദ്ധ്വാനവും അവകാശവും കൂടി ചേർന്നിരിക്കുകയാൽ അതിനെ വേർതിരിച്ചെടുത്തു ധനികൻ സ്വന്തം അവകാശം മാത്രം സ്വീകരിച്ചുകൊള്ളുന്നതിന്നുവേണ്ടിയാണ് ഈ അടിസ്ഥാന നികുതി ചുമത്തപ്പെടുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: "അവരുടെ മുതലിൽനിന്നു സകാത്ത് വസൂൽ ചെയ്യുകയും (അന്യർക്കവകാശപ്പെട്ട ഭാഗം വേർപെടുത്തിക്കൊണ്ടു) അതിനെ ശുദ്ധീകരിക്കുകയും സകാത്തിന്റെ വരുമാനത്തെ പൊതുജനക്ഷേമത്തിന്നായി ഉപയോഗപ്പെടുത്തുകയും ചെയ്യുക" (9:103).

പാവങ്ങളുടെ എല്ലാ അവകാശങ്ങളെയും ധനികരുടെ മുതലിൽനിന്നു നീക്കിയെടുക്കുന്നതിന്നുള്ള ഒരു ഏർപ്പാടാണ് സകാത്ത് വ്യവസ്ഥ.

ഇപ്രകാരം ഇസ്ലാം തൊഴിലും മുതലും തമ്മിൽ ഒരു സന്ധിയുണ്ടാക്കിയിരിക്കുന്നു. തൊഴിലാളിക്ക് അവന്റെ വേലയ്ക്ക് പ്രതിഫലമായി കൊടുക്കുന്ന കൂലിക്കുപുറമെ, ദരിദ്ര ജനങ്ങളുടെ ക്ഷേമാഭിവൃദ്ധികളുടെ പേരിൽ, തന്റെ മുഴുവൻ മുതലിന്റെ മേൽ ആണ്ടിൽ 2 1/2 ശതമാനം കണ്ടു ഈ പ്രത്യേക നികുതിയും നൽകാൻ ഇസ്ലാമിക വ്യവസ്ഥപ്രകാരം ഒരു മുതലാളി ബാദ്ധ്യസ്ഥനാണ്.

4. നമ്മുടെ മുമ്പിലുള്ള ഈ പ്രശ്ത്തിന്റെ സാമ്പത്തിക വശത്തെ സംബന്ധിച്ചേടത്തോളം സകാത്ത് ഒരു പ്രായോഗിക പരിഹാരം നൽകുന്നുണ്ട്. എന്നാൽ ഒരു ചോദ്യം അവശേഷിക്കുന്നു. മുതലാളിമാർ പാവങ്ങൾക്കും ഇടത്തരക്കാർക്കും അഭിവൃദ്ധിപ്പെട്ടുകൊള്ളാനുള്ള മാർഗ്ഗങ്ങൾ തുറന്നിടാതിരിക്കെ അവർക്കെങ്ങനെ പുരോഗമിക്കാൻ കഴിയും? പുരോഗമന മത്സരത്തിൽ ഇസ്ലാം എല്ലാവർക്കും ഒരുപോലെ പ്രോത്സാഹനം നൽകുകയും അദ്ധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും ഫലങ്ങൾ ഓരോരുത്തർക്കും സുരക്ഷിതമാക്കിക്കൊടുക്കുകയും ചെയ്യുന്നെങ്കിലും ഒരു വിഭാഗം മറ്റൊരു വിഭാഗത്തിന്റെ പുരോഗതി തടയുന്നതിനെ അതു ഒരു പ്രകാരത്തിലും അനുവദിക്കുന്നില്ല. ഒരു പന്തയത്തിൽ ഓട്ടം നടത്തുന്ന എല്ലാവരും പ്രേക്ഷകരുടെ അനുഭാവത്തിനു പാത്രീഭൂതരാകുന്നു. അതിശീഘ്രം ഓടുന്ന ഒരാളെ ജനങ്ങൾ അഭിനന്ദിച്ചേക്കാം. എന്നാൽ ഓട്ടം തുടങ്ങിയ ശേഷം മറ്റു ഓട്ടക്കാരെ തന്നെ കടന്നോടാതിരിക്കുന്നതിന്നുവേണ്ടി തടുത്തു നിർത്താനുള്ള ഒരാളുടെ ശ്രമത്തെ ആരുംതന്നെ വകവെച്ചുകൊടുക്കുകയില്ല. അത്തരം പ്രവൃത്തി എല്ലാതരം ആരോഗ്യകരമായ മത്സരങ്ങളെയും പരിശ്രമങ്ങളെയും അവസാനിപ്പിക്കും. മാത്രമല്ല, അത്തരക്കാർ എല്ലാ അഭിവൃദ്ധിമാർഗ്ഗങ്ങളുടേയും കുത്തകാവകാശം കരസ്ഥമാക്കുകയും ഭാഗ്യം കുറഞ്ഞ തങ്ങളുടെ സഹോദരന്മാരെ മത്സരത്തിൽ പങ്കുചേർക്കാതാക്കുകയും ചെയ്യും. ഇസ്ലാം ഈ നിലപാടിനെ ഒരു വിധത്തിലും അനുവദിക്കുന്നില്ല. ഈ ദോഷത്തെ പരിഹരിക്കുകയും ഐശ്വരത്തിലേക്കുള്ള മാർഗ്ഗത്തെ സർവ്വർക്കുമായി തുറന്നിടുകയുമാണ് ഇസ്ലാം ചെയ്യുന്നത്.

ഈ ദോഷവശത്തിന്റെ അടിയിൽ സ്ഥിതിചെയ്യുന്ന കാരണങ്ങൾ മുഖ്യമായും മൂന്നാകുന്നു.

1. സ്വത്തുക്കളുടെ അവിഭാജ്യത നിലനിർത്തുന്ന തരത്തിലുള്ള പിന്തുടർച്ചാവകാശ നിയമം - ഇതനുസരിച്ചു അച്ഛന്റെ സ്വത്ത് മൂത്ത മകന്ന് മാത്രം ലഭിക്കുമാറാകുന്നു. പിതാവിന്നുള്ള അനിന്ത്രിതമായ ഒസ്യത്തധികാരപ്രകാരം ഇഷ്ടക്കാർക്ക് ഇഷ്ടമുള്ളത്ര മുതൽ ദാനം ചെയ്യപ്പെടുന്നു.

2. പലിശവ്യവസ്ഥ - ഇതനുസരിച്ചു ഒരാൾക്കോ ഏതാനും ആളുകൾക്കോ മാത്രം, യാതൊരു തരത്തിലുള്ള അദ്ധ്വാനവും കൂടാതെ, അന്യരുടെ കഷ്ടപ്പാടുകളേയും ആവശ്യങ്ങളേയും ചൂഷണം ചെയ്തുകൊണ്ട് ധനം യഥേഷ്ടം സ്വരൂപിച്ചുവെക്കാൻ അവസരം ലഭിക്കുന്നു.

3. അമിതാദായം

ഈ മൂന്നു കാരണങ്ങളാണ് പല രാജ്യങ്ങളിലും സാധാരണ ജനങ്ങളെ എല്ലാവിധ അഭിവൃദ്ധിമാർഗ്ഗങ്ങളിൽനിന്നും തടഞ്ഞുനിർത്തുന്നത്. സ്വത്തുക്കൾ ഏതാനും പ്രഭുക്കന്മാരുടെ കൈകളിൽ ചെന്നുചേരുന്നു. തന്നിമിത്തം പാവങ്ങൾക്ക് അതിന്റെ ഒരു അംശവും അധീനപ്പെടുത്താൻ കഴിയുന്നില്ല. ഈ വിധത്തിലുള്ള അന്യായമാർഗ്ഗങ്ങൾ, സമൂഹത്തിലെ കുത്തകക്കാരായ ഏതാനും പേർക്ക് ഇഷ്ടംപോലെ ധനം സ്വരൂപിച്ചുകൊള്ളുന്നതിന്നുള്ള സാധ്യതയുണ്ടാക്കിക്കൊടുക്കുകയും ചെറുകിടക്കാർക്ക് വളർച്ചയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. അമിതാദായത്തിലും ധനം ഒരുപിടി മുതലാളിമാരുടെ ഇരുമ്പുപെട്ടികളിലേയ്ക്ക് ഒഴുകിച്ചേരുന്നു. സ്വത്തുക്കളുടേയും ധനത്തിന്റെയും കുത്തകാവകാശത്തിലേയ്ക്ക് നയിക്കുന്ന ഈ മൂന്നു കാരണങ്ങൾക്കും ഇസ്ലാം താഴെ പറയുന്ന പരിഹാരങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.

(1) പിന്തുടർച്ചാസ്വത്തുക്കൾ വിഭജിക്കപ്പെടണമെന്നു ഇസ്ലാം കല്പിക്കുന്നു. സ്വത്ത് ഏതാനും ചിലരുടെ കൈകളിൽ മാത്രമായി സ്വരൂപിക്കപ്പെടുന്നതിനെ അതു വിരോധിക്കുന്നു. തന്റെ മുഴുവൻ സ്വത്തും ഒരാൾക്ക് മാത്രമായി ഒസ്യത്ത് ചെയ്യുവാനോ ദാനം ചെയ്യുവാനോ ആർക്കും അധികാരമില്ല. ഇസ്ലാമിക പിന്തുടർച്ചാവകാശ നിയമനുസരിച്ച് ഒരാളുടെ സ്വത്തുക്കൾ അയാളുടെ മാതാപിതാക്കൾ, മക്കൾ, വിധവ, സഹോദരന്മാർ, സഹോദരിമാർ മുതലായവർക്ക് വിഭജിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. അതിൽ മറ്റാർക്കുംതന്നെ ഇടപെടുവാനോ ഈ വിതരണക്രമത്തിൽ മാറ്റം വരുത്താനോ പാടുള്ളതല്ല. ഇസ്ലാമിക പിന്തുടർച്ചാവകാശ നിയമവും ദായക്രമവും അനുവർത്തിക്കപ്പെടുന്ന രാജ്യങ്ങളിൽ ധനവാനായ ഒരാളുടെ മക്കൾ പിതാവ് സ്വരൂപിച്ചുവെച്ചു മുതലിനെ ആശ്രയിച്ചു അലസമായി കഴിഞ്ഞുകൂടാൻ അനുവദിക്കപ്പെടുകയില്ല. എന്തെന്നാൽ, അയാളുടെ ആ സ്ഥാവരജംഗമ സ്വത്തുക്കളെല്ലാം വിവിധ തരക്കാരായ അവകാശികളിൽ പങ്കിടപ്പെടേണ്ടവയാണല്ലോ. അങ്ങനെ, ഓരോരുത്തരും ആ മുതലിൽനിന്നും തനിയ്ക്കു കിട്ടുന്ന വിഹിതം കൊണ്ട് പുതുതായ ജീവിതം നയിച്ചുകൊള്ളണം. സ്വത്ത് ഓരോ തലമുറയിലും വിഭജിച്ചും പുനർവിഭജിച്ചും കൊണ്ടിരിക്കപ്പെടുമെന്നതിനാൽ മൂന്നോ നാലോതലമുറകൾകൊണ്ടു വലിയ

എസ്റ്റെയിറ്റുകൾപോലും ചെറിയ ചെറിയ തുണ്ടങ്ങളാക്കിത്തിരിക്കപ്പെടുന്നതും, ഒരു തൊഴിലാളിക്കോ കൃഷിക്കാരന്നോ പോലും ആ കണ്ടം വിലക്കെടുക്കുവാനും സ്വന്തം കൃഷി വികസിപ്പിക്കാനും സാധിക്കുന്നതുമാണ്. ഇപ്രകാരം ഭൂവുടമയിലുള്ള കുത്തകാവകാശം കാരണമായി ജനങ്ങൾക്കിടയിലുണ്ടാകുന്ന ഭിന്നതകൾ പരിഹരിക്കപ്പെടുന്നു.

(2) പലിശ കൊടുക്കുന്നതും വാങ്ങുന്നതും ഇസ്ലാം നിരോധിച്ചിരിക്കുന്നു. പലിശയ്ക്ക് പണം കടംവാങ്ങാനുള്ള സാധ്യത നിമിത്തം ഒരു പിടി കുത്തക മുതലാളികൾക്ക് ഇഷ്ടംപോലെ ധനം ബേങ്കുകളിൽ നിന്നും മറ്റും കടമെടുക്കാനും മുതൽ പെരുപ്പിച്ചുകൂട്ടാനും അവസരം ലഭിക്കുന്നു. അത്തരത്തിൽ കടംവാങ്ങാൻ സാധ്യതയില്ലാത്തപക്ഷം, മറ്റുള്ളവരെക്കൂടി തങ്ങളുടെ വ്യാപാരത്തിൽ പങ്ക് ചേർക്കുകയോ, മറ്റു ചിലർക്കുകൂടി അതേമാതിരി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന്നുള്ള ഒരവസരം സൃഷ്ടിക്കുമാറ് തങ്ങളുടെ വ്യാപാരത്തെ പരിമിതപ്പെടുത്തുകയോ ചെയ്യാൻ അവർ നിർബന്ധിതരായിത്തീരും. ദേശീയ സമ്പത്ത് കയ്യടക്കിവെക്കുന്ന വലിയ വലിയ 'ട്രസ്റ്റ്'കളും 'സിന്റിക്കേറ്റു'-കളും നടത്തിക്കൊണ്ടുപോകാൻ പലിശവ്യവസ്ഥയുടെ, അഭാവത്തിൽ സാദ്ധ്യമല്ലാതെ വരികയും ധനം ജനങ്ങൾക്കിടയിൽ കൂടുതൽ ആശാസ്യമായി വിതരണം ചെയ്യപ്പെടുകയും ചെയ്യും. ഇന്നു നാം കാണുന്ന തരത്തിലുള്ള ധനസമ്പാദനം മനുഷ്യന്റെ ധാർമ്മിക പുരോഗതിയെ തടസ്സപ്പെടുത്തുന്നതരത്തിലുള്ളതാണെന്നു മാത്രമല്ല മധ്യവർത്തികളും താഴ്ന്ന വരുമാനക്കാരുമായ വിഭാഗങ്ങൾക്ക് നാശംവരുത്തിവെക്കുന്നതുമാണ്.

(3) അമിതാദായത്തെ ഇസ്ലാം ഒന്നാമതായി സകാത്ത് മുഖേന നിയന്ത്രിക്കുന്നു. സകാത്ത് പാവങ്ങളുടെ ക്ഷേമത്തെ ലാക്കാക്കി ധനവാന്മാരിൽ നിന്നും വസൂലാക്കപ്പെടുന്ന നികുതിയത്രെ. വരുമാനത്തിന്മേലും മൂലധനത്തിന്മേലും ചുമത്തപ്പെടുന്ന ഈ നികുതി ദേശീയ സമ്പത്ത് കയ്യടക്കിവെക്കാൻ മുതലാളിമാർക്ക് അവസരമില്ലാതാക്കുന്നു. രണ്ടാമതായി, പാടവമുണ്ടായിരിക്കെ, വ്യാപാര-വ്യവസായ സംരഭങ്ങളിൽ മുതലിറക്കാൻ ധനമില്ലാതെ കുഴങ്ങുന്നവർക്ക് മൂലധനമിറക്കിക്കൊടുക്കുന്നതിന്നും സക്കാത്തിൽ നിന്നുള്ള വരുമാനം ഉപയോഗിക്കാവുന്നതാണ്. വ്യാപാരികളുടെയും വ്യവസായികളുടെയും കൂട്ടത്തിൽ ഇപ്രകാരം പുതിയ പുതിയ ധിഷണകൾ വന്നുചേരുകയും സാമ്പത്തിക വികസനത്തിന്നുള്ള തുല്യ അവസരങ്ങൾ തുറന്നിടപ്പെടുകയും ചെയ്യുന്നു. മൂന്നാമതായി, കൊള്ളലാഭത്തിന്നുള്ള എല്ലാ വഴികളേയും ഇസ്ലാം അടച്ചുകളയുന്നു. സാധനങ്ങൾ പൂഴ്ത്തിവെക്കുന്നതിനെയും

വില വീർപ്പിക്കുന്നതിന്നുവേണ്ടി വിൽപന സ്തംഭിപ്പിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതിനെയും ഇസ്ലാം കുറ്റകരമാക്കിയിരിക്കുന്നു. കൊള്ളലാഭമെടുക്കുന്ന 'ട്രസ്റ്റ്'കൾ പോലുള്ള എല്ലാതരം സ്ഥാപനങ്ങളെയും ഇസ്ലാം അതുമുഖേന നിരോധിച്ചിരിക്കുകയാണ്. ഒരു ഇസ്ലാമിക ഗവൺമെന്റ് ഇതനുവദിക്കുകയേ ഇല്ല.

പലിശയിടപാടില്ലാതെ യാതൊരു വ്യാപാരവും നടക്കുകയില്ലെന്നു ചിലർ വാദിച്ചേക്കാം. ഈ നിഗമനം ശരിയല്ല. കച്ചവടവും പലിശയും തമ്മിൽ പ്രകൃത്യാ യാതൊരു ബന്ധവുമില്ല. പലിശകൊണ്ടല്ല ഇന്നും കച്ചവടം നടന്നുവരുന്നത്. പാശ്ചാത്യർ തങ്ങളുടെ വ്യാപാര ബന്ധങ്ങളെ പലിശയേർപ്പാടിന്റെ അടിസ്ഥാനത്തിൽ കെട്ടിയുറപ്പിച്ചിരിക്കുന്നതു കൊണ്ടാണ് കച്ചവടവും പലിശയും തമ്മിൽ ഇത്തരം ഒരസന്മാർഗ്ഗിക ബന്ധം ഉള്ളതായി കാണപ്പെടുന്നത്. സ്ഥിതി ഇതായിരുന്നില്ലെങ്കിൽ ഈ രാജ്യത്തിലെ സമാധാന ജീവിതം നിരന്തരാപത്തുയിഷ്ഠമായിരിക്കുകയോ, വ്യാപാരം പലിശയേർപ്പാടിനെ ആശ്രയിച്ചാകയോ ചെയ്കയില്ലായിരുന്നു. ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പുവരെ, ലോക വ്യാപാരത്തിന്റെ ഒരു വലിയ പങ്ക് കൈക്കലാക്കിയിരുന്നതു മുസ്ലിംകൾ ആയിരുന്നു. എന്നാൽ അവർ അന്ന് പലിശ കൂടാതെ തന്നെ അക്കാലത്തെ നിലയനുസരിച്ച് ഏറ്റവും വിജയകരമായ കച്ചവടം നടത്തിപ്പോന്നു. പലിശകൂടാതെ അവർ ഏറ്റവും താണ വിഭാഗക്കാരെ കൂടി കടം നൽകി തങ്ങളുടെ കച്ചവടത്തിൽ പങ്ക് ചേർക്കുവാൻ ഒരുങ്ങിയിരുന്നു. അങ്ങനെ, അത്തരം കച്ചവടം മുഖേന രാജ്യത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ക്ഷേമം ലഭിക്കുകയും ചെയ്തിരുന്നു. അതിനാൽ, പലിശ കച്ചവടത്തിന്റെ അനുപേക്ഷണീയമായ ഒരു ഘടകമല്ല. പലിശ മുഖേനയുള്ള ഇന്നത്തെ കച്ചവടരീതി കാരണമായിട്ടാണ് പലിശ വ്യവസ്ഥയില്ലെങ്കിൽ കച്ചവടം സ്തംഭനത്തിലാകുമെന്ന ധാരണ പരന്നത്. ഇന്നത്തെ വ്യവസ്ഥയിൽ ഒരു മാറ്റം വരുത്തുമ്പോൾ ചില അസൗകര്യങ്ങളൊക്കെ തുടക്കത്തിൽ അനുഭവപ്പെടുമെന്ന് ഞാനും സമ്മതിക്കുന്നു. എന്നാൽ, പലിശയിന്മേൽ എപ്രകാരമാണോ വ്യാപാരസൗധത്തെ സാവധാനേന കെട്ടിപ്പടുത്തിരിക്കുന്നത്, അപ്രകാരം തന്നെ, ക്രമത്തിൽ ക്രമത്തിലായി, നമുക്ക് അതിനെ നിർമ്മാർജ്ജനം ചെയ്യുവാനും സാധിക്കുന്നതാണ്.

മനുഷ്യസമുദായത്തിന്റെ രക്തമൂറ്റിക്കുടിക്കുന്ന അട്ടയാണ് പലിശ. പ്രത്യേകിച്ചും, ഇടത്തരക്കാരുടെയും താണ വിഭാഗക്കാരുടെയും മേലെക്കിടയിൽ ഉള്ളവർപോലും അതിന്റെ വിഷമയമായ സ്വാധീനത്തിൽ നിന്നും സുരക്ഷിതരല്ല. എന്നാൽ, അവർ ഒരുതരം ഭ്രമാത്മകമായ ആനന്ദത്തിൽ നിർവൃതിയടയുകയത്രേ ചെയ്യുന്നത്. മറ്റൊരു മൃഗത്തിന്റെ

രക്തവും മാംസവുമാണെന്നു തെറ്റിദ്ധരിച്ചു സ്വന്തം നാവ്തന്നെ കല്ലിൽ ഉരച്ചു നക്കിത്തിന്ന നരിയുടേത് പോലെയാണവരുടെ കഥ. ആ ആനന്ദം നിമിത്തം അവർ അതു കയ്യൊഴിക്കാൻ ഇഷ്ടപ്പെടുന്നില്ല. വിട്ടുമാറുവാൻ ഒരുങ്ങിയവർപോലും, നിലവിലുള്ള വ്യവസ്ഥിതിയുടെ ശക്തിയേറിയ സ്വാധീനത്തിന്നു അടിപ്പെട്ടുപോകുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ നിലവിലുള്ള കടവ്യവസ്ഥ രണ്ടു പ്രകാരത്തിൽ ലോകസമാധാനത്തിന്നു ഭീഷണിയാണ്. ഒന്നാമതായി, ഏതാനും ചിലരുടെ കൈകളിൽ മാത്രം ധനം കുമിഞ്ഞുകൂടുന്നതിന്നു അതു കാരണമാകുന്നു. രണ്ടാമതായി, അതു യുദ്ധത്തിന്നു എളുപ്പം കൂട്ടുന്നു. പലിശ വ്യവസ്ഥയിന്മേൽ കടമെടുപ്പിന്നുള്ള സാദ്ധ്യതയുണ്ടായിരുന്നതുകൊണ്ടല്ലെങ്കിൽ, ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ലോകം കണ്ടതരത്തിലുള്ള ഭയാനകമായ ഒരു യുദ്ധത്തിന്ന് തയ്യാറെടുക്കാൻ ഒരു ഗവൺമെന്റും ധൈര്യപ്പെടുമെന്നു എനിയ്ക്ക് തോന്നുന്നില്ല. യുദ്ധത്തിലേർപ്പെട്ട ഓരോ രാഷ്ട്രത്തിന്നും സഹിക്കേണ്ടിവന്ന വമ്പിച്ച ചെലവു, അതാതു രാജ്യങ്ങളിലെ ജനങ്ങൾ നേരിട്ടു വഹിക്കേണ്ടിവന്നിരുന്നുവെങ്കിൽ ദുർവ്വഹമായ ഈ സാമ്പത്തികഭാരം പേറാൻ ഒരു രാജ്യവും ഒരുങ്ങുമായിരുന്നില്ല. ദീർഘവും മാരകവുമായ ഈ യുദ്ധം പലിശ വ്യവസ്ഥകാരണമായി മാത്രമാണ് നടത്താൻ കഴിഞ്ഞത്. പലിശ വ്യവസ്ഥയിന്മേൽ വമ്പിച്ച കടമെടുപ്പുകൾക്ക് സാദ്ധ്യതയുണ്ടായിരുന്നെങ്കിൽ യുദ്ധം ശരിക്കും അവസാനിച്ചതിന്നു എത്രയോ മുമ്പുതന്നെ നിരവധി രാഷ്ട്രങ്ങൾ യുദ്ധത്തിൽനിന്നും പിൻവാങ്ങിയിട്ടുണ്ടാകുമായിരുന്നു. എന്തെന്നാൽ, തങ്ങളുടെ വിഭവങ്ങൾ നഷ്ടപ്പെട്ടുപോകയും ആളും അർത്ഥവും കുറ്റകരമായ തരത്തിൽ ദുർവ്യയം ചെയ്യപ്പെടുകയും ചെയ്യുന്നതിന്നെതിരെ ജനങ്ങൾ പ്രതിഷേധിച്ചു ലഹളക്കൊരുങ്ങിയിരിക്കുമായിരുന്നു. പക്ഷെ, പലിശവ്യവസ്ഥയിന്മേലുള്ള കടസമ്പ്രദായം കാരണം പ്രത്യക്ഷ നികുതി (Direct Taxation) കൂടാതെതന്നെ നാശകരമായ യുദ്ധം തുടർന്നു നടത്തിക്കൊണ്ടുപോകുവാൻ ഗവൺമെന്റുകൾക്കു സാധിക്കുമാറായി. ഇപ്പോൾ തങ്ങളുടെ ചുമലിൽ വെക്കപ്പെട്ടിരിക്കുന്ന ഭാരം ഈ രാജ്യങ്ങളിലെ ജനങ്ങൾക്ക് നേരിട്ടനുഭവപ്പെടുന്നില്ലെങ്കിലും, ദേശീയ കടഭാരം നിമിത്തം അവർ കുനിപ്പോയിരിക്കുകയാണ്. ആ ഭാരമിറക്കുവാൻ ഏതാനും തലമുറകൾതന്നെ പരിശ്രമിക്കേണ്ടിവരും. ഇത്തരം കടമെടുപ്പുകൾ അസാധ്യമായിരുന്നാലും യുദ്ധത്തിന്റെ ഫലപരിണതി മറിച്ചാകുമായിരുന്നില്ല. ഒരുപക്ഷെ, യുദ്ധം തന്നെയും ഒഴിവാക്കാൻ കഴിഞ്ഞിരിക്കുമായിരുന്നു. അഥവാ യുദ്ധം നടന്നുവെങ്കിൽ തന്നെ യുദ്ധോദ്യുക്ത രാഷ്ട്രങ്ങൾ എളുപ്പത്തിൽ പാപ്പരായി

പ്പോകയും ഒരൊറ്റ കൊല്ലത്തിനിടയിൽ തന്നെ സമാധാനസന്ധിയുണ്ടാക്കപ്പെടുകയും അങ്ങനെ ലോകം അതിന്റെ പുരോഗതിയുടെ രാജപാതയിൽ വീണ്ടും പ്രയാണം തുടരുകയും ചെയ്തിരിക്കുമായിരുന്നു.

ആയുധങ്ങൾ കുറക്കുവാനുള്ള ഒരാവശ്യം ഇന്നുന്നയിക്കപ്പെട്ടുകാണുന്നുണ്ട്. ഇതു നല്ലതുതന്നെ. പക്ഷെ, ഭാഗികമായ ഒരു നടപടി മാത്രമാണിത്. യുദ്ധം ആവർത്തിക്കപ്പെടുകയില്ലെന്നതിന്നു യാതൊരുറപ്പും അതു നൽകുന്നില്ല. യുദ്ധം ചെയ്യാൻ ഒരു ഗവൺമെന്റും ഉദ്ദേശിക്കുന്നതോടെ, പടക്കോപ്പുകളുണ്ടാക്കാൻ ഒരു പ്രയാസവും നേരിടുകയില്ല. പലിശ നിരോധിക്കുകയെന്നതു മാത്രമാണ് യുദ്ധമവസാനിപ്പിക്കുന്നതിന്നുള്ള ഒരേഒരു മാർഗ്ഗം. പലിശ യുദ്ധത്തിന്നിടവരുത്തുന്നുവെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ഇതു നമുക്ക് നമ്മുടെ കണ്ണുകൾകൊണ്ടുതന്നെ കാൺമാൻ കഴിഞ്ഞു. വിവിധ രാജ്യങ്ങളിലെ സാമൂഹ്യക്രമങ്ങളിൽനിന്നു പലിശ വ്യവസ്ഥയെ പിഴുതെറിയുമ്പോൾ മാത്രമെ ആഭ്യന്തരവും ബാഹ്യവുമായ എല്ലാതരം യുദ്ധങ്ങൾക്കും അറുതിവരികയുള്ളു. അപ്പോൾ മാത്രമാണ് പാലും തേനും ഒഴുകുന്ന സുന്ദരമായ ഒരു നവലോകം നമുക്കാശിക്കാൻ കഴിയുക. ധനവാന്മാർ പാവങ്ങളെ ചൂഷണം ചെയ്യുന്നതു അപ്പോൾ നില്ക്കും. ദേശീയമായ അഭിമാനം രക്ഷിക്കുന്നതിന്നായിട്ടല്ലാതെ യുദ്ധം ചെയ്യാൻ ഗവൺമെന്റുകൾ അപ്പോൾ ഭയപ്പെടും. ദേശീയ ലക്ഷ്യങ്ങൾക്കുവേണ്ടി എന്തു ത്യാഗവും വരിക്കാൻ ജനത മുമ്പോട്ടുവരുന്നതായി ഭരണാധികാരികൾ അപ്പോൾ കാണുമാറാകും. ഒരു രാഷ്ട്രത്തിന്റെ തലവന്നു അയാളുടെ വ്യാമോഹങ്ങൾ പുലർത്തുവാനായിമാത്രം രാജ്യത്തെ യുദ്ധത്തിലേയ്ക്ക് വലിച്ചിഴക്കാൻ സാദ്ധ്യമല്ലാതെവരും.

ധനം ഏതാനും ചിലരുടെ കൈകളിൽ ചെന്നുചേരുന്നതിന്നുള്ള മറ്റൊരു ഉപാധി ഖനികളാണ്. ഇക്കാര്യത്തിലും ഇസ്‌ലാം വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചു ഖനികളിൽ അഞ്ചിലൊരുഭാഗം സ്റ്റേറ്റിന്നു അവകാശപ്പെട്ടതായിരിക്കും. ഇങ്ങനെ എല്ലാ ഖനികളുടെയും ഉടമസ്ഥതയിൽ സ്റ്റേറ്റിന്നു പങ്കുണ്ടായിരിക്കുന്നതാണ്. ഇതോടൊപ്പം സകാത്ത് വ്യവസ്ഥയും കൂടി ചേർന്നാൽ ദേശീയസമ്പത്തിൽ ദരിദ്ര ജനങ്ങൾക്കുള്ള അവകാശങ്ങൾ സുരക്ഷിതമായിരിക്കും. ഒരാൾ തന്റെ എസ്റ്റെയിറ്റിൽ ഖനി കണ്ടെത്തുകയും വേണ്ടത്ര മുതലിറക്കാനുള്ള ധനമില്ലാത്തതുകാരണം അതു പ്രയോജനപ്പെടുത്താൻ സാധിക്കാതെവരികയും ചെയ്യുന്നപക്ഷം തക്കതായ നഷ്ടപരിഹാരം നൽകിക്കൊണ്ടു സ്റ്റേറ്റ് അതേറ്റെടുക്കുന്നതായിരിക്കും. അഥവാ മൂന്നാമതൊരു കക്ഷിയ്ക്ക് തന്റെ അവകാശം അയാൾക്ക് വില്ക്കാവുന്നതാണ്.

# ഭരണം

ഈ വിഷയം സംബന്ധിച്ച് ഒന്നാമതായി നമ്മെ മുന്നിടുന്ന ചോദ്യം ഇതാണ്. രാഷ്ട്രത്തലവൻ എന്നും സ്റ്റേറ്റ് എന്നുമുള്ള പദങ്ങൾക്ക് ഇസ്‌ലാം നൽകുന്ന നിർവ്വചനങ്ങൾ എന്ത്? ഇസ്‌ലാമിന്റെ സാങ്കേതിക ശൈലിയനുസരിച്ച് രാഷ്ട്രത്തലവൻ അല്ലെങ്കിൽ ഖലീഫ എന്നു പറഞ്ഞാൽ, ജനങ്ങൾ തങ്ങളുടെ വൈയക്തികവും സാമൂഹികവുമായ അവകാശങ്ങളെ സംരക്ഷിച്ചു മേൽനോട്ടം ചെയ്യുന്നതിന്നായി തെരഞ്ഞെടുക്കുന്ന വ്യക്തി എന്നർത്ഥമാകുന്നു. പ്രാതിനിധ്യഭരണം (Representative Government) അല്ലാത്ത മറ്റൊരു ഭരണവ്യവസ്ഥയെ ഇസ്‌ലാം അനുകൂലിക്കുന്നേയില്ല. വിശുദ്ധ ഖുർആനിൽ, ഇസ്‌ലാമിക ഭരണ മാതൃകയെ വിവരിക്കുന്നേടത്ത് 'അമാനത്ത്' (സൂക്ഷിപ്പു മുതൽ) എന്ന പദം പ്രയുക്തമായിരിക്കുന്നു. എന്നുവെച്ചാൽ, ഖലീഫ, ജനങ്ങൾ അദ്ദേഹത്തിൽ അർപ്പിച്ചിട്ടുള്ള അധികാരത്തെത്തന്നെയാണ് പ്രയോഗിക്കുന്നതെന്നും അതു സ്വേച്ഛയാ സ്വീകരിച്ചതോ ജന്മാർജ്ജിതമോ അല്ലെന്നും തന്നെ. ഒരു ഇസ്‌ലാമിക ഭരണത്തിന്റെ സ്വഭാവവും അധികാര വ്യാപ്തിയും ചിത്രീകരിക്കാൻ ഈ വാക്ക് മാത്രം മതി. ഭരണകർത്താവിൽ നിന്നും ഭരണീയരിലേയ്ക്കു സംക്രമിക്കുന്ന ഒന്നല്ല, ഭരണീയരിൽ നിന്നും ഭരണാധികാരിയിലേയ്ക്ക് ചെന്നുചേരുന്ന ഒന്നാണ് ഭരണാധികാരം എന്നു ഖുർആൻ വിവരിക്കുന്നു. ഭരണകൂടത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ പാഠമെന്തെന്നു ശരിക്കും മനസ്സിലാക്കുന്നതിന്ന് ഖുർആൻ വാക്യം തന്നെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു. സംക്ഷിപ്തവും പക്ഷെ, സമഗ്രവുമായ വാക്യങ്ങളിൽ ഭരണകർത്താവിന്റെയും ഭരണീയന്റെയും അവകാശാധികാരങ്ങളെ ഖുർആൻ ഇപ്രകാരം വിവരിച്ചിരിക്കുന്നു: "ഭരണകർത്തൃത്വത്തിന്നുള്ള ഉത്തരവാദിത്വം അതിന്നു ഏറ്റവും അർഹരായവരെ ഭരമേല്പിക്കാൻ ദൈവം നിങ്ങളോടു ആജ്ഞാപിച്ചിരിക്കുന്നു. നിങ്ങളിൽ ഭരണകർത്താക്കളായിരിക്കുന്നവർ ഏറ്റവും നീതിപൂർവ്വം ഭരിക്കേണ്ടതാണ്. ഏറ്റവും മഹത്തായ ഒന്നിനെക്കൊണ്ട് അല്ലാഹു നിങ്ങളെ ഉണർത്തുന്നു. നിശ്ചയമായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാണ്." (വി.ഖു.4:59) ഈ വാക്യത്തിന്റെ പൂർവ്വാർദ്ധത്തിൽ, ഭരണകർത്താക്കളെ തെരഞ്ഞെടുക്കേണ്ടുന്ന കർത്തവ്യം ജനങ്ങളുടേതാണെന്നും തങ്ങളുടെ മേൽ യാതൊരു ഭരണാധികാരിയേയും നിർബന്ധപൂർവ്വം അടിച്ചേല്പിക്കാൻ ആർക്കുംതന്നെ കഴിയുന്നതല്ലെന്നും ജനങ്ങൾ ഉൽബോധിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നുവെച്ചാൽ, ഭരണാവകാശം പൈതൃകമല്ലെന്നും മുൻ ഭരണാധികാരിയുടെ പുത്ര

നാണെന്നതുകൊണ്ടുമാത്രം യാതൊരാൾക്കും ഭരിക്കുവാനുള്ള അവകാശം സിദ്ധിക്കുന്നില്ലെന്നുംതന്നെ. ഭരണാധികാരം അമൂല്യമായ "സൂക്ഷിപ്പുമുതൽ'' ആയിട്ടാണ് ഇവിടെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതെന്നത് വ്യക്തമാണ്. ആ സൂക്ഷിപ്പു മുതലിനെ കാത്തുപോരാൻ കെല്പില്ലാത്തവരെ അതേല്പിക്കരുതെന്നും ഏറ്റവും ആത്മാർത്ഥമായും വിശ്വസ്തതയോടുകൂടിയും ആ കടമ നിർവ്വഹിക്കാൻ സാധിക്കുന്നവരിൽ മാത്രമെ ആ ഉത്തരവാദിത്വം അർപ്പിക്കാവൂ എന്നും ആണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഗവൺമെന്റ് എന്നതു സർവ്വതന്ത്ര സ്വതന്ത്രമായ ഒരു സ്ഥാപനമല്ലെന്നും ജനങ്ങൾക്ക് സ്വന്തത്തിൽ സംരക്ഷിക്കുവാനും നടപ്പിൽ വരുത്തുവാനും സാധ്യമല്ലാത്ത ചില അവകാശങ്ങളെ ന്യായമായും നീതിപൂർവ്വമായും നിയന്ത്രിച്ചു പാലിച്ചുപോകുന്നതിന്നുള്ള അധികാരങ്ങളുടെ പ്രതീകമാണതെന്നും ഇസ്ലാം പഠിപ്പിക്കുന്നു. ആകയാൽ, അതൊരു സൂക്ഷിപ്പുമുതലാണ്, സ്വത്തല്ല. ഭരിക്കുവാനുള്ള അവകാശം അടിസ്ഥാനപരമായും നിലകൊള്ളുന്നത് ജനങ്ങളിലാണ്, ഭരണകർത്താവിലല്ല. ഭരണകർത്താവിന്റെ അധികാരം അയാളിൽ അർപ്പിതമായിരിക്കുന്ന ഒരു സൂക്ഷിപ്പു മുതലാണെന്നും അതിനെ അയാൾ ദുരുപയോഗപ്പെടുത്തുകയോ നിഷ്പ്രയോജനമാക്കുകയോ അരുതെന്നും തന്റെ വിയോഗവേളയിൽ യാതൊരുവനും ദോഷവും വരുത്താത്ത നിലയിൽ അർഹരായ അവകാശികളിലേയ്ക്ക് അതു കൈമാറേണ്ടതാണെന്നും ഇസ്ലാം ഭരണകർത്താവിനോടു നിർദ്ദേശിക്കുന്നു. അതായത്, രാഷ്ട്രത്തിന്റേയും വ്യക്തിയുടേയും അവകാശ താല്പര്യങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ സദാ ജാഗരൂകനായിരിക്കേണ്ടതും അവയൊന്നും തന്നെ നഷ്ടപ്രായമാക്കാതിരിക്കേണ്ടതും ഭരണകർത്താവിന്റെ ചുമതലയത്രെ. അധികാരസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും തങ്ങളുടെ കർത്തവ്യങ്ങൾ നീതിയോടും വിശ്വസ്തതയോടും കൂടി നിർവ്വഹിക്കേണ്ടതാണ്. മുസ്ലിംകൾ ഈ ഭരണമര്യാദയെ കൈവിട്ട് മറ്റു ജനതകളെ അനുകരിച്ചുകൊണ്ട്, പൈതൃകവും രാജവാഴ്ചപരവുമായ ഭരണസമ്പ്രദായത്തെ സ്വീകരിച്ചു തുടങ്ങുമെന്ന് ഈ 'ആയത്തി'ൽ സൂചിതമായിട്ടുണ്ട്. എന്നാൽ, ദൈവത്തിന്റെ ആജ്ഞ മുസ്ലിംകൾ പ്രാതിനിധ്യഭരണത്തെ നിഷ്കൃഷ്ടമായും നടപ്പിൽ വരുത്തണമെന്നും രാഷ്ട്രത്തിലെ ഏറ്റവും നല്ല ബുദ്ധിമാന്മാരെ ഭരണാധിപന്മാരായി തെരഞ്ഞെടുക്കണമെന്നും അങ്ങനെ പൈതൃകാഷ്ഠിതമായ രാജവാഴ്ചാ സമ്പ്രദായത്തെ തുടച്ചു നീക്കണമെന്നും അത്രെ. മേൽ ഖുർആൻ വാക്യത്തിന്റെ അപരാർദ്ധത്തിൽ മനുഷ്യനിർമ്മിതങ്ങളായ മറ്റെല്ലാ ഭരണസമ്പ്രദായങ്ങളും ദോഷദൂഷിതങ്ങളായിരിക്കയാലാണ് ദൈവം ഈ ഭരണക്രമം നിർദ്ദേ

ശിച്ചിരിക്കുന്നതെന്നും, മറ്റു ഭരണ നിയമങ്ങൾക്കു കീഴിൽ നരകയാതനകൾ അനുഭവിച്ച ആളുകളുടെ നെടുവീർപ്പുകൾ ദൈവം കേട്ടിരിക്കുന്നുവെന്നും തന്നിമിത്തം മുസ്ലിംകൾ ഈ ഭരണരീതിയെ മുറുകെ പിടിക്കുകയും അവർക്ക് ദൈവം നൽകിയിരിക്കുന്ന അനുഗ്രഹത്തിന്നു അവനോടു നന്ദി കാണിക്കുകയും ചെയ്യേണ്ടതാണെന്നും സൂചിപ്പിക്കുന്നുണ്ട്.

ഇസ്ലാമിക ഭരണം തെരഞ്ഞെടുപ്പിലും പ്രാതിനിധ്യ വ്യവസ്ഥയിലും അടിയുറച്ചതായിരിക്കണമെന്നും ജനങ്ങളുടെ സമഷ്ടിയായ അധികാരത്തിന്റെ പ്രതീകമാണ് ഭരണത്തലവൻ എന്നും, അല്ലാതെ വ്യക്തിപരമായ അധികാരത്തെ പ്രതിനിധാനം ചെയ്യുന്ന ആളല്ലെന്നും ഇതിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഇസ്ലാമിക ഭരണ സമ്പ്രദായത്തിന്റെ വിവിധ വശങ്ങളേയും അതിന്റെ കർത്തവ്യങ്ങളേയും കുറിച്ച് ഞാനിനി സംക്ഷിപ്തമായി  വിവരിക്കാം.

ഭരണപരമായ ഉത്തരവാദിത്വങ്ങൾ ഏറ്റവും നന്നായി നിർവ്വഹിക്കാൻ കെൽപുള്ള ആളെ മുസ്ലിംകൾ തങ്ങളുടെ ഖലീഫയായി തെരഞ്ഞെടുക്കേണ്ടതാണെന്നു ഇസ്ലാം ആവശ്യപ്പെടുന്നു. അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ആൾ പാശ്ചാത്യ റിപ്പബ്ലിക്കുകളിലെ പ്രസിഡണ്ടുമാരെപ്പോലെ ഏതാനും വർഷത്തേയ്ക്കു മാത്രമല്ല അധികാരത്തിലിരിക്കുക. പ്രത്യുത ആജീവനാന്തമായിരിക്കും. ആ അധികാരത്തിൽ നിന്നും അദ്ദേഹത്തെ നീക്കാൻ ദൈവത്തിന്നു മാത്രമെ സാധിക്കുകയുള്ളു. എന്നുവെച്ചാൽ, മരണം വഴി മാത്രമെ അദ്ദേഹത്തിന്റെ അധികാരം അവസാനിക്കയുള്ളുവെന്നർത്ഥം. ഭരണകൂടത്തിന്റെ സകല അധികാരങ്ങളും ശക്തികളും അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കും. രാജ്യത്തിന്റെ ക്ഷേമാഭിവൃദ്ധികൾക്കായി ആജീവനാന്തം പരിശ്രമിക്കേണ്ടത് അദ്ദേഹത്തിന്റെ കടമയത്രെ. വ്യക്തിതാല്പര്യം പുലർത്താനായിരിക്കരുത് അദ്ദേഹത്തിന്റെ ലക്ഷ്യം. രാഷ്ട്രത്തിന്റെ പൊതുവായ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമെ അദ്ദേഹത്തിന്നു ഖജാനയിൽനിന്നുള്ള ധനം ചിലവുചെയ്യാൻ അധികാരമുണ്ടായിരിക്കുകയുള്ളു. അതിനാൽ തനിയ്ക്കുള്ള വേതനം നിശ്ചയിക്കുക അദ്ദേഹത്തിന്റെ അധികാരത്തിൽപെട്ടതല്ല. അദ്ദേഹത്തിന്റെ ഉപദേശകസമിതി ആണ് അതു നിശ്ചയിക്കേണ്ടത്. തന്റെ ഉപദേശകസമിതി മുഖേന ജനങ്ങളുടെ അഭിപ്രായങ്ങളും വീക്ഷണഗതിയും മനസ്സിലാക്കേണ്ടത് ഭരണത്തലവന്റെ കർത്തവ്യമായിരിക്കും. ചില പ്രത്യേക സന്ദർഭങ്ങളിലും ചില പ്രത്യേക പ്രശ്നങ്ങളിലും ഹിതപരിശോധന നടത്തി പൊതുജനാഭിപ്രായം ആരായുവാനും അങ്ങനെ ജനങ്ങളും അവരുടെ പ്രതിനിധികളും തമ്മിലുള്ള അഭിപ്രായാന്തരങ്ങളെ

ക്കുറിച്ച് മനസ്സിലാക്കാനും അദ്ദേഹത്തിന്ന് സാധിക്കണം. പ്രതിനിധി സഭയിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തെയാണദ്ദേഹം അധികവും ആദരിക്കുകയെങ്കിലും രാഷ്ട്രീയമായ കിടമത്സരങ്ങളിൽനിന്ന് അദ്ദേഹം അതീതനായിരിക്കയാലും, സ്വന്തമായ യാതൊരു താല്പര്യത്തേയും അദ്ദേഹത്തിന്നു പുലർത്തുവാനില്ലാത്തതിനാലും അദ്ദേഹത്തിന്റെ അഭിപ്രായം മാത്രമായിരിക്കും തികച്ചും നിഷ്പക്ഷവും നാട്ടിന്റേയും നാട്ടാരുടേയും ക്ഷേമത്തെ നിദാനമാക്കിയുള്ളതും ആയി പരിഗണിക്കപ്പെടുക. ഇതിന്നുപുറമെ, ജനങ്ങളുടെ യഥാർത്ഥ പ്രതിനിധിയെന്ന നിലയിൽ ഖലീഫയ്ക്ക് ഇസ്ലാം ചില പ്രത്യേകമായ ദൈവീക അനുഗ്രഹങ്ങളും സഹായങ്ങളും വാഗ്ദാനം ചെയ്യുന്നുമുണ്ട്. തന്നിമിത്തം, ചില പ്രത്യേക പരിതസ്ഥിതികളിലും പ്രത്യേക പ്രാധാന്യമർഹിക്കുന്ന ചിലകാര്യങ്ങളിലും തന്റെ ഉപദേശകന്മാരുടെ ഭൂരിപക്ഷാഭിപ്രായത്തെ അദ്ദേഹത്തിന്നു തള്ളിക്കളയാവുന്നതാണ്.

ജനപ്രതിനിധികളുടെ അഭിപ്രായത്തെ ചില അവസരങ്ങളിൽ തരിസ്കരിക്കാൻ സാധിക്കുമെന്ന അർത്ഥത്തിൽ ഖലീഫ ഒരു സർവ്വാധികാരിയാണെന്നു പറയാം. മറ്റൊരു വശത്തു ഇസ്ലാമിക ശരീഅത്തിന്റെ മേൽ അദ്ദേഹത്തിന്നു യാതൊരു നിയന്ത്രണവും ഇല്ലെന്നതിനാൽ അദ്ദേഹത്തിന്റെ അധികാരപരിധി സീമിതവും അത്രെ. ഇസ്ലാമിക ഭരണഘടനയ്ക്ക് അദ്ദേഹം വിധേയനാണ്. അതിലെ ഏതെങ്കിലും ഖണ്ഡികയെ ദുർബ്ബലപ്പെടുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യാൻ അദ്ദേഹത്തിന്ന് അധികാരമില്ല. ജനാഭിപ്രായങ്ങളെ അദ്ദേഹം ആരായുകയും തന്റെ ഉദ്യോഗത്തിന്റെ ജനകീയ സ്വഭാവത്തെ നിലനിർത്തുകയും വേണ്ടതാണ്. ദൈവത്തിന്റെ ഹിതത്തിന്നും മേൽനോട്ടത്തിന്നും വിധേയനായി ജനങ്ങളുടെ പ്രാതിനിധ്യം മുഖേന അധികാര സ്ഥാനത്ത് അവരോധിക്കപ്പെട്ടു എന്നതിനാൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരിയാണ്. അടിയന്തിരവും അസാധാരണവുമായ ഘട്ടങ്ങളിൽ ഒഴിച്ചു മറ്റെല്ലാ സന്ദർഭങ്ങളിലും ജനപ്രതിനിധികളുടെ ഭൂരിപക്ഷാഭിപ്രായത്തെ ആദരിക്കേണ്ടതുള്ളതിനാൽ അദ്ദേഹം ജനങ്ങളുടെ ഒരു പ്രതിനിധിയും തന്നെ. സ്വന്തമായ ആവശ്യങ്ങൾക്കായിട്ടോ വ്യക്തിപരമായ കാര്യലാഭത്തിന്നുവേണ്ടിയോ പൊതുമുതലിൽനിന്ന് ഒരു പൈസപോലും ചെലവഴിക്കാൻ അദ്ദേഹത്തിന്നധികാരമില്ല. ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാനാവില്ലെന്നതിനാലും, തന്റെ കടമകൾ നിർവ്വഹിക്കുന്നതിലും ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലും അദ്ദേഹത്തിന്നു ദൈവസഹായം വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുണ്ടെന്നതിനാലും ഖലീഫ ദിവ്യമായ അധികാരത്തോടെയാണ് ഭരിക്കുന്നതെന്നു പറയാം.

തെരഞ്ഞെടുപ്പ് സമ്പ്രദായത്തെയും, ഉപദേശകസമിതിയംഗങ്ങളുടെ നിയമനം, ഗവർണ്ണർമാരുടേയും ഉദ്യോഗസ്ഥന്മാരുടേയും നിയമനം എന്നിവയിൽ അനുവർത്തിക്കേണ്ടുന്ന മര്യാദകളേയും കുറിച്ചുള്ള വിശദീകരണങ്ങൾ, അവ കാലോചിതമായ നിർബന്ധങ്ങൾക്കനുസൃതമായി നിർണ്ണയിക്കപ്പെടുമെന്നതിനാൽ ഇസ്ലാം സോദ്ദേശം വിട്ടുകളഞ്ഞിരിക്കുകയാണ്. അങ്ങിനെ, മനുഷ്യബുദ്ധിയ്ക്കും പരിശീലനത്തിന്നും വികസനത്തിന്നുമുള്ള അവസരം അതു പ്രദാനം ചെയ്തിരിക്കുന്നു. ബുദ്ധിപരമായ പുരോഗതിയ്ക്ക് ഈ ഉപാധി അനുപേക്ഷണീയമാണെന്നു പറയേണ്ടതില്ലല്ലൊ. നബി തിരുമേനിയോട് ചെറിയ ചെറിയ കാര്യങ്ങളുടെ വിശദീകരണം ആവശ്യപ്പെടുന്നതിൽനിന്നു ഖുർആൻ മുസ്ലിംകളെ വിലക്കിയിട്ടുണ്ട്. പല സംഗതികളും മനഷ്യന്റെ യുക്തിബോധത്തിന്നും സ്വതന്ത്രമായ തീരുമാനത്തിന്നും വിട്ടുതന്നിരിക്കുകയാണ്. നിസ്സാര കാര്യങ്ങളിൽപോലും വിശുദ്ധ ഖുർആനും നബി തിരുമേനിയും വിശദീകരണം നൽകിയിട്ടുണ്ടായിരുന്നുവെങ്കിൽ മനുഷ്യ ബുദ്ധി വളർച്ച മുട്ടിപ്പോവുകയും അങ്ങനെ മനുഷ്യ സമുദായത്തിന്നു വമ്പിച്ച ഒരടിയേല്ക്കുകയും ചെയ്തിരിക്കുമായിരുന്നു.

പലതരത്തിലുള്ള ഭരണസമ്പ്രദായങ്ങളും ലോകത്ത് നിലവിലുണ്ട്. ഇസ്ലാമിക ഭരണക്രമത്തെ കുറിച്ച് പഠിക്കാനൊരുങ്ങുന്ന ആരുംതന്നെ, അതിനേക്കാൾ, ഉത്തമമായ ഒരു ഭരണക്രമമില്ലെന്നു സമ്മതിച്ചു പറയാൻ നിർബന്ധപ്പെടും. ഒരു ഭാഗത്ത്, അത് ഏറ്റവും നല്ല പ്രാതിനിധ്യഭരണമായിരിക്കുമ്പോൾ മറുഭാഗത്ത്,'പാർട്ടി പൊളിട്ടിക്സി'ൽ നിന്ന് തികച്ചും അതീതവുമത്രെ. ഭരണത്തലവൻ യാതൊരു പ്രത്യേക കക്ഷിയുടേയും സഹകരണത്തേയോ സഹായത്തേയോ ആശ്രയിച്ചുനിൽക്കുന്നില്ല. അദ്ദേഹം രാജ്യത്തിന്റേയും രാജ്യവാസികളുടേയും ക്ഷേമത്തെ കുറിച്ച് ചിന്തിക്കുന്നതിൽ സദാ വ്യാപൃതനായിരിക്കും. ആജീവനാന്തം ഉദ്യോഗത്തിലിരിക്കുന്നതുകൊണ്ട് മറ്റു രാജ്യതന്ത്രജ്ഞന്മാർക്ക് അവസരം നിഷേധിക്കപ്പെടുന്നു എന്നർത്ഥമില്ല. ജീവകാലമത്രയും രാഷ്ട്രത്തെ സേവിക്കാൻ അദ്ദേഹത്തിനു അവസരം നൽകുകയത്രെ ചെയ്യുന്നത്.

ഇതാണ് ഏറ്റവും കുറ്റമറ്റ ഭരണസമ്പ്രദായമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്വാധീനവലയം വിസ്തൃതമാവുകയും അതിലെ അംഗങ്ങൾ വർദ്ധിച്ചു പെരുകുകയും ചെയ്യുന്നതോടെ, ജനങ്ങൾ ഈ ഭരണക്രമത്തിന്റെ മേന്മയെ ശരിക്കും മനസ്സിലാക്കിത്തുടങ്ങുമെന്നും, അന്നു രാഷ്ട്രത്തലവന്മാർതന്നെ പൈതൃകമായ വാഴ്ചാധികാരത്തെ ഉപേക്ഷിക്കുകയും രാജ്യത്തിന്റെ പൊതുനന്മയേയും താല്പര്യങ്ങളേയും ലാക്കാക്കി പ്രവർത്തിക്കുകയും ചെയ്യു

മെന്നും വ്യക്തികളെന്ന നിലയിൽ സ്വായത്തമായ അവകാശങ്ങൾ മാത്രമെ അവർക്കപ്പോൾ പ്രയോഗിക്കാനുണ്ടാവുകയുള്ളുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

വാഗ്ദത്ത മസീഹ്(അ) ഒരു ആത്മീയ ഖലീഫ മാത്രമായിരിക്കയാൽ, രാജാക്കന്മാരും രാഷ്ട്രങ്ങളും ഞങ്ങളുടെ പ്രസ്ഥാനത്തിൽ തള്ളിക്കയറുന്ന ആ കാലത്തും ആ പുണ്യാത്മാവിന്റെ പിൻഗാമികൾ കഴിയുന്നേടത്തോളം രാഷ്ട്രീയ കാര്യങ്ങൾക്കതീതരായിരിക്കുന്നതാണ്. ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങൾ പോലുള്ള കാര്യങ്ങൾ അവർ മേൽനോട്ടം ചെയ്യുകയും, വിവിധ രാഷ്ട്ര പ്രതിനിധികളുടെ സഹായ സഹകരണങ്ങൾ മുഖേന അന്താരാഷ്ട്രീയ ബന്ധങ്ങളെ നിയന്ത്രിക്കുകയും ചെയ്യും. എന്നാലും, അന്നും അവരുടെ പ്രധാനജോലി, ജനങ്ങളുടെ മതപരവും സാന്മാർഗ്ഗികവും സാമൂഹ്യവും ബുദ്ധിപരവുമായ ക്ഷേമാഭിവൃദ്ധികളെ ലാക്കാക്കി പ്രവർത്തിക്കുകയും, മുൻകാലങ്ങളിൽ സംഭവിച്ചതുപോലെ ജനങ്ങളുടെ ശ്രദ്ധ രാഷ്ട്രീയകാര്യങ്ങളിൽമാത്രം ലയിച്ചുപോകയൊ മതപരവും ധാർമ്മികവുമായ അതിപ്രധാന കാര്യങ്ങൾ അലക്ഷ്യമാക്കപ്പെടുകയൊ ചെയ്യാതെ സൂക്ഷിക്കുകയും ആയിരിക്കും. അവർ കഴിയുന്നത്ര രാഷ്ട്രീയ കാര്യങ്ങളിൽ നിന്ന് അകന്നിരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഒരു രാജ്യത്തിലെ ജനങ്ങൾ പ്രത്യേക സംഭവവികാസങ്ങളെ മുൻനിർത്തി ആത്മീയഖിലാഫത്തിന്റെ സഹായം തേടുന്ന ഒരു സന്ദിഗ്ദ്ധഘട്ടം സംജാതമാകുകയാണെങ്കിൽ, ആ പ്രദേശത്തെ ഭരണം താല്ക്കാലികമായി ഏറ്റെടുക്കുവാൻ അതു നിർബ്ബന്ധിതമാകും. എന്നാൽ അത്തരം നടപടികളുടെ കാലാവധി കഴിയുന്നത്ര ഹ്രസ്വമായിരിക്കും.

# ഇസ്ലാമിക് സ്റ്റേറ്റ്

ഒരു ഭരണകൂടത്തിന് എന്തെല്ലാം അധികാരങ്ങളാണ് ഇസ്ലാം നൽകുന്നതെന്നും എന്തെല്ലാം ഉത്തരവാദിത്തങ്ങളാണതേല്പിക്കുന്നതെന്നും ഇനി വിവരിക്കാം. പ്രജകളുടെ ധാർമ്മികവും ഭൗതികവുമായ ക്ഷേമത്തേയും താല്പര്യങ്ങളേയും രക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്കയെന്നുള്ളത് ഒരു ഭരണകൂടത്തിന്റെ ഒന്നാമത്തെ കടമയാണെന്നും, ജനങ്ങളുടെ ജീവന്നും സ്വത്തിന്നും സംരക്ഷ ചെയ്യുന്നതിന്നും ഒഴിച്ചുകൂടാത്ത ജീവിതാവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിന്നും അതുത്തരവാദിയാണെന്നും ഇസ്ലാം പഠിപ്പിക്കുന്നു. നബി

തിരുമേനി(സ) പറയുന്നു: “നിങ്ങളിൽ ഓരോരുത്തരം ഓരോ ഇടയനത്രെ. ആകയാൽ, തന്റെ മേൽനോട്ടത്തിൽ ഏല്പിക്കപ്പെട്ട ആളുകളുടേയും വസ്തുക്കളുടേയും കാര്യത്തിൽ അയാൾ ഉത്തരവാദിയാകുന്നു. ഭരണാധിപൻ പ്രജകളെ സംബന്ധിച്ചേടത്തോളം ഉത്തരം പറയേണ്ടിവരുന്നതാണ്. ഓരോ പുരുഷനും തന്റെ ഗൃഹത്തിലെ ഇടയനാണ്; തന്റെ പ്രജകളെ സംബന്ധിച്ചേടത്തോളം ഉത്തരവാദിയും ചോദിക്കപ്പെടുന്നയാളും ആകുന്നു. ഓരോ സ്ത്രീയും തന്റെ ഭർത്താവിന്റെ ഭവനത്തിൽ ഇടച്ചിയാണ്. തന്റെ പ്രജകളെ സംബന്ധിച്ചേടത്തോളം ചോദിക്കപ്പെടുന്നവളും അത്രെ. ഓരോ ഭൃത്യനും തന്റെ യജമാനന്റെ മുതലിനെ സംബന്ധിച്ചേടത്തോളം ചോദിക്കപ്പെടുന്നവനും ഉത്തരവാദിയും ആകുന്നു.”

ഒരു ആട്ടിൻപറ്റത്തെ മേൽനോട്ടം ചെയ്യാൻ നിയുക്തനായ ഒരു ഇടയനായിട്ടാണ് ഇസ്ലാം ഭരണാധിപനെ കണക്കാക്കുന്നതു എന്നു ഇതിൽ നിന്നു വ്യക്തമാകുന്നു. ഒരു ആട്ടിടയൻ അജഗണത്തെ നോക്കിപ്പാർക്കുകയും അവയെ രക്ഷിക്കുകയും അവയുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും (ഒറ്റതിരിഞ്ഞുപോകാതെ സൂക്ഷിക്കുക, ചെന്നായിക്കൂട്ടങ്ങളിൽ നിന്ന് രക്ഷിക്കുക, അവയ്ക്കു തീനും പാർപ്പിട സൗകര്യങ്ങളും നൽകുക, അവയെ സാംക്രമിക രോഗങ്ങളിൽനിന്നും മറ്റു വ്യാധികളിൽനിന്നും രക്ഷിക്കുക മുതലായവ) ചെയ്യുന്നതുപോലെ പ്രജകളെ ആഭ്യന്തരമായി ഛിദ്രങ്ങളിൽ നിന്നും മർദ്ദനങ്ങളിൽ നിന്നും അകറ്റിനിർത്തുകയും വൈദേശികാക്രമണങ്ങളിൽ നിന്നു അവരെ രക്ഷിക്കുകയും, അവരുടെ ബുദ്ധിപരവും ശാരീരികവുമായ ആവശ്യങ്ങൾ (ഭക്ഷണം, പാർപ്പിടം, ചികിത്സാസൗകര്യം മുതലായവ) നിവർത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടതു ഒരു സ്റ്റേറ്റിന്റെ കടമയാണ്.

ഒരു ഗവൺമെന്റിനെ സംബന്ധിച്ചേടത്തോളം പൊതുവിലുള്ള അധ്യാപനമാണിത്. എല്ലാ പ്രജകൾക്കും അടിയന്തിര ജീവിതാവശ്യങ്ങൾ അതായതു, ഭക്ഷണം വസ്ത്രം പാർപ്പിടം എന്നിവ പൂർത്തിയാക്കിക്കൊടുക്കേണ്ടതു ഒരു ഇസ്ലാമിക സ്റ്റേറ്റിന്റെ ഒഴിച്ചുകൂടാത്ത ധർമ്മമാണ്. എന്തെന്നാൽ, ഇവ കൂടാതെ, ഏതൊന്നിന്റെ സംരക്ഷണമാണോ അവരെ ഭരമേൽപിച്ചിരിക്കുന്നതു അതിന്നുതന്നെയും നിലനില്ക്കാനാവില്ല. പാർപ്പിടവും ഭക്ഷണവും കൂടാതെ ഭൗതികജീവിതം അസാധ്യമായിത്തീരുന്നു. വസ്ത്രത്തിന്റെ അഭാവത്തിൽ സാന്മാർഗ്ഗികവും സാംസ്കാരികവുമായ ജീവിതവും അസാധ്യമായിത്തീരുന്നു.

പൂർവ്വിക മുസ്ലിംകൾ ഈ പൊതുതത്വത്തെ വ്യാഖ്യാനിക്കുകയും പ്രയോഗപ്പെടുത്തുകയും ചെയ്തതെങ്ങനെയെന്നതു ചില ഉദാഹര

ണങ്ങൾ മുഖേന നല്ലവണ്ണം മനസ്സിലാക്കാൻ കഴിയും. സ്വയം പര്യാപ്തരല്ലാത്ത ദരിദ്രർക്ക് അടിയന്തിര ജീവിതാവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കേണ്ടത് ഇസ്ലാമിക ഭരണകൂടത്തിന്റെ അനുപേക്ഷ്യ ധർമ്മമാണെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. രണ്ടാം ഖലീഫയായ ഹദ്റത്ത് ഉമർ(റ)ന്റെ ഭരണകാലത്തു നടന്നിട്ടുള്ള ഒരു സംഭവത്തിൽ ഇതു വ്യക്തമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾക്ക് വല്ല പരാധിയും ഉണ്ടോ എന്നു അന്വേഷിക്കാനായി ഹദ്റത്ത് ഉമർ(റ) ഒരു ദിവസം പ്രഛന്നവേഷനായി സഞ്ചരിക്കുകയായിരുന്നു. മദീനയിൽ നിന്നു മൂന്നു നാഴിക അകലെ സറാർ എന്ന സ്ഥലത്ത് എത്തിയപ്പോൾ അദ്ദേഹം ഒരു നിലവിളി കേൾക്കുകയുണ്ടായി. നിലവിളികേട്ട ഭാഗത്തെ ലക്ഷ്യമാക്കി അദ്ദേഹം നടന്നപ്പോൾ ഒരു സ്ത്രീ തീപൂട്ടിയ അടുപ്പത്ത് ഒരു പാത്രം വെച്ചു എന്തോ ഇളക്കിക്കൊണ്ടിരിക്കുന്നതായി കണ്ടും. ആ സ്ത്രീയുടെ ചുറ്റും മൂന്നു പിഞ്ചുപൈതങ്ങൾ വട്ടമിട്ടിരുന്നു കരയുന്നുമുണ്ടായിരുന്നു. അവരുടെ അവശതയെന്താണെന്നു ഖലീഫ ഉമർ(റ) ആരാഞ്ഞു. രണ്ടുദിവസമായി അവർക്കു തിന്നാൻ ഒന്നും ലഭിച്ചിട്ടില്ലെന്നും കുട്ടികളെ തീറ്റുവാൻ ഒന്നും ഇല്ലായ്കയാൽ അവരെ സമാശ്വസിപ്പിച്ചു ഉറക്കാൻ താൻ അടുപ്പത്ത് വെറുതെ പാത്രം വെച്ചിരിക്കുകയാണെന്നും ആ സ്ത്രീ ഉത്തരം പറഞ്ഞു. ഖലീഫ ഉടനെ തലസ്ഥാനത്തേയ്ക്കു മടങ്ങി. അദ്ദേഹം കുറെ മാവും നെയ്യും മാംസവും ഈത്തപ്പഴവും ഒരു വലിയ ശീലയിലാക്കുകയും ഒരു ഭൃത്യനെ വിളിച്ചു ആ ഭാണ്ഡം തന്റെ ചുമലിലേറ്റിവെക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആ ഭൃത്യൻ വൈമനസ്യം പ്രദർശിപ്പിച്ചുകൊണ്ടു താൻതന്നെ ആ ഭാരം പേറിക്കൊള്ളാമെന്നു പറഞ്ഞു. ഉമർ(റ) അപ്പോൾ ഉത്തരം പറഞ്ഞതിങ്ങനെയായിരുന്നു: ''ഈ ഭാരം എനിയ്ക്കുവേണ്ടി ചുമക്കാൻ എനിക്കിന്നുകഴിയും, സംശയമില്ല. എന്നാൽ, ന്യായവിസ്താരനാളിൽ എന്റെ ചുമട് ആരാണ് പേറുക?'' ആ സ്ത്രീക്കും കുഞ്ഞുങ്ങൾക്കും വേണ്ട ആഹാരം നൽകുകയെന്ന തന്റെ ചുമതലയിൽ താൻ വീഴ്ചവരുത്തിയിരിക്കുകയാണെന്നും അതിനാൽ, ആ സ്ത്രീയുടെ വീട്ടിലേക്ക് ആഹാ രസാധനങ്ങൾ താൻ സ്വയം വഹിച്ചുകൊണ്ടുപോവുകയാണ് പാപപ്പൊറുതിക്കുള്ള വഴിയെന്നും അത്രെ അദ്ദേഹം സൂചിപ്പിച്ചത്.

ഓരോ വ്യക്തിയുടേയും ആവശ്യങ്ങളെ നോക്കിപ്പാർക്കുകയെന്നതു ഒരു ഭരണാധികാരിക്ക് നേരിട്ടു സാധ്യമല്ലായ്കയാൽ ഇസ്ലാമിക ഭരണത്തിൽ കാനേഷുമാരി സമ്പ്രദായം ഏർപ്പെടുത്തപ്പെടുകയും ജനന മരണങ്ങൾ റജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ ഉദ്ദേശ്യം ആധുനിക പരിഷ്കൃത രാഷ്ട്രങ്ങളിലെപോലെ പൊതു ഖജാനകൾ

നിറക്കുകയല്ല. മറിച്ചു, അവയൊഴിക്കുകയത്രെ. സ്ഥിതി വിവരക്കണെക്കുകൾ മുഖേന ജനങ്ങളുടെ ശരിയായ അവസ്ഥകളെക്കുറിച്ച് ഭരണകർത്താക്കൾക്കു മനസ്സിലാക്കാനും സ്റ്റേറ്റിന്റെ സഹായം അർഹിക്കുന്നവരെ കണ്ടുപിടിക്കാനും കഴിയും.

ഇസ്‌ലാം പാവങ്ങളെ ഇത്തരത്തിൽ സഹായിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യുന്നുവെങ്കിലും ആലസ്യത്തേയും ഉദാസീനതയേയും അതനുവദിക്കുന്നില്ലെന്നു ഓർക്കേണ്ടതാണ്. ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള സഹായങ്ങൾ ഔദാസീന്യത്തെ പ്രോത്സാഹിപ്പിക്കാനുള്ളതുമല്ല. തികച്ചും അർഹിക്കുന്നവർക്ക് മാത്രമെ സഹായം നല്കപ്പെടുകയുള്ളു. അഹോവൃത്തിക്കുള്ള മാർഗ്ഗം നേടിക്കൊള്ളുന്നതിന്നും യാചനയിൽ നിന്നു വിട്ടകന്നിരിക്കുന്നതിന്നും ഇസ്‌ലാം ജനങ്ങളോടു ഉപദേശിക്കുന്നു. ഹദ്റത്ത് ഉമർ(റ) ഒരിക്കൽ ഒരു യാചകനെ കണ്ടുമുട്ടി. അയാളുടെ പക്കലുള്ള ശീല നിറയെ മാവുണ്ടായിരുന്നു. യാചകനിൽ നിന്നു ഖലീഫ അതു പിടിച്ചുപറ്റി ഒട്ടകങ്ങൾക്കിട്ടുകൊടുക്കുകയും "ഇനി ഇരന്നുകൊള്ളുക!" എന്നു പറയുകയും ചെയ്തു. ഇതുപോലെ യാചകന്മാരെ ഉപജീവനമാർഗ്ഗം തേടികൊള്ളുന്നതിന്നു നിർബ്ബന്ധിക്കുകയും വർത്തിഷ്ണക്കളായി മാറ്റുകയും ചെയ്ത പല സംഭവങ്ങളും രേഖപ്പെട്ടുകിടക്കുന്നുണ്ട്.

ഒരു ഗവൺമെന്റിന്റെ രണ്ടാമത്തെ ചുമതല നീതിപാലനമാണ്. ഇതു സംബന്ധമായി പല നിയമങ്ങളും വകുപ്പുകളും ഇസ്‌ലാം നടപ്പാക്കിയിട്ടുണ്ട്. ജഡ്ജിമാർ നിർഭയമായും നിഷ്പക്ഷമായും നീതി നടപ്പിൽവരുത്തേണ്ടതാണെന്നു ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അവർ കൈക്കൂലി വാങ്ങുകയോ ശുപാർശ സ്വീകരിക്കുകയോ ചെയ്യുന്നതു നിഷിദ്ധമാണ്. ജഡ്ജിമാർക്കു കോഴ നൽകുവാനോ അവരോടു ശുപാർശ ചെയ്യുവാനോ പാടുള്ളതല്ല. തെളിവുകൾ നൽകേണ്ടുന്ന ചുമതല അന്യായക്കാരന്റേതാണ്. എന്നാൽ, പ്രതിക്ക്, അയാൾക്കെതിരിൽ നിർണ്ണായകമായ തെളിവുകളൊന്നുമില്ലെന്നു കാണുന്നപക്ഷം സത്യം ചെയ്തുകൊണ്ടു തന്റെ മേലുള്ള ആരോപണത്തെ നിഷേധിക്കാം. ഓരോ സാക്ഷിയുടേയും തെളിവുകൾ, അയാളുടെ സ്വഭാവങ്ങളെയും പൂർവ്വിക ജീവിതരീതിയേയും വെച്ചു തൂക്കിനോക്കേണ്ടതാണെന്നും ജഡ്ജിമാരെ ഇസ്‌ലാം ഉൽബോധിപ്പിക്കുന്നു.

ന്യായാധിപന്റെ ചുമതലകൾ ഏറ്റവും നിഷ്കൃഷ്ടമായി നിർവ്വഹിക്കുവാൻ പ്രാപ്തരായിരിക്കുന്നവരെ മാത്രമെ ജഡ്ജിമാരായി നിയമിക്കാവൂ എന്നു ഇസ്‌ലാം ആജ്ഞാപിക്കുന്നു. ന്യായാധിപന്റെ തീരുമാനത്തെ അവസാന തീർപ്പായി ജനങ്ങൾ സ്വീകരിക്കേണ്ടതാണ്. മനു

ഷ്യസഹജമായ തരത്തിൽ അവർക്കു തെറ്റുപറ്റാമെങ്കിലും തീരുമാനം കല്പിക്കേണ്ടതു മനുഷ്യൻ തന്നെയാകയാൽ വ്യവഹാരത്തിന്നു മറ്റു പ്രകാരത്തിൽ പരിസമാപ്തിയുണ്ടാവുകയില്ലല്ലോ. ജഡ്ജിമാരുടെ വിധിയെ സ്വീകരിക്കാൻ കൂട്ടാക്കാത്ത ഒരാളെ ഒരു യഥാർത്ഥ മുസ്‌ലിം പൗരനായി പരിഗണിച്ചുകൂടാ. എന്തെന്നാൽ, ഇത്തരം മനോഭാവത്തിന്റെ പരിണിതി ഗവൺമെന്റിന്റെ പ്രവർത്തനത്തെയാകെ തകിടംമറിക്കലാവും.

പാവപ്പെട്ടവർക്കും അറിവില്ലാത്തവർക്കും തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള നിയമോപദേശം നല്കുന്നതിന്നു മുഫ്തിമാർ അഥവാ നിയമശാസ്ത്രിമാർ നിയമിക്കപ്പെട്ടിരുന്നു. എന്നാൽ, ഇത്തരം നിയമശാസ്ത്രിമാരെ നിശ്ചയിക്കേണ്ടതു സർക്കാർ തന്നെയാണ്. എത്രതന്നെ അറിവുള്ളയാളായാലും ശരി, സ്വന്തം ഇഷ്ടമനുസരിച്ചു ആർക്കും തന്നെ ജനങ്ങളുടെ നിയമോപദേഷ്ടാവായി ഞെളിഞ്ഞുകൂടാ.

ന്യായാധിപതിമാരുടെ വിധികൾ നടപ്പിൽ വരുത്തേണ്ടുന്ന ഉത്തരവാദിത്വം ഗവൺമെന്റിന്നുള്ളതാണ്. വിധി നടപ്പിൽവരുത്തുന്നതിൽ ലവലേശം പക്ഷപാതമോ കാരുണ്യമോ കാണിക്കുകയും അരുത്. തന്റെ സ്വന്തം മകളാണ് കളവുകുറ്റം ചെയ്തതെങ്കിൽ നിയമപ്രകാരമുള്ള ശിക്ഷ നൽകാൻ താൻ യാതൊരു മടിയും കാണിക്കുന്നതല്ലെന്ന് ഒരിക്കൽ നബി തിരുമേനി(സ) പറയുകയുണ്ടായി. ഹദ്‌റത്ത് ഉമർ(റ) ഒരിക്കൽ ഒരു കുറ്റത്തിന്നു സ്വന്തം പുത്രന്നു സ്വകരം കൊണ്ടുതന്നെ അടിശിക്ഷ നല്കിയിരുന്നു.

സ്റ്റേറ്റിന്റെ മറ്റൊരു ചുമതല രാഷ്ട്രത്തിന്റെ മാനത്തേയും സ്വാതന്ത്ര്യത്തേയും കാത്തുപോരികയാണ്. തങ്ങളുടെ രാജ്യത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ രക്ഷാ ഏർപ്പാടുകൾ ചെയ്യുകയും അവിടം കാവൽ നിൽക്കുന്നതിന്നു പ്രബലന്മാരായ ആൾക്കാരെ സമാധാന കാലത്തും സംഗ്രാമകാലത്തും ഒരുപോലെ നിയോഗിക്കുകയും വേണ്ടതാണെന്ന് ഖുർആൻ മുസ്‌ലിംകളോടു കൽപിക്കുന്നു.

ജനങ്ങളുടെ ആരോഗ്യത്തെ ശക്തിപ്പെടുത്തുകയാണ് ഒരു ഗവൺമെന്റിന്റെ മറ്റൊരു കർത്തവ്യം. ആത്മീയവും ഭൗതികവുമായ സകല അശുദ്ധികളിൽനിന്നും അകന്നിരിക്കാൻ വിശുദ്ധ ഖുർആൻ നബി തിരുമേനിയെ ഉപദേശിച്ചിരിക്കുന്നു. അതിനാൽ റോഡുകളും പൊതുവഴികളും പൊതുസ്ഥലങ്ങളും എപ്പോഴും വെടിപ്പിൽ വെക്കുകയും വൃത്തിയാക്കുകയും ചെയ്യേണ്ടതു ഒരു ഇസ്‌ലാമിക സ്റ്റേറ്റിന്റെ ചുമതലയാണ്. അലഞ്ഞുനടക്കുന്ന നായ്ക്കളെ, അവ പേ പിടിച്ചു ആളുകളെ കടിക്കാ

തിരിക്കുന്നതിന്നു, കൊന്നുകളയേണ്ടതാണെന്നു നബിതിരുമേനി(സ) തന്റെ സഖാക്കളോടു നിർദ്ദേശിച്ചിരുന്നു.

ഒരു സ്റ്റേറ്റിന്റെ പിന്നത്തെ കടമ ജനങ്ങൾക്ക് വിദ്യാഭ്യാസത്തിന്നുള്ള ഏർപ്പാടുകൾ ചെയ്യുകയെന്നതാണ്. നബി തിരുമേനിയുടെ കർത്തവ്യങ്ങളേയും പ്രവൃത്തികളേയും കുറിച്ചു വിവരിക്കുന്നേടത്ത് വിശുദ്ധ ഖുർആൻ ഇങ്ങനെ പ്രസ്താവിക്കുന്നു: ''ഈ പ്രവാചകൻ അവർക്ക് ഗ്രന്ഥത്തേയും ജ്ഞാനങ്ങളേയും പഠിപ്പിച്ചുകൊടുക്കുന്നു.'' ഗ്രന്ഥം എന്നു ഇവിടെ പറയപ്പെട്ടിരിക്കുന്നതു വിശുദ്ധ ഖുർആനെ കുറിച്ചു മാത്രമല്ല, ഖുർആനിൽ പറയപ്പെട്ട ശാസ്ത്രങ്ങളും മറ്റുജ്ഞാനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. ഉദാഹരണമായി ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, സസ്യശാസ്ത്രം, ജീവശാസ്ത്രം, വൈദ്യശാസ്ത്രം, ചരിത്രം, ധർമ്മശാസ്ത്രം, മുതലായവ നബി തിരുമേനി(സ) പറയുന്നു: ''ജ്ഞാനസമ്പാദനം ഓരോ മുസ്ലിമിന്റേയും കർത്തവ്യമത്രെ.'' ജനങ്ങൾക്കു വ്യവസ്ഥിതമായ തരത്തിൽ വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ നബി തിരുമേനി(സ) പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. ബദർ യുദ്ധത്തിൽ എഴുത്തും വായനയും അറിയാമായിരുന്ന ചിലരെ മുസ്ലിംകൾ തടവുകാരായി പിടിക്കയുണ്ടായി. മുസ്ലിം കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കാമെന്ന നിശ്ചയത്തിന്മേൽ, മോചനമൂല്യം നൽകുന്നതിൽനിന്നു ഈ തടവുകാരെ തിരുമേനി ഒഴിവാക്കിയിരുന്നു.

പ്രത്യേകതരം കലകളിലും കരകൗശലങ്ങളിലും പ്രാവീണ്യം സിദ്ധിച്ചിട്ടുണ്ടെങ്കിലും അവയെ വികസിപ്പിക്കുന്നതിനും പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനുമുള്ള സഹായോപാധികൾ ഇല്ലാതെ കുഴങ്ങിയിരിക്കുന്നവർക്കു ആവശ്യമായ സഹായങ്ങൾ നൽകേണ്ടതു ഒരു സ്റ്റേറ്റിന്റെ ചുമതലയാണ്. ഇസ്ലാമിക ഖജാനയിൽ നിന്നു അത്തരക്കാർക്ക് സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതാണെന്നും ഖുർആൻ കല്പിക്കുന്നു.

ഒരു ഇസ്ലാമിക സ്റ്റേറ്റ് അതിന്റെ അധികാരാതൃത്തിക്കുള്ളിൽ നിയമവും സമാധാനവും പാലിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നു എന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. നാട്ടിൽ കുഴപ്പങ്ങളും കലാപങ്ങളും നടമാടുന്നതിന്നു കാരണക്കാരായവരെ ഇസ്ലാം കഠിനമായി ശാസിക്കുകയും, ഏതൊരു ഭരണകർത്താവിന്റെ ഉദാസീനത നിമിത്തം ഒരു രാജ്യത്ത് അക്രമവും മർദ്ദനവും അഴിച്ചുവിടപ്പെടുന്നുവോ ആ ഭരണാധികാരി ദൈവത്തിന്റെ സന്നിധാനത്തിൽ തന്റെ നിലയെകുറിച്ചു സമാധാനം പറയാൻ നിർബന്ധിക്കപ്പെടുമെന്ന് താക്കീതു ചെയ്യുകയും ചെയ്യുന്നു.

ഏതൊരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഒരബലയ്ക്കു ഏകലയായി നിർബ്ബാധം ആപത്ഭീതികൂടാതെ, ബഹുദൂരം സഞ്ചരിക്കാൻ കഴിയുമോ അതാണ് ഒരു മാതൃകാ ഇസ്‌ലാമിക സ്റ്റേറ്റ് എന്ന് നബി തിരുമേനി(സ) മനസ്സിലാക്കിത്തന്നിരിക്കുന്നു.

ജനങ്ങൾക്കു അടിയന്തിരാവശ്യമുള്ള സാധനങ്ങൾ ശേഖരിച്ചു സൂക്ഷിക്കേണ്ടതു ഒരു ഇസ്‌ലാമിക സ്റ്റേറ്റിന്റെ ചുമതലയാണ്. ആദ്യത്തെ ഖിലാഫത്ത് കാലങ്ങളിൽ ഈ ചുമതലയിൽ വീഴ്ചവരാതിരിക്കുന്നതിൽ ഖലീഫമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്ഷാമകാലങ്ങളിൽ റേഷൻ കാർഡുകൾ വിതരണം ചെയ്കയും അങ്ങനെ അത്തരം സാധനങ്ങൾ ഗവൺമെന്റ് സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിന്നു ജനങ്ങൾക്കവസരം നൽകുകയും ചെയ്തിരുന്നു.

തെരുവുകളും പൊതുവഴികളും കാത്തുസൂക്ഷിക്കുകയും അങ്ങനെ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടത് സ്റ്റേറ്റിന്റെ മറ്റൊരു കർത്തവ്യമാണ്. ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ വാഹനങ്ങൾ ഇല്ലാതിരുന്നപ്പോൾ, ജനങ്ങൾ കാൽനടയായോ സവാരിചെയ്തോ ആണ് സഞ്ചരിച്ചിരുന്നത്. ഒരു തെരുവിന്റെ ഏറ്റവും ചുരുങ്ങിയ വീതി 20 അടി ആയിരിക്കണമെന്നു നിജപ്പെടുത്തപ്പെട്ടിരുന്നു. തെരുവുകളും പെരുവഴികളും എത്രയും വിശാലമായും തുറസ്സായും ഇരിക്കണമെന്നതാണ് ഇതിന്റെ ഉദ്ദേശ്യം. വാഹനഗതാഗതം എത്രയോ അധികം വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു നിരത്തുകളുടേയും റോഡുകളുടേയും വിസ്താരം ആനുപാതികമായി വിപുലീകരിച്ചിരിക്കേണ്ടതാണ്.

ജനങ്ങളുടെ സാന്മാർഗ്ഗിക ജീവിതത്തെ സൂക്ഷിച്ചുപോരുകയും ശിക്ഷണവും ഉപദേശങ്ങളും മുഖേന ധാർമ്മികനിലവാരം ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതു ഒരു ഭരണമേധാവിയുടെ കടമയത്രെ.

ചുരുക്കത്തിൽ, ജനങ്ങളുടെ സർവ്വതോമുഖമായ ഉന്നതിയ്ക്കും പുരോഗതിയ്ക്കുമായി പരിശ്രമിക്കേണ്ടതു ഒരു ഗവൺമെന്റിന്റെ ചുമതലയാകുന്നു. ജനങ്ങളുടെ സാമൂഹ്യപുരോഗതിയ്ക്കായി സാദ്ധ്യമായ സകല മാർഗ്ഗങ്ങളും ഒരു ഭരണാധിപൻ അവലംബിക്കേണ്ടതാണെന്നർത്ഥം. നവീനശാസ്ത്രങ്ങൾ പ്രചരിപ്പിക്കുക, കണ്ടുപിടുത്തത്തിന്നുള്ള വാസനയേയും ഗവേഷണങ്ങളേയും പ്രോത്സാഹിപ്പിക്കുക, പുതിയ പുതിയ സാമൂഹ്യപ്രശ്നങ്ങൾക്കു മതാധ്യാപനങ്ങളുടെ വെളിച്ചത്തിൽ പോംവഴികൾ കണ്ടുപിടിക്കുക മുതലായവ ഇവയിൽ ഉൾപ്പെടുന്നു.

ഭരണീയരുടെ മേലും ഇസ്‌ലാം തുല്യമായ കടമകളും ബാധ്യതകളും ഏല്പിക്കുന്നുണ്ട്. സർക്കാറിന്റെ നിർദ്ദേശങ്ങളേയും ആഹ്വാനങ്ങളെയും അനുകൂലിക്കുന്നില്ലെന്നുവന്നാലും ജനങ്ങൾ ഗവൺമെന്റിനെ അനു

സരിക്കുകയും ഗവൺമെന്റിന്നു പൂർണ്ണമായ പിന്തുണ നൽകുകയും ചെയ്യേണ്ടതുണ്ട്. ജനപ്രതിനിധികളുമായി കൂടിയാലോചിച്ചു ജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തിയുള്ള കല്പനകൾ പുറപ്പെടുവിക്കാൻ ഒരു ഭരണാധികാരിക്ക് ഇസ്‌ലാം അധികാരം നല്കുന്നുണ്ടെങ്കിലും വ്യക്തിപരമായ കാര്യങ്ങളിൽ ജനങ്ങളുടെ മേൽ യാതൊരു അധികാരവും നടത്താൻ അയാൾക്ക് പാടുള്ളതല്ല. ഖലീഫയും ഒരു പൗരനും തമ്മിൽ എന്തെങ്കിലും അവകാശത്തെയോ സ്വത്തിനെയോ സംബന്ധിച്ച തർക്കമുണ്ടായാൽ മറ്റു വ്യക്തികളുടെ കാര്യത്തിലെന്നപോലെ സാധാരണ കോടതികളിൽ വെച്ചുതന്നെ ആ തർക്കത്തിന്ന് പരിഹാരമുണ്ടാക്കേണ്ടതാണ്. ഭരണാധികാരിയ്ക്ക് ആ കാര്യത്തിൽ പ്രത്യേക പരിഗണനകൾ അവകാശപ്പെട്ടുകൂടാ അതുമാണ്. ഹദ്റത്ത് ഉമറും ഹദ്റത്ത് ഉബയ്യിബിനു കഅബും തമ്മിൽ ഒരിക്കൽ ഒരു തർക്കമുണ്ടായി. ഉമർ(റ) കോടതിയിൽ ഹാജരാകേണ്ടിവന്നു. ഖലീഫയെ കണ്ടപ്പോൾ, അദ്ദേഹത്തോടുള്ള ബഹുമാനാദരം കാണിക്കാനായി ന്യായാധിപൻ തന്റെ ഇരിപ്പിടം വിട്ടു എഴുന്നേറ്റുനിന്നു. ഖലീഫയാകട്ടെ, ഉടൻ തന്നെ എതിർകക്ഷിയുടെ അടുക്കൽ ചെന്നിരിക്കുകയും ന്യായാധിപനോടു അദ്ദേഹം അനീതി പ്രവർത്തിച്ചിരിക്കയാണെന്നു തുറന്നുപറയുകയുമാണ് ചെയ്തത്. താനും തന്റെ എതിർകക്ഷിയും തമ്മിൽ നീതി സന്നിധിയിൽ യാതൊരു വിവേചനവും കാണിക്കാൻ പാടില്ലാത്തതാണെന്നു ചൂണ്ടിക്കാട്ടുകയുമുണ്ടായി. ഖലീഫയെ വ്യക്തിപരമായി ബാധിക്കുന്ന കാര്യങ്ങളിൽ മാത്രമാണ് ഈ സമഭാവന നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്.

# യുദ്ധം

ഇസ്‌ലാം ആക്രമണത്തെ വിരോധിക്കുന്നു. എന്നാൽ, യുദ്ധം ചെയ്യാതിരിക്കുന്നതുകൊണ്ട് സമാധാനം അപകടത്തിലാവുകയും യുദ്ധം ശക്തിപ്പെടുകയും ചെയ്യുമെന്നുവരുമ്പോൾ യുദ്ധം ചെയ്യണമെന്ന് ഇസ്‌ലാം നിഷ്ക്കർഷിക്കുകയും ചെയ്യുന്നു. വിശ്വാസസ്വാതന്ത്ര്യത്തിന്നും സത്യാന്വേഷണത്തിന്നും അറുതിവരുമെന്നു കാണുമ്പോൾ അവയ്ക്ക് ഉറപ്പ് വരുത്താൻ യുദ്ധത്തിന്ന് ഒരുങ്ങേണ്ടത് മുസ്‌ലിംകളുടെ കർത്തവ്യമാണ്. സമാധാനം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ അടിസ്ഥാനപരമായ ഒരു തത്വമാണിത്. ഈ തത്വത്തിന്മേലാണ് തിരുനബി(സ) തന്റെ എല്ലാ നയങ്ങളും പ്രവർത്തനങ്ങളും പടുത്തുയർത്തീട്ടുള്ളതും. തിരു

നബി(സ) മക്കയിൽ ശത്രുക്കളുടെ നിർദ്ദയമായ മർദ്ദനങ്ങൾക്ക് ഇരയായെങ്കിലും ആക്രമണത്തിന്നൊരുങ്ങിയില്ല. ആ മഹാത്മാവ് നിരപരാധിയായിരിക്കെത്തന്നെ ആക്രമണത്തിന്ന് ലക്ഷീഭവിക്കുകയാണുണ്ടായത്. അദ്ദേഹം മദീനയിൽ രക്ഷപ്രാപിച്ചപ്പോൾ ഇസ്‌ലാമിനെ വേരറുക്കാനായി ശത്രുക്കൾ ഒരുങ്ങിപ്പുറപ്പെട്ടു. ആകയാൽ, സത്യത്തിന്റെയും വിശ്വാസ സ്വാതന്ത്ര്യത്തിന്റെയും സംരക്ഷയ്ക്കായി യുദ്ധം ചെയ്യേണ്ടതു അനുപേക്ഷണീയമായിരുന്നു.

യുദ്ധത്തെക്കുറിച്ചുള്ള ഖുർആന്റെ ഉൽബോധനങ്ങൾ നമുക്കിനി പരിശോധിക്കാം.

1. ഖുർആൻ 22-ാം അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു: ''യുദ്ധം അടിച്ചേല്പിക്കപ്പെട്ടവർക്കു യുദ്ധം ചെയ്യാനുള്ള അനുവാദം നൽകിയിരിക്കുന്നു. എന്തെന്നാൽ, അവർ ദ്രോഹിക്കപ്പെട്ടവരാണ്. അവരെ സഹായിക്കുവാൻ നിശ്ചയമായും അല്ലാഹു കഴിവുള്ളനത്രെ. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്' എന്ന് പറഞ്ഞതിന്നുമാത്രം, അന്യായമായ നിലയിൽ തങ്ങളുടെ ഭവനങ്ങളിൽനിന്നു അടിച്ചിറക്കപ്പെട്ടവരാരോ അവർക്കു അല്ലാഹു ജനങ്ങളിൽ ഒരു കൂട്ടരെ മറ്റൊരു കൂട്ടരെക്കൊണ്ടു തടയുമാറാക്കിയില്ലെങ്കിൽ അല്ലാഹുവിന്റെ നാമം പേർത്തും സ്മരിക്കപ്പെടുന്ന ദേവാലയങ്ങളും കനീസകളും ക്ഷേത്രങ്ങളും പള്ളികളുമെല്ലാം തകർക്കപ്പെടുമായിരുന്നു. അല്ലാഹുവിനെ സഹായിക്കുന്നവനാരോ അവനെ അല്ലാഹുവും സഹായിക്കുന്നു. നിശ്ചയമായും അല്ലാഹു ശക്തവാനും പ്രതാപശാലിയുമത്രെ. ഏവരെ നാം ഭൂമിയിൽ സ്ഥിരപ്പെടുത്തിയോ അവർ നമസ്കരിക്കുകയും സകാത്ത് നൽകുകയും നല്ലതിനെ ഉപദേശിക്കുകയും തിയ്യതിനെ വിരോധിക്കുകയും ചെയ്യും. എല്ലാ കാര്യങ്ങളുടെയും അന്തിമ വിധി അല്ലാഹുവിങ്കലത്രെ (22:40-42)

ആക്രമണത്തിന്നിരയായവർക്ക് യുദ്ധം ചെയ്തുകൊള്ളാനുള്ള അനുവാദമുണ്ടെന്നത്രെ മേൽവാക്യങ്ങൾ മനസ്സിലാക്കിത്തരുന്നത്. തങ്ങളുടെ മതവിശ്വാസം കാരണമായി സ്വന്തം ഭവനങ്ങളിൽനിന്നു അടിച്ചിറക്കപ്പെട്ട ആ മർദ്ദിത ജനങ്ങളെ സഹായിക്കുവാൻ അല്ലാഹുവിന്നു കഴിവുണ്ട്. ഈ അനുവാദം ബുദ്ധിപൂർവ്വകമാണ്. കാരണം, സദ്‌വൃത്തന്മാരുടെ സഹായത്തോടുകൂടി ദൈവം അക്രമികളെ തടയുമാറാക്കിയില്ലെങ്കിൽ ലോകത്തു വിശ്വാസ സ്വാതന്ത്ര്യവും ആരാധന സ്വാതന്ത്ര്യവും അവശേഷിക്കാതാകുമായിരുന്നു. അന്യായമായ ദ്രോഹങ്ങൾക്ക് ഒരു ജനത ദീർഘകാലം ഇരയാവേണ്ടിവന്നാൽ- യാതൊരു പ്രകോപനവും കൂടാതെ ശത്രു മതസ്വാതന്ത്ര്യത്തെ അപകടത്തിലാക്കുമ്പോൾ, സമരം ചെയ്യാനുള്ള അനുവാദം ലഭിക്കുന്നു എന്നാണിതു തെളിയിക്കുന്നത്.

ആക്രമിക്കപ്പെട്ടവൻ ഒടുവിൽ വിജയിച്ചു കഴിഞ്ഞാൽ മതസ്വാതന്ത്ര്യം പുനസ്ഥാപിക്കുകയും എല്ലാ മതങ്ങളെയും ആരാധനാ കേന്ദ്രങ്ങളെയും രക്ഷിക്കുകയും ചെയ്യേണ്ടതു അവന്റെ അനുപേക്ഷ്യ ധർമ്മമായിരിക്കും. തന്റെ കീർത്തി ധാവള്യം പരത്താനായിരിക്കരുത്. മറിച്ച്, സാധുക്കളെ രക്ഷിക്കുകയും രാഷ്ട്രത്തെ അഭിവൃദ്ധിപ്പെടുത്തുകയും സമാധാനത്തെ ഉറപ്പിക്കുകയും ചെയ്യുന്നതിന്നായിരിക്കണം അവൻ അധികാരത്തെ വിനിയോഗിക്കേണ്ടത്. ഇതു ആർക്കും എതിർപ്പുണ്ടാകാനിടയില്ലാത്തവിധം സുഗ്രാഹ്യവും സരളവുമായ ഒരു തത്വമാണ്. പൂർവ്വിക മുസ്ലിംകൾ നിർബന്ധിതരായതിനാലാണ് യുദ്ധം ചെയ്തതെന്നു അതു പ്രഖ്യാപിക്കുന്നു. ആക്രമണാത്മകവും വെട്ടിപ്പിടുത്തത്തിന്നുള്ളതുമായ യുദ്ധങ്ങളെ ഇസ്ലാം വിരോധിച്ചിരിക്കുന്നു. മുസ്ലിംകൾക്ക് രാഷ്ട്രീയാധികാരം ലഭിക്കുമെന്നുള്ള വാഗ്ദത്തങ്ങളുണ്ടെങ്കിലും രാഷ്ട്രീയാധികാരത്തെ ഉപയോഗപ്പെടുത്തേണ്ടതു സ്വാർത്ഥം പുലർത്താനല്ല മറിച്ച്, സാധുക്കളുടെ ഉന്നമനത്തിന്നും രാഷ്ട്രത്തിന്റെ ഉൽകർഷത്തിന്നും സമാധാനത്തിന്റെ സംസ്ഥാപനത്തിന്നുമായിരിക്കണം എന്നത്രെ അതു നിഷ്കർഷിക്കുന്നത്.

2. ഖുർആൻ 2-ാം അധ്യായത്തിൽ ഇപ്രകാരം പറയുന്നു: ''നിങ്ങളോടു യുദ്ധം ചെയ്യുന്നവരോടു ദൈവമാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുവിൻ. എന്നാൽ, അതിക്രമിക്കരുത്. നിശ്ചയമായും അല്ലാഹു അതിക്രമകാരികളെ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ (യുദ്ധത്തിൽ) അവരെ കാണുന്നേടത്തുവച്ചെല്ലാം നിഗ്രഹിക്കുക. അവർ നിങ്ങളെ ആട്ടിയോടിച്ചേടത്തുനിന്ന് നിങ്ങൾ അവരെയും അടിച്ചോടിക്കുക. എന്തെന്നാൽ കുഴപ്പമുണ്ടാക്കൽ കൊലയെക്കാൾ ഭയങ്കരമാണ്. എന്നാൽ, പരിശുദ്ധ (കഅബാ) ദൈവാലയത്തിൽവെച്ചോ അതിന് സമീപത്തുവെച്ചോ, അവർ യുദ്ധം ചെയ്യോളം നിങ്ങൾ യുദ്ധം ചെയ്യല്ല! അവർ ചെയ്താലോ, നിങ്ങളും യുദ്ധം ചെയ്യുവിൻ! ഇതു തന്നെയാണ് അവിശ്വാസികൾ ക്കുള്ള പ്രതിഫലം. എന്നാൽ, അവർ പിന്തിരിയുകയാണെങ്കിൽ, നിശ്ചയമായും അല്ലാഹു അങ്ങേയറ്റം പൊറുത്തുകൊടുക്കുന്നവനും കാരുണ്യവാനുമാകുന്നു. മർദ്ദനം അവസാനിക്കുന്നതുവരെയും മതാനുഷ്ഠാനം അല്ലാഹുവിന്നുവേണ്ടി മാത്രമായിരിക്കുന്നതുവരേയും നിങ്ങളവരോടു പൊരുതുവിൻ. എന്നാൽ, അവർ പിന്തിരിയുകയാണെങ്കിൽ അക്രമികൾക്കെതിരായിട്ടല്ലാതെ ശത്രുത്വം അരുതെന്നോർക്കുവിൻ.'' (2:191-194)

യുദ്ധം ദൈവമാർഗ്ഗത്തിൽ മാത്രമെ ചെയ്യുവാൻ പാടുള്ളു. നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടിയോ, കോപാവേശത്തിനു വശംവദരായിട്ടോ, സ്വാർത്ഥലാഭം ഉദ്ദേശിച്ചോ യുദ്ധം ചെയ്തുകൂടാത്തതാണ്. മാത്രമല്ല,

അതിക്രമം പ്രവർത്തിക്കാനും പാടുള്ളതല്ല. എന്തെന്നാൽ അതിക്രമ ങ്ങളെ ദൈവം ഇഷ്ടപ്പെടുന്നില്ല. യുദ്ധം രണ്ടു വിഭാഗങ്ങൾ തമ്മിലായി രിക്കുമ്പോൾ, വ്യക്തികൾക്ക് നേരെയുള്ള കയ്യേറ്റങ്ങൾ പൊറുപ്പിക്കാവ തല്ല. ഒരു മതത്തിന്നെതിരായുള്ള ആക്രമണത്തെ ശരിക്കും തടുക്കേണ്ട താകുന്നു. എന്തെന്നാൽ, അത്തരം ആക്രമണങ്ങൾ രക്തച്ചൊരിച്ചിലി നെക്കാളും കടുത്ത കുറ്റമാണ്. പരിശുദ്ധമായ (കഅബാ) ദൈവാലയ ത്തിന്നരികിൽ വച്ചുപോലും മുസ്ലിംകൾ യുദ്ധം ചെയ്യാൻ പാടുള്ളത ല്ല, ശത്രുവിന്റെ ഭാഗത്ത് നിന്ന് ആദ്യമായി ആക്രമണം ഉണ്ടായാലല്ലാ തെ. എന്തെന്നാൽ, അതു ഹജ്ജ് അനുഷ്ഠിക്കുവാനുള്ള പൊതുഅവ കാശത്തെ ബാധിക്കുന്നതാണ്. എന്നാൽ, ശത്രു ആക്രമിക്കപ്പെടുകയാ ണെങ്കിൽ അവിടെ വെച്ചും മുസ്ലിംകൾക്ക് പ്രതികാരം ചെയ്യാവുന്ന താണ്. അക്രമത്തിന്നുള്ള ശരിയായ പ്രതിഫലം അതുതന്നെയാണ ല്ലോ. പക്ഷേ, ശത്രു പിൻവാങ്ങുന്നപക്ഷം മുസ്ലിംകളും പിന്തിരിയുക യും കഴിഞ്ഞതെല്ലാം പൊറുക്കുകയും മറക്കുകയും വേണം. മതപര മായ മർദ്ദനങ്ങൾ അവസാനിക്കുവോളം മതസ്വാതന്ത്ര്യം കൈവരുന്നതു വരെയും യുദ്ധം തുടരേണ്ടതാകുന്നു. ദീൻ ദൈവത്തിനുള്ളതത്രെ. മത ത്തിൽ നിർബന്ധമോ സമ്മർദ്ദമോ പാടില്ല. അവിശ്വാസികൾ തങ്ങളുടെ അതിക്രമത്തിൽ നിന്ന് പിന്തിരിയുകയും മതസ്വാതന്ത്ര്യം പ്രഖ്യാപിക്കു കയും ചെയ്യുകയാണെങ്കിൽ അവർക്കെതിരായി യുദ്ധം ചെയ്യുന്നതിൽ നിന്ന് മുസ്ലിംകളും പിന്തിരിയേണ്ടിയിരിക്കുന്നു. അതിക്രമം പ്രവർത്തി ക്കുന്നവർക്കെതിരായിട്ടത്രെ ആയുധമെടുക്കാൻ അനുവദിക്കപ്പെട്ടിരിക്കു ന്നത്. അതിക്രമം അവസാനിച്ചാൽ യുദ്ധവും അവസാനിക്കണം.

മേൽ ഖുർആൻ വാക്യങ്ങൾ താഴെ പറയുന്ന നിയമങ്ങളാണ് നമുക്ക് പഠിപ്പിച്ചുതരുന്നത്.

(1) ദൈവ മാർഗ്ഗത്തിൽ മാത്രമെ യുദ്ധം ചെയ്യാൻ പാടുള്ളൂ. സ്വാർത്ഥ പരമായ ഉദ്ദേശങ്ങളെ മുൻനിർത്തിയോ കീർത്തിക്കുവേണ്ടിയോ, മറ്റെ ന്തെങ്കിലും താല്പര്യങ്ങളെ പുലർത്താനോ യുദ്ധം ചെയ്തുകൂടാ.

(2) മുസ്ലിംകൾ അവരെ ആദ്യമായി ആക്രമിച്ചവർക്കെതിരായിട്ടു മാത്രമെ യുദ്ധം ചെയ്യുവാൻ പാടുള്ളൂ.

(3) മുസ്ലിംകളോടു യുദ്ധം ചെയ്യുന്നവർക്കെതിരായിട്ടു മാത്രമെ മുസ്ലിംകളും യുദ്ധം ചെയ്യാൻ പാടുള്ളൂ.

(4) ശത്രു ആക്രമണം ആരംഭിച്ചാലും യുദ്ധത്തെ അതിന്റെ അതിർത്തി കളിലൊതുക്കി നിർത്തേണ്ടത് നമ്മുടെ കടമയായിരിക്കും. യുദ്ധം ഭൂപര മായോ ആയുധങ്ങളുടെ കാര്യത്തിലോ വികസിപ്പിക്കുന്നത് തെറ്റാണ്.

(5) ശത്രു അവന്റെ ഭാഗത്ത് യുദ്ധം ചെയ്യാൻ ചുമതലപ്പെടുത്തീട്ടുള്ള

ക്രമീകൃത സേനയോടു മാത്രമെ പൊരുതാവൂ. ശത്രു ഭാഗത്തുള്ള ഏതൊരാളുമായും പൊരുതിക്കൂടാത്തതുമാണ്.

(6) യുദ്ധത്തിൽ മതപരമായ എല്ലാ കർമ്മങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പരിരക്ഷ നൽകേണ്ടതാണ്. മതപരമായ കർമ്മങ്ങൾ നടക്കുന്നേടത്ത് ശത്രു ആക്രമണം ഒഴിവാക്കുന്നവക്ഷം മുസ്ലിംകളും അത്തരം ക്ഷേത്രങ്ങളുടെ ശാന്തിയെ ഭഞ്ജിക്കാതിരിക്കേണ്ടതാണ്.

(7) ശത്രു ആരാധനാലയത്തെ ആക്രമണ സന്നാഹങ്ങൾക്കുള്ള കേന്ദ്രമാക്കുകയാണെങ്കിൽ അതിന്റെ നേരെ പ്രത്യാക്രമണം നടത്താവുന്നതാണ്. മുസ്ലിംകൾ അങ്ങനെ ചെയ്യുന്നപക്ഷം അവർക്ക് കുറ്റമേൽക്കേണ്ടിവരില്ല. പുണ്യസ്ഥലങ്ങൾക്കടുത്തുവെച്ചുപോലും യുദ്ധം ചെയ്യാൻ പാടില്ലാത്തതാണ്. പുണ്യസ്ഥലങ്ങളെ ആക്രമിക്കുകയോ അവയെ നശിപ്പിക്കുകയോ അവയ്ക്കെന്തെങ്കിലും ഹാനിവരുത്തുകയോ ചെയ്യുന്നത് വിരോധിക്കപ്പെട്ടിരിക്കുന്നു. ആക്രമണത്തിന്നുള്ള കോപ്പുകൂട്ടാനുള്ള കേന്ദ്രമാക്കപ്പെട്ട പുണ്യസ്ഥലം പ്രത്യാക്രമണത്തെ ക്ഷണിച്ചുവരുത്തുകയേയുള്ളുവല്ലോ. അപ്പോൾ ആ സ്ഥലം ആക്രമിക്കപ്പെടുന്നതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ശത്രുവിന്നായിരിക്കും. മുസ്ലിംകൾക്കല്ല.

(8) ഒരു ദേവാലയത്തെ സമരകേന്ദ്രമായി ഉപയോഗപ്പെടുത്തുന്നതിലുള്ള ആബദ്ധ്യവും ആപത്തും ശത്രു മനസ്സിലാക്കിക്കൊണ്ടു സമരമുഖം മാറ്റുകയാണെങ്കിൽ, മുസ്ലിംകളും ആ മാറ്റത്തിന്നനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ശത്രു പുണ്യസ്ഥലത്ത് വെച്ച് ആദ്യം ആക്രമണം നടത്തിയെന്നതുകൊണ്ടുമാത്രം ആ പുണ്യസ്ഥലത്തെ ആക്രമിക്കുന്നതിന്ന് ഒരുങ്ങിക്കൂടാ. സമരമുഖം ശത്രു മാറ്റുന്നുവെങ്കിൽ പുണ്യസ്ഥലത്തോടുള്ള ആദരം ഓർത്തു മുസ്ലിംകളും ഉടനെ മാറ്റുകയാണ് വേണ്ടത്.

(9) മതകാര്യങ്ങളിൽ അനാവശ്യമായി ഇടപെടുകയും മതസ്വാതന്ത്ര്യത്തെ അപകടത്തിലാക്കുകയും ചെയ്യുന്നേടത്തോളം മാത്രമെ അവിശ്വാസികളോടും യുദ്ധം തുടരാൻ പാടുള്ളു. മതസ്വാതന്ത്ര്യം ലഭിക്കുകയും മതത്തിലിടപെടുകയില്ലെന്ന് ഉറപ്പുവരുത്തുകയും ശത്രു അപ്രകാരമുള്ള പ്രഖ്യാപനം പുറപ്പെടുവിക്കുകയും ചെയ്തുകഴിഞ്ഞാൽ യുദ്ധം അവസാനിപ്പിക്കേണ്ടതാണ്. ആ യുദ്ധം ശത്രു ആരംഭിച്ചതായാലും ശരി.

3. ഖുർആൻ 8-ാം അധ്യായത്തിൽ ഇപ്രകാരം പറയുന്നു: "അവിശ്വാസികളോടു പറയുക: അവർ പിന്തിരിയുകയാണെങ്കിൽ കഴിഞ്ഞതെല്ലാം അവർക്ക് പൊറുത്തു കൊടുക്കപ്പെടും. എന്നാൽ, അവർ അതിലേയ്ക്ക് തന്നെ മടങ്ങുകയാണെങ്കിൽ പൂർവ്വികന്മാരുടെ അനുഭവ മാതൃകകൾ അവരുടെ മുമ്പിലുണ്ട്. മതകാര്യത്തിൽ യാതൊരു ഭീഷണിയും ഇല്ലാതിരിക്കുന്നതുവരെയും മതം ദൈവത്തിന്നു മാത്രമായുള്ളതായിരിക്കു

ന്നതുവരെയും നിങ്ങൾ യുദ്ധം ചെയ്യുവിൻ. എന്നാൽ, അവർ പിന്മാറുകയാണെങ്കിൽ, അവർ ചെയ്യുന്നതെന്തോ അതിൽ അല്ലാഹു സൂക്ഷ്മദൃക്കാണ്. അവർ പിന്തിരിയുകയാണെങ്കിൽ അറിഞ്ഞുകൊൾവിൻ അല്ലാഹുവത്രെ നിങ്ങളുടെ രക്ഷിതാവ്. എത്ര മഹത്തരനായ രക്ഷിതാവ്! എത്ര മഹത്വപൂർണ്ണനായ സഹായകൻ!'' (8:39-41)

യുദ്ധം എപ്പോഴും മുസ്‌ലിംകളുടെ മേൽ അടിച്ചേല്പിക്കപ്പെടുകയാണുണ്ടായത്. എന്നാൽ, ശത്രു പിന്തിരിയുകയാണെങ്കിൽ മുസ്‌ലിംകളും പിന്തിരിയുകയും കഴിഞ്ഞതെല്ലാം മറക്കുകയും വേണം. എന്നാൽ, ശത്രു പിന്മാറാതിരിക്കുകയും പിന്നെയും പിന്നെയും ആക്രമിക്കുകയുമാണെങ്കിൽ അവൻ പൂർവ്വപ്രവാചകന്മാരുടെ ശത്രുക്കൾക്കുണ്ടായ അനുഭവങ്ങൾ ഓർത്തുകൊള്ളട്ടെ. മതപരമായ മർദ്ദനങ്ങൾ തുടരുന്നേടത്തോളം മുസ്‌ലിംകൾ യുദ്ധം ചെയ്യണം. മതം ദൈവത്തിന്നുള്ളതല്ലാതിരിക്കയും മതകാര്യങ്ങളിൽ കയ്യിടുന്നത് ഉപേക്ഷിക്കാതിരിക്കയും ചെയ്യുന്നതുവരെ മുസ്‌ലിംകൾ യുദ്ധം ചെയ്തുകൊള്ളണം. അക്രമി പിന്തിരിയുകയാണെങ്കിൽ മുസ്‌ലിംകളും പിന്തിരിയണം. ശത്രു അസത്യമതത്തിൽ വിശ്വസിക്കുന്നു എന്നതുകൊണ്ടു മാത്രം യുദ്ധം തുടർന്നു നടത്തിക്കൂടാ. മതപരമായ വിശ്വാസങ്ങളുടെയും പ്രവൃത്തികളുടെയും വില കണക്കാക്കുന്നതു അല്ലാഹുവാണ്. അവൻ ഇച്ഛിക്കുന്നതിൻവണ്ണം അതിനു പ്രതിഫലം നല്കും, ഇതരമതങ്ങൾ അസത്യങ്ങളാണെന്നതുകൊണ്ടുമാത്രം അതിൽ കയ്യിടാൻ മുസ്‌ലിംകൾക്ക് അവകാശം ലഭിക്കുന്നില്ല. സന്ധിചെയ്യാനുള്ള അവസരം നൽകപ്പെട്ടിട്ടും ശത്രു യുദ്ധം തുടരാൻ തന്നെയാണ് ആഗ്രഹിക്കുന്നതെങ്കിൽ വിജയത്തിൽ മുസ്‌ലിംകൾക്കു വിശ്വാസം കൊള്ളാവുന്നതാണ്. അവർ എണ്ണത്തിൽ എത്രതന്നെ കുറഞ്ഞവരായാലും. എന്തെന്നാൽ, ദൈവം അവരെ സഹായിക്കുന്നതായിരിക്കും. അല്ലാഹുവിനേയ്ക്കാളധികം ആർക്കാണ് സഹായം നല്കാൻ കഴിയുക?

ബദർ യുദ്ധം സംബന്ധിച്ചാണ് മേൽ ദൈവവാക്യങ്ങൾ ഇറങ്ങിയത്. മുസ്‌ലിംകളും അവിശ്വാസികളും തമ്മിലുണ്ടായ ഒന്നാമത്തെ ശരിക്കുള്ളയുദ്ധം അതായിരുന്നു. യാതൊരു പ്രകോപനവും കൂടാതെ മുസ്‌ലിംകൾ ആക്രമിക്കപ്പെടുകയുണ്ടായത്. മദീനയിലും പരിസരത്തിലുമുള്ള സമാധാനജീവിതത്തെ അപകടപ്പെടുത്തുവാനുള്ള ഉദ്ദേശത്തോടെ ശത്രുക്കൾ കടന്നാക്രമിക്കുവാൻ തീരുമാനിച്ചു. എന്നിട്ടും മുസ്‌ലിംകൾക്കുതന്നെ അതിൽ വിജയം ലഭിക്കുകയും പ്രഗത്ഭരായ ശത്രു നേതാക്കൾ കൊല്ലപ്പെടുകയും ചെയ്തു. പ്രകോപനം കൂടാതെയുള്ള ഇത്തരം അക്രമങ്ങളെ പ്രത്യാക്രമണം മുഖേന പിന്തിരിപ്പിക്കുന്നത് സ്വാഭാവിക

വും നീതിയുക്തവും ആവശ്യവും തന്നെയാണല്ലോ. എന്നാലും, ശത്രു വെടിനിർത്തിയാൽ യുദ്ധം നിർത്തണമെന്നാണ് മുസ്‌ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും നൽകുമെന്നു ഉറപ്പുനൽകുകമാത്രമെ ശത്രു ചെയ്യേണ്ടതുള്ളു.

4. എട്ടാം അധ്യായത്തിൽ വീണ്ടും പറയുന്നു: ''അവർ സമാധാനത്തിന്നു സന്നദ്ധരായാൽ നീയും അതിന്നൊരുങ്ങുക. നിശ്ചയമായും അല്ലാഹു ഏറ്റവും കേൾക്കുന്നവനും ഏറ്റവും അറിയുന്നവനുമാകുന്നു. എന്നാൽ, അവർ നിന്നെ ചതിയ്ക്കാൻ ശ്രമിക്കുകയാണെങ്കിൽ അല്ലാഹു നിനയ്ക്കു മതിയായവനത്രെ. വിശ്വാസികളുടെ സഹായത്തോടെ നിന്നെ ശക്തവാനാക്കിയതു അവനല്ലോ.'' (8:62-63)

യുദ്ധം നടന്നുകൊണ്ടിരിക്കെ, അവിശ്വാസികൾ സന്ധിചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ മുസ്‌ലിംകൾ ഉടനെ ആ അഭ്യർത്ഥന സ്വീകരിച്ചു വെടിനിർത്താനൊരുങ്ങേണ്ടതാണ്. ചതിയ്ക്കിരയാകുമെന്ന സംശയം പരിഗണിക്കാതെതന്നെ അതിനൊരുങ്ങണം. അവർ ദൈവത്തിൽ വിശ്വാസമർപ്പിക്കുകയാണ് വേണ്ടത്. ദൈവത്തിന്റെ സഹായത്തിൽ വിശ്വസിക്കുന്ന യഥാർത്ഥ മുസ്‌ലിംകൾക്കെതിരിൽ ചതി വിലപ്പോകയില്ല. എന്തെന്നാൽ, അവരുടെ വിജയം യഥാർത്ഥത്തിൽ അവർക്കുള്ളതല്ല. ദൈവത്തിനുള്ളതത്രെ. ഏറ്റവും അപകടപൂർണ്ണവും ഇരുൾമുറ്റിയതുമായ ഘട്ടങ്ങളിൽ ദൈവം തിരുനബിയുടെയും അനുചരന്മാരുടെയും ഒപ്പം നിന്നിട്ടുണ്ട്. ആകയാൽ ഏതു വഞ്ചനയ്ക്കെതിരായും ദൈവം മുസ്‌ലിംകളോടൊപ്പമുണ്ടാകും. ആകയാൽ, സമാധാനത്തിന്നുള്ള അഭ്യർത്ഥന സ്വീകരിക്കപ്പെടേണ്ടതാണ്. പുതിയ ആക്രമണത്തിന്നു സമയം കിട്ടാൻ വേണ്ടിയുള്ള ഒരു തന്ത്രം മാത്രമാണെന്നു കരുതി അതങ്ങുതള്ളിക്കളയരുത്.

സന്ധിയെക്കുറിച്ചു പ്രസ്തുത വാക്യത്തിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ഹുദൈബിയായിൽ വെച്ചു പിന്നീടു നടന്ന സന്ധിയെക്കുറിച്ചാണ് ഇവിടെ ദീർഘദർശനം ചെയ്യപ്പെട്ടിരിക്കുന്നത്. ശത്രു സന്ധിചെയ്യാൻ വട്ടംകൂട്ടുന്ന സമയം വരാൻ പോകുന്നുണ്ടെന്നു നബി തിരുമേനിയ്ക്കും മുൻകൂട്ടി അറിവു നൽകുകയും തിരുനബിയെ ഉണർത്തുകയും ചെയ്തിരിക്കുകയാണ്. ശത്രു ആക്രമണം നടത്തുകയും നിഷ്ഠൂരതകൾ കാട്ടുകയും ചെയ്തിട്ടുണ്ടെന്നതിനാൽ വിശ്വസിക്കാൻ കൊള്ളില്ലെന്നു കരുതി സമാധാനാഭ്യർത്ഥനകളെ തള്ളിക്കളയരുതെന്നു ഈ വാക്യത്തിൽ തിരുനബി ഉൽബോധിപ്പിക്കപ്പെട്ടിരിക്കുന്നു. യുദ്ധം നടന്നുകൊണ്ടിരിക്കെ സന്ധിചെയ്യാനുള്ള അഭ്യർത്ഥനയെ സ്വീകരിക്കുവാൻ മടിക്കരുതെന്നാണ് ഇസ്‌ലാം ഒരു മുസ്‌ലിമിനോടു ആവശ്യ

പ്പെടുന്നത്. അതു സ്വീകരിക്കുന്നതാണ് ഭക്തിയും നയവും എന്നു മന സ്സിലാകുന്നു.

ഖുർആൻ 4-ാം അധ്യായത്തിൽ ഇങ്ങനെ പറയുന്നു: ‘‘അല്ലയോ വിശ്വാ സികളെ! അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ പുറപ്പെടുമ്പോൾ നല്ല വണ്ണം ആരായുവിൻ നിങ്ങൾക്ക് സലാം (സമാധാനം) ആശംസിക്കുന്ന ഒരാളോടു ‘നീ ഒരു വിശ്വാസിയല്ല’ എന്നു നിങ്ങൾ പറയൊല്ല! നിങ്ങൾ ഇഹലോകത്തിലെ വിഭവങ്ങൾ കാംക്ഷിക്കുന്നു. എന്നാൽ, അല്ലാഹു വിന്റെ പക്കലല്ലോ സമൃദ്ധമായ വിഭവങ്ങൾ. നിങ്ങൾ മുമ്പ് ഇപ്രകാര മായിരുന്നു; എന്നാൽ, അല്ലാഹു നിങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞു. ആകയാൽ വ്യക്തമായി ആരാഞ്ഞറിയുവിൻ. നിശ്ചയമായും നിങ്ങ ളെന്തു ചെയ്യുന്നു എന്നു അല്ലാഹു നല്ലവണ്ണം അറിയുന്നു.’’ (4:95)

യുദ്ധത്തിന്റെ അനാവശ്യകത ശത്രുവിന്നു നല്ലപോലെ വ്യക്തമാക്കി ക്കൊടുത്തിട്ടും ശത്രു അതിന് നിർബ്ബന്ധിക്കുകയാണെന്നു യുദ്ധത്തിന്നു പുറപ്പെടുന്നതിന്നു മുമ്പ് ബോധ്യപ്പെട്ടിരിക്കേണ്ടതാണെന്ന് മുസ്‌ലിം കൾ ഇവിടെ നിഷ്കർഷിക്കപ്പെട്ടിരിക്കുകയാണ്. ഏതു നിലയിലും,ഒരു വ്യക്തിയിൽനിന്നോ വിഭാഗത്തിൽനിന്നോ സമാധാനത്തിന്നുള്ള നിർ ദ്ദേശം ഉന്നയിക്കപ്പെട്ടാൽ അതു ആത്മാർത്ഥമല്ലെന്നു പറഞ്ഞു തള്ളി ക്കളയാൻ പാടുള്ളതല്ല, മുസ്‌ലിംകൾ അങ്ങനെ തള്ളിക്കളയുന്നപക്ഷം അവർ ദൈവമാർഗ്ഗത്തിലല്ല യുദ്ധം ചെയ്യുന്നത്. മറിച്ചു, തങ്ങളുടെ മേ ന്മ വളർത്താനും ഭൗതിക നേട്ടങ്ങൾക്ക് വേണ്ടിയും മാത്രമായിരിക്കും. മതം ദൈവത്തിൽ നിന്നുള്ളതാണെന്നപോലെ ഭൗതികനേട്ടങ്ങളും കീർ ത്തി മഹിമകളും എല്ലാം ദൈവത്തിൽനിന്നാണ് വരുന്നത്. കൊല്ലു കൊലകളായിരിക്കരുത് ഉന്നം. ഇന്ന് കൊല്ലാൻ ഉദ്ദേശിക്കപ്പെട്ടവർ നാളെ സന്മാർഗ്ഗത്തിൽ ചരിച്ചെന്നുവരും. അല്ലാഹു ഇച്ഛിച്ചിരുന്നില്ലെങ്കിൽ മുസ് ലിംകൾക്ക് തന്നെയും മുസ്‌ലിംകളായിത്തീരാനും അനുഗ്രഹാവകാ ശികളാകാനും സാധിക്കുമായിരുന്നുവോ? മുസ്‌ലിംകൾ കൊലനടത്ത രുത്. രക്ഷിക്കപ്പെടുന്ന ഓരോ ജീവിനും നേർവഴിയിൽ നയിക്കപ്പെട്ടേ ക്കാം. മനുഷ്യൻ എന്താണ് ചെയ്യുന്നതെന്നും ഓരോ ആളുടെയും ല ക്ഷ്യവും ഉദ്ദേശ്യവും എന്താണെന്നും അല്ലാഹു നല്ലവണ്ണം അറിയുന്നു.

യുദ്ധം ആരംഭിച്ചുകഴിഞ്ഞാലും ശത്രു ആക്രമണത്തിന്നു വട്ടം കൂട്ടു ന്നുണ്ടെന്ന് മുസ്‌ലിംകൾക്ക് ശരിക്കും ബോദ്ധ്യംവരണം. ആക്രമണം ഉദ്ദേശിച്ചിട്ടേ ഇല്ലെന്നും ഉൽക്കണ്ഠയും ഭീതിയും നിമിത്തം യുദ്ധത്തി ന്നു തയ്യാറെടുക്കുക മാത്രമാണെന്നും വരാവുന്നതാണ്. ശത്രു അക്രമ പരമായ മുന്നേറ്റത്തിന്നു പ്ലാനിട്ടിരിക്കുകയാണെന്ന് നല്ലവണ്ണം ബോധ്യ പ്പെടുന്നതുവരെ മുസ്‌ലിംകൾ യുദ്ധത്തിന്ന് ഒരുങ്ങിപ്പുറപ്പെടാൻ പാടി

ല്ല. ശത്രു പിന്മാറുന്നപക്ഷം തങ്ങൾ സ്വയം രക്ഷയ്ക്കുള്ള സന്നാഹങ്ങൾ ചെയ്കയേ ചെയ്തിട്ടുള്ളുവെന്ന് അവർ അവകാശപ്പെടുന്നപക്ഷം, ആ ന്യായവാദം അംഗീകരിച്ചു യുദ്ധത്തിൽനിന്നു ഒഴിഞ്ഞു നിൽക്കണം. ശത്രു ആക്രമണത്തിന്നു തന്നെയാണ് ഒരുക്കം കൂട്ടുന്നതെന്നു അവർ വാദിച്ചു നിൽക്കരുത്. ആക്രമണത്തിന്നു ഉദ്ദേശിച്ചിരുന്നെങ്കിൽ കൂടി ആ ഉദ്ദേശ്യത്തിൽനിന്നു പിൻമാറിക്കഴിഞ്ഞു. ആലോചനകളും മാറിക്കൊണ്ടിരിക്കാമല്ലോ. ഇസ്ലാമിന്റെ കഠിന ശത്രുക്കൾ അതിന്റെ ഉറ്റ സുഹൃത്തുക്കളായിത്തീർന്നിട്ടില്ലേ?

കരാർ വ്യവസ്ഥകളുടെ അലംഘനീയതയെപറ്റി ഖുർആൻ പറയുന്നു:

''നിങ്ങൾ കരാറിൽ ഏർപ്പെടുകയും പിന്നീട് (ആ വ്യവസ്ഥകളിൽ) നിങ്ങൾക്ക് കുറവു വരുത്താതിരിക്കുകയും, നിങ്ങൾക്കെതിരായി ആരെയും സഹായിക്കാതിരിക്കുകയും ചെയ്തിട്ടുള്ള 'മുശ്രിക്കു'കൾ (വിഗ്രഹാരാധകർ) ഒഴികെ. ആകയാൽ, ഇവരോടു ചെയ്തിട്ടുള്ള കരാർ നിബന്ധനകൾ കാലാവധിവരെ പാലിച്ചുകൊൾവിൻ, നിശ്ചയമായും അല്ലാഹു ഭയഭക്തിയുള്ളവരെ സ്നേഹിക്കുന്നു.'' (ഖുർആൻ 9:4).

മുസ്ലിംകളുമായി കരാറുണ്ടാക്കുകയും ആ കരാർ വ്യവസ്ഥകൾ പാലിക്കുകയും മുസ്ലിംകൾക്കെതിരായി ശത്രുക്കളെ സഹായിക്കാതിരിക്കുകയും ചെയ്യുന്ന വിഗ്രഹാരാധകരോടും ബഹുദൈവവിശ്വാസികളോടും മുസ്ലിംകൾ അങ്ങോട്ടും തുല്യരീതിയിൽ പെരുമാറണം. അക്ഷരത്തിലും അർത്ഥത്തിലും കരാർ വ്യവസ്ഥകൾ പാലിക്കേണ്ടത് ഭയഭക്തിയുള്ള മുസ്ലിംകൾക്ക് ഒഴിച്ചുകൂടാത്തതാണ്.

മുസ്ലിംകളുമായി യുദ്ധത്തിലേർപ്പെട്ടിട്ടുള്ളവരും ഇസ്ലാംമത സന്ദേശം പഠിക്കാനാഗ്രഹിക്കുന്നവരുമായ ശത്രുക്കളെപറ്റി ഖുർആൻ ആജ്ഞാപിക്കുന്നത് ഇതാണ്:

''വിഗ്രഹാരാധകരിൽപെട്ട ഒരാൾ നിന്നോടു അഭയയാചന ചെയ്താൽ അഭയം നൽകുവിൻ. അല്ലാഹുവിന്റെ വചനം അയാൾ കേൾക്കുമാറാൻ തന്നെ. പിന്നീട് അയാളെ രക്ഷാസ്ഥാനത്തെത്തിക്കുവിൻ. എന്തെന്നാൽ, അവർ അറിവില്ലാത്ത ഒരു ജനമത്രെ.'' (9:6)

മുസ്ലിംകളുമായി യുദ്ധത്തിലേർപ്പെട്ടവരിൽപെട്ട ആരെങ്കിലും ഇസ്ലാമിനെ കുറിച്ചു പഠിക്കുവാനും അതിന്റെ സന്ദേശത്തെപ്പറ്റി ചിന്തിക്കുവാനുംവേണ്ടി അഭയയാചനയുമായി സമീപിച്ചാൽ അതിന്നാവശ്യമായത്ര സമയംവരെ മുസ്ലിംകൾ അയാൾക്ക് അഭയം നൽകേണമെന്നാണ് ഖുർആൻ ഇവിടെ അനുശാസിച്ചിരിക്കുന്നത്.

യുദ്ധത്തടവുകാരെപ്പറ്റി ഖുർആൻ ഇപ്രകാരം പറയുന്നു:

“ഭൂമിയിൽ ശരിക്കുള്ള യുദ്ധത്തിൽ ഏർപ്പെടുന്നതുവരെ ആരെയെങ്കിലും തടവുകാരായി പിടിക്കുന്നത് ഒരു പ്രവാചകന്നു ചേർന്നതല്ല. ഈ ലോകത്തിലെ വിഭവങ്ങൾ നിങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങൾക്കായി പരലോകത്തെ ആഗ്രഹിക്കുന്നു. അല്ലാഹു പ്രതാപവാനും ജ്ഞാനിയും അത്രേ.” (8:68)

രക്തച്ചൊരിച്ചിലിനിടയാക്കുന്ന ശരിയായ ഒരു യുദ്ധം കാരണമാക്കിയല്ലാതെ ശത്രുക്കളെ തടവുകാരായി പിടിക്കുവാൻ പ്രവാചകന്നു പാടുള്ളതല്ല. ഇസ്‌ലാമിന്റെ ആവിർഭാവംവരെയും അതിനുശേഷവും പ്രയോഗത്തിലുണ്ടായിരുന്നതുപോലെ യുദ്ധമോ രക്തച്ചൊരിച്ചലോ ഉണ്ടാകാതെ തന്നെ ശത്രുക്കളെ തടവുകാരായി പിടിക്കുന്ന സമ്പ്രദായം ഇതുവഴി നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നു. നേരിട്ടുള്ള യുദ്ധത്തിൽ ഏർപ്പെട്ടവരെയും യുദ്ധത്തിന്നുശേഷവും മാത്രമെ തടവുകാരായി പിടിക്കാൻ പാടുള്ളു.

തടവുകാരെ വിട്ടയക്കുന്നതിന്നുള്ള നിയമങ്ങളും ഖുർആൻ നിർദ്ദേശിച്ചിട്ടുണ്ട്. അതു പറയുന്നു:

“പിന്നീട്, അവരെ ഒരു ഔദാര്യം എന്ന നിലയിലോ മോചനമൂല്യം വസൂലാക്കിയിട്ടോ വിട്ടയക്കുവിൻ. യുദ്ധത്തിന്റെ ഭാരം ഇറക്കിവെക്കപ്പെടുന്നതുവരെ” (ഖുർആൻ 47:5)

ഇസ്‌ലാംമത തത്വപ്രകാരം മോചനമൂല്യം ഒന്നും വാങ്ങാതെ യുദ്ധത്തടവുകാരെ വിട്ടയക്കുന്നതാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. എന്നാൽ, ഇതു എപ്പോഴും സാദ്ധ്യമായി വരില്ലെന്നതിനാൽ മോചനമൂല്യം വാങ്ങി വിട്ടയക്കുന്നതിന്നും അനുവാദം നൽകിയിരിക്കുന്നു.

മോചനമൂല്യം നൽകാൻ സാധിക്കാത്തവരും, അതു നൽകാൻ കഴിവുള്ളവരോ സന്നദ്ധരോ ആയ ബന്ധുജനങ്ങളില്ലാത്തവരും ആണ് യുദ്ധത്തടവുകാരെങ്കിൽ അത്തരക്കാരുടെ മോചനത്തിന്നുള്ള ഉപാധികളും ഖുർആനിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും മോചനമൂല്യം നൽകാൻ കഴിവുള്ള ബന്ധുക്കളുണ്ടാകുമെങ്കിലും, അവർ തടവുകാരുടെ അസാന്നിദ്ധ്യത്തിൽ സ്വത്തുക്കളും മുതലുകളും കൈകാര്യം ചെയ്യാനുള്ള ഉദ്ദേശ്യമുള്ളവരും തടവിൽ കഴിഞ്ഞുകൊള്ളുന്നതിന്നു ആഗ്രഹിക്കുന്നവരുമായിക്കാം. അത്തരക്കാർക്കുള്ള ഉപാധി ഖുർആൻ ഇപ്രകാരം നിർദ്ദേശിക്കുന്നു.

“അടിമകളിൽ ആരെങ്കിലും ഒരു മോചനരേഖ ആവശ്യപ്പെടുന്നുവെങ്കിൽ, അവർക്കായി അതെഴുതിക്കൊടുക്കുവിൻ, അവരിൽ എന്തെങ്കി ലും നന്മ നിങ്ങൾ കാണുന്നു എങ്കിൽ, അല്ലാഹു നിങ്ങളിൽ അനുഗ്രഹിച്ചരുളിയ അല്ലാഹുവിന്റെ മുതലിൽ നിന്നു നിങ്ങൾ അതു നൽകുവിൻ.”

(ഖുർആൻ 24:34)

മോചനമൂല്യം കൂടാതെ വിട്ടയക്കപ്പെടാൻ അർഹതയുള്ളവരും, എന്നാൽ മോചനമൂല്യം നല്കാൻ ബന്ധപ്പെട്ടവരാരും തന്നെ ഇല്ലാത്തവരും ആയ തടവുകാർ (അടിമകൾ) സ്വാതന്ത്ര്യം ആവശ്യപ്പെടുന്നുവെങ്കിൽ, ജോലിയെടുത്തു സമ്പാദിക്കാൻ അനുവദിക്കപ്പെടുന്ന പക്ഷം മോചന മൂല്യം നൽകുമെന്ന വ്യവസ്ഥയിൽ രേഖ എഴുതിവാങ്ങിച്ചു വിട്ടയക്കാവുന്നതാണ്. എന്നാൽ, അവർ ജോലിയെടുത്തു വരുമാനമുണ്ടാക്കാൻ പ്രാപ്തിയുള്ളവരാണെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം മാത്രമെ അങ്ങനെ ചെയ്യാൻ പാടുള്ളു. അവരുടെ പ്രാപ്തി തെളിയിക്കപ്പെടുന്നപക്ഷം മുസ്ലിംകൾ അവർക്ക് ജോലിയെടുത്ത് വരുമാനമുണ്ടാക്കാൻ ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുകപോലും വേണം. കഴിവുള്ള മുസ്ലിം വ്യക്തികളുണ്ടെങ്കിൽ അവർക്കു സഹായിക്കാം. അല്ലെങ്കിൽ, അവരെ സ്വന്തം കാലിൽ നിൽക്കാൻ സഹായിക്കുന്നതിന്നു ഒരു പൊതു ഫണ്ട് പിരിച്ചുണ്ടാക്കാവുന്നതാണ്.

മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ യുദ്ധവും സമാധാനവും സംബന്ധിച്ച ഇസ്ലാമിക പാഠങ്ങൾ അടങ്ങിയിരിക്കുന്നു. ഇസ്ലാമിക തത്വങ്ങളനുസരിച്ച്, എപ്പോഴാണ് യുദ്ധത്തിനു പുറപ്പെടേണ്ടതെന്നും, ഏതൊക്കെ പരിധികൾക്കുള്ളിൽ നിന്നുകൊണ്ടാണ് മുസ്ലിംകൾ യുദ്ധം ചെയ്യേണ്ടതെന്നും ഈ വാക്യങ്ങൾ നിർദ്ദേശിക്കുന്നു.

# യുദ്ധമുറ: നബിയുടെ പാഠങ്ങൾ

ഖുർആനിക കല്പനകൾ മാത്രമല്ല ഇസ്ലാമിന്റെ അടിസ്ഥാനപാഠങ്ങൾ. തിരുനബിയുടെ കല്പനകളും ജീവിത മാതൃകകളും കൂടി ഇസ്ലാമിന്റെ പ്രാമാണിക പാഠങ്ങളാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ നബി(സ) ചെയ്തു കാണിച്ചിട്ടുള്ളതും ഉപദേശിച്ചിട്ടുള്ളതും ഇസ്ലാമിക തത്വോപദേശങ്ങളുടെ അവിഭാജ്യഘടകമാകുന്നു. യുദ്ധത്തെയും സമാധാനത്തെയും പറ്റി നബി(സ) നൽകയിട്ടുള്ള ചില നിർദ്ദേശോപദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മൃതദേഹങ്ങൾ വികൃതമാക്കപ്പെടുന്നതു മുസ്ലിംകൾക്ക് തീർത്തും വിരോധിക്കപ്പെട്ടിരിക്കുന്നു (മുസ്ലിം)

2. ചതി പ്രവർത്തിക്കുന്നതു മുസ്ലിംകൾക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു (മുസ്ലിം)

3. കുട്ടികൾ കൊല്ലപ്പെട്ടു കൂടാത്തതാണ്; അതുപോലെതന്നെ സ്ത്രീകളെയും കൊല്ലാൻ പാടില്ല (മുസ്ലിം)

4. മതപുരോഹിതന്മാരുടെയും മതസ്ഥാപനങ്ങളുടെ നടത്തിപ്പുകാരുടെയും മതനേതാക്കന്മാരുടെയും കാര്യങ്ങളിൽ ഇടപെടരുത് (തഹാവി)

5. വൃദ്ധരെയും വശംകെട്ടവരെയും സ്ത്രീകളെയും കുട്ടികളെയും കൊല്ലാൻ പാടില്ല. സമാധാന സന്ധിയുടെ സാധ്യതയെ എപ്പോഴും മുന്നിൽ കാണണം (അബൂദാവൂദ്)

6. ശത്രു പ്രദേശത്ത് മുസ്‌ലിംകൾ പ്രവേശിച്ചാൽ ജനങ്ങൾക്കിടയിൽ ഭീകരവാഴ്ച നടത്തരുത്. സാധാരണക്കാർക്ക് യാതൊരു ഉപദ്രവവും ഉണ്ടാക്കാനും അനുവദിക്കരുത്.

7. പൊതുജനങ്ങൾക്ക് വിഷമം സൃഷ്ടിക്കുന്ന സ്ഥാനത്ത് സൈന്യം താവളമടിക്കാൻ പാടുള്ളതല്ല. സൈന്യം നീങ്ങുമ്പോൾ റോഡ് തടസ്സങ്ങൾ ഉണ്ടാകുന്നതും മറ്റു യാത്രക്കാർക്ക് വിഷമങ്ങൾ അനുഭവപ്പെടുന്നതും കൂടാതെ കഴിക്കാൻ പരമാവധി ശ്രമിക്കണം.

8. ശത്രുവിന്റെ മുഖം വികൃതമാക്കുന്നതു അനുവദിക്കാൻ പാടില്ല. (ബുഖാരി, മുസ്‌ലിം)

9. ശത്രുവിന്നു കഴിയുന്നത്ര കുറവായ നഷ്ടം വരുത്തിക്കൊണ്ടു ജയം നേടാൻ ശ്രമിക്കണം. (അബൂദാവൂദ്)

10. യുദ്ധത്തടവുകാർക്ക് പാറാവുനില്ക്കുമ്പോൾ, അടുത്ത ബന്ധുക്കളായ തടവുകാരെ ഒന്നിച്ചു പാർപ്പിക്കാൻ നോക്കണം (അബൂദാവൂദ്)

11. മുസ്‌ലിംകൾ സ്വന്തം സുഖസൗകര്യങ്ങളെക്കാൾ തടവുകാരുടെ സുഖസൗകര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. (തിർമദി)

12. മറ്റു രാജ്യങ്ങളിൽ നിന്നുള്ള രാജദൂതന്മാരേയും തന്ത്രപ്രതിനിധികളെയും അത്യാദരപൂർവ്വം ഉപചരിക്കണം. അവരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പിഴവുകളും വീഴ്ചകളും അവഗണിച്ചേക്കണം. (അബൂദാവൂദ്, കിതാബുൽ ജിഹാദ്)

13. ഒരു യുദ്ധത്തടവുകാരനെ ഒരു മുസ്‌ലിം ദ്രോഹിച്ചാൽ ആ കുറ്റത്തിനുള്ള പ്രായശ്ചിത്തമെന്നോണം ആ തടവുകാരനെ മോചനമൂല്യം കൂടാതെ വിട്ടയക്കണം.

14. ഒരു യുദ്ധത്തടവുകാരനെ കസ്റ്റഡിയിൽവെച്ചാൽ കസ്റ്റഡിയിൽ വെക്കുന്ന മുസ്‌ലിം താൻ ഉണ്ണുന്നതും ഉടുക്കുന്നതും പോലെതന്നെ അയാളെയും ഊട്ടുകയും ഉടുപ്പിക്കുകയും വേണ്ടതാണ്. (ബുഖാരി)

യുദ്ധത്തിൽ പങ്കെടുക്കുന്ന പട്ടാളക്കാർ ഈ ചട്ടങ്ങൾ അനുസരിക്കാത്തപക്ഷം അവർ ദൈവമാർഗ്ഗത്തിലല്ലാതെ, സ്വന്തം കാര്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്നവരായി കണക്കാക്കപ്പെടുമെന്ന് തിരുനബി(സ) പ്രഖ്യാപിക്കുകയുമുണ്ടായി (അബൂദാവൂദ്)

ഇസ്‌ലാമിലെ ഒന്നാം ഖലീഫ അബൂബക്കർ(റ) തിരുനബിയുടെ മേൽ നിർദ്ദേശങ്ങൾക്കൊപ്പം ചിലതുകൂടി കൂട്ടിച്ചേർക്കുകയുണ്ടായി. അവയിൽപെട്ട ഒരു നിർദ്ദേശവും പൊതുവായ മുസ്‌ലിം പാഠങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.

15. പൊതു കെട്ടിടങ്ങളും ഫലവൃക്ഷങ്ങളും (ഭക്ഷ്യവിളകളും) നശിപ്പിക്കരുത് (മുഅത്താ)

മേലുദ്ധരിച്ച നബിവാക്യങ്ങളിൽനിന്നു ഇസ്‌ലാമിലെ ഒന്നാം ഖലീഫയുടെ കല്പനകളിൽനിന്നും ഇസ്‌ലാം യുദ്ധം ഒഴിവാക്കാനും അവസാനിപ്പിക്കാനും യുദ്ധത്തിന്റെ കെടുതികൾ പരമാവധി കുറക്കാനും പ്രയോജനകരമായ നടപടികളും ചട്ടങ്ങളുമാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വളരെ വ്യക്തമാണ്. മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഇസ്‌ലാമിന്റെ ഈ ഉപദേശങ്ങളും നിർദ്ദേശങ്ങളും തത്വങ്ങളിൽ മാത്രമുള്ളതല്ല. തിരുനബിയും ആദ്യ ഖലീഫമാരും പ്രായോഗിക ജീവിതത്തിൽ അവ പകർത്തിക്കാണിച്ചിട്ടുണ്ട്. നബിതിരുമേനി(സ) ഈ തത്വങ്ങൾ പഠിപ്പിക്കുക മാത്രമല്ല, പ്രവർത്തിച്ചുകാണിക്കുകയും, നടപ്പിൽ വരുത്താൻ നിഷ്കർഷിക്കുകയും ചെയ്തിരുന്നുവെന്നു ലോകത്തിന്നു മുഴുവനും അറിയാവുന്നതാണ്.

നമ്മുടെ കാലഘട്ടത്തിലെ യുദ്ധസമാധാന പ്രശ്നങ്ങളിൽ ഇതിൽകൂടുതലായി മറ്റൊരു തത്വശാസ്ത്രത്തിന്നും തന്നെ പരിഹാരം നിർദ്ദേശിക്കാനില്ലെന്ന് കാണാം. മോശയുടെ പാഠങ്ങൾ നീതിതത്വങ്ങൾ സംബന്ധിച്ച ആധുനിക സങ്കൽപങ്ങൾക്ക് യോജിക്കുന്നതേയല്ല. ഇക്കാലത്ത് അതനുസരിച്ച് പ്രവർത്തിക്കാൻ പറ്റില്ലതാനും. യേശുവിന്റെ പാഠമാകട്ടെ തീരെ അപ്രായോഗികമാണ്. എക്കാലവും അപ്രായോഗികവുമായിരുന്നു. ചരിത്രത്തിൽ ഒരു കാലഘട്ടത്തിലും എവിടെയും ഈ തത്വം പ്രാവർത്തികമാക്കപ്പെട്ടിട്ടില്ല. ഇസ്‌ലാമിക പാഠങ്ങൾ മാത്രമാണ് പ്രായോഗികമായിട്ടുള്ളത്. ഇസ്‌ലാമിന്റെ വ്യഖ്യാതാക്കൾ അവ ഉപദേശിക്കുക മാത്രമല്ല, പ്രവർത്തിച്ചു കാണിക്കുകയും ചെയ്തിട്ടുണ്ട്. ആ പാഠങ്ങൾ അനുവർത്തിക്കപ്പെടുന്നപക്ഷം ലോകത്ത് സമാധാനം സൃഷ്ടിക്കുകയും പുലർത്തുകയും ചെയ്യാവുന്നതാണ്.

യുദ്ധം അടിച്ചേല്പിക്കപ്പെട്ടാലും നാം യുദ്ധം ചെയ്യരുതെന്നു നമ്മുടെ കാലഘട്ടത്തിൽ ഗാന്ധിജി സിദ്ധാന്തിക്കുകയുണ്ടായി. എന്നാൽ, ലോകചരിത്രത്തിൽ ഒരിക്കലും തന്നെ ഈ പാഠം പ്രയോഗത്തിൽ വരുത്തപ്പെട്ടിട്ടില്ല. ഒരിക്കലും തന്നെ പ്രസ്തുത പാഠം പ്രയോഗതലത്തിൽ പരീക്ഷിക്കപ്പെടുകയുമുണ്ടായിട്ടുമില്ല. ആകയാൽ, യുദ്ധത്തേയും സമാ

ധാനത്തെയും സംബന്ധിച്ചേടത്തോളം ഈ അധ്യാപനത്തിന്നു എത്രത്തോളം വിലയുണ്ടെന്നുപറയാൻ സാദ്ധ്യമല്ല.

ജനതയും ജനതയും തമ്മിലും രാഷ്ട്രവും രാഷ്ട്രവും തമ്മിലും സായുധമായ ഏറ്റുമുട്ടലിന്നിടയാകുമ്പോൾ അക്രമരാഹിത്യം നടപ്പാക്കുന്നതെങ്ങനെയെന്ന്, അഥവാ, അക്രമരാഹിത്യത്തിന്നു യുദ്ധത്തെ തടയാനോ അവസാനിപ്പിക്കാനോ സാധിക്കുന്നതെങ്ങനെയെന്ന് ലോകത്തിന്നു തെളിയിച്ചുകാട്ടുന്ന ഒരൊറ്റ പ്രായോഗിക ഉദാഹരണവും സംഭാവന ചെയ്യപ്പെട്ടിട്ടില്ല. യുദ്ധം തടയാനുള്ള ഒരു മാർഗ്ഗം നിർദ്ദേശിക്കപ്പെടുകയും അതിന്റെ പ്രയോഗസാധുത തെളിയിച്ചുകാണിക്കാൻ കഴിയാതെ വരുകയും ചെയ്താൽ ആ മാർഗ്ഗം അപ്രായോഗികമാണെന്നു തന്നെയാണ് വ്യക്തമാകുക. ചുരുക്കത്തിൽ, മനുഷ്യന്റെ അനുഭവങ്ങളും അറിവും വെച്ചു നോക്കിയാൽ, യുദ്ധം തടയാനും അവസാനിപ്പിക്കാനും ഒരൊറ്റ മാർഗ്ഗമേയുള്ളുവെന്നു കണാം. ആ മാർഗ്ഗംതന്നെയാണ് ഇസ്‌ലാമിന്റെ പ്രവാചകൻ പഠിപ്പിച്ചതും പ്രവർത്തിച്ചു കാണിച്ചതും!

# അന്താരാഷ്ട്രീയ നിയമങ്ങൾ

സാർവ്വദേശീയ സംഘർഷങ്ങൾക്കും യുദ്ധങ്ങൾക്കുമുള്ള കാരണങ്ങളെ പാടെ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുമാറ് ഒരു ലോകഗവൺമെന്റ് സ്ഥാപിക്കുകയെന്നതാണ് ഇസ്‌ലാമിന്റെ ലക്ഷ്യം എന്ന സംഗതി തുടക്കത്തിൽതന്നെ ഞാനിവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ! ഓരോ രാജ്യവും അതാതിന്റെതായ ലക്ഷ്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന അതാതിന്റെതായ ലക്ഷ്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിന്നു സ്വതന്ത്രമായിരിക്കും. ദേശീയമായ കാര്യങ്ങളിൽ ഓരോ രാജ്യത്തിനും പരിപൂർണ്ണമായ സ്വയംഭരണാധികാരം ഉണ്ടായിരിക്കുമെങ്കിലും അത് ലോകഗവൺമെന്റിന്റെ ഒരു ഘടകം മാത്രമായിരിക്കുന്നതാണ്. എന്നാൽ, ഈ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നതിന്നുവേണ്ടി യാതൊരു തരത്തിലുള്ള പ്രക്ഷോഭവും നടത്താൻ ഇസ്‌ലാം അനുവദിക്കുന്നില്ല. വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെ ഹിതത്തിന്ന് ഇക്കാര്യം പരിപൂർണ്ണമായും വിട്ടുകൊടുക്കുകയാണതു ചെയ്യുന്നത്. മുസ്‌ലിം ഗവൺമെന്റുകൾതന്നെയും ഇതിന്നു നിർബന്ധപ്പെട്ടിരിക്കുന്നില്ല. ദേശീയ പ്രശ്നങ്ങൾ ദേശീയ ഭരണാധികാരികളാൽതന്നെ പരിഹരിക്കപ്പെടുന്നതിന്നനുവദിച്ചുകൊണ്ട്, മനുഷ്യരാശിയെയാകമാനം ബാധിക്കുന്ന കാര്യങ്ങളിൽ ഐക്യബോധത്തോടുകൂടി പ്രവർത്തിക്കുമാറ് ലോകജനതകൾ

പ്രബുദ്ധരായിത്തീരുകയും, ദേശീയമായ സ്പർദ്ധയും വൈരവും വിസ്മരിക്കുവാനും സാർവ്വത്രികക്ഷേമം പുലരുമാറാകുന്നതിന്ന് സങ്കുചിത ദേശീയത്വത്തെ മറയത്തെറിയുവാനും രാഷ്ട്രങ്ങൾ തയ്യാറാകുന്നതു വരെയും ഇന്നത്തെ അന്താരാഷ്ട്രീയ ബന്ധങ്ങളെ ഏറ്റവും ശ്രേയാന്മുഖമായ വിധത്തിൽ ഉറപ്പിക്കുകയാണ് നാം വേണ്ടത്. ആകയാൽ, ഇന്നത്തെ നിലപാടിൽ സാർവ്വ ദേശീയബന്ധങ്ങളെ സംബന്ധിച്ചേടത്തോളം ഇസ്ലാം എന്താണ് പഠിപ്പിക്കുന്നതെന്നു മാത്രം വിവരിക്കുവാനാണ് ഞാനുദ്ദേശിക്കുന്നത്.

സാർവ്വദേശീയത്തർക്കങ്ങൾക്കും ശണ്ഠകൾക്കുമുള്ള കാരണങ്ങളിൽ ഒന്ന് ഒരു രാഷ്ട്രം അനുഭവിക്കുന്ന സുഖസൗകര്യങ്ങളെ മറ്റൊരു രാഷ്ട്രം അസൂയാദൃഷ്ടികളോടെ വീക്ഷിക്കുകയും, ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിന്റെ ദൗർബ്ബല്യത്തിൽനിന്നു അനഭിലഷണീയമായി മുതലെടുക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നതാണ്. ഇതു സംബന്ധിച്ചു അത്തരം എല്ലാവിധ ശണ്ഠകളുടെയും കാരണങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന്നു പര്യാപ്തമായ ഒരു നിയമം ഇസ്ലാം നടപ്പിൽ വരുത്തുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: ''മറ്റു ജനതകൾക്ക് അവരുടെ പ്രവർത്തനത്തെ പരീക്ഷിക്കാൻ വേണ്ടി നാം നൽകിയിരിക്കുന്ന ഭൗതികാനുഗ്രഹങ്ങളുടെമേൽ നിങ്ങൾ ഈർഷ്യയോടെ കണ്ണുവെക്കരുത്. ദൈവം നിങ്ങൾക്ക് എന്തു പ്രദാനം ചെയ്തിരിക്കുന്നുവോ അതത്രെ ഗുണകരവും നീണ്ടുനില്ക്കുന്നതും''(20:132) എന്നുവെച്ചാൽ, മറ്റുള്ളവരിൽ നിന്നും പിടിച്ചുപറ്റിയ മുതൽ നിലനില്ക്കുന്നതോ പ്രയോജനകരമായിരിക്കുന്നതോ അല്ലെന്നും ദൈവം നല്കിയതു മാത്രമെ പരലോകത്തേയ്ക്കുകൂടി പ്രയോജനകരമായിരിക്കയുള്ളുവെന്നും തന്നെ.

സാർവ്വദേശീയ സംഘർഷങ്ങൾക്ക് കാരണമായിത്തീരുന്ന മറ്റൊരു സംഗതി രാഷ്ട്രാന്തരീയ വിരോധവും പകയും അത്രെ. ഉദാഹരണമായി, ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിന്റെ നേരെ തെറ്റ് പ്രവർത്തിക്കുകയും ഒടുവിൽ താല്ക്കാലികമായി ഒരു സന്ധിയുണ്ടായി ഇരുവരും പരസ്പരമിണങ്ങുകയും ചെയ്യുന്നു. എന്നാൽ, അക്രമിക്കപ്പെട്ട രാഷ്ട്രം അക്രമിരാഷ്ട്രത്തിന്നെതിരായി ഒരുതരം പക ഉള്ളിൽ വച്ചുപോറ്റുകയും ആ രാഷ്ട്രത്തിന്നു ദോഷം വരുത്തുവാനും അതിൽനിന്ന് മുതലെടുക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്ലാം ഇതു വിരോധിക്കുകയും ഇത്തരം കാര്യങ്ങളിൽ സത്യസന്ധതയും ആർജ്ജവവും പ്രദർശിപ്പിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു: ''അല്ലയോ വിശ്വാസികളെ, നിങ്ങളുടെ എല്ലാ പ്രവൃത്തികളും ദൈവത്തിന്നുവേണ്ടിയായിരിക്കയും ജനങ്ങളോടു നീതിപൂർവ്വം പെരു

മാറുകയും ചെയ്യുവിൻ. ഒരു കൂട്ടർക്ക് നിങ്ങളോടുള്ള വിരോധം അവരോടു അനീതി പ്രവർത്തിക്കുന്നതിന്നു നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നീതി ചെയ്വിൻ. ഇതത്രെ ഭക്തിയോടടുത്തത്. ദൈവത്തെ നിങ്ങളുടെ മറയാക്കുവിൻ. നിങ്ങൾ ചെയ്യുന്നതെന്താണെന്നു അവന്നു നിശ്ചയമുണ്ട്.'' (5:9)

മേൽ രണ്ടു കൽപനകളുടേയും വെളിച്ചത്തിൽ, ഒരു ഇസ്ലാമിക ഗവൺമെന്റിന്ന് രാഷ്ട്രാന്തരീയ ബന്ധങ്ങളെ അപകടപ്പെടുത്തുകയെന്ന അപരാധം ചെയ്യാൻ ഒക്കുകയില്ല. ഇതര രാജ്യങ്ങളുടെ സമ്പത്തുകളുടെയോ ഭരണങ്ങളുടെയോ നേരെ കണ്ണുവെക്കരുതെന്നും, വ്യക്തിനിഷ്ഠമായ ധാർമ്മികതയോടൊപ്പം ദേശീയ ധാർമ്മികതയും കാത്തുപോരേണ്ടതാണെന്നും മുസ്ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു.

ഉടമ്പടികളുടെ പവിത്രതയെ സംബന്ധിച്ചേടത്തോളം, ഉടമ്പടിയിൽ ഭാഗഭാക്കായ ഉഭയകക്ഷികൾ മാത്രമല്ല, ആ കക്ഷികളോടു കരാറിലേർപ്പെട്ട മറ്റു കക്ഷികൾ പരസ്പരം ഉള്ള നിശ്ചയങ്ങളെ പൂർണ്ണമായും പാലിച്ചുപോരേണ്ടതാണെന്നു ഇസ്ലാം അനുശാസിക്കുന്നു. അപ്പോൾ, ഒരു ഇസ്ലാമിക രാഷ്ട്രത്തിന്നു അതിന്റെ മിത്രരാജ്യങ്ങളുമായി സഖ്യം ചെയ്തിട്ടുള്ള രാഷ്ട്രങ്ങളുടെനേരെ, അവ ശത്രുസാമ്രാജ്യത്തിന്റെ ഭാഗമാണെന്നുവന്നാലും ശത്രുപക്ഷത്ത് പരസ്യമായും ചേരുകയോ ശത്രുക്കളെ സജീവമായി സഹായിക്കുകയോ ചെയ്യുന്നതുവരെ യുദ്ധം പ്രഖ്യാപിക്കുവാൻ പാടുള്ളതല്ലെന്നു സിദ്ധിക്കുന്നു. ഉഭയസമ്മതത്തിലേർപ്പെട്ട ഒരു രാഷ്ട്രം ചതി പ്രയോഗിച്ചേയ്ക്കുമെന്ന ഭയമുണ്ടെന്നുവന്നാലും മുന്നറിയിപ്പ്കൂടാതെ അതിനെ ആക്രമിക്കുകയോ അന്യായമായ തരത്തിൽ ആ രാഷ്ട്രത്തിൽനിന്നു മുതലെടുക്കുകയോ ചെയ്തുകൂടാ. അപ്രകാരം വിശ്വാസ വഞ്ചന ചെയ്തിരിക്കുകയാൽ ഉടമ്പടി ദുർബ്ബലപ്പെട്ടിരിക്കുന്നുവെന്നറിയിച്ചുകൊണ്ട് ചതിപ്രയോഗം തുടരുകയാണെങ്കിൽ യുദ്ധം പ്രഖ്യാപിക്കുന്നതാണെന്ന് പ്രസ്തുത രാഷ്ട്രത്തെ താക്കീതു ചെയ്യേണ്ടതാണ്.

യുദ്ധത്തെ നേരിടുവാൻ സദാ സന്നദ്ധമായിരിക്കുകയെന്നത് സമാധാനത്തെ നിലനിർത്തുന്നതിന്നുള്ള ഒരു ഉപാധിയാണെന്നുവേണം പറയാൻ. എന്തെന്നാൽ, നിങ്ങളുടെ അജാഗ്രത ശത്രുവിന്നു ആക്രമണപ്രചോദനം നൽകാൻ കാരണമായേക്കും. തന്നിമിത്തം ഒരു മുസ്ലിം സ്റ്റേറ്റ് രാജ്യരക്ഷാ കാര്യത്തിൽ എല്ലായ്പ്പോഴും ജാഗരൂകമായിരിക്കണമെന്ന് ഇസ്ലാം കൽപിക്കുന്നു. വിവിധ ദേശങ്ങളിൽ വിവിധ ഗവൺമെന്റുകളുള്ളേടത്തോളംകാലം യുദ്ധഭീതിയ്ക്കവകാശമുണ്ട്. രാജ്യരക്ഷയിൽ കാണിക്കുന്ന അമാന്തം ഒരു ഇസ്ലാമിക രാഷ്ട്രത്തിന്നുനേരെ

യുദ്ധം പ്രഖ്യാപിക്കുന്നതിന്ന് ഇതരരാഷ്ട്രങ്ങൾക്ക് പ്രചോദനം നൽകാൻ കാരണമാകരുത്.

ഒരു ഇസ്ലാമികസ്റ്റേറ്റ് യുദ്ധത്തിലേയ്ക്ക് വലിച്ചിഴക്കപ്പെടുകയാണെങ്കിൽ, സ്ത്രീകളേയും കുട്ടികളേയും നർസുമാരേയും പ്രായാധിക്യമുള്ളവരേയും മതകാര്യങ്ങളിൽ മാത്രം സേവനമർപ്പിച്ചുകഴിയുന്നവരേയും യുദ്ധക്കെടുതികളിൽനിന്നു രക്ഷിക്കുവാൻ പ്രത്യേകം സൂക്ഷിക്കേണ്ടത് അതിന്റെ കർത്തവ്യമായിരിക്കും. യുദ്ധത്തിൽ നേരിട്ടു പങ്കെടുത്തിട്ടുള്ളവരേയും യുദ്ധരംഗത്തിൽ മുന്നിടുന്നവരേയും നിഗ്രഹിച്ചുകൊള്ളുവാൻ അനുവാദമുണ്ട്. എങ്കിലും, പരിക്കേറ്റവരെ ശുശ്രൂഷിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതും അനാവശ്യമായ നാശനഷ്ടങ്ങൾ വരുത്താതിരിക്കേണ്ടതും ആണ്. രാജ്യരക്ഷയ്ക്ക് അനിവാര്യമായിരിക്കുന്നില്ലെങ്കിലും ശത്രുവെ നിഷ്ക്രിയരാക്കിചെയ്യുന്നതിന്ന് അത്യാവശ്യമല്ലെങ്കിലും വിളകൾ, വൃക്ഷങ്ങൾ, കെട്ടിടങ്ങൾ എന്നിവയൊന്നും നശിപ്പിച്ചുകൂടാ. യുദ്ധാനന്തരം ഒരു രാഷ്ട്രത്തെ ദുർബ്ബലമാക്കുന്നതിന്നുവേണ്ടി മാത്രം അതിന്നു നാശങ്ങൾ വരുത്തിവെക്കുകയുമരുത്. എതിർ കക്ഷി വഞ്ചനാത്മകമായ ഒരടവ് പ്രയോഗിക്കുകയാണെന്നും സമയം കിട്ടാനുള്ള തന്ത്രമാണെന്നും ഉള്ള ഊഹത്തെ മാത്രം അടിസ്ഥാനമാക്കി സമാധാനത്തിന്നോ സന്ധിയ്ക്കോ ഉള്ള നിർദ്ദേശങ്ങളെ നിരാകരിക്കാൻ പാടുള്ളതല്ല. വഞ്ചന പ്രത്യക്ഷത്തിൽ വെളിപ്പെടാത്തേടത്തോളം അത്തരം നിർദ്ദേശങ്ങളെ സ്വാഗതം ചെയ്കയാണ് വേണ്ടത്.

സാർവ്വദേശീയ തർക്കങ്ങൾ പരിഹരിക്കുന്നതിന്ന് അടുത്ത് സ്ഥാപിതമായ 'സർവ്വരാജ്യസഖ്യസഭ' പോലുള്ള ഒരു സ്ഥാപനം രൂപവൽക്കരിക്കാനാണ് ഇസ്ലാം നിർദ്ദേശിക്കുന്നത്. എന്നാൽ ഇന്നത്തെ 'ലീഗ്' ഇസ്ലാം വിഭാവനം ചെയ്യുന്ന തരത്തിൽ ഇതുവരേയും പൂർണ്ണമായ രൂപം കൈക്കൊണ്ടിട്ടില്ലെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: "രണ്ടു വിശ്വാസി വിഭാഗങ്ങൾ പരസ്പരം ശണ്ഠയായാൽ അവർ തമ്മിൽ ഒരു സന്ധിയുണ്ടാക്കുവിൻ! (അവയന്യോന്യം ഒരു യുദ്ധത്തിലേർപ്പെടാതിരിക്കുന്നതിന്നും സംഘർഷകാരണങ്ങളെ ഇല്ലാതാക്കുന്നതിന്നും ഇതര മുസ്ലിം രാഷ്ട്രങ്ങൾ ശ്രമിക്കുകയും ഓരോന്നിന്റെയും ന്യായമായ അവകാശങ്ങളെ വീണ്ടെടുത്തുകൊടുക്കുകയും ചെയ്യേണ്ടതാണെന്നർത്ഥം) എന്നാൽ, അവയിൽ ഒന്ന് മറ്റൊന്നിനെ ആക്രമിക്കുക. (യു.എൻ.ഒ വിന്റെ അവാർഡ് സ്വീകരിക്കാൻ കൂട്ടാക്കാതിരിക്കുക)യാണെങ്കിൽ, ആ രാഷ്ട്രം അല്ലാഹുവിന്റെ കല്പനയ്ക്ക് കീഴടങ്ങുന്നതുവരെയും (നീതിപൂർവ്വകമായ ഒരു തീർപ്പിന്നു അതു വഴിപ്പെടുന്നതുവരെയും) മറ്റെല്ലാ രാഷ്ട്രങ്ങളും ഒന്നുചേർന്നു

അതിനെ എതിർക്കേണ്ടതും, വഴിപ്പെടുന്നപക്ഷം ആ രാഷ്ട്രവുമായി സമാധാനസന്ധിയുണ്ടാക്കേണ്ടതും അപ്പോൾ ആ രാഷ്ട്രത്തോടു നീതിയോടും സമഭാവനയോടും കൂടി വർത്തിക്കേണ്ടതും ആണ്. എന്തെന്നാൽ അല്ലാഹു നീതിമാന്മാരെ ഇഷ്ടപ്പെടുന്നു.'' (49:10) സാർവ്വദേശീയ സമാധാനം സ്ഥാപിക്കുന്നതിന്ന് താഴെപറയുന്ന സംഗതികളാണ് പ്രസ്തുത വാക്യങ്ങളിലൂടെ ഇസ്ലാം നടപ്പാക്കുന്നത്.

രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ തർക്കം ഉൽഭവിച്ചാൽ, ഏതെങ്കിലും ഒരു പക്ഷത്ത് ചേരുന്നതിന്നു പകരം മറ്റു രാഷ്ട്രങ്ങൾ പ്രശ്നം ഐക്യരാഷ്ട്രസഭയ്ക്ക് സമർപ്പിയ്ക്കുന്നതിന് ഉഭയകഷികൾക്ക് ഉടനടി നോട്ടീസയക്കുകയാണ് വേണ്ടത്. അവ അതിന്നു സമ്മതിക്കുകയാണെങ്കിൽ തർക്കം സൗഹാർദ്ദപരമായിത്തന്നെ തീരുമാനിക്കപ്പെടും. എന്നാൽ, അവയിലൊരു രാഷ്ട്രം ഐക്യരാഷ്ട്ര സഭയ്ക്ക് വഴങ്ങാതിരിക്കുകയോ അഥവാ പ്രശ്നം സമർപ്പിച്ചിട്ടും സഭയുടെ തീർപ്പ് സ്വീകരിക്കാൻ കൂട്ടാക്കാതെ യുദ്ധത്തിന്നൊരുങ്ങുകയോ ചെയ്യുകയാണെങ്കിൽ മറ്റെല്ലാ രാഷ്ട്രങ്ങളും ഒന്നുചേർന്നു ആ രാഷ്ട്രത്തോടു പൊരുതണം. ഒരു രാഷ്ട്രത്തിന്നും, അതെത്രതന്നെ സുശക്തമാകട്ടെ, സംയുക്തരാഷ്ട്രങ്ങളുടെ ഏകീകൃതമുന്നണിയെ ചെറുക്കുവാൻ സാധിക്കുകയില്ലെന്നതിനാൽ ആ രാഷ്ട്രം അവിളംബം കീഴടങ്ങാൻ നിർബ്ബന്ധപ്പെടുമെന്നതു തീർച്ചയാണ്. അപ്പോൾ തർക്കത്തിനിടവരുത്തിയ ആദ്യത്തെ രണ്ടു കക്ഷികൾ തമ്മിൽ സന്ധിനിബന്ധനകളുണ്ടാക്കേണ്ടതാണ്. ഇതരരാഷ്ട്രങ്ങൾ തികച്ചും മധ്യസ്ഥന്മാരുടെ നിലയ്ക്കേ പ്രവർത്തിക്കാവൂ. അല്ലാതെ തർക്കത്തിൽ ഭാഗഭാക്കായ കക്ഷികളുടെ നിലക്കല്ല. കീഴൊതുക്കപ്പെട്ട രാഷ്ട്രത്തിന്നുനേരെ പ്രസ്തുത സംഘട്ടനത്തെ അടിസ്ഥാനമാക്കി യാതൊരവകാശവാദവും അവയ്ക്കുന്നയിച്ചുകൂടാ. എന്തെന്നാൽ, അതു പുതുതായ പല തർക്കങ്ങൾക്കും ഭിന്നിപ്പിന്നും ഇടവരുത്തും. യുദ്ധത്തിലേർപ്പെട്ട രാഷ്ട്രങ്ങൾ തമ്മിൽ നിബന്ധനകൾ തയ്യാറാക്കുമ്പോൾ, അംഗീകരിക്കപ്പെട്ട നിബന്ധനകൾ തർക്കകാരണമായ പ്രശ്നത്തിന്റെ നിലയ്ക്കനുസരിച്ച് നീതിപൂർവ്വവും ന്യായവുമാണോ എന്നു ശ്രദ്ധിക്കേണ്ടതാവശ്യമാണ്. കക്ഷികളിലൊന്നു തങ്ങളുടെ അധികാരത്തെ ചോദ്യം ചെയ്തിട്ടുണ്ടെന്ന വസ്തുത മധ്യസ്ഥരാഷ്ട്രങ്ങളിൽ യാതൊരു വിധത്തിലും സ്വാധീനം ചെലുത്തിക്കൂടാ.

ഈ അടിസ്ഥാനത്തിൽ ഒരു ഐക്യരാഷ്ട്രസഭ സ്ഥാപിക്കപ്പെട്ടിരുന്നുവെങ്കിൽ, സാർവ്വദേശീയ സമാധാനം ഉടനടി സ്ഥാപിക്കാൻ സാധിക്കുമായിരുന്നു. രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ ശണ്ഠകൂടുമ്പോൾ, ഇതര രാഷ്ട്രങ്ങൾ നോക്കിരസിക്കുകയോ തർക്കത്തിൽ ഭാഗം ചേരുകയോ

ചെയ്യുന്നതാണ്, എല്ലാ കുഴപ്പങ്ങൾക്കും കാരണം. അത്തരം പെരുമാറ്റം, സംഘർഷകാരണങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന്നു പകരം അതിനെ കൊടുമ്പിരി കൊള്ളിക്കുകയാണ് ചെയ്യുന്നത്. തർക്കത്തിന്റെ സ്വഭാവത്തെയും ഗൗരവത്തെയും കുറിച്ചൊരഭിപ്രായപ്രകടനം ചെയ്യുന്നതിന്നൊരുങ്ങാതെ, പ്രശ്നം ഐക്യരാഷ്ട്ര സഭയ്ക്ക് സമർപ്പിക്കുന്നതിന്ന് തർക്കത്തിലേർപ്പെട്ട രാജ്യങ്ങളോടാവശ്യപ്പെടുകയും ഇരുകക്ഷികളുടെയും വാദമുഖങ്ങൾ കേൾക്കുകയും അന്വേഷണങ്ങൾ മുഴുമിപ്പിക്കുകയും ചെയ്യുന്നതുവരെ യാതൊരഭിപ്രായവും പുറപ്പെടുവിക്കാതിരിക്കുകയും വേണം. അതിന്നുശേഷം അവർ വിധി പറയേണ്ടതാണ്. ഏതെങ്കിലുമൊരു കക്ഷി വിധി സ്വീകരിക്കാൻ കൂട്ടാക്കാത്തപക്ഷം ഐക്യരാഷ്ട്ര സഭയിലെ അംഗരാഷ്ട്രങ്ങൾ ഏകോപിച്ച് ആ രാഷ്ട്രത്തോട് പ്രസ്തുത വിധിക്കതു വഴങ്ങുന്നതുവരെയും യുദ്ധം ചെയ്യേണ്ടതും കീഴടങ്ങിയാൽ തർക്കകാര്യത്തിൽ ഇരു രാജ്യങ്ങളും തമ്മിൽ ഒരൊത്തുതീർപ്പുണ്ടാക്കേണ്ടതും അപ്പോൾ ദുശ്ശഠയായ രാഷ്ട്രത്തിന്റെ ദുർബ്ബലനിലയെ അടിസ്ഥാനമാക്കി പുതിയ അവകാശവാദങ്ങൾ ആരും ഉന്നയിക്കാതിരിക്കേണ്ടതും ആണ്. എന്തെന്നാൽ, കീഴൊതുക്കപ്പെട്ട രാഷ്ട്രത്തിന്റെ ദുർബ്ബലാവസ്ഥയിൽ നിന്നും ഐക്യരാഷ്ട്രസഭയിലെ അംഗരാഷ്ട്രങ്ങൾ മുതലെടുക്കാൻ ഒരുമ്പെടുകയും മദ്ധ്യസ്ഥ രാഷ്ട്രങ്ങൾതന്നെ തങ്ങളുടെ താൽപര്യങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടുള്ള നിബന്ധനകൾ അതിന്മേൽ അടിച്ചേല്പിക്കുകയും ചെയ്യുന്നപക്ഷം അതുവഴി രാഷ്ട്രങ്ങൾക്കിടയിൽ ഛിദ്രത്തിന്റെയും പകയുടെയും തറക്കല്ലിടുകയാവും ചെയ്യുന്നത്; അതോടൊപ്പം വിവിധ രാഷ്ട്രങ്ങളിലെ ജനങ്ങളുടെ ആദരവും ആനുകൂല്യവും നേടുവാൻ ഐക്യരാഷ്ട്രസഭയ്ക്ക് സാധിക്കാതെയും വരും. അതിനാൽ, കക്ഷികൾ തമ്മിലുള്ള അടിസ്ഥാനപരമായ തർക്കത്തെ സംബന്ധിച്ചേടത്തോളം മാത്രമായിരിക്കണം അവരുടെ അന്തിമ വിധി. ആ അതിർവരമ്പ് അവയ്ക്കൊരിക്കലും മാറിക്കൂടാ.

ഇത്തരത്തിലുള്ള ഒരു സാർവ്വദേശീയ യുദ്ധത്തിന്റെ ചെലവ് ഐക്യരാഷ്ട്രസഭയിലെ അംഗരാഷ്ട്രങ്ങൾ കൂട്ടായി വഹിക്കേണ്ടതാണ്. ഒന്നാമതായി, അത്തരം ഒരു സാർവ്വദേശീയ യുദ്ധം നടക്കാൻ തന്നെ നന്നേ പ്രയാസമുണ്ട്. രാഷ്ട്രങ്ങളുടെ സംയുക്തമായ ശക്തിക്കെതിരിൽ പൊരുതുന്നത് തികച്ചും ഫലശൂന്യമാണെന്നു ഓരോ രാഷ്ട്രവും മനസ്സിലാക്കുമെന്നാണ് ഞാൻ കരുതുന്നത്. രണ്ടാമതായി ഈ ഏർപ്പാടുകൾ മുഴുവനും സത്യസന്ധതയിൽ അധിഷ്ഠാപിതവും ഏതൊരു രാഷ്ട്രത്തിന്റെയും സ്വാർത്ഥ താല്പര്യങ്ങൾക്കതീതവുമായിരിക്കുമെന്നതിനാൽ എല്ലാ രാഷ്ട്രങ്ങളും സന്തോഷപുരസ്സരം യു.എൻ.ഒവിൽ അംഗ

ങ്ങളായിച്ചേരുന്നതും അങ്ങനെ ഓരോ രാഷ്ട്രവും വഹിക്കേണ്ടിവരുന്ന ചെലവിന്റെ വിഹിതം താരതമ്യേന കുറഞ്ഞു കിട്ടുന്നതുമായിരിക്കും. മൂന്നാമതായി, ഈ വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് ഓരോ രാജ്യത്തിന്നും ഗുണം കിട്ടുമെന്നുള്ളതിനാൽ ഓരോ രാഷ്ട്രവും ഈ വിഷയത്തിൽ എന്തെങ്കിലും ഒരു ത്യാഗത്തിന്നു സന്നദ്ധമായിരിക്കേണ്ടതുണ്ടല്ലോ. ഇന്നു നടത്തപ്പെടുന്ന തരത്തിലുള്ള യുദ്ധങ്ങൾ വളരെ അപൂർവ്വമായിരിക്കുമെന്നതിനാൽ, ഉപരിവിവരിച്ച തരത്തിലുള്ള ഒരു സർവ്വദേശീയ യുദ്ധത്തിന്നുവേണ്ടി ഓരോ രാഷ്ട്രവും വഹിക്കേണ്ടിവരുന്ന ചെലവിന്റെ പങ്ക്, അതുമൂലം നേടുവാൻ കഴിയുന്ന ജീവന്റെയും മുതലിന്റെയും രക്ഷയോർക്കുമ്പോൾ നിസ്സാരമെന്നുവേണം കരുതാൻ. എന്നാൽ, രാഷ്ട്രങ്ങൾ ഇപ്രകാരം ഒരധികച്ചെലവ് വഹിക്കേണ്ടിവന്നാൽ തന്നെയും ഇക്കാര്യത്തിൽ അവയെന്തെങ്കിലും ത്യാഗത്തിന്നൊരുങ്ങേണ്ടതാണല്ലോ. സമാധാനം സ്ഥാപിക്കുന്നതിന്നായി വ്യക്തികളെപോലെ രാഷ്ട്രങ്ങളും ത്യാഗസംവരണത്തിന്നു തയ്യാറാവേണ്ടതുണ്ട്. വ്യക്തികളെപ്പോലെ തന്നെ ധാർമ്മികമായ നിയമങ്ങൾക്ക് രാഷ്ട്രങ്ങളും വിധേയങ്ങളാണ്.

അന്താരാഷ്ട്ര സമാധാനം പുലർത്തുന്നതിന്നു ഇത്രയും കാലം നടപ്പിൽ വരുത്തപ്പെട്ട പദ്ധതികളെല്ലാം തന്നെ പരാജയമടയുവാൻ കാരണം, എന്റെ അഭിപ്രായത്തിൽ, ആ പദ്ധതികൾക്കടിസ്ഥാനമായിരുന്ന തത്വങ്ങളും ഈ ഉദ്ദേശാർത്ഥം വിശുദ്ധഖുർആൻ ഉയർത്തിപ്പിടിക്കുന്ന സിദ്ധാന്തങ്ങളും തമ്മിലുള്ള പൊരുത്തക്കേടാണ്. ഈ പൊരുത്തക്കേട് പ്രധാനമായും അഞ്ചുകാര്യങ്ങളിലത്രെ.

1. ഓരോ രാഷ്ട്രവും തങ്ങൾ ഇതര രാഷ്ട്രങ്ങളുമായി പ്രത്യേക നിലയിൽ ചെയ്തിട്ടുള്ള കരാറുകളിലെ ബാധ്യതകൾ നിറവേറ്റുന്നതിനായി പരസ്പരം നിർബന്ധിക്കുകയും എല്ലാ രാഷ്ട്രങ്ങളും ചേർന്നുണ്ടാക്കിയ പൊതുകരാറിന്നും കൂട്ടായ ധാരണയ്ക്കും അനുകൂലമായി അത്തരം കരാറുകളെ റദ്ദ് ചെയ്യുവാൻ ഒരുങ്ങാതിരിക്കുകയും ചെയ്യുന്നു.

2. രണ്ടോ അതിലധികമോ രാഷ്ട്രങ്ങൾ തമ്മിൽ ഒരു തർക്കമുണ്ടായാൽ അതു വളരാനനുവദിക്കുകയും, പ്രശ്നം ഗൗരവാവഹമായ ഒരു പതനത്തിലെത്തുന്നതിന്നുമുമ്പ് പ്രസ്തുത രാഷ്ട്രങ്ങളെ ഒരൊത്തുതീർപ്പിനു നിർബന്ധിക്കാൻ മറ്റു രാഷ്ട്രങ്ങൾ യാതൊരു ശ്രമവും ചെയ്യാതിരിക്കുകയും ചെയ്യുന്നു.

3. വിവിധ രാഷ്ട്രങ്ങൾ അത്തരം തർക്കകാര്യങ്ങളിൽ കക്ഷിപിടിക്കുകയും അങ്ങനെ സ്പർദ്ധയെ വളർത്തുകയും ചെയ്യാനൊരുങ്ങുന്നു.

4. ദുശ്ശഠയായ രാഷ്ട്രത്തെ കീഴ്പെടുത്തിക്കഴിഞ്ഞാൽ, മറ്റു രാഷ്ട്രങ്ങൾ അടിസ്ഥാനപരമായ തർക്കത്തിൽ ഒരൊത്തുതീർപ്പുണ്ടാക്കുന്നതിൽ മാത്രം നിഷ്ഠരരായിരിക്കുന്നതിന്നു പകരം കീഴൊതുക്കപ്പെട്ട രാഷ്ട്രത്തിന്റെ ദൗർബ്ബല്യത്തിൽനിന്നു മുതലെടുക്കുവാൻ ശ്രമിക്കുന്നു.

5. സർവ്വദേശീയ സമാധാനത്തിന്നുവേണ്ടി ത്യാഗം ചെയ്യാൻ അംഗ രാഷ്ട്രങ്ങൾ തയ്യാറാകുന്നില്ല.

ഈ ന്യൂനതകളെല്ലാം പരിഹരിക്കുന്നപക്ഷം വിശുദ്ധഖുർആൻ സൂചിപ്പിക്കുന്ന തരത്തിലുള്ള ഒരു ഐക്യരാഷ്ട്രസഭയെ പടുത്തുയർത്താൻ കഴിയുന്നതാണ്. അത്തരം ഒരു സഭയ്ക്ക് മാത്രമെ രാഷ്ട്രാന്തരീയ സമാധാനം സുരക്ഷിതമായ നിലയിൽ പുലർത്തിപ്പോരാൻ സാധ്യമാകയുള്ളു. അല്ലാതെ, ഏതൊന്നിന്റെ നിലനില്പ്പ് തന്നെയും അന്യരുടെ സന്മനസ്സിനെ ആശ്രയിച്ചിരിക്കുന്നുവോ അത്തരം ഒരു ഐക്യരാഷ്ട്ര സഭയ്ക്കല്ല. സാർവ്വദേശീയ തർക്കങ്ങൾക്കടിയിൽ കിടക്കുന്ന യഥാർത്ഥമായ കാരണം, വ്യക്തിപരമായ പെരുമാറ്റങ്ങൾ സാന്മാർഗ്ഗിക നിയമങ്ങൾക്കനുസരിച്ച് നിർണ്ണയിക്കപ്പെടുമ്പോൾ ദേശീയ കാര്യങ്ങളിൽ ഈ നിയമങ്ങൾ തികച്ചും അവഗണിക്കപ്പെടുന്നുവെന്നാണ്. രാഷ്ട്രങ്ങളുടെ പെരുമാറ്റം ധാർമ്മിക നിയമങ്ങൾക്കനുരോധമായിരിക്കാത്തേടത്തോളം കാലം സാർവ്വദേശീയബന്ധങ്ങൾ തൃപ്തികരമായ ഒരടിസ്ഥാനത്തിൽ ഉറപ്പിക്കാനാവുന്നതല്ലതന്നെ. ഇത്തരം കാര്യങ്ങളിൽ താല്പര്യമുള്ളവർ സാർവ്വദേശീയത്തർക്കങ്ങളുടെ ശരിയായ കാരണങ്ങൾ കണ്ടുപിടിക്കുകയും അവയുടെ നിവാരണാർത്ഥം പരിശ്രമിക്കുകയുമാണ് വേണ്ടത്. തർക്കങ്ങളിൽ തീർപ്പ് കല്പിക്കുന്നതിന്നു ഇസ്‌ലാമികതത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരന്താരാഷ്ട മദ്ധ്യസ്ഥകോടതി സ്ഥാപിക്കേണ്ടതാണ്.

രാഷ്ട്രാന്തരീയ തർക്കങ്ങൾ ഉത്ഭവിക്കുന്നതിന്നുള്ള കാരണങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്:

1. ഭരണകൂടവും ഭരണീയരും തമ്മിലുള്ള ബന്ധം തൃപ്തികരമല്ല. ഈ വിഷയത്തിൽ ഇസ്‌ലാമികാധ്യാപനം അനുവർത്തിക്കപ്പെടുന്നപക്ഷം- അതായത്, ഒരു രാജ്യത്ത് നിവസിക്കുന്ന ജനങ്ങൾ ഒന്നുകിൽ ആ രാജ്യത്തിലെ ഗവൺമെന്റിന്ന് ഹൃദയംഗമമായ പിന്തുണയും സഹായവും നൽകുക. അല്ലെങ്കിൽ, ആ രാജ്യത്തിലെ ആഭ്യന്തരസമാധാനത്തെ അപകടപ്പെടുത്താത്ത തരത്തിൽ അവിടെനിന്നു ഒഴിഞ്ഞു പോകുക- യാതൊരു രാഷ്ട്രവും ഒരു യുദ്ധത്തിന്റെ ഭവിഷ്യത്തുകളെ കുറിച്ചു നല്ലപോലെ ആലോചിച്ചിട്ടല്ലാതെ ഇതര രാഷ്ട്രത്തെ ആക്ര

മിക്കാനൊരുമ്പെടുകയില്ല. ഒരു രാജ്യത്തിലെ ജനങ്ങൾ രാജ്യരക്ഷയ്ക്കായി സർവ്വസ്വവും ബലികഴിക്കാനൊരുങ്ങുമെന്നുള്ള വിശ്വാസം ഒരക്രമി രാഷ്ട്രത്തെ അതിന്റെ ദുരുദ്ദേശത്തിൽനിന്നു പിന്തിരിപ്പിക്കാൻ പോരുന്നതാണ്.

2. ഏതൊരു ഭരണത്തിലെയും ജനങ്ങൾ ഭരണകൂടത്തിന്റെ അക്രമപരമായ നയത്തെകൂടിയും അതു തങ്ങളുടെ ഗവൺമെന്റാണെന്നതുകൊണ്ടു മാത്രം വിവേചനാലേശം കൂടാതെ അനുകൂലിക്കാനൊരുമ്പെടുമാറ് സങ്കുചിതദേശീയത്വം ഇന്നു വളരെയേറെ ശക്തിപ്പെട്ടിരിക്കുകയാണ്. ഈ നില കാരണം ഒരു രാഷ്ട്രം അതിന്റെ ഏതൊരു കാൽവെപ്പിന്നും അതു തെറ്റായാലും ശരിയായാലും, ജനതയുടെ പിന്തുണയുണ്ടാവുമെന്ന ഉറച്ച വിശ്വാസത്തോടുകൂടി യുദ്ധത്തിലേയ്ക്ക് പ്രവേശിക്കാൻ ധൈര്യപ്പെടുന്നു. ഒരാൾക്ക് തന്റെ സഹോദരന്നുവേണ്ടി ചെയ്യാവുന്ന ഏറ്റവും ഉത്തമമായ സഹായം, അക്രമപരമായ പ്രവൃത്തിയിൽനിന്നു അയാളെ തടയുകയാണെന്ന ഇസ്‌ലാമിക പാഠം അനുവർത്തിക്കപ്പെടുകയാണെങ്കിൽ നിരവധി യുദ്ധങ്ങളും അക്രമങ്ങളും നമുക്ക് കൂടാതെ കഴിക്കാമായിരുന്നു. അനീതി പരമായ ആക്രമണത്തിന്നു പോലും സ്വന്തം ഗവൺമെന്റായതുകൊണ്ടുമാത്രം പിന്തുണ നൽകുവാനൊരുങ്ങുന്നത് യഥാർത്ഥമായ സ്വരാജ്യസ്നേഹമല്ല. നീതിരഹിതമായ ഒരു നടപടിയിൽനിന്ന് രാജ്യത്തെ പിന്തിരിപ്പിക്കുന്നതിലാണ് യഥാർത്ഥമായ രാജ്യസ്നേഹം നിലകൊള്ളുന്നത്.

ചുരുക്കത്തിൽ, ഒരുഭാഗത്ത് വഞ്ചനയും മറുഭാഗത്ത് ദേശീയപക്ഷപാതിത്വവും ആണ് യുദ്ധത്തിന്നുള്ള പ്രധാന പ്രേരകങ്ങളെന്നു കാണ്മാൻ കഴിയും. ഇതിന്നു പരിഹാരം കാണാതെ ലോകസമാധാനത്തെ കുറിച്ച് ആശിക്കാൻ കൂടി നിർവ്വാഹമില്ല. സ്വരാജ്യസ്നേഹവും മനുഷ്യവംശ സ്നേഹവും പരസ്പര വിരുദ്ധങ്ങളല്ലെന്നു ലോകമിനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇസ്‌ലാം ഈ പരമാർത്ഥത്തെ വളരെ സംക്ഷിപ്തമായ വാചകത്തിൽ വിവരിച്ചിരിക്കുന്നു: ''ദ്രോഹിയായിരുന്നാലും ദ്രോഹിതനായിരുന്നാലും നീ നിന്റെ സഹോദരനെ സഹായിക്കുക; ദ്രോഹിയെ ദ്രോഹപ്രവൃത്തിയിൽനിന്ന് വിരമിപ്പിച്ചുകൊണ്ടും, ദ്രോഹിതനെ ദ്രോഹത്തിൽനിന്ന് രക്ഷപ്പെടുത്തിക്കൊണ്ടും.'' അനീതി പ്രവർത്തിക്കുന്നതിൽനിന്നു തന്റെ ഗവൺമെന്റിനെ പിൻതിരിപ്പിക്കുവാനുള്ള ഒരു പൗരന്റെ ശ്രമത്തെ ഒരിക്കലും തന്നെ സ്വരാജ്യസ്നേഹമില്ലായ്മയായി കണക്കാക്കിക്കൂടാത്തതാണ്. നേരെമറിച്ച്, യഥാർത്ഥമായ സ്വരാജ്യസ്നേഹമാണവനെക്കൊണ്ടത്തരത്തിൽ പ്രവർത്തിപ്പിക്കുന്നതെന്നു സമ്മതിക്കണം. അക്രമത്തിന്റെ കളങ്കത്തിൽനിന്നും തന്റെ രാജ്യത്തിന്റെ

സൽപേരിനെ രക്ഷിക്കേണമെന്നാണവർ ആഗ്രഹിക്കുന്നത്. അതേ അവസരത്തിൽ തന്നെ മനുഷ്യസമുദായത്തോടുള്ള യഥാർത്ഥമായ സ്നേഹത്താലുമാണവൻ അത്തരത്തിൽ പ്രവർത്തിക്കാനൊരുങ്ങുന്നത്. 'ജീവിക്കുക, ജീവിക്കാനനുവദിക്കുക' എന്നുള്ള തത്വത്തെ ബലത്തിൽ വരുത്താനത്രെ അയാളതുവഴി ശ്രമിക്കുന്നത്.

3. രാഷ്ട്രങ്ങൾ പരസ്പരമുള്ള തെറ്റിദ്ധാരണകൾക്ക് മറ്റൊരു കാരണമായിരിക്കുന്നത് ദേശീയ മേന്മയെക്കുറിച്ചുള്ള മിഥ്യാഭിമാനമത്രെ. ഖുർആൻ പറയുന്നു: "ഒരു ജനത മറ്റൊരു ജനതയെ ഇകഴ്ത്തരുത്. രണ്ടാമത്തേത് ആദ്യത്തേതിനേക്കാൾ മികച്ചതായെന്നു വരാം." (49:12) വീണ്ടും ഖുർആൻ പറയുന്നു: "ഉയർച്ചയുടേയും താഴ്ചയുടെയും ഘട്ടങ്ങൾ വിവിധ ജനതകൾക്കിടയിൽ നാം വരുത്തിക്കൊണ്ടിരിക്കും." (3:141) പുരോഗതിയിലേയ്ക്ക് കുതിച്ചുയരുന്ന ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തെ അവഹേളിച്ചുകൊണ്ട് ശത്രുതയുടെ ബീജം പാകരുത്. അവഹേളിക്കപ്പെട്ട രാഷ്ട്രം നാളെ മറ്റെ രാഷ്ട്രത്തെ നയിക്കാൻ പോന്നേയ്ക്കാം.

മനുഷ്യസമുദായം ഒരൊറ്റ രാഷ്ട്രമാണെന്ന ബോധം വളരുന്നതുവരെയും സാർവ്വദേശീയ തർക്കങ്ങൾക്ക് അറുതിവരുത്താനാവില്ല. പുരോഗതിയോ അധോഗതിയോ യാതൊരു രാഷ്ട്രത്തിന്റെയും പാരമ്പര്യമോ സ്ഥായിയായ സ്വഭാവമോ അല്ല. ഉയർച്ചയുടേയോ താഴ്ചയുടേയോ മാത്രം ചരിത്രമുള്ള ഒരു രാഷ്ട്രവുമില്ല. പരിതസ്ഥിതികളുടെ സമ്മർദ്ദങ്ങളാലുള്ള ദോഷഫലങ്ങളിൽ നിന്നു എന്നും സുരക്ഷിതമായിരിക്കാൻ ഒരു രാഷ്ട്രത്തിന്നുമാവില്ല. ഒരു രാഷ്ട്രത്തെ ഐശ്വര്യത്തിന്റെ കൊടുമുടിയിലേയ്ക്കുയർത്തുകയും അതിനെത്തന്നെ അധഃപതനത്തിന്റെ അടിത്തട്ടിലേയ്ക്ക് ആപതിപ്പിക്കുകയും ചെയ്യുന്ന വിപ്ലവാത്മകശക്തികളുടെ പ്രവർത്തനം നിലച്ചുപോയിട്ടില്ല. കഴിഞ്ഞുകടന്ന നൂറ്റാണ്ടുകളിലെന്നതുപോലെ നിയതി ഇന്നും അതിന്റെ ലക്ഷ്യങ്ങളെ സജീവമായി പിന്തുടരുന്നുണ്ട്.

# ഇസ്ലാമും ഭൂപ്രശ്നവും

സാർ ചക്രവർത്തിമാരുടെ കീഴിൽ റഷ്യ ഒരു വ്യവസായിക രാജ്യമായിരുന്നില്ല. പാരമ്പര്യ പ്രഭുക്കന്മാരുടെ അധീനത്തിലുള്ള വലിയ വലിയ 'എസ്റ്റേറ്റു'-കളാണവിടെ ഉണ്ടായിരുന്നത്. തന്നിമിത്തം, ഭൂമിയാണ് വ്യവസായമല്ല കമ്യൂണിസത്തിന്നു അവിടെ നേരിടേണ്ടിവന്ന ഒന്നാമത്തെ

പ്രശ്നം. മുതലാളിത്തത്തെപ്പറ്റി കാറൽമാർക്സ് എന്തൊക്കെത്തന്നെ പറഞ്ഞിരുന്നാലും, അവ വമ്പിച്ച മൂലധന വ്യവസായ പ്രതിനിധാനം ചെയ്യുന്ന മുതലാളിത്തത്തെ മാത്രമാണ് ബാധിക്കുന്നത്. റഷ്യയെക്കാളെത്രയോ മികച്ച നിലയിലുള്ള ഒരു വ്യവസായ വൽകൃത രാജ്യമായിരുന്ന ജർമ്മനിയിലാണദ്ദേഹം ജനിച്ചതും ജീവിച്ചതും. അവിടെ തൊഴിലാളികളെ നേരിട്ടിരുന്ന പ്രശ്നം ഒരു വ്യവസായ പ്രശ്നമായിരുന്നു. റഷ്യയിലെ വിപ്ലവനേതാക്കന്മാർ അദ്ദേഹത്തിന്റെ തത്വങ്ങളെ റഷ്യയിലെ പരിതഃസ്ഥിതിക്കനുസരിച്ച് ഇങ്ങനെ രൂപപ്പെടുത്തി.

1. എല്ലാ ഭൂമിയും സ്റ്റേറ്റിന്റെ ഉടമയിൽ പെട്ടതാണ്.

2. അതിനാൽ, കൃഷിചെയ്യാനിഷ്ടപ്പെടുന്നവർക്ക് ഭൂമി പുനർവിതരണം ചെയ്യുന്നതിന്നായി സ്റ്റേറ്റ് എല്ലാ നിലങ്ങളും പിടിച്ചടക്കേണ്ടതാണ്.

3. ഓരോരുത്തന്നും അവനവന്റെ കഴിവനുസരിച്ച് കൃഷിചെയ്യാൻ സാധിക്കുന്നത്ര ഭൂമി മാത്രം നല്കുക; അതിലധികം പാടില്ല.

4. ഭൂമി സ്റ്റേറ്റിന്റെ സ്വത്താകയാൽ എല്ലാവരുടെയും താല്പര്യത്തെ ലാക്കാക്കി അതിനെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കുമാറുള്ള തരത്തിൽ ഭൂമിയിന്മേലുള്ള സ്റ്റേറ്റ് നിയന്ത്രണം ന്യായമാണ്.

ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം ഇസ്ലാമിന്റെ അധ്യാപനം (അടിസ്ഥാന തത്വങ്ങൾ ഞാനാദ്യമേ വിവരിച്ചു കഴിഞ്ഞു) ഇതാണ്: ഭൂമി മുഴുവനും യഥാർത്ഥത്തിൽ ദൈവത്തിന്റേതാണ്. നിയമപ്രകാരം അംഗീകരിക്കപ്പെട്ട അവകാശികളുടെ വൃത്തത്തിന്നു പുറമെ ഉടമസ്ഥന്നു കൈമാറുവാൻ സ്വാതന്ത്ര്യമുള്ള മൂന്നിലൊരംശം കഴിച്ചുള്ള ഭാഗം അയാളുടെ മരണശേഷം നിശ്ചിത അവകാശികൾക്ക് നിശ്ചിത വീതപ്രകാരം വിഭജിച്ചുകൊടുക്കേണ്ടതാണെന്നും, യാതൊരു കാരണവശാലും മറ്റവകാശികൾ ജീവിച്ചിരിക്കവെ അവരെയെല്ലാം പുറംതള്ളിക്കൊണ്ട് ഏതെങ്കിലുമൊരവകാശിയുടെ കയ്യിലേയ്ക്ക് മാത്രമായി ഭൂമി നീങ്ങുവാനനുവദിക്കപ്പെടുകയില്ലെന്നുമുള്ള ഉപാധികൾക്ക് വിധേയമായി ഭൂഭാഗങ്ങൾ ഉടമപ്പെടുത്തിക്കൊള്ളാൻ അനുവാദമുണ്ട്. നിയമപ്രകാരമുള്ള അവകാശികളാരുമില്ലാ എങ്കിൽ ഭൂമി ദൈവത്തിന്റെ പ്രതിനിധിയ്ക്ക്–അതായത്, ഇവിടെ സ്റ്റേറ്റിന്ന്– ചെല്ലേണ്ടതാണ്. ഈ തത്വത്തിൽ അതീവഗഹനമായ ജ്ഞാനം അടങ്ങിയിരിക്കുന്നു.

1. ഉടമാവകാശം അംഗീകരിക്കപ്പെട്ടിരിക്കുകയാൽ ആർക്കും ഭൂമി സ്വായത്തമാക്കാവുന്നതാണ്. തങ്ങളുടെ വരുമാനം അതിനെ ആശ്രയിച്ചിരിക്കുമെന്നതിനാൽ എല്ലാവരും നല്ലവണ്ണം വേലചെയ്യേണ്ടിയിരിക്കുന്നു.

2. ഭൂവുടമസ്ഥരുടെ പിന്തുടർച്ചയിലുള്ള തലമുറകൾ ഭൂമിയുമായുള്ള

സ്ഥിരസമ്പർക്കം മൂലം നേടിയ ചിര പരിചയത്തിലൂടെ കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

3. വലിയ വലിയ ഘടകങ്ങൾ ഉൾക്കൊള്ളുന്നതും താരതമ്യേന വിസ്തൃതമായിരിക്കുന്നതുമായ ഭൂമി ഏക ഉടമയിൽ ഉണ്ടായെന്ന് വന്നാൽ തന്നെ പിന്തുടർച്ചാവകാശ നിയമത്തിന്റെ പ്രവർത്തനത്തിലൂടെ അതു ചെറിയ കണ്ടങ്ങളായി വിഭജിക്കപ്പെടുമാറാകുന്നു.

4. ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥൻ ദൈവമാണെന്നു ഇസ്‌ലാം കരുതുന്നതുകൊണ്ട്, ആർക്കുംതന്നെ അതിന്റെ ഒരു ഭാഗവും നിയമവിരുദ്ധമായ നിലയിൽ കൈവശപ്പെടുത്തിക്കൂടാ.

ആക്രമിച്ചു കീഴടക്കപ്പെടുന്ന നാടുകൾ ആക്രമിസേനാനിയും അയാളുടെ സിൽബന്തികളായ ഉദ്യോഗസ്ഥന്മാരും പങ്കിട്ടെടുക്കുകയെന്ന സമ്പ്രദായമാണ് ഇസ്‌ലാമികേതര വ്യവസ്ഥിതികളിൽ നടപ്പായിരുന്നത്. ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, അയർലണ്ട് മുതലായ രാജ്യങ്ങൾ ഇപ്രകാരം നോർമൻ രാജക്കന്മാർ പിടിച്ചടക്കുകയും അവരുടെ കീഴിലുള്ള പ്രഭുക്കന്മാർക്ക് വീതിച്ചുകൊടുക്കുകയുമാണുണ്ടായത്. ഇങ്ങനെ ഭൂമിയെല്ലാം വിദേശിയരായ ഒരുപിടി നാടുവാഴികളുടെ കുത്തകയായിത്തീർന്നു. അതെ അവസരത്തിൽ തന്നെ രാജ്യത്തിലെ അസ്സൽ നിവാസികൾക്കാകട്ടെ, സ്വന്തത്തിൽ എവിടെയും ഉറച്ചിരിക്കാൻ വയ്യെന്നായി. തങ്ങൾക്ക് വീടുകൾ പണിയാൻപോലും നിലമില്ലാതെയും ഈ ആവശ്യാർത്ഥം നിലം വിലകൊടുത്തു വാങ്ങുവാൻ നിവൃത്തിയില്ലാതെയും അവർ കുഴങ്ങുമാറ് അവിടങ്ങളിലെ സ്ഥിതി വളരെക്കാലങ്ങളോളം ദയനീയമായിത്തീർന്നിരുന്നു. ദീർഘകാലത്തേയ്ക്കോ ഹ്രസ്വകാലത്തേയ്ക്കോ ഭൂമി പാട്ടത്തിന്നു വാങ്ങിക്കൊള്ളുവാൻ മാത്രമെ നിയമം അനുവദിച്ചിരുന്നുള്ളു. അതിലുപരിയായി ഒന്നും പാടില്ലായിരുന്നു. വിദേശിയരായ ഒരു പിടി നാടുവാഴി പ്രഭുക്കൾ നാട്ടും പുറങ്ങളെല്ലാം കയ്യടക്കിവെച്ചിരുന്നതിനാൽ തദ്ദേശിയർക്ക് അവിടെ ജീവിക്കണമെന്നുണ്ടെങ്കിൽ അവരുടെ അധികാര നുകത്തിന്നു കീഴ്പെടുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളു. ഫ്രാൻസിലും ജർമ്മനിയിലും ആസ്ട്രിയയിലും ഇറ്റലിയിലും ഇതേ സ്ഥിതിതന്നെയാണാവർത്തിക്കപ്പെട്ടത്. നെപ്പോളിയൻ യുദ്ധങ്ങൾ അവസാനിക്കുന്നതുവരേയും സ്ഥിതിഗതികൾ ഭേദപ്പെട്ടിരുന്നില്ല. അമേരിക്കയിൽ തന്നെയും രാജ്യം പുരോഗമിച്ചപ്പോൾ ഒരു കൂട്ടം വൻകിട ജന്മികൾ രംഗപ്രവേശം ചെയ്യുകയുണ്ടായി. അവർ സ്വീകരിച്ച മാർഗ്ഗം ഇതാണ്: തങ്ങൾക്കാകുവോളം അവർ അസ്സൽ നിവാസികളെ അടിച്ചോടിച്ചു. എന്നിട്ട്, തങ്ങൾ നേടിയ ഭൂമികളിന്മേൽ അവരവകാശം ഉറപ്പിക്കുകയോ അവയെ ബലാൽ പിടിച്ചെടുക്കുകയോ ചെയ്തു. ആസ്ട്രേ

ലിയയിലും ന്യൂസിലണ്ടിലും കെനിയപോലുള്ള ആഫ്രിക്കയിലെ സമ്പന്നമായ മലമ്പ്രദേശങ്ങളിലും ഇക്കഥ തന്നെയാണാവർത്തിക്കപ്പെട്ടത്. യൂറോപ്യൻ കുടിയേറ്റക്കാരായ സ്വകാര്യവ്യക്തികൾ ലക്ഷക്കണക്കായ ഏക്കർ നിലങ്ങൾ നിസ്സഹായരായ പൂർവ്വ നിവാസികളെ നിഷ്ക്കരുണം ആട്ടിയോടിച്ചശേഷം കയ്യടക്കിവെച്ചിരിക്കുകയാണ്.

ഈ ക്രൂരതയ്ക്കും അനീതിയ്ക്കുമെതിരിൽ ഇസ്‌ലാമിന്റെ ചരിത്രം ആശ്ചര്യകരമാംവിധം അപങ്കിലമത്രെ. കൃഷിസ്ഥലങ്ങളില്ലാത്ത മരുപ്രായമായ സാക്ഷാൽ അറേബ്യയിൽ ഭൂപ്രഭുത്വം ഉടലെടുക്കുന്നതിന്നു പഴുതുണ്ടായിരുന്നില്ല. ഒരുകൂട്ടമാളുകൾക്ക് ഏതാനും തരിശുഭൂമികൾ പ്രദാനം ചെയ്യപ്പെട്ടിരുന്നെങ്കിൽ തന്നെ, ആ നിലങ്ങൾ പരിമിതങ്ങളായിരുന്നതിനാൽ അവർ വൻകിട ജന്മികളായി രൂപാന്തരപ്പെടുന്നതിന്നും സാദ്ധ്യതയുണ്ടായിരുന്നില്ല. വളരെക്കാലമായി കൃഷിചെയ്യപ്പെട്ടുവന്നിരുന്ന യമൻ, സിറിയ എന്നീ രാജ്യങ്ങളിൽ നിലങ്ങൾ പൂർവ്വിക ഉടമസ്ഥൻമാർക്ക് തന്നെ വിട്ടുകൊടുത്തിരുന്നു. ജനനിബിഡമല്ലാത്തതും പക്ഷെ ഫലഭൂയിഷ്ടവുമായ ഇറാക്കിൽ - മുസ്‌ലിംകളുടെ വിജയത്തോടെ പേർഷ്യക്കാർ ഇവിടം വിട്ടു സ്വദേശത്തേയ്ക്ക് തിരിച്ചുപോയിട്ടുണ്ടായിരുന്നു- വിസ്തൃതമായ ഭൂഭാഗങ്ങളാണുണ്ടായിരുന്നത്. ആ നിലങ്ങൾ പങ്കിട്ടുകൊടുപ്പാൻ പലരും ആവശ്യപ്പെട്ടിരുന്നിട്ടും ഹദ്റത്ത് ഉമർ(റ) അപ്രകാരം ചെയ്യുകയുണ്ടായില്ല. ഈ നയം ഭാവിയിൽ മുസ്‌ലിംകളുടെ പൊതുതാല്പര്യത്തെ അപകടപ്പെടുത്തുന്ന ഫലങ്ങളുളവാക്കിയേക്കുമെന്ന കാരണം പറഞ്ഞുകൊണ്ടാണ് അദ്ദേഹം എതിർത്തത്. അങ്ങനെ, ഈ ഭൂമികളെല്ലാം സ്റ്റേറ്റിന്റെ സ്വത്തായി പ്രഖ്യാപിക്കപ്പെട്ടു. ഈജിപ്തിൽ പൂർവ്വിക ഉടമസ്ഥന്മാരെതന്നെ ഭൂമി കൈവശം വെച്ചുകൊള്ളാൻ അനുവദിച്ചിരുന്നു. ചുരുക്കത്തിൽ, മുസ്‌ലിംകൾ അധീനപ്പെടുത്തിയ രാജ്യങ്ങളിൽ അവരുടെ അധികാരപരിധിയിൽ വന്ന തരിശുനിലങ്ങൾ പൊതുനന്മക്കായി സന്ദർഭോചിതം ഉപയോഗപ്പെടുത്തേണ്ടതിന്നു സ്റ്റേറ്റിന്റെ ഉടമയിൽ നിറുത്തേണമെന്നതാണ് ഇസ്‌ലാമിക വ്യവസ്ഥിതിയ്ക്ക് ആദ്യകാലങ്ങളിൽ നൽകപ്പെട്ടിരുന്ന ഭൂപ്രഭുത്വം ഉടലെടുക്കാഞ്ഞതിന്റെ കാരണം ഇതായിരുന്നു. പിൽക്കാലങ്ങളിൽ, ഇസ്‌ലാമികാദ്ധ്യാപനങ്ങൾ നിഷ്കൃഷ്ടമായും പാലിക്കപ്പെട്ടിരുന്നില്ലന്നതു നേരുതന്നെയെങ്കിലും ഇസ്‌ലാമിന്റെ മൗലികമായ സിദ്ധാന്തങ്ങളുടെ സ്വാധീനതയിൽനിന്ന് മുസ്‌ലിം രാജാക്കന്മാർ തികച്ചും സ്വതന്ത്രരായിരുന്നില്ല. ഇന്ത്യയിൽതന്നെയും, മുസ്‌ലിം ഭരണം വന്നപ്പോൾ ഭൂമി പൂർവ്വനിവാസികളുടെ കയ്യിൽതന്നെ വെച്ചുകൊള്ളുവാൻ അനുവദിക്കപ്പെടുകയാണുണ്ടായത്. അവരുടെ കൈവശാവകാശത്തെ അപകട

പ്പെടുത്തിയതേ ഇല്ല. തരിശു നിലങ്ങളാണ് സ്റ്റേറ്റ് പിടിച്ചെടുത്തത്. ഇന്ത്യയിൽ ഇന്ന് കാണപ്പെടുന്ന വലിയ വലിയ എസ്റ്റേറ്റുകളെല്ലാം തന്നെ പിൽക്കാലത്ത് ബ്രിട്ടീഷുകാർ ഭരണം കയ്യടക്കിയപ്പോൾ സൃഷ്ടിച്ചവയാണ്. കാര്യങ്ങൾ എളുപ്പത്തിൽ കയ്യാളുവാനുള്ള ബദ്ധപ്പാടും രാജ്യത്ത് തങ്ങൾക്ക് നല്ല സ്വാധീനമുള്ള താങ്ങുകാരെ കിട്ടാനുള്ള ഉൽകണ്ഠയും നിമിത്തം, പുതിയ ഗവൺമെന്റ് അധികവും ബംഗാളിലും യൂപിയിലും ഉള്ള തഹസിൽദാർമാർക്ക് (നികുതി പിരിക്കുന്ന ഏജന്റുമാർക്ക്) അവരുടെ അധികാര പരിധിയിൽപെട്ട പ്രദേശങ്ങളുടെ ഉടമാവകാശം ചാർത്തിക്കൊടുത്തു. അപ്രദേശങ്ങളിലെ അസ്സൽ ഉടമസ്ഥന്മാരുടെ നേരെ ഭയങ്കരമായ അനീതി പ്രവർത്തിക്കുന്നതിന്നാണിതിടയാക്കിയത്.

ഇങ്ങിനെ, ഭൂപ്രശ്നം കയ്യാളുന്നകാര്യത്തിലും ഇസ്‌ലാമിക വ്യവസ്ഥിതി ഇതരപ്രശ്നങ്ങളിലെന്നപോലെ പരിപൂർണ്ണവും സമഗ്രവും സുഭദ്രവുമാണെന്നു കാണുവാൻ കഴിയും. സാമ്പത്തികസമതയെ തകരാറിലാക്കാൻ കഴിയുന്ന സ്റ്റേറ്റിന്റെ സൃഷ്ടികളായ വലിയ വലിയ ഭൂവുടമകൾക്ക് (ജാഗീർദാർമാർക്ക്) ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. സ്വതന്ത്രമാർക്കറ്റിൽ ആർക്കും എത്രവേണമെങ്കിലും ഭൂമിവാങ്ങാം. ഈ സ്വാതന്ത്ര്യം മൂലം ഒരു സാമ്പത്തിക ഭീഷണി രൂപമെടുക്കാനിടയില്ല. എന്തെന്നാൽ, കാര്യമായി മുതൽ കയ്യടക്കിവെച്ചിരിക്കാവുന്ന വ്യാപാരികൾ ഭൂമി വിലക്കെടുക്കുന്നതിൽ താൽപര്യം കാണിച്ചെന്നുവരില്ല. കാരണം, അവർക്കാണെങ്കിൽ മറ്റു രംഗങ്ങളിൽ മുതലിറക്കുന്നതുകൊണ്ട് കൂടുതൽ വരുമാനമുണ്ടാക്കാമല്ലോ. ഏതു വിധമായാലും ശരി, വൻകിട ഭൂമികൾ, പിന്തുടർച്ചാവകാശ നിയമത്തിന്റെ പ്രവർത്തനത്തിലൂടെ ഒരു തലമുറയിലൊരിക്കലെങ്കിലും ചെറുഖണ്ഡങ്ങളായി വിഭജിക്കപ്പെടുന്നതുമാണ്.

പിന്തുടർച്ചാവകാശികളില്ലാത്ത ഒരു വ്യക്തിക്ക് തന്നെയും അയാളുടെ സ്വത്തിന്റെ മൂന്നിലൊന്നിൽ കവിഞ്ഞുള്ള ഭാഗം ഒസ്യത്ത് ചെയ്യാൻ ഇസ്‌ലാം അനുവാദം നൽകുന്നില്ലെന്ന കാര്യംകൂടി നാം ഓർമ്മിച്ചിരിക്കേണ്ടതുണ്ട്. അയാൾക്ക് പിന്തുടർച്ചക്കാരുണ്ടെങ്കിൽ ആ മൂന്നിലൊരു ഭാഗം അവരിൽ ഒരാൾക്ക് മാത്രമായി ദാനം ചെയ്യാനും പാടുള്ളതല്ല. എന്തെന്നാൽ, ആ അവകാശികൾക്കെല്ലാംതന്നെ നിശ്ചിതമായ വീതപ്രകാരമുള്ള നിശ്ചിത ഓഹരികൾ മാത്രമെ ലഭിക്കുകയുള്ളു. അതിൽ കവിഞ്ഞുകൂടാ.

ദരിദ്രരുടെ മാർഗ്ഗത്തെ പ്രതിരോധിക്കുന്നതിൽനിന്ന് ഭൂവുടമസ്ഥരെ ഇസ്‌ലാം തടസ്സപ്പെടുത്തുന്നതോടൊപ്പം തന്നെ അതു വ്യക്തി സ്വാത

ന്ത്ര്യത്തെ ഹനിക്കുന്നുമില്ല എന്ന വസ്തുതയാണ് ഇസ്‌ലാമിക വ്യവസ്ഥിതിയുടെ മറ്റൊരു സവിശേഷത. ബുദ്ധിപരമായി പുരോഗമിച്ചുകൊള്ളുവാനും ധർമ്മവിഷയത്തിൽ പങ്കെടുത്തുകൊണ്ട് പാരത്രീക ജീവിതത്തെ സുരക്ഷിതമാക്കിത്തീർക്കുന്നതിന്നും ആരും സ്വതന്ത്രരാണ്. ഇതിന്നു വിപരീതമായി, കമ്മ്യൂണിസം അതിന്റെ തത്വശാസ്ത്രത്തിന്നു പ്രായോഗികരൂപം നല്കുന്ന വിഷയത്തിൽ സ്വീകരിച്ച മാർഗ്ഗം വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും പരസ്പര സ്നേഹഭാവത്തെ ഞെക്കിക്കൊല്ലുന്നതും മതസേവനത്തിന്നുള്ള സകല സാധ്യതകളേയും ഇല്ലായ്മചെയ്യുന്നതും അത്രെ. എല്ലാറ്റിന്നും പുറമെ, കമ്മ്യൂണിസം രാഷ്ട്രീയവും സാമ്പത്തീകവുമായ അതിന്റെ മൂലസിദ്ധാന്തങ്ങളിന്മേൽ ഉറച്ചുനിൽക്കുന്നതിൽ തുടക്കത്തിൽതന്നെ പരാജയമടഞ്ഞിരിക്കുകയുമാണ്.

ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം, എല്ലാ ഭൂമിയും സ്റ്റേറ്റിന്റെ ഉടമസ്ഥയിൽ പെട്ടതാണെന്ന തത്വവുമായിട്ടാണ് കമ്മ്യൂണിസം കടന്നുവന്നത്. ഈ വിക്ഷണമനുസരിച്ച് രാജ്യത്തിലെ ഭൂമിയെല്ലാം സ്റ്റേറ്റിന്നു ഉടമപ്പെട്ടതായിത്തീർന്നു. അസ്സൽ ഭൂവുടമസ്ഥരും കൃഷിക്കാരും കേവലം കൂലിവേലക്കാരുമായി മാറി. ഇവിടെ കമ്മ്യൂണിസം കച്ചവടക്കാരേയും വ്യവസായികളേയും അപേക്ഷിച്ച് ഭൂവുടമസ്ഥന്മാരുടെ അവകാശത്തെ ഹനിച്ചു കളയുകയത്രെ ചെയ്യുന്നത്. എന്തെന്നാൽ, അവർക്കാണെങ്കിൽ തങ്ങളുടെ ചരക്കിന്മേൽ ഒരതിർത്തിവരെയെങ്കിലും ഉടമാവകാശം കല്പിച്ചുകൊടുത്തിട്ടുണ്ടല്ലോ. എല്ലാ ഭൂമിയും സ്റ്റേറ്റിന്റെ ഉടമയിൽ പെട്ടിരിക്കുകയാൽ, എന്തു വിതക്കണമെന്നും എവിടെ വിതക്കണമെന്നും കൃഷിക്കാരനോടു കല്പിക്കാൻ സ്റ്റേറ്റിന്നധികാരമുണ്ടെന്നു കമ്മ്യൂണിസം തീരുമാനിച്ചു. ചില പ്രത്യേകതരം വിളകളെ സംബന്ധിച്ചേടത്തോളം ചില കൃഷിക്കാർക്ക് പരിചയമധികമുണ്ടാകുമെന്നതിനാൽ, അത്തരക്കാരെ സ്വഗൃഹങ്ങളിൽ നിന്നും നീക്കി അവർക്കതി പരിചയമുള്ള പ്രത്യേകതരം കൃഷിക്ക് ഏറ്റവും പറ്റിയ പ്രദേശങ്ങളിൽ കൊണ്ടുപോയി കുടിയിരുത്തുവാനും സ്റ്റേറ്റിന്നധികാരമുണ്ടെന്നായി. ഈ സിദ്ധാന്തങ്ങൾ രാജ്യത്ത് വിപുലമായ തോതിൽ പ്രയോഗപ്പെടുത്തിത്തുടങ്ങിയപ്പോൾ, തങ്ങളുടെ പദവി ഒരു കച്ചവടക്കാരന്റേയോ കൈവേലക്കാരന്റേയോ നിലയേക്കാൾ അധഃപതിച്ചു കേവലം കൂലിവേലക്കാരന്റേതായി താണുപോയിരിക്കയാണെന്നും, തങ്ങളുടെ കുടുംബജീവിതവും, സ്വന്തം പാടങ്ങളിൽനിന്നും അജ്ഞാതമായ ഏതോ മുക്കിലേയ്ക്ക് എപ്പോഴെന്നില്ലാതെ മാറ്റപ്പെടുവാനിടയുള്ളതിനാൽ അദ്ധ്വാനഫലം അനുഭവിക്കുവാനുള്ള അവകാശവും അപകടത്തിലാ

യിരിക്കയാണെന്നും, സ്ഥിരമായ സ്വയം പര്യാപ്തതയുടെ അടിസ്ഥാനത്തിൽ വിളകളെ സംബന്ധിച്ചേടത്തോളം പ്ലാനുണ്ടാക്കാൻ തങ്ങൾ സ്വതന്ത്രരല്ലാതായിരിക്കയാൽ മേലിൽ തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിക്കപ്പെടുന്നതിന്നായി മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുമെന്നും കൃഷിക്കാർ കണ്ടറിഞ്ഞു. ഈ കാര്യഗ്രഹണം ശക്തിപ്പെട്ടപ്പോൾ സ്ഥിതിഗതികൾ വഷളാവുകയും ഒരു ലഹളയുടെ രൂപം കൊള്ളുകയും ചെയ്തു. തന്നിമിത്തം ഈ പുതിയ പദ്ധതി ഉപേക്ഷിക്കുന്നതിന്ന് സ്റ്റാലിൻ നിർബന്ധിതനായിത്തീരുകയും പഴയ വ്യവസ്ഥയെതന്നെ വീണ്ടും നടപ്പാക്കേണ്ടിവരികയും ഉണ്ടായി. ഇങ്ങനെ കൃഷിക്കാർക്ക് നിലത്തിന്മേൽ സ്വകാര്യ ഉടമാവകാശം സ്ഥിപിച്ചുകിട്ടി. ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ ഒരു പ്രകാരത്തിലും പ്രായോഗികങ്ങളല്ലെന്ന പരമാർത്ഥത്തെയാണിത് വ്യക്തമാക്കിയത്. ലഹള പിന്നീട് ശാന്തമായി. എന്നാൽ, ബോൾഷവിക്ക് നേതാവിന്റെ പ്രസ്തുത തീരുമാനം, കമ്മ്യൂണിസം ആവിഷ്കരിച്ച ഈ പുതിയ നിയമം ഗുരുതരവും അടിസ്ഥാനപരവുമായ ദോഷങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് എന്നെന്നേയ്ക്കുമായി തെളിയിച്ചുകാട്ടി. ഈ വസ്തുതയെ ആസ്പദമാക്കിയാണ് സ്റ്റാലിന്റെ വിരോധികൾ അദ്ദേഹത്തെ, ലെനിൻ അടിയുറച്ചുനിന്ന കമ്മ്യൂണിസ്റ്റ് തത്വങ്ങളോട് വഞ്ചന പ്രവർത്തിച്ചുവെന്നു പറഞ്ഞു ആക്ഷേപിച്ചു തുടങ്ങിയത്. കമ്മ്യൂണിസത്തിന്റെ കേന്ദ്രദർശം തൊഴിലാളി വർഗ്ഗത്തിന്റെ ആധിപത്യമാണെന്നും ഈ ആദർശത്തിന്റെ സാക്ഷാത്കാരത്തിന്നായി ആ ലക്ഷ്യത്തെ ചുറ്റിപ്പറ്റിയുള്ള മറ്റാദർശങ്ങളിൽ ആവശ്യമനുസരിച്ച് മാറ്റം വരുത്താൻ പാടുണ്ടെന്നും ആയിരുന്നു പ്രസ്തുത ആക്ഷേപത്തിന്നു സ്റ്റാലിൻ നൽകിയ മറുപടി. ഈ മറുപടി തൃപ്തികരമാണോ അല്ലയോ എന്ന പ്രശ്നത്തിലേയ്ക്ക് നാമിപ്പോൾ കടക്കേണ്ടതില്ല. എന്നാൽ ഒരു സ്ഥിരമായ രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥിതിയെന്ന നിലയിൽ, ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം അതിന്റെ സിദ്ധാന്തങ്ങൾക്ക് പ്രായോഗികരൂപം നൽകുന്നതിൽ കമ്മ്യൂണിസം പരാജയമടഞ്ഞിരിക്കുന്നുവെന്നും, ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ കമ്മ്യൂണിസ്റ്റുകൾക്ക് ഇതര സിദ്ധാന്തങ്ങൾ കടം വാങ്ങേണ്ടിവന്നിരിക്കയാണെന്നുമുള്ളതിലേയ്ക്ക് ഒരു നല്ല ദൃഷ്ടാന്തംതന്നെയാണിത്. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയുടെ പ്രത്യക്ഷമായ ഈ പരാജയം ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥിതിയുമായി വ്യക്തമായും ഇടഞ്ഞുകൊണ്ടുതന്നെ നിലകൊള്ളുകയാണ്. ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥയാണെങ്കിൽ യാതൊരു മുടക്കവും കൂടാതെ പ്രവർത്തിപ്പിക്കാമെന്ന് ചരിത്രം തെളിയിച്ചുകഴിഞ്ഞിരിക്കയാണ്. കമ്മ്യൂ

ണിസം എല്ലായിടത്തും എല്ലായ്പോഴും ഒരുപോലെ പ്രയോഗപ്പെടുത്താവുന്ന തരത്തിലുള്ള ഒരു അടിസ്ഥാന തത്വശാസ്ത്രമേ അല്ല എന്നുള്ള യാഥാർത്ഥ്യത്തെയാണിത് വെളിപ്പെടുത്തിയത്. റഷ്യയെ ശക്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം മാത്രമാണ് കമ്മ്യൂണിസം. മതത്തിന്റെ ശാശ്വത സവിശേഷതകളുമായി കമ്മ്യൂണിസത്തെ തുലനം ചെയ്യാനൊരുങ്ങുന്നത് തന്നെയും ധർമ്മദൂഷണം! ബ്രിട്ടീഷ് പാർലിമെന്റിലെ ഒരു പ്രസിദ്ധാംഗമായ മി.സ്റ്റീഫൻ കിങ്ങ്ഹാൾ, അടുത്തകാലത്താണ് റഷ്യ സന്ദർശിച്ചു തിരിച്ചുവന്നത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ 'സോവിയറ്റ് യൂനിയ-'നിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. പ്രസ്തുത അഭിപ്രായങ്ങൾ എന്റെ നിഗമനത്തെ വ്യക്തമായും ദൃഢപ്പെടുത്തുന്നു. അദ്ദേഹം പറയുന്നു, റഷ്യയ്ക്കിന്നു രണ്ടു ലക്ഷ്യങ്ങളാണുള്ളതെന്നു. ഒന്ന്, റഷ്യയുടെ പുനഃസംവിധാനം, രണ്ട്, റഷ്യയെ ലോകത്ത് വെച്ച് ഏറ്റവും ഉൽകൃഷ്ടവും സമ്പന്നവുമായ ഒരു രാഷ്ട്രമാക്കിത്തീർക്കുക. കമ്മ്യൂണിസം വാസ്തവത്തിൽ റഷ്യയെ സുശക്തമാക്കിത്തീർക്കുവാനുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം മാത്രമാണെന്നാണ് ഈ പ്രസ്താവന തെളിയിക്കുന്നത്.

# നവലോകസമ്പദ്ക്രമം

ഇസ്ലാമിലെ സാമൂഹ്യസാമ്പത്തിക സിദ്ധാന്തങ്ങൾക്ക് പ്രായോഗിക രൂപം നല്കുന്നതിന്നു നബി തിരുമേനിയുടെ കാലത്ത് സ്വീകരിക്കപ്പെട്ട നടപടികളും ആദ്യത്തെ നാലു ഖലീഫമാർ നടപ്പിൽ വരുത്തിയ പദ്ധതികളും മാത്രം ആധുനിക കാലത്ത് തികച്ചും പര്യാപ്തമായി എന്നു വരികയില്ല. അതിനാൽ ഇതരപ്രസ്ഥാനങ്ങൾക്കുള്ളതായി ഞാൻ ചൂണ്ടിക്കാണിച്ച വൈകല്യങ്ങളിൽ നിന്ന് സുരക്ഷിതമായിരിക്കുമാറ് ഇസ്ലാമിക തത്വങ്ങൾ പ്രയോഗത്തിൽ വരുത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം എല്ലാവർക്കും അവസരസമത്വം ലഭിക്കുകയും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുന്ന നില ഉണ്ടാക്കിത്തീർക്കുന്നതിന്ന് സാധിക്കത്തവണ്ണം, ഇസ്ലാമിക തത്വങ്ങളെ പ്രയോഗപ്പെടുത്താൻ ബാധ്യസ്ഥരായിരിക്കുന്നവരുടെ കൈകളിൽ വേണ്ടത്ര മുതലുകൾ നിക്ഷേപിക്കാനും സാധിച്ചിരിക്കേണ്ടതാകുന്നു. ഖലീഫമാർ ഇസ്ലാമിക തത്വങ്ങളെ വ്യാഖ്യാനിക്കുകയും കാലോചിതമായ തരത്തിൽ അവയ്ക്ക് പ്രായോഗിക രൂപം നൽകുകയും ചെയ്തുപോന്നു. ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് ക്രമപ്രകാരമുള്ള കാനേഷുമാരിയും

ഓരോ വ്യക്തിയെ കുറിച്ചുള്ള റിക്കാഡുകളും സൂക്ഷിക്കപ്പെട്ടിരുന്നു. ഓരോരുത്തന്റെയും ന്യായമായ ആവശ്യങ്ങൾക്ക് ഇസ്‌ലാമിക ഖജാന ഉത്തരവാദപ്പെട്ടിരുന്നു. ആദ്യത്തിൽ ഈ വ്യവസ്ഥ ആയോധനത്തിന്നു കഴിവുള്ളവർക്കു മാത്രമേ ബാധകമായിരുന്നുള്ളു. എന്നാൽ, സ്റ്റേറ്റിന്റെ ഉത്തരവാദിത്വം ബഹുജനങ്ങളിലും വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ഹദ്റത്ത് ഉമർ(റ) പിന്നീടു മനസ്സിലാക്കി. അതനുസരിച്ച് അർഹരായവർക്കെല്ലാം സ്റ്റേറ്റ് ഖജാനയിൽ നിന്നു സഹായങ്ങൾ ലഭിക്കുന്നതിന്നുള്ള ഏർപ്പാടുകൾ ചെയ്യപ്പെട്ടു.

ചുരുക്കത്തിൽ, ഖലീഫമാർ കാലത്തിന്റെ നിലയ്ക്കനുസരിച്ചാണ് ഇസ്‌ലാമിക സിദ്ധാന്തങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ടിരുന്നത്. ഇന്നു മനുഷ്യജീവിതവും സൊസൈറ്റിയും കൂടുതൽ കെട്ടുപിണഞ്ഞുകിടക്കുന്നതിനാൽ, ആ തത്വങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന്ന് ഒരു പുതിയ പരിപാടിതന്നെ ആവശ്യമായിവന്നിരിക്കയാണ്. ഈ പുതിയ പരിപാടി നടപ്പിൽ വരുത്തുന്നതിന്നായി, മനുഷ്യവർഗ്ഗത്തിന്റെ കഷ്ടപ്പാടുകളും യാതനകളും പരിഹരിക്കപ്പെടേണ്ടതിലേയ്ക്കായി ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരാൾ തന്നെ ഒരു പുതിയ വ്യവസ്ഥിതി ഉൽഘാടനം ചെയ്യേണ്ടതു അത്യാവശ്യമായിരുന്നു. ആ വ്യവസ്ഥിതി മനുഷ്യനുണ്ടാക്കിയതായിരിക്കരുത്. പാവങ്ങളുടെ ദുരിതങ്ങൾക്ക് പരിഹാരമായിരിക്കുന്നതും മനുഷ്യ സമുദായത്തിൽ സമാധാനവും സംതൃപ്തിയും പുലർത്തുന്നതുമായ ഒരു യഥാർത്ഥ ദൈവിക വ്യവസ്ഥിതിയായിരിക്കണം അത്. മസീഹിന്റെയും മഹ്ദിയുടേയും ആവിർഭാവത്തെപ്പറ്റി നബി തിരുമേനി(സ) പ്രവചിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്ന ഒരാൾക്ക് ലോകത്ത് ഇന്നു നടമാടിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങൾക്കും കഷ്ടപ്പാടുകൾക്കും അസമാധാനങ്ങൾക്കുമുള്ള ശരിയായ പരിഹാരം കാണേണ്ടുന്ന ചുമതല അദ്ദേഹത്തിന്റേതാണെന്നു സമ്മതിക്കാതെ തരമില്ല. ആ പരിഹാരമാർഗ്ഗത്തിന്നു കമ്മ്യൂണിസം, സോഷ്യലിസം, നേഷണൽ സോഷ്യലിസം എന്നിത്യാദികൾക്കുള്ള വൈകല്യങ്ങൾ ഉണ്ടായിരിക്കയുമരുത്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യസഹായം, വിദ്യാഭ്യാസ സൗകര്യം എന്നിവ എല്ലാവർക്കും ലഭിക്കുമാറാകാനും, ബുദ്ധിപരമായ അധപതനം സംഭവിക്കുന്നതിൽനിന്നും സ്വകാര്യ പരിശ്രമങ്ങളും പ്രയത്നങ്ങളും നിരുത്സാഹപ്പെടുത്തപ്പെടുന്നതിൽനിന്നും ഒരു ജനം മറ്റൊരു ജനത്തെ മർദ്ദിക്കുകയും ചൂഷണം ചെയ്കയും ചെയ്യുന്നതിൽ നിന്നും മനുഷ്യസമുദായത്തെ കാത്തുപോരുന്നതിന്നും അതു വഴികാണേണ്ടതാകുന്നു. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ, അതു രാഷ്ട്രങ്ങൾ തമ്മിലും വർഗ്ഗങ്ങൾ തമ്മിലും സമാധാനവും സൗഹാർദ്ദവും പുലർത്തുകയും

എല്ലാ വ്യക്തികളുടേയും ആവശ്യങ്ങൾ സമ്പൂർത്തീകരിക്കുന്നതിന്നു തക്ക മുതലുകൾ സംഭരിക്കുന്നതിൽ വിജയിക്കുകയും വേണം.

ആകയാൽ, ഇസ്‌ലാമിക തത്വങ്ങൾക്ക് അനുയോജ്യമായ തരത്തിൽ, കാലത്തിന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കാൻ പര്യാപ്തമായതും ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾക്കൊരറുതി വരുത്തുന്നതും ആയ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും 'ഖാത്തമുൽഖുലഫാ'യുടെ ചുമതലയായിരുന്നു. ദൈവികനിദർശനമനുസരിച്ച് അദ്ദേഹം അത്തരം ഒരു പദ്ധതി തയ്യാറാക്കുന്നതിൽ വിജയിച്ചിട്ടുണ്ടെന്നു ഞാൻ തെളിയിക്കാം.

ഇസ്‌ലാമിക സാമൂഹ്യ സാമ്പത്തിക പരിപാടിയുടെ പ്രധാന വശങ്ങൾ ഇവയത്രെ:

1. എല്ലാ മനുഷ്യരുടേയും ആവശ്യങ്ങൾക്ക് പരിഹാരം കാണപ്പെടേണ്ടതാകുന്നു.

2. ഈ ഉദ്ദേശം സാധിക്കുന്നതിന്നുള്ള പരിശ്രമത്തിൽ വ്യക്തിപരമായ സ്വകാര്യ ശ്രമങ്ങൾക്കും പ്രയത്നങ്ങൾക്കുമുള്ള പ്രേരണകൾ മന്ദീഭവിക്കരുത്.

3. പ്രസ്തുത പരിപാടി ഐച്ഛികവും, ശക്തിയവലംബിച്ചുള്ള ധ്വംസനമോ പിടിച്ചെടുക്കലോ ഇല്ലാത്തതുമായിരിക്കേണ്ടതാണ്.

4. പ്രസ്തുത പരിപാടി ഒരു രാജ്യത്തിന്നോ സമുദായത്തിന്നോ മാത്രമായിരിക്കാതെ സ്വഭാവത്തിൽ സാർവ്വദേശീയമായിരിക്കേണ്ടതാണ്.

ഇന്നു ലോകത്ത് രംഗപ്രവേശം ചെയ്തിട്ടുള്ള എല്ലാ പ്രസ്ഥാനങ്ങളും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ പരിമിതങ്ങളാകുന്നു. അവ മനുഷ്യ സമുദായത്തിന്റെ ഓരോ ഭാഗത്തിന്നു മാത്രം ബാധകമായിരിക്കുന്നതാണ്. എന്നാൽ, ഇസ്‌ലാമിക പരിപാടി ദേശീയമോ വിഭാഗീയമോ അല്ല. അതിന്റെ പ്രവർത്തനം സാർവ്വത്രികമായിട്ടുള്ളതത്രെ. ഞാനിപ്പോൾ ചൂണ്ടിക്കാണിച്ച നാലു വസ്തുതകളേയും ഇസ്‌ലാമിക പദ്ധതി പൂർണ്ണമായും അംഗീകരിക്കുന്നു. ഈ നാലു തത്വങ്ങളിന്മേൽ അധിഷ്ഠിതമായ ഏതു പ്രസ്ഥാനവും മറ്റെല്ലാ പ്രസ്ഥാനങ്ങളേക്കാളും പ്രയോജനകരവും സമാദരണീയവുമായിരിക്കും.

ഈ ഉദ്ദേശം എത്തരത്തിലാണ് നിറവേറ്റപ്പെട്ടിരിക്കുന്നതെന്നും, ഈ നാലു തത്വങ്ങളെ ആസ്പദമാക്കി എത്തരത്തിലാണ് ഒരു നവീന പദ്ധതി നിർമ്മിച്ചിരിക്കുന്നതെന്നും ഞാൻ വിവരിക്കാം. നബി തിരുമേനിയുടെ പ്രതിനിധി എന്ന നിലയിൽ ലോകത്തിന്റെ മാർഗ്ഗദർശനാർത്ഥം ദൈവത്താൽ നിയുക്തനായ ആ മഹാത്മാവ്, ഇസ്‌ലാമിക

തത്വങ്ങളെ നിഷ്കൃഷ്ടമായി പാലിച്ചുകൊണ്ടും ദൈവികനിദർശനമ നുസരിച്ചും ആണ് ഈ പദ്ധതിയുടെ അടിത്തറയിട്ടിട്ടുള്ളത്. കമ്മ്യൂ ണിസം, സോഷ്യലിസം, നേഷണൽ സോഷ്യലിസം ഇവയെല്ലാം തന്നെ 1914-18ലെ ലോകമഹായുദ്ധത്തെ തുടർന്നാണ് പ്രായോഗിക രൂപം കൊണ്ടിട്ടുള്ളത്. ഹിറ്റ്ലരും മുസ്സോളിനിയും സ്റ്റാലിനുമെല്ലാം കഴിഞ്ഞ യുദ്ധത്തിന്നു (ഒന്നാം ലോകമഹായുദ്ധത്തിന്ന്) ശേഷം അധി കാരത്തിലെത്തിയവരാണ്. മനുഷ്യവംശത്തിന്റെ ദുരിതങ്ങളെ ഇല്ലാ താക്കാൻ പര്യാപ്തമായ പദ്ധതികളാവിഷ്കരിച്ചതായി അവകാശപ്പെ ടുന്ന ഈ പ്രസ്ഥാനങ്ങളെല്ലാംതന്നെ 1919-21ലെ സ്ഥിതിഗതികളിൽ നിന്നും രൂപമെടുത്തിട്ടുള്ളവയത്രെ. എന്നാൽ, ദൈവത്താൽ നിയുക്ത നായ ആൾ ഒരു നവലോകക്രമത്തിന്റെ അടിത്തറ 1905ൽ തന്നെ തന്റെ 'അൽവസിയ്യത്ത്' എന്ന കൃതിയിൽ ഇട്ടുകഴിഞ്ഞിരുന്നു.

ഈ പദ്ധതിയുടെ അടിസ്ഥാന തത്വം വിശുദ്ധ ഖുർആനിൽ 2:196ൽ പറഞ്ഞിട്ടുള്ള വാചകത്തിൽ അടങ്ങിയിരിക്കുന്നു: "ദൈവ മാർഗ്ഗത്തിൽ ചിലവ് ചെയ്യുവിൻ. നിങ്ങളുടെ സ്വന്തം കൈകളാൽ നിങ്ങൾ നിങ്ങളെ ത്തന്നെ നാശത്തിലേയ്ക്ക് ഇടൊല്ലാ! പരോപകാരം ചെയ്‌വിൻ. അല്ലാ ഹു പരോപകാരികളെ സ്നേഹിക്കുന്നു." ഐച്ഛികമായ ദാനങ്ങളെ സംബന്ധിച്ചു ഈ ആയത്തിൽ വ്യക്തമായ യാതൊരു നിയമവും നിശ്ച യിക്കപ്പെട്ടിട്ടില്ല. സകാത്തിനു പുറമെ മറ്റു ചില വരിപ്പണങ്ങളും ദാന ങ്ങളും നൽകേണ്ടതുണ്ടെന്ന് അതു മുഖേന മുസ്‌ലിംകൾ താക്കീതു ചെയ്യപ്പെട്ടിരിക്കുകയാണ്. ആ വരിപ്പണം എത്രയാണെന്നോ എങ്ങിനെ യാണെന്നോ ഒന്നും പറയപ്പെട്ടിട്ടില്ല. ദേശീയ സമ്പത്തിന്റെ ഒരു ശത മാനം ഇസ്‌ലാമിക സ്റ്റേറ്റിന്നു ആവശ്യമായി വന്നാൽ സ്റ്റേറ്റിന്നു അത്ത രമൊരാവശ്യമുണ്ടെന്നും മുസ്‌ലിംകൾ അത്രയും ധനം ദാനം ചെയ്യണ മെന്നും ഖലീഫ ഒരു പ്രഖ്യാപനം പുറപ്പെടുവിക്കും. സ്റ്റേറ്റിന്നു 2 ശത മാനം ആവശ്യമായിവന്നാൽ ആ സംഖ്യ ദാനം ചെയ്യാൻ ഖലീഫ ആവശ്യപ്പെടും. അത്തരം ഐച്ഛികദാനങ്ങൾക്ക് നബിതിരുമേനി(സ) പലപ്പോഴും ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. സൈന്യങ്ങളിൽ വിതരണം ചെയ്യപ്പെടുന്നതിന്നായി ലഭിച്ച ദാനമുതലുകളുടെ ഒരു വലിയ ഭാഗം പാവങ്ങൾക്ക് നൽകുന്നതിന്നുവേണ്ടി ഖലീഫമാർ നീക്കിവെക്കാറുണ്ടാ യിരുന്നു. ഇപ്രകാരമാണ് അവർ ഇസ്‌ലാമിക തത്വത്തെ അക്കാലത്ത് പ്രയോഗത്തിൽ വരുത്തിയത്. തങ്ങളുടെ വിഹിതത്തിൽനിന്നു ഒരു ഭാഗം പാവങ്ങൾക്ക് സ്വേച്ഛയാദാനം ചെയ്യുന്നതിന്നു വേണ്ടി നീക്കിവെ ക്കാൻ പട്ടാളക്കാരോടും ആവശ്യപ്പെടാറുണ്ടായിരുന്നു. ആധുനിക കാല ത്തെ ആവശ്യങ്ങൾക്കനുസരിച്ച് വാഗ്ദത്തമസീഹ് (അ) ഇക്കാലത്ത്

ഇസ്ലാമിന്റെ തത്വങ്ങളെ വ്യാഖ്യാനിച്ചുതന്നിരിക്കുന്നു. ഇസ്ലാമിക സ്റ്റേറ്റിന്നു അതിന്റെ വരുതിയിൽപെട്ട ജനങ്ങൾക്കെല്ലാം ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യസഹായം, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നീ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിന്ന് ഇന്നു സാധിക്കണമെങ്കിൽ ഇസ്ലാമിന്റെ ആദ്യകാലങ്ങളിൽ അതിന്നാവശ്യമായിവന്ന മുതലിനേയ്ക്കാൾ എത്രയോ അധികം സ്വത്തുക്കൾ സ്റ്റേറ്റിന്റെ അധീനത്തിലുണ്ടായിരുക്കണമല്ലൊ. അതിനാൽ, യഥാർത്ഥ സ്വർഗ്ഗം പ്രാപിക്കണമെന്നു കൊതിക്കുന്നവർ തങ്ങളുടെ സ്വത്തിന്റെയും സമ്പത്തിന്റെയും പത്തിലൊന്നു മുതൽ മൂന്നിലൊന്നുവരെ ഭാഗം സ്വമേധയാ ദാനം ചെയ്യേണ്ടതാണെന്നു ദൈവം കല്പിച്ചിരിക്കുന്നതായി ദൈവ നിർദ്ദേശമനുസരിച്ച് വാഗ്ദത്ത മസീഹ്(അ) പ്രഖ്യാപിച്ചു. ഇങ്ങിനെ കിട്ടുന്ന സ്വത്തുക്കൾ ഖുർആന്റെ അദ്ധ്യാപനങ്ങളെ പ്രചാരപ്പെടുത്തിയും, ഇസ്ലാമിക സാഹിത്യങ്ങൾ വിപുലമായി വിതരണം ചെയ്തും ഇസ്ലാമിക മിഷ്യനുകൾ സ്ഥാപിച്ചും ഇസ്ലാമികാടിത്തറയെ ഉറപ്പിക്കേണ്ടതിന്നായി വിനിയോഗിക്കപ്പെടേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. ('അൽവസിയ്യത്ത്' നിബന്ധന. 2)

അദ്ദേഹം തുടർന്നു പറയുന്നു: "ഇസ്ലാമിനെ പ്രചരിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും - അതിന്റെ വിശദവശങ്ങൾ വിവരിക്കുന്നതിനു ഇനിയും കാലമെത്തിയിട്ടില്ല - ഇത്തരത്തിൽ ലഭിക്കുന്ന സ്വത്തുക്കളിൽ നിന്നു നിർവ്വഹിക്കപ്പെടും."

എന്നുവെച്ചാൽ, ഈ ധനം ഇസ്ലാമികാധ്യാപനങ്ങളെ ബലത്തിൽ വരുത്തുന്നതിന്നും അവയെ പ്രായോഗികതയിൽ കൊണ്ടുവരുന്നതിന്നും അനുപേക്ഷണീയമായ എല്ലാ കാര്യങ്ങളും നിർവ്വഹിക്കപ്പെടുന്നതിന്നുവേണ്ടി നിയോഗിക്കപ്പെടുമെന്നർത്ഥം. ആ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിവരിച്ചു പറയുന്നതിന്ന് സമയമായിട്ടില്ലെന്നും സമയമെത്തിയാൽ അതിന്റെ വിശദവശങ്ങളിലേക്ക് ആരെങ്കിലും പ്രവേശിച്ചുകൊള്ളുമെന്നും അദ്ദേഹം സൂചിപ്പിക്കുകയുമുണ്ടായി.

ഇതാണ് വാഗ്ദത്ത മസീഹ്(അ) ആവിഷ്കരിച്ച പദ്ധതി. ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിന്നും ശക്തിപ്പെടുത്തുന്നതിനുമുള്ള എല്ലാ കാര്യങ്ങളും ഈ ധനത്തിൽനിന്ന് നിർവ്വഹിക്കപ്പെടും എന്നു അദ്ദേഹം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെ വിശദവശങ്ങൾ വിവരീക്കുന്നതിന്ന് കാലമായിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഈ ധനംകൊണ്ടു നിർവ്വഹിക്കപ്പെടുന്ന ഉദ്ദേശങ്ങളെയെല്ലാം പൂർണ്ണമായും വിവരിച്ചുപറയുക സാദ്ധ്യമായിരുന്നില്ലെന്നാണ് ഇപ്പറഞ്ഞതിന്റെ അർത്ഥം.

എങ്കിലും, ഒരു നവലോകക്രമത്തിന്നുവേണ്ടി ലോകം മുറവിളി കൂട്ടുന്ന സമയം ആസന്നമായിരുന്നു. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും പുതിയ ലോകക്രമങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ശബ്ദങ്ങൾ ഉയർത്തപ്പെടുവാൻ പോകയായിരുന്നു. റഷ്യ ലോകത്തിന്നു ഒരുപുതിയ പദ്ധതി പ്രദാനം ചെയ്തതായി അവകാശപ്പെടും. ഇംഗ്ലണ്ട് ഒരു പുതിയ പദ്ധതി മുമ്പോട്ടുവെക്കും. അമേരിക്ക ഒരു നവീന പദ്ധതി പ്രഖ്യാപിക്കും. ആ അവസരത്തിൽ വാഗ്ദത്ത മസീഹിന്റെ ഒരു പ്രതിനിധി, ഖാദിയാനിൽ നിന്നും പ്രഖ്യാപിക്കും: പുതിയ ലോകക്രമം 'അൽവസിയ്യത്തി'ൽ മുമ്പെ തന്നെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. സമാധാനത്തിന്റെയും ക്ഷേമത്തിന്റെയും, പാതയിലൂടെ പ്രയാണം ചെയ്യാൻ ലോകം ആഗ്രഹിക്കുന്നെങ്കിൽ 'അൽവസിയ്യത്തി'ൽ പറഞ്ഞിട്ടുള്ള പുതിയ പദ്ധതി പ്രയോഗത്തിൽ വരുത്തുകയല്ലാതെ മറ്റൊരു വഴിയില്ല.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: "അനാഥരുടേയും അഗതികളുടേയും ജീവിക്കാൻ വകയില്ലാത്തവരുടേയും ക്ഷേമത്തിനായിട്ടും ഈ ധനം വിനിയോഗിക്കുന്നതാണ്."

അദ്ദേഹം വീണ്ടും പറയുന്നു: "കച്ചവടങ്ങളിൽ മുതലിറക്കിയും ഈ ഫണ്ടുകൾ സംഘത്തിന് വർദ്ധിപ്പിക്കാൻ പാടുണ്ട്."

എന്നുവെച്ചാൽ, ജനങ്ങളുടെ സ്വത്തുക്കളിൽ നിന്ന് പത്തിൽ ഒന്നോ എട്ടിൽ ഒന്നോ അഞ്ചിൽ ഒന്നോ മൂന്നിൽ ഒന്നോ ഭാഗം വസൂലാക്കി വ്യാപാരങ്ങളിലും മറ്റും മുതലിറക്കി അതിനെ വർദ്ധിപ്പിക്കാൻ പാടുണ്ടായിരിക്കുമെന്നും ഓരോ സത്യവിശ്വാസിയും ഇതിൽ പങ്കെടുക്കണമെന്നും അങ്ങനെ ദൈവത്തിന്റെ പ്രസാദത്തിന്ന് പാത്രീഭൂതനാകണമെന്നും ഇതു ഒരു വിശ്വാസപരീക്ഷകൂടിയാണെന്നും അദ്ദേഹം തുടർന്നു പറയുന്നു: "ഈ പദ്ധതിയിൽ നിന്നും കപടവിശ്വാസികൾ മാത്രമെ ഒഴിഞ്ഞുനിൽക്കുകയുള്ളു." എന്നുകൂടി അദ്ദേഹം പറയുകയുണ്ടായി. ഈ പദ്ധതി ഐച്ഛികമായിരിക്കും. അതേ അവസരത്തിൽ അതു നിങ്ങളുടെ മതപരമായ വിശ്വാസത്തെ പരീക്ഷിക്കുന്നതിന്നുള്ള ഒരുപാധിയുമായിരിക്കുന്നതാണ്. ദൈവത്തിന്റെ ഇഷ്ടം സാധിക്കാനും യഥാർത്ഥ സ്വർഗ്ഗത്തിന്നു അർഹരായിരിക്കാനും നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ, ഈ ത്യാഗം നിങ്ങൾ ചെയ്യണം. നേരെമറിച്ച്, ഈ കാര്യങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ യാതൊരു വിലയുമില്ലാത്തതാണെങ്കിൽ, നിങ്ങളുടെ സ്വത്ത് ഈ ലോകത്ത് നിങ്ങൾക്ക് നിലനിർത്തിക്കൊണ്ടുപോകാം! ദൈവത്തിന്നോ ദൈവച്ഛേയനുസരിച്ചു സ്ഥാപിതമായ പ്രസ്ഥാനത്തിന്നോ അവകൊണ്ടൊരാവശ്യവുമില്ല.

കമ്മ്യൂണിസ്റ്റ് പരിപാടിപ്രകാരം ശക്തി പ്രയോഗിച്ചു ജനങ്ങളുടെ

സ്വത്തുക്കൾ പിടിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇതിന്നു വിപരീതമായി വാഗ്ദത്ത മസീഹ് പറയുന്നത്, തന്റെ പ്രസ്ഥാനത്തിൽനിന്ന് ആരെങ്കിലും പുറത്തുപോകാനിച്ഛിക്കുകയാണെങ്കിൽ അയാൾ നൽകിയ സ്വത്തുക്കൾ അയാൾക്ക് തിരിച്ചുനൽകുന്നതായിരിക്കുമെന്നത്രെ. എന്തെന്നാൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ അത്തരം സ്വത്ത് അസ്വീകാര്യവും തന്നിമിത്തം ത്യാജ്യവുമാണ്. രണ്ടു പദ്ധതികളും തമ്മിൽ എത്ര മാത്രമാണന്തരം! ഭൗതിക പ്രസ്ഥാനങ്ങൾ ജനങ്ങളുടെ സ്വത്തുക്കൾ ശക്തിയും ഹിംസയുംമൂലം പിടിച്ചെടുക്കുന്നു. വാഗ്ദത്ത മസീഹ് ആവിഷ്കരിച്ച പദ്ധതിയാകട്ടെ, ഐച്ഛികമായ ത്യാഗത്തിൽ അധിഷ്ഠാപിതമായിരിക്കുന്നു. ഒരാൾ പ്രസ്ഥാനത്തിൽനിന്നും വിട്ടുപോകുന്നപക്ഷം അയാൾ ദാനം ചെയ്തിരിക്കാവുന്ന സ്വത്തുക്കൾ അയാൾക്ക് മടക്കിക്കൊടുക്കുന്നതാണെന്നും ഇഷ്ടമനുസരിച്ചല്ലാതെ സമർപ്പിച്ച മുതലുകൾ സ്വീകാര്യങ്ങളല്ലെന്നു കൂടി അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

കമ്മ്യൂണിസം രക്തരൂഷിതമായ വിപ്ലവത്തിലൂടെ ഭാഗികമായി മാത്രം സാധിക്കുന്ന ലക്ഷ്യം വാഗ്ദത്ത മസീഹ്(അ) വിഭിന്ന വർഗ്ഗങ്ങൾ തമ്മിലുള്ള സ്നേഹവും സൗഹൃദവും ശക്തിപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും സാധിക്കുന്നു എന്നാണിതു മനസ്സിലാക്കിത്തരുന്നത്. ധനികരുടെ മുതലുകൾ പിടിച്ചുപറ്റി സാധുക്കളുടെ ഗുണത്തിലേയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന് കമ്മ്യൂണിസം സിദ്ധാന്തിക്കുന്നു. കാലത്തിന്റെ ആവശ്യങ്ങൾ മാനിച്ചു ജനങ്ങൾ തങ്ങളുടെ സ്വത്തുക്കളിൽ ഒരു ഭാഗം പൂർണ്ണമനസ്സാലെ ദാനം ചെയ്യണമെന്ന് ഇസ്‌ലാമിക സിദ്ധാന്തമനുസരിച്ച് വാഗ്ദത്തമസീഹ്(അ) നിർദ്ദേശിക്കുന്നു. അനാഥരുടേയും അഗതികളുടേയും ഉന്നമനത്തിന്നും ഇസ്‌ലാമിന്റെ പ്രചാരണത്തിന്നും അതിന്റെ സാമൂഹ്യ സാമ്പത്തികഘടനയെ ശക്തിപ്പെടുത്തുന്നതിന്നും വേണ്ടി കുറഞ്ഞപക്ഷം ഓരോരുത്തനും തന്റെ സമ്പത്തിന്റെ പത്തിലൊരു ഭാഗം ദാനം ചെയ്യണമെന്നു അദ്ദേഹം ആവശ്യപ്പെടുന്നു. ഈ പദ്ധതിയിൽ ഭാഗഭാക്കാകുന്ന ഒവ്വൊരു അഹ്മദിയും അല്ലാഹുവിന്നുവേണ്ടി, തന്റെ സമ്പത്തിന്റെ പത്തിലൊന്നു മുതൽ മൂന്നിലൊന്നു വരെ ഇസ്‌ലാമിന്റെയും മനുഷ്യസമുദായത്തിന്റെയും സേവനാർത്ഥം സ്വമേധയാ ദാനം ചെയ്യുകയും അതനുസരിച്ചുള്ള ദാനപത്രം എഴുതിക്കൊടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ലോകം മുഴുവനും അഹ്മദിയ്യ പ്രസ്ഥാനത്തിൽ ചേർന്നു കഴിഞ്ഞാൽ അപ്പോഴും വാഗ്ദമസീഹ്(അ) പറയുക യഥാർത്ഥ സത്യവിശ്വാസികളും ദൈവത്തിന്റെ ഇഷ്ടവും സാമീപ്യവും കാംക്ഷിക്കുന്നവരും തങ്ങളുടെ സ്വത്തിന്റെ പത്തിലൊന്നു മുതൽ മൂന്നിലൊന്നു വരെ ഭാഗം ഇസ്‌ലാ

മിന്റെ ആദർശങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നതിന്നുവേണ്ടി ദാനം ചെയ്യണം എന്നായിരിക്കും. ഈ വിധത്തിൽ സ്വകാര്യസ്വത്തുക്കളുടെ ഒരു ഗണ്യമായ ഭാഗം ദേശീയാവശ്യങ്ങൾക്കുവേണ്ടി സംഭരിക്കപ്പെടു കയും യാതൊരു നിർബന്ധവും ഹിംസയും കൂടാതെ ഒരു തലമുറ കൊണ്ട് ഇസ്ലാമിക കേന്ദ്രത്തിന്നു എല്ലാ സ്വകാര്യ സ്വത്തുക്കളുടെയും പത്തിലൊന്നു മുതൽ മൂന്നിലൊന്നു വരെ ഭാഗങ്ങളുടെ പൂർണ്ണമായ നിയന്ത്രണം ലഭിക്കുകയും ചെയ്യും. ഈ നിധി മനുഷ്യസമുദായത്തിന്റെ സേവനത്തിന്നുവേണ്ടി വിനിയോഗിക്കപ്പെടുന്നതുമാണ്. ഈ പദ്ധതി ഒരൊറ്റ തലമുറയ്ക്ക് മാത്രമായി പരിമിതപ്പെടുത്തീട്ടുള്ളതല്ലെന്നു ഓർ ക്കേണ്ടിയിരിക്കുന്നു. ഈ പദ്ധതി ദൈവത്തിന്റെ ഇഷ്ടം സമ്പാദിക്കാ നുള്ള ആഗ്രഹത്തിന്മേൽ അടിയുറപ്പിക്കപ്പെട്ടതായിരിക്കുമെന്നതിനാൽ ഈ തലമുറക്കെന്നപോലെ വരുന്ന തലമുറകൾക്കും ബാധകമായിരി ക്കും. രണ്ടാമത്തെയും മൂന്നാമത്തെയും നാലാമത്തെയും തലമുറകൾ തങ്ങളുടെ സമ്പത്തിന്റെ ഗണ്യമായ ഒരു ഭാഗം കേന്ദ്രത്തിന്നു ദാനം ചെയ്തുകൊണ്ടിരിക്കും. അങ്ങനെ മൂന്നോ നാലോ തലമുറകൾക്കകം സ്വകാര്യ സ്വത്തുക്കളുടെ വലിയ ഭാഗവും കേന്ദ്രത്തിന്റെ അധീനത്തി ലായിത്തീരും. ലോകത്തിന്റെ നാനാഭാഗത്തും അഹ്മദിയ്യാ പ്രസ്ഥാനം പരക്കുകയും, മനുഷ്യസമുദായം മുഴുവൻ അതിൽ ഉൾപ്പെട്ടിരിക്കുകയും ചെയ്യുമെന്നു മനസ്സിലാക്കുമ്പോൾ, ഏതാനും തലമുറകൾക്കുള്ളി ൽ ജനങ്ങൾ തങ്ങളുടെ മുഴുവൻ സ്വത്തുക്കളും സാമൂഹ്യക്ഷേമത്തിന്നു വേണ്ടി ഉപയോഗപ്പെടുത്തിക്കൊള്ളാനായി സ്വമേധയാ സസന്തോഷം ദാനം ചെയ്യുമെന്നതായിരിക്കും അതിന്റെ അനിവാര്യഫലം. ഈ പദ്ധ തിയനുസരിച്ചു സ്വകാര്യ പരിശ്രമങ്ങളും പ്രയത്നങ്ങളും സംരക്ഷിക്ക പ്പെടുമെന്നുള്ളതിനാൽ ജനങ്ങൾ എപ്പോഴും തങ്ങൾക്കും തങ്ങളുടെ സന്തതികൾക്കും വേണ്ടി പുതുതായി സ്വത്തുക്കൾ സമ്പാദിച്ചുകൊണ്ടേ യിരിക്കുന്നതും, ഈ സ്വത്തിൽനിന്നും വീണ്ടും അവർ സാമൂഹ്യക്ഷേ മത്തിന്നായി പത്തിലൊന്നു മുതൽ മൂന്നിലൊന്നുവരെ ദാനം ചെയ്തു കൊണ്ടിരിക്കുന്നതും അങ്ങനെ ഈ ദാനക്രമം അനുസ്യൂതമായി തുടർ ന്നുപോരുന്നതിനാൽ സാമൂഹ്യസമ്പത്ത് വർദ്ധിച്ചുവരുന്നതും ആകുന്നു. ഒരു ചെറിയ ഉദാഹരണം വഴി ഞാനിതു വിശദീകരിക്കാം. ഒരാളുടെ പക്കൽ 100ക. ഉണ്ടെന്നിരിക്കട്ടെ. അയാൾ അതിന്റെ അഞ്ചിലൊരുഭാഗം കേന്ദ്രത്തിന്നു 'വസിയ്യത്ത്' ചെയ്യുന്നു. അയാൾ മരിച്ചാൽ 20ക കേന്ദ്ര നിധിയിലേക്ക് പോകുകയും 80ക അയാളുടെ പിന്തുടർച്ചാവകാശികൾ ക്ക് കിട്ടുകയും ചെയ്യും. വീണ്ടും അയാളുടെ പിന്തുടർച്ചക്കാരൻ അഞ്ചി ലൊന്നു ഒസ്യത്ത് ചെയ്താൽ അയാളുടെ മരണത്തോടുകൂടി 16ക

പിന്നെയും കേന്ദ്രത്തിലേയ്ക്ക് പോവുകയും 64ക അയാളുടെ അവകാശികൾക്ക് ലഭിക്കുകയും ചെയ്യും. ഇങ്ങിനെ മൂന്നോ നാലോ തലമുറകൾ കൊണ്ട് ആ മൂലസംഖ്യയുടെ വലിയ ഭാഗവും ജനകീയനിധിയിൽചെന്നുചേരും. കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൽ മർദ്ദനങ്ങളും രക്തച്ചൊരിച്ചിലും അനിവാര്യമാണ്. എന്നാൽ, ഈ പദ്ധതി വിപുലമായി സ്വീകരിക്കപ്പെടുകയാണെങ്കിൽ കലാപവും രക്തച്ചൊരിച്ചിലും കൂടാതെ തന്നെ ഈ പരിവർത്തനം കൈവരുത്തുവാൻ സാധിക്കുന്നതാണ്. അതോടുകൂടി ദാരിദ്ര്യം അപ്രത്യക്ഷമാകുകയും വർഗ്ഗങ്ങൾ തമ്മിൽ സ്നേഹവും സൗഹാർദ്ദവും ശക്തിപ്പെടുകയും, സ്വകാര്യപ്രയത്നങ്ങളേയും വ്യക്തിപരമായ പരിശ്രമങ്ങളേയും അപകടത്തിലാക്കാതെ തന്നെ സ്വത്തുക്കളുടെ വലിയ ഭാഗവും ജനകീയ നിധിയിൽ ചെന്നു ലയിക്കുകയും ചെയ്യും.

ഈ പദ്ധതി ഒരു പ്രത്യേക രാജ്യത്തിന്നോ ജനവിഭാഗത്തിന്നോ മാത്രമുള്ളതല്ല. ധാർമ്മികമായ ഒരടിസ്ഥാനത്തിലുള്ളതാകയാൽ സാർവ്വലൗകീകമായിട്ടുള്ളതത്രെ. ഇംഗ്ലണ്ടിന്നു മാത്രം ഗുണകരമായ ഒരു പദ്ധതിയിൽ ഇംഗ്ലണ്ടിലെ സോഷ്യലിസ്റ്റ്കൾ വളരെ ശ്രദ്ധാലുക്കളാണ്. റഷ്യയ്ക്കുമാത്രം പ്രയോജനപ്രദമായ പദ്ധതിയെ റഷ്യയിലെ ബോൾഷവിക്കുകൾ ഇഷ്ടപ്പെടുന്നു. എന്നാൽ, അഹ്മദിയ്യത്ത് ഒരു മതപ്രസ്ഥാനമാകയാൽ അതു റഷ്യയേയും ജർമനിയേയും ചൈനയേയും ജപ്പാനേയും എല്ലാംതന്നെ ഈ ലോകക്രമത്തിൽ തുല്യ പങ്കാളികകളാകാൻ ക്ഷണിക്കുന്നു. ഇപ്രകാരം സംഭരിച്ച ധനം ഏതെങ്കിലും ഒരു രാജ്യത്ത് മാത്രമായി വിനിയോഗിക്കപ്പെടുകയില്ല. മറിച്ച്, ലോകത്തെങ്ങുമുള്ള ദാരിദ്ര്യത്തേയും കഷ്ടപ്പാടുകളേയും നിവാരണം ചെയ്യുന്നതിന്നായിട്ടായിരിക്കും വിനിയോഗിക്കപ്പെടുക.

ചുരുക്കത്തിൽ, ഈ എല്ലാ ഭൗതികപ്രസ്ഥാനങ്ങളും ദേശീയത്വത്തെ പിന്താങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ, വാഗ്ദത്ത മസീഹ്(അ) ആസൂത്രണം ചെയ്ത പദ്ധതി സാർവ്വദേശീയ സൗഭ്രാത്രത്തെ ശക്തിപ്പെടുത്തുന്നതത്രെ. ഇന്നു റഷ്യയിൽ, ഒരു റഷ്യക്കാരൻ മറ്റു റഷ്യക്കാരുടെ ഗുണത്തിലേയ്ക്കായി തന്റെ മിച്ചധനം വിട്ടുകൊടുക്കുന്നതിന്നു നിർബന്ധിതനായിരിക്കുകയാകുന്നു. എന്നാൽ, വാഗ്ദത്തമസീഹിന്റെ പദ്ധതിയനുസരിച്ച് ഒരു ഇന്ത്യക്കാരൻ മുഴുവൻ മനുഷ്യസമുദായത്തിന്നും വേണ്ടി പൂർണ്ണമനസ്സാലെ ദാനം ചെയ്യുകയാണ് ചെയ്യുന്നത്. ഒരു ഈജിപ്ത്കാരനെയോ ഒരു സിറിയക്കാരനെയോ സംബന്ധിച്ചേടത്തോളവും ഇങ്ങനെതന്നെ, ഈ ഭൗതിക പ്രസ്ഥാനങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്ന നവീന പദ്ധതികളും ഇസ്ലാമിക

തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കുന്ന നവീന പദ്ധതിയും തമ്മിലുള്ള വ്യക്തമായ അന്തരം ഇതാണ്.

റഷ്യൻ പരിപാടിയനുസരിച്ച് ശക്തിമൂലം ജനങ്ങളുടെ സ്വത്തുക്കൾ പിടിച്ചടക്കുകയാണ് ചെയ്യുന്നത്. സ്വത്തുടമസ്ഥന്മാരിൽ പലരും റഷ്യ വിടുകയും ആ രാജ്യത്തെ പുതിയ പദ്ധതിയ്ക്കെതിരായി പ്രക്ഷോഭം കൂട്ടുവാൻ തുടങ്ങുകയും ചെയ്തു. പാവങ്ങളെ സഹായിക്കുന്നതിന്നു വേണ്ടി അവർ തങ്ങളുടെ സമ്പത്തെല്ലാം ഉപേക്ഷിച്ചിട്ടും സന്തോഷത്തിന്റെയും സംതൃപ്തിയുടേയും ഒരു ഓളം വെട്ടൽ അവർക്ക് അനുഭവപ്പെട്ടില്ല. ഒരു റഷ്യക്കാരൻ തന്റെ സ്വത്തുക്കളെല്ലാം പിടിച്ചടക്കപ്പെടുമ്പോൾ സന്തോഷിക്കുകയല്ല ചെയ്തത്. അയാൾ പരിഭ്രാന്തനായി വീട്ടിലേക്ക് മടങ്ങുകയും ക്രൂരമായ ഒരു ഭരണകൂടം തന്റെ സ്വത്തെല്ലാം പിടിച്ചടക്കിക്കളഞ്ഞു എന്നു തന്റെ ബന്ധുജനങ്ങളോടു വിലപിച്ചുപറയുകയും ചെയ്യും. എന്നാൽ, ഈ ‘വസിയ്യത്ത്’ പദ്ധതിയനുസരിച്ച്, പത്തേക്കർ ഭൂമി സ്വായത്തമായ ഒരു കൃഷീവലൻ ഒന്നോ രണ്ടോ ഏക്കർ ഭൂമി ജനകീയ നിധിയിലേയ്ക്കു ദാനം ചെയ്യുമ്പോൾ തനിയ്ക്കൊരു നഷ്ടം പറ്റിയതുപോലെ ഖേദിക്കുകയില്ല. മറിച്ച്, പിറ്റെന്നാൾ അയാൾ തന്റെ സഹോദരന്റെ അടുക്കൽ അത്യന്താഹ്ലാദത്തോടുകൂടി ചെന്നു തന്നെ അനുമോദിക്കാൻ പറയുന്നു. എന്തെന്നാൽ, ദൈവത്തിന്റെ ഇഷ്ടം സമ്പാദിക്കാനായി ‘വസിയ്യത്ത്’ പദ്ധതിയിൽ ചേരുവാൻ തനിയ്ക്കു സാധിച്ചിരിക്കുന്നു. പാവങ്ങൾക്കുവേണ്ടി തന്റെ ധനം ഇത്തരത്തിൽ നീക്കിവെക്കുന്നതിൽ അയാൾക്ക്, യാതൊരു മനക്ലേശവും ദുഖവും അനുഭവപ്പെടുന്നില്ല. മറിച്ച്, അതിയായ സന്തോഷമാണയാളിൽ അത് ഉണ്ടാക്കുന്നത്. തന്റെ ബന്ധുക്കളും ഇത്തരത്തിൽ പ്രവർത്തിക്കുന്നതിന്നു പ്രാപ്തരായിത്തീരുമെന്നും അങ്ങനെ അവരെ അഭിനന്ദിക്കാൻ തനിക്കവസരം ലഭിക്കുമെന്നും അദ്ദേഹം ആശിക്കുകയും ചെയ്യുന്നു. താൻ ചെയ്ത കാര്യം അയാൾ തന്റെ ഭാര്യയെ അറിയിക്കുമ്പോൾ തന്റെ ഭർത്താവിന്റെ സ്വത്തിൽ ഒരു ഭാഗം നഷ്ടപ്പെടുത്തിയവരെ ശപിക്കുകയല്ല ആ സ്ത്രീ ചെയ്യുക. അസൂയയും ആനന്ദവും കലർന്ന ഒരു തരം ആവേശത്തള്ളൽ ആ സ്ത്രീയിൽ അനുഭവപ്പെടും. ആശാവികസ്വരമായ കണ്ണുകളോടെ തന്റെ ഭർത്താവിനെ നോക്കുകയും “ഇതുചെയ്യാൻ ദൈവം അങ്ങയ്ക്ക് ഭാഗ്യമേകി; എന്നാൽ, എന്റെ പക്കൽ സ്വത്തുക്കളില്ല. അത്തരത്തിൽ ഒസ്യത്ത് ചെയ്യാൻ എനിയ്ക്ക് സാധ്യമല്ല. ഈ പദ്ധതിയിൽ എനിയ്ക്കും പങ്കെടുക്കാനാവുന്നതിന്ന് അങ്ങയുടെ സ്വത്തിൽ ഒരു ഭാഗം എനിയ്ക്കും നൽകിയാലും!” എന്നു പറയുകയും ചെയ്യും. അങ്ങനെ ആ സ്ത്രീയ്ക്കും അപ്രകാരം ഒസ്യത്ത് ചെയ്യാൻ

സാധിക്കുമാറ് ഭർത്താവിന്റെ സ്വത്തിൽ നിന്നൊരു ഭാഗം നൽകുന്നതിന്നു അദ്ദേഹം സമ്മതിക്കുന്നതുവരെ ആ സ്ത്രീ എല്ലാവിധത്തിലും അയാളെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കും. ഇങ്ങനെ, ആ സ്വത്തിന്റെ മറ്റൊരു ഭാഗം കൂടി, പത്തിലൊന്നോ, എട്ടിലൊന്നോ, ആറിലൊന്നോ ഭാഗം പൊതുഫണ്ടിലേയ്ക്ക് ഒസ്യത്ത് ചെയ്യപ്പെടുന്നു. മകൻ വീട്ടിൽ വന്നാൽ, തന്റെ മാതാവും പിതാവും ഒസ്യത്ത് ചെയ്തിട്ടുണ്ടെന്നറിയുമ്പോൾ അവൻ മനസ്താപപ്പെടുകയും തന്റെ പിതാവിനോട്: “ദൈവം അങ്ങയ്ക്ക് ദീർഘായുസ്സു നൽകട്ടെ! എനിയ്ക്ക് സ്വന്തമായി സ്വത്തില്ല. ദൈവത്തിന്റെ പ്രസാദം ലഭിക്കുന്നതിന്നുള്ള ഈ എളുപ്പമാർഗ്ഗം എനിക്കെങ്ങനെ സാധിക്കും? എനിയ്ക്ക് അങ്ങയുടെ സ്വത്തിൽനിന്നൊരോഹരി നൽകുമെങ്കിൽ അങ്ങയെപ്പോലെ എനിയ്ക്കും ചെയ്യാനാവും” എന്നും പറയും. പുത്രനെ പ്രിയപ്പെടുന്ന പിതാവാണെങ്കിൽ, തന്റെ കാലശേഷം സ്വത്തെല്ലാം മകന്നുതന്നെയാണ് ചെന്നുചേരുക എന്നു മനസ്സിലാക്കി തന്റെ സ്വത്തിന്റെ ഒരോഹരി അവന്നും നൽകും. അതനുസരിച്ച് പുത്രനും ദാനപത്രം എഴുതിക്കൊടുക്കും. ഇപ്രകാരം പൊതുമുതലിലേയ്ക്ക് ഒരോഹരി കൂടി ലഭിക്കുമാറാകുന്നു. തന്റെ പിതാവിനെ അതിലേയ്ക്ക് പ്രേരിപ്പിക്കാൻ അവന്നു സാധിക്കുന്നില്ലെങ്കിൽ, തന്റെ ജീവകാലത്ത് തന്നെ തന്റെ വരുമാനത്തിലൊരുഭാഗം പൊതുഫണ്ടിലേയ്ക്ക് ദാനംചെയ്യുമെന്നു അവൻ നിശ്ചയം ചെയ്യും. അയാൾ സ്വത്തുടമസ്ഥനായി മരിക്കുകയാണെങ്കിൽ അയാൾ നിർണ്ണയിച്ച ഓഹരി സാമൂഹ്യ നിധിയിലേയ്ക്ക് ചെന്നുചേരും. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ, പിതാവ് മരിക്കുകയും കുടുംബത്തിന് പുത്രൻ അവകാശിയായിത്തീരുകയും ചെയ്യുമ്പോൾ ‘വസിയ്യത്ത്’ ആ സ്വത്തിന്നു ബാധകമായിത്തീരുകയും അതോടൊപ്പം അവൻ സമ്പാദിക്കുന്ന മുതലും ഒസ്യത്തിന്നു വിധേയമായി ത്തീരുകയും ചെയ്യും. ഇപ്രകാരം മൂലസ്വത്തിന്റെ ഒരു ഭാഗം പിന്നെയും പൊതുനിധിയിൽ ലയിക്കും.

ഒരു സ്റ്റേറ്റ് പുതിയ നികുതി ചുമത്തുമ്പോൾ ആ നികുതി കൊടുപ്പാൻ ബാദ്ധ്യസ്ഥരായവർ അതൊരു ഭാരമായിക്കരുതുകയും ബാദ്ധ്യസ്ഥരല്ലാത്തവർ ആശ്വസിക്കുകയും ചെയ്യുന്നതായി നാം നിത്യേനകാണുന്നു. തങ്ങൾ ഇനി സ്റ്റേറ്റിന്നു കൂടുതൽ കൊടുക്കേണ്ടിവരുമല്ലോ എന്നോർത്ത് ധനികർ ദുഃഖിക്കുകയും ധനികരുടെ മുതലിൽനിന്നു പാവങ്ങളുടെ ക്ഷേമത്തിലേയ്ക്കായി ഒരു ഭാഗംകൂടി പോകുമല്ലോ എന്നോർത്തു ദരിദ്രർ സന്തോഷിക്കുകയും ചെയ്യുന്നു. എന്നാൽ, നമ്മുടെ പദ്ധതിയിലാകട്ടെ മറ്റൊരു വിധത്തിലാണ് അനുഭവം. പ്രസ്തുത പദ്ധതി ആദ്യമായി പ്രവർത്തനത്തിൽ വന്നപ്പോൾ അത് സ്വത്തുക്കൾക്ക് മാത്രം

ബാധകമായിരുന്നതിനാൽ മുതലാളികളും ഭൂവുടമസ്ഥൻമാരും മാത്രമെ ഇതിൽ ഭാഗഭാക്കുകളായിരുന്നുള്ളു. എന്നാൽ ആർക്കുവേണ്ടിയാണോ ഈ പദ്ധതി സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അവർ, സമുദായത്തിലെ സ്വത്തുടമസ്ഥന്മാർക്ക് പുതിയൊരു വരിപ്പണം കൂടി ചുമത്തപ്പെടുവാൻപോകുന്നുണ്ടെന്നറിഞ്ഞു സന്തോഷം കൊള്ളുകയല്ല ചെയ്തത്. നേരെ മറിച്ച്, ഈ പദ്ധതിയിൽ പങ്കുചേരാനും അങ്ങനെ ദൈവത്തിന്റെ ഇഷ്ടവും സ്വർഗ്ഗീയസുഖവും പ്രാപിക്കാനും തങ്ങൾക്കും ഭാഗ്യമുണ്ടായില്ലല്ലോ എന്നോർത്ത് ദുഖിക്കുകയാണ് ചെയ്തത്. തന്നിമിത്തം, അവർ വാഗ്ദത്തമസീഹിനെ സമീപിച്ച്, പ്രസ്തുത പദ്ധതിയിൽ തങ്ങൾക്കും പങ്കുചേരാനുള്ള സൗകര്യങ്ങളുണ്ടാക്കണമെന്ന് അപേക്ഷിച്ചു. അങ്ങനെ, ദൈവീക നിർദ്ദേശമനുസരിച്ച്, ഈ ഉദ്ദേശാർത്ഥംതന്നെ തങ്ങളുടെ വരുമാനത്തിന്റെ ഒരു നിശ്ചിത ഓഹരി ദാനംചെയ്തുകൊള്ളുന്നതിന്ന് അദ്ദേഹം അവർക്കും അനുവാദം നൽകി. ആദ്യത്തിൽ ഈ പദ്ധതി സ്വത്തുക്കൾക്ക് മാത്രമാണ് ബാധകമായിരുന്നതെങ്കിലും, സ്വത്തില്ലാത്തവരുടെ അപേക്ഷപ്രകാരം അതു മറ്റു വരുമാനങ്ങൾക്കും ബാധകമാക്കുകയും അങ്ങനെ വരുമാനങ്ങളുടേയും അതോടൊപ്പം സ്വത്തുക്കളുടേയും ഓഹരികൾ പൊതുഫണ്ടിലേയ്ക്ക് പ്രവഹിച്ചുതുടങ്ങുകയും ചെയ്തു.

# മത സമുദായങ്ങൾ

വിവിധ മതാനുയായികൾ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചേടത്തോളം, മറ്റേതു മതത്തെക്കാളും കൂടുതൽ സഹിഷ്ണുത ഇസ്ലാം പഠിപ്പിക്കുന്നുണ്ട് എന്നു മാത്രം ഞാൻ പറഞ്ഞുകൊള്ളാം. ഉദാഹരണമായി,

1. മറ്റൊരു മതത്തിന്റെ സ്ഥാപകരെയോ, പുണ്യവാന്മാരെയോ നേതാക്കളെയോ പറ്റി അനാദരപദം ഉപയോഗിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല.

2. എല്ലാ സമുദായങ്ങളിലും പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നും തന്നിമിത്തം ഒരു മതത്തെയും അതു പൂർണ്ണമായും കള്ളമാണെന്നു പറഞ്ഞു തള്ളുവാൻ പാടില്ലെന്നും ഇസ്ലാം പഠിപ്പിക്കുന്നു.

3. മതവിശ്വാസങ്ങളുടെ കാര്യത്തിൽ നിർബന്ധം പാടില്ലെന്നും ഇസ്ലാം സിദ്ധാന്തിക്കുന്നു. മതയുദ്ധങ്ങളെ അതു വിലക്കുന്നു.

എന്തെന്നാൽ, സത്യം അസത്യത്തിൽനിന്നു വ്യതിരിക്തമാണ്. സത്യം

ആർക്കു ജീവൻ നൽകുന്നുവോ അവൻ ജീവനോടെയിരിക്കും, സത്യം ആരെ കൊല്ലുന്നുവോ അവൻ മരിക്കുകയും ചെയ്യും.

4. വാളുകൊണ്ടു മതം പരത്തുവാൻ ഇസ്ലാം അനുവദിക്കുന്നു എന്നു ചിലകേന്ദ്രങ്ങളിൽ തെറ്റായ ഒരു ധാരണ നിലനിൽക്കുന്നുണ്ട്. ഇതിനെയ്ക്കാൾ സത്യത്തിൽ നിന്നകന്ന മറ്റൊരു പ്രസ്താവനയില്ല. മുസ്ലിംകളെ ആക്രമിക്കുന്നവർക്കെതിരായിട്ടു മാത്രമെ യുദ്ധം ചെയ്യാൻ ഇസ്ലാം അനുവദിക്കുന്നുള്ളു. അത്രതന്നെയും എതിരാളികൾ യുദ്ധം തുടരുന്നേടത്തോളം മാത്രവും! ഇത്തരം ഒരു മതത്തെ പറ്റി അതു വാളുകൊണ്ട് മതം പരത്താൻ പ്രോത്സാഹനം നൽകുന്നതായി ആരോപണം ഉന്നയിക്കാമോ? ഇസ്ലാമിനെ വാളുകൊണ്ട് നശിപ്പിക്കാൻ ശ്രമിച്ചവർ വാളുകൊണ്ടു സ്വയം നശിച്ചു എന്നതാണ് പരമാർത്ഥം. സ്വരക്ഷയ്ക്കുള്ള പോരാട്ടം ശരിയല്ലെന്നു ആരും പറഞ്ഞിട്ടില്ല.

ഇസ്ലാം വാളുകൊണ്ട് പ്രചരിപ്പിച്ച മതമാണെങ്കിൽ ആ വാൾ ചുഴറ്റിയവരെ ഇസ്ലാമിലേയ്ക്ക് നേടുവാൻ അതിനു കഴിഞ്ഞതെങ്ങനെ? അങ്ങനെയുള്ള അനുയായികളെ, മതത്തിന്നുവേണ്ടി സർവ്വസ്വവും ബലികഴിക്കുകയും സകല ജനതകളുടെയും ഏകോപിച്ച ശക്തിയ്ക്കെതിരിൽ അതിനെ ഭൂമിയിൽ നിലയുറപ്പിക്കുകയും ചെയ്ത ആളുകളെ നേടിയെടുക്കാൻ സാധിച്ച ഒരു മതത്തിന്നു അതിന്റെ സത്യം മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ കഴിയുകയില്ലേ?

സഹിഷ്ണുത അതിന്റെ പരമരൂപത്തിൽ ആദ്യമായി പഠിപ്പിച്ച ഒരു മതത്തിന്നെതിരായ അത്തരമൊരു ആക്ഷേപം ക്രൂരമായ ഒരപവാദ പ്രചരണമാകുന്നു. അതുകാരണം ദൈവം വാഗ്ദത്ത മസീഹിനെ വാളില്ലാതെ അയച്ചിരിക്കുകയാണ്. ഇസ്ലാമിന്നു അതിന്റെ സൗന്ദര്യങ്ങളാലും മനോഹാരിതകളാലുംതന്നെ ലോകത്തെ ജയിച്ചടക്കാൻ കഴിയുമെന്ന് ഒരിക്കൽകൂടി തെളിയിച്ചു കാട്ടാൻ വേണ്ടി; ആ സത്യാത്മാവിന്റെ ദിവ്യവാദങ്ങൾ ലോകം അംഗീകരിക്കുന്നനാൾ അത്രയൊന്നും അകലെയല്ല!